# കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മൂന്ന്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മൂന്ന്)

© 2015–2021, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Arjuna wins Draupadi, an opaque water color on paper painting by Anonymous. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# — 1 —

“ഭീഷ്മരുടെ നേതൃത്വത്തിൽ സൈന്യം നയിച്ച് വിരാടത്തിലെ നാൽക്കാലികളെ തട്ടിയെടുക്കാൻ മാത്രം കടുത്ത ഗോമാംസക്ഷാമം ഹസ്തിനപുരിയിൽ ഉണ്ടായിരുന്നോ?”, കൊട്ടാരം ലേഖിക കൗരവ ഭരണകൂടത്തിന്റെ മിതഭാഷിയായി പുതുവക്താവിനോട്ട് ചോദിച്ചു. മൂന്നാം ലിംഗ നൃത്താധ്യാപികയായ ബൃഹന്നളയുമായുള്ള പോരാട്ടത്തിൽ തോറ്റ കൗരവസൈന്യം ലക്ഷ്യംനേടാതെ ഹസ്തിനപുരി കോട്ടയിലേക്ക് തിരിച്ചുവരുന്ന സമയം.

“ഒരു യുദ്ധമല്ലേ വരുന്നത്? നിങ്ങൾ അതിനെ വിലകുറച്ചു കാണിക്കാൻ സ്വത്തുതർക്കമെന്നു പറയും ഞങ്ങൾ അതിനെ കൗരവനന്മക്കെതിരെ പാണ്ഡവതിന്മ എന്നും. ഉന്നം തെറ്റാതെ ശത്രുഹൃദയത്തിലേക്കു കുന്തം എറിയേണ്ട കൗരവപോരാളികൾ നിത്യവും രാവിലെ കഴിക്കേണ്ടത് പാടകെട്ടിയ തണുത്ത കഞ്ഞിയോ അതോ, പൊരിച്ച മാട്ടിറച്ചിയോ?”, മൃഗമാംസത്തിനു വേണ്ടിയുള്ള ഈ ധർമയുദ്ധത്തിൽ തോൽവിസാധ്യത നേരത്തെ അറിഞ്ഞിട്ടും, ഭീഷ്മർ ഈ ഐതിഹാസിക ആക്രമണത്തിന്റെ പോഷകാഹാരലക്ഷ്യം നീണ്ട യാത്രയിലുടനീളം സൈന്യത്തിൽ സജീവമായി നിലനിർത്തി എന്നത്, തീൻശാലയിൽ എന്നെന്നും മാംസഭക്ഷണം വിളമ്പാൻ മോഹിക്കുന്ന സമാധാനപ്രിയരായ മനുഷ്യവംശത്തിനു എന്തോ മഹത്തായ സൂചന തരുന്നില്ലേ?”

◇ ◇ ◇ 2017/10/11

“പെണ്ണുടലിനെ പുളകം കൊള്ളിച്ചു പരിലാളിക്കാനാവുന്നത്ര ഭംഗിയും മിനുസവും ഉള്ള ഈ കൈവിരലുകൾ കൊണ്ടാണോ നിങ്ങൾ നൂറു കൗരവരെയും കുരുക്ഷേത്രയിൽ കൊന്നത്?” കൊട്ടാരം ലേഖിക ഭീമന്റെ കൈ വിടർത്തി.

“മസ്തിഷ്കപരിമിതിയുള്ള എന്ന അർത്ഥത്തിൽ അർജ്ജുനൻ എന്നെ മന്ദൻ എന്ന് പരാമർശിക്കുന്നത് കേൾക്കുമ്പോൾ അവൻ എന്റെ അനുജൻ അല്ലായിരുന്നെങ്കിൽ എന്ന് ഞാൻ ഈ കൈകൾ കൂട്ടിപ്പിഴിഞ്ഞു മോഹിച്ചിട്ടുണ്ട്. ദിവ്യാസ്ത്രങ്ങൾക്കായി അവൻ സാഹസയാത്രകൾ ചെയ്യുന്നതൊക്കെ കുതിരപ്പന്തികളിലും വഴിയോരഭക്ഷണശാലകളിലും വാർത്തയാവണമെന്നു മറ്റു പാണ്ഡവർ ശ്രദ്ധിക്കുമ്പോൾ ഞാൻ പല്ലു ഞെരിച്ചിട്ടുണ്ട്. പ്രകൃതി തന്ന കായികബലത്തിലാണ് ഞാൻ ആശ്രയിച്ചത്, ഇളംകാറ്റിന്റെ മകനാണെങ്കിലും കൈകൾക്കു കാരിരുമ്പിന്റെ കരുത്തുണ്ടാവണം എന്ന് പെറ്റതള്ള പ്രാർത്ഥിച്ചു. പോരാട്ടഭൂമിയിൽ എനിക്ക് നേരെ വന്ന കുടിലകൗരവരെ ഈ കൈകൾ പ്രാകൃതമായി പെരുമാറി. ആയുധമില്ലാതെയാണ് ഒന്നുരണ്ടുപേരൊഴികെ എല്ലാവരെയും കക്ഷത്തിൽ കഴുത്തിറുക്കി ഞാൻ ശ്വാസം മുട്ടിച്ചു കൊന്നത്. അവർ കണ്ണ് തുറിച്ചു നാവു പുറത്തിട്ടു ചാവുന്നത് കണ്ടു ഞാൻ രസിച്ചു. ചിലരുടെ കരൾ പറിച്ചു ഞാൻ രൗദ്രഭീമനായി. പ്രണയിനിയുടെ മുടിയിൽ ശത്രുചോര പുരട്ടി കൊടുത്ത ഞാൻ ആ സവിശേഷ കേശപരിചരണരീതിയാൽ വിശ്വപ്രസിദ്ധിനേടുമെന്നു വ്യാസൻ പ്രവചിച്ചപ്പോൾ ഈ പത്തുവിരലുകൾക്കു മുട്ടുകുത്തി ഞാൻ പ്രണാമം അർപ്പിച്ചു. നാളെ തുടങ്ങാനിരിക്കുന്ന വാനപ്രസ്ഥത്തിനുമുമ്പ് ഒരു മഹായുദ്ധം കൂടി തരപ്പെട്ടിരുന്നെങ്കിൽ ആയിരം പൂർണചന്ദ്രന്മാരെ കണ്ടു കഴിഞ്ഞ ഈ വാർദ്ധക്യത്തിലും കാര്യക്ഷമമായ എന്റെ വിരലുകൾ ഈ ലോകത്തിനെത്ര വിലപ്പെട്ടത് എന്നു നിങ്ങൾ പത്രപ്രവർത്തകരെ ബോധ്യപ്പെടുത്താമായിരുന്നു.”

◇ ◇ ◇ 2017/10/18

“ചരിത്രകാരനെ നിങ്ങൾ പ്രതിഷേധം അറിയിച്ചു എന്നാണല്ലോ ചാർവാകപ്രചരണം?”, കൊട്ടാരം ലേഖിക ചോദിച്ചു “പാവം വ്യാസൻ മെനക്കിട്ടിരുന്നു ഇതിഹാസമെഴുതിയത് മഹാറാണിക്ക് ഇഷ്ടക്കേടായോ?”

“പനയോല കരടുകെട്ടുകൾ കിട്ടിയപ്പോൾ ഞാനൊന്നോടിച്ചുനോക്കി. വസ്ത്രാക്ഷേപ കേന്ദ്രിതമായി എന്റെ സ്വതന്ത്രവ്യക്തിത്വത്തെ പാണ്ഡവരുടെ ദുരിതജീവിതാവസ്ഥയുമായി ഈ വിധം ബന്ധപ്പെടുത്തുന്നത് അസ്വീകാര്യവും അവഹേളനപരവുമാണെന്നു വ്യാസശിക്ഷ്യന്മാരോട്ട് ഞാൻ പറഞ്ഞു. എക്കാലവും പെണ്ണുടലിന്റെ അഴകളവുകളിൽ ആകൃഷ്ടരായിരുന്ന കൗരവർ, നിർണായകദിവസം എന്റെ വിവസ്ത്രശരീരത്തെ മുൻനിർത്തി പാണ്ഡവരെ അടിമപദവിയിലേക്കു നടപടിക്രമമനുസരിച്ചു നയിക്കുകയായിരുന്നു. അപ്പോൾ വിദുരരും ഭീഷ്മരും ലജ്ജിച്ചു തല താഴ്ത്തിയോ കഴുത്തു വെട്ടിയോ ചെവി പൊത്തിയോ എന്നതൊന്നും എന്നെ അലട്ടുന്ന ശരീരഭാഷയല്ല. എന്നോടൊരക്ഷരം മുഖത്തുനോക്കി സംസാരിക്കാൻ മെനക്കെടാതെ, വ്യാസൻ വെറുമൊരു ആണധികാര ഭാവനയിൽ പെണ്ണിനെ അനുകമ്പയുടെ കെണിയിൽ വീഴ്ത്തിയതിൽ എനിക്ക് പ്രതിഷേധമുണ്ടെന്നു ഞാൻ അല്ലാതെ ആരാണ് ഈ ലോകത്തിൽ എനിക്കുവേണ്ടി പറയാനുള്ളത്? എതിർത്തതിനു ശിക്ഷയായി നിന്റെ അന്ത്യം ഞാൻ ഏകാന്തമാക്കും എന്ന് വ്യാസൻ ഭീഷണി മുഴക്കിയത് ഞാൻ പുച്ഛത്തോടെ തള്ളുന്നു.”

കൊട്ടാരം ലേഖികയുടെ പിടി വിട്ടു പാഞ്ചാലി, വരി നിന്നിരുന്ന ചാർവാകനെ കൈകൊടുത്തു സ്വീകരിച്ചു.

“എന്ത് വിശേഷം പറഞ്ഞു കുന്തി?” ഹസ്തിനപുരി മഹാരാജാവിന്റെ അതിഥിയായി വന്ന ഇന്ദ്രപ്രസ്ഥം ചക്രവർത്തിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

“ചൂതാട്ടത്തിനു ഞാനിവിടെ ഔദ്യോഗികമായി വന്നപ്പോൾ അമ്മയെ പോയി കണ്ടു. നല്ല നിലയിൽ ജീവിക്കുന്ന മക്കളെ കണ്ടപ്പോൾ ആഹ്ലാദിക്കുന്നതിനു പകരം പഴയ പരാതിഭാവത്തോടെ കുന്തി പരിഭവിച്ചു. അത് പിന്നെയും സഹിക്കാം. പക്ഷെ ദുഃസ്സൂചനയോടെ അമംഗളകരമായ പ്രവചനം ചെയ്തു.

“ഇന്ന് രാത്രി ചൂതാട്ട പരാജയത്തിലൂടെ നിങ്ങൾ തിരിച്ചറിയും, പെറ്റ തള്ളയെ ശത്രുപാളയത്തിൽ പണയം വച്ച് ഭാഗ്യാന്വേഷികളായി ഖാണ്ഡവപ്രസ്ഥത്തിലേക്കു പോയതിന്റെ പെരുംപിഴ.” “ഇങ്ങനെയാണോ മാതാക്കൾ മിണ്ടിപ്പറയേണ്ടത്?”

“ആരുടെ ഓർമ്മക്കായാണ് മൺചെരാത് തിരികൊളുത്തി പ്രാർത്ഥിക്കുന്നത്?”, യുധിഷ്ഠിരനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

“അഖണ്ഡതക്ക് വെല്ലുവിളിയായി വന്ന അർദ്ധസഹോദരർക്കെതിരെ ജീവിതകാലം പ്രതിരോധിച്ചും സമരമുഖം തുറന്നും നയതന്ത്രചർച്ചകൾ പരാജയപ്പെട്ടപ്പോൾ കായിക ബലത്തിലൂടെ പാപി പാണ്ഡവരുടെ സംഘടിത ആക്രമണത്തെ അവസാന ചോരത്തുള്ളി വീഴുംവരെ പോരാടി ജീവത്യാഗം ചെയ്ത ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമ്മക്ക്.” പെട്ടെന്നവിടെ പ്രത്യക്ഷപ്പെട്ട നകുലനും സഹദേവനും യുധിഷ്ഠിരന്റെ ഇരുവശങ്ങളും അമർത്തിപ്പിടിച്ചുയർത്തി തൂക്കി കൊട്ടാരക്കെട്ടിലേക്കു കൊണ്ടുപോവുമ്പോൾ ഒന്ന് തിരിഞ്ഞു നോക്കി വിലാപസ്വരത്തിൽ പറഞ്ഞു, “ഓർമ്മക്കുറവുണ്ട്, ഇടയ്ക്കിടെ വിങ്ങിപ്പൊട്ടും, പരിസരബോധവും കുറഞ്ഞു. പൊലിപ്പിച്ചെഴുതി പാണ്ഡവഭരണത്തെ പാഴ്വാക്കാക്കരുതേ.”

◇ ◇ ◇ 2017/10/19

“കഴുത്തുകുടുങ്ങി, തല പുറത്തെടുക്കാനാവാതെ പരവശനായ കൗമാരപോരാളിയെ, വട്ടംചുറ്റി പീഡിപ്പിച്ച ജഢം വലിച്ചെറിയാമെന്ന കരുതിയ കുടിലകൗരവനീക്കത്തെ കടപുഴക്കാനായിരുന്ന വാൾ അഭിമന്യുവിന്റെ ഇടനെഞ്ചിലിറക്കി പ്രാണനെടുത്തതെന്ന് കർണ്ണൻ മരിക്കും മുമ്പ് എറ്റുപറയുന്നതു ഞാനും കേട്ടു. എന്ത് തോന്നുന്നു കർണ്ണമൊഴിയെ കുറിച്ച്?” ഭീമപ്രഹരത്തിൽ തുടയെല്ല് പൊട്ടി ചളിയിൽ പുതഞ്ഞ ദുര്യോധനനോട് യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

“സൂതപുത്രനല്ല, കുന്തിയുടെ കന്യാപുത്രനാണ്, ആ വിധം അഭിമന്യുവിന്റെ പിതൃസഹോദരനും കൂടിയാണ് എന്ന് നാവു പിഴയില്ലാതെ നമ്മെ ബോധ്യപ്പെടുത്തി!. ചോരക്കു സൌഹൃദത്തെക്കാൾ മൂല്യമുണ്ടെന്ന കർണ്ണൻ മരണമുഹൂർത്തത്തിലും തെളിയിച്ചു. വ്യാസൻ എഴുതാൻ പോവുന്ന ഇതിഹാസത്തിൽ ഉത്തമപുരുഷനെന്ന ഇടം നേടാൻ ആജീവനാന്ത സുഹൃത്ത് കർണ്ണനു സാധിക്കട്ടെ.”

ഒരിറ്റു വെള്ളത്തിന് നാവു പുറത്തിട്ടു ദുര്യോധനൻ കെഞ്ചി. തിരക്ക് നടിച്ചു യുദ്ധകാര്യ ലേഖകൻ സ്ഥലം വിട്ടു.

“സത്യത്തെ കുറിച്ചും അർദ്ധസത്യത്തെ കുറിച്ചും അസത്യത്തെ കുറിച്ചും നിങ്ങളുടെ അന്തിമ സന്ദേശം?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

മഹാപ്രസ്ഥാനത്തിന്റെ അവസാനനിമിഷം.

“കൗരവരുമായുള്ള ചൂതുകളിയിൽ ഞാൻ സത്യം പറഞ്ഞപ്പോൾ എനിക്ക് ഇന്ദ്രപ്രസ്ഥ സാമ്രാജ്യം നഷ്ടപ്പെട്ടു, കുരുക്ഷേത്രത്തിൽ ഞാൻ ദ്രോണരുടെ മകനെ കുറിച്ച് അർദ്ധസത്യം “अश्वत्थामा हता: इति । नरोवा कुञ्जरोवा ॥” പറഞ്ഞപ്പോൾ ഞങ്ങൾ യുദ്ധം ജയിച്ചു പാഞ്ചാലി കുഴഞ്ഞു വീണ മരിച്ചതിനെ കുറിച്ച് ഞാൻ അസത്യം പറഞ്ഞപ്പോൾ സ്വർഗരാജ്യത്തിലേക്കെന്നെ കൊണ്ടുപോവാൻ ആകാശചാരികൾ ഇതാ കാത്തു നില്ക്കുന്നു. ബാക്കിയൊക്കെ വരും യുഗങ്ങളിൽ വ്യാസഭാരത കഥയുടെ വൈവിധ്യ അപനിർമാണം വഴി നിങ്ങൾ വായിച്ചറിയും.”

◇ ◇ ◇ 2017/10/22

“പാണ്ഡവരിൽ നിങ്ങൾക്ക് ഒരു ‘പ്രിയപ്പെട്ടവൻ’ ഉണ്ടോ? ആരാണ്? അഥവാ, ആയിരുന്നു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“സ്വാഭാവികമായും ലജ്ജാശീലനായ സഹദേവൻ. മറ്റുള്ളവർ ഊഴമനുസരിച്ചു അക്ഷമയോടെ കാത്തിരുന്ന കാര്യം കഴിഞ്ഞപ്പോൾ അവിഹിതങ്ങൾ തേടി പടിവിട്ടിറങ്ങി. ഭാവിയറിയുന്ന സഹദേവൻ എന്റെ വർത്തമാനകാലത്തെ പരിലാളിക്കാൻ ഗർഭകാല ശുശ്രൂഷയിൽ ഇന്ദ്രപ്രസ്ഥം കൊട്ടാര സമുച്ചയത്തിൽ പണിത ശുദ്ധജലാശയത്തിൽ എന്നോടൊപ്പം നീന്തി ആ കൊടിയ വേനൽ അതിജീവിക്കാൻ തുണച്ചു. മകനാവാനുള്ള പ്രായമേ അവനുണ്ടായിരുന്നുള്ളു എങ്കിലും അവനെന്നെ പരിലാളിക്കുന്നത് എന്നെ എന്നും വിസ്മയിപ്പിച്ചു. അന്തർമുഖനായ അവന്റെ കണ്ണുകളിൽ നോക്കാൻ ഭയമായിരുന്നു, കാരണം അവനറിയാതെ അതിൽ നിഴലിച്ച ദൃശ്യങ്ങൾ അശാന്തമായ ഭാവിയെ കുറിച്ചായിരുന്നു. എന്നാൽ മറ്റു നാലു പാണ്ഡവർ എനിക്കോർമ്മിക്കാൻ തന്നതു് അഭിശപ്തമായ ഭൂതകാലവും.”

◇ ◇ ◇ 2017/10/29

“പത്താം ദിവസമായിട്ടും ഭീഷ്മർ മരിച്ചിട്ടില്ല. ദ്രോണർ, കർണ്ണൻ, ശല്യൻ, അശ്വത്ഥാമാവ് സേനാധിപ പദവിയേറ്റെടുക്കാൻ ഇപ്പോഴേ നിൽപ്പുണ്ട്. ഇങ്ങനെ പോയാൽ അനന്തമായി നീണ്ടു പോവില്ലേ?” കൊട്ടാരം ലേഖിക യുദ്ധനിർവ്വഹണ ചുമതലയുള്ള പ്രവിശ്യാ ഭരണാധികാരിയോട് ചോദിച്ചു. കുരുക്ഷേത്രയിൽ ഉയർത്തിക്കെട്ടിയ നിരീക്ഷണഗോപുരത്തിലായിരുന്നു അവർ.

“ആശങ്ക വ്യക്തമായി. ഇനി ഒരു വഴിയേ ഉള്ളു. പകൽ മാത്ര പോരാട്ട സമയക്രമം മാറ്റി രാവും പകലുമാക്കുക. നിലാവുള്ള ദിവസങ്ങളാണ് വരുന്നതു്. വെളുക്കുവോളം പോരാടുക എന്ന സാധ്യത പരിഗണിക്കുന്നു. ഈ യുദ്ധത്തിൽ നിങ്ങൾ തൊഴിൽപരമായി എടുത്ത രാജ്യതാല്പര്യത്തെ മാനിച്ചുകൊണ്ട് പറയട്ടെ, യുദ്ധം കഴിഞ്ഞു എന്ന് ഞങ്ങൾ ഈ ഗോപുരത്തിൽ നിന്ന് ഉറക്കെ വിളിച്ചു പറയുമ്പോൾ തലയാട്ടാനോ കുലുക്കാനോ ഇളക്കാനോ ആരും ജീവനോടെ ഇവിടെ ഉണ്ടാവില്ല.”

◇ ◇ ◇ 2017/10/30

“എന്താ ഒരു പകച്ച നോട്ടം?” ഇന്ദ്രപ്രസ്ഥം രാജധാനിസമുച്ചയത്തിന്റെ ചുമതല വഹിക്കുന്ന യുവസർവാധികാരിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഞെട്ടൽ മാറിയിട്ടില്ല. ഇന്നലെ ഈ സമയത്താണ് ചക്രവർത്തി യുധിഷ്ഠിരനും കൂട്ടരും ചൂതാടാൻ ഹസ്തിനപുരിയിലേക്കു പോയതു്. നൂറുകണക്കിന് കഴുതപ്പുറത്തായി കൗരവരാജവധുക്കളുടെ രത്നശേഖരവുമായി മടങ്ങിവരുമെന്നു ഭീമൻ പറഞ്ഞതു് അക്ഷരാർത്ഥത്തിൽ വിശ്വസിച്ചു. രാത്രി ആ സുന്ദരസ്വപ്നങ്ങളായിരുന്നു. ഇന്ന് രാവിലെ പക്ഷെ കണ്ണ് തുറന്നപ്പോൾ മുഖപരിചയമുള്ള മൂന്നു നാലു് കൗരവർ സൈനികവേഷത്തിൽ മുമ്പിൽ. സായുധരായ അവർ വാളോങ്ങുന്നു. ഞാൻ വിധേയത്വത്തോടെ കൈകൂപ്പി. യുധിഷ്ഠിരനും കുടുംബവും സ്വത്തെല്ലാം കളിയിൽ നഷ്ടപ്പെട്ടു നിയമപ്രകാരം കൗരവ അടിമകളായി കാട്ടിലേക്ക് പോയ സ്ഥിതിക്ക് ഇന്ദ്രപ്രസ്ഥം ഇനി ധൃതരാഷ്ട്രരുടെ അധീനതയിലാണെന്നവർ വാൾ മേലോട്ടുയർത്തി പ്രഖ്യാപിച്ചു. പൊട്ട സ്വപ്നമെന്നു കരുതി ഞാൻ രണ്ടു കണ്ണും അമർത്തി തുടച്ചു. ഇനി ഞങ്ങൾ ഇന്ദ്രപ്രസ്ഥം ഭരിക്കുമെന്ന് കൗരവർ പറഞ്ഞപ്പോഴും എനിക്ക് പൂർണമായും ബോധ്യമായില്ല. ഇപ്പോൾ നീ കോട്ടവാതിൽ കടന്നു ചക്രവർത്തി യുധിഷ്ഠിരന് ജയ് വിളിക്കുന്നതിന് പകരം ദുര്യോധനന് വിജയാശംസ ചെയ്യുന്നതു് കണ്ടപ്പോൾ എന്റെ കരൾ കലങ്ങി”, തക്ഷശിലയിലെ ആ പഴയ സഹപാഠി വിവശനായി.

◇ ◇ ◇ 2017/10/31

“എന്ത് പറ്റി മകനേ, ഇന്നും ശിക്ഷിച്ചുവോ?”, മകൻ പരീക്ഷിത്തിനെ ചേർത്ത് പിടിച്ചു അഭിമന്യു വിധവ ചോദിച്ചു.

യുദ്ധാനന്തര പാണ്ഡവ ഭരണകൂടത്തിൽ ആഭ്യന്തര മന്ത്രാലയത്തിന്റെ ചുമതല വഹിക്കുന്ന അർജ്ജുനന്റെ പേരക്കുട്ടിയായിരുന്നു കിരീടാവകാശിയായ പരീക്ഷിത്ത്.

“നിന്റെ അമ്മ ഉത്തര സ്വന്തം കൈ കൊണ്ട് വളർത്തുമൃഗത്തെ കൊന്നു മാംസം വരട്ടി വാഴയിലയിൽ പൊതിഞ്ഞു നീ എനിക്ക് രാവിലെ കൊണ്ടുവന്നില്ലെങ്കിൽ, നീ രാജാവായ ശേഷം പാമ്പുകടിച്ചു നീ മരിക്കട്ടെ എന്ന് കൃപാചാര്യൻ ഭീഷണിപ്പെടുത്തി അമ്മാ.”

## — 2 —

“പ്രതിച്ഛായ പോലെ പവിത്രമാണോ പോരാട്ടത്തിൽ കൊല ചെയ്യുന്ന രീതിയും?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ഒരർദ്ധസത്യം കൊണ്ട് ദ്രോണരെ വധിക്കാൻ സാധിച്ച സംതൃപ്തിയിലായിരുന്ന രാത്രി യമുനയിൽ നീരാടിക്കൊണ്ടിരുന്ന ധർമ്മപുത്രർ.

“വിനീതമായിരിക്കും. ആർമാദിക്കില്ല. കുന്തമാണെന്റെ പ്രിയആയുധം. ശത്രുവിന്റെ ഇടനെഞ്ചുനോക്കി ആഞ്ഞെറിഞ്ഞാൽ പിന്നെ സാവധാനം നടന്നു ചെന്ന് അത് വലിച്ചൂരിയെടുക്കുമ്പോൾ ഇരയുടെ ശ്വാസം നിലക്കുന്നതു കാണും. അടയുന്ന കണ്ണുകൾ നോക്കി ഞാൻ മന്ത്രിക്കും വീരമൃത്യു വരിച്ച നിനക്ക് സ്വർഗ്ഗരാജ്യം ഇനി എളുപ്പം. ആ നിലയിൽ നോക്കിയാൽ ചോരക്കറയുള്ള കുന്തവുമായി ഞാൻ അടുത്ത ശത്രുസംഹാരത്തിനായി തിരിഞ്ഞു നടക്കുമ്പോൾ യാത്ര പറഞ്ഞു പിരിഞ്ഞ പോലെ ശാന്തി തോന്നും.”

◇ ◇ ◇ 2017/11/05

“ഇനിയും ഒരു യുദ്ധത്തിന് തയ്യാറെടുക്കുകയാണോ?”, കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു, “എവിടെ തിരിഞ്ഞൊന്നു നോക്കിയാലും ഒടിഞ്ഞ മുഖങ്ങളും ഒട്ടിയ വയറും കാണുന്ന ഈ നാടിനു രണ്ടാമതൊരു യുദ്ധക്കെടുതി സഹിക്കാനാവുമോ?”

“അടിച്ചേൽപ്പിക്കുകയാണ് ഞങ്ങളിൽ യുദ്ധം എന്ന് വച്ചാൽ? കുരുക്ഷേത്രയിൽ കൗരവർക്കൊപ്പം യുദ്ധം ചെയ്ത നാട്ടുരാജ്യങ്ങൾ സംഘടിച്ചിരിക്കയാണ്. കൊല്ലപ്പെട്ട സൈനികരുടെ വിധവകൾക്കും അവരുടെ കുടുംബങ്ങൾക്കും ആയുഷ്കാല ചെലവ് ഹസ്തിനപുരി ഏറ്റെടുക്കുമെന്ന് വാഗ്ദാനം കൊടുത്താണ് ദുര്യോധനൻ ഓടി നടന്നു സൈനികരെ കൂട്ടിയത്. നഷ്ടപരിഹാര അവകാശങ്ങളുമായി നിത്യവും ഓരോ നാട്ടിൽ നിന്ന് അവരുടെ പ്രതിനിധികൾ ഇവിടെ കുതിരപ്പന്തികളിൽ പ്രചരിപ്പിക്കുന്ന കഥകളൊന്നും നിങ്ങൾ പത്രപ്രവർത്തകർ കേൾക്കാറില്ലേ? അതോ, കൊട്ടാരം ഊട്ടുപുരയിൽ ഗോമാസം പൊരിച്ചതും തിന്ന കഥ മെനയുകയാണോ? ഹസ്തിനപുരിയുടെ അഖണ്ഡതക്കു വേണ്ടി ജീവത്യാഗം ചെയ്തവർ എന്നാണവർ മേനി പറയുന്നത്. യുദ്ധത്തിൽ തോറ്റ രാജ്യത്തിൽ നിന്ന് ജേതാക്കൾ കപ്പം നേടുന്നത് പതിവായിരിക്കാം പക്ഷെ തോറ്റ രാജ്യങ്ങൾ സംഘടിച്ച ജേതാക്കളിൽ നിന്ന് നഷ്ടപരിഹാരം തേടുമ്പോൾ ഞങ്ങൾ അഹിംസ ഉപദേശിച്ച താടിക്കുകയും വച്ചിരിക്കാനോ?”

“ഞങ്ങളുടെ നാവിൻതുമ്പിൽ തത്തിക്കളിക്കുന്നുണ്ട് ആ വൃത്തികെട്ടവന്റെ പേരും നാളും എന്നാൽ അത് നാടകീയമായി വെളിപ്പെടുത്തി അവനെ നാണം കെടുത്താൻ നിങ്ങൾക്കെന്താണിത്ര മടി?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു, “ലൈംഗികാതിക്രമം ചെയ്ത പൊതുവേദിയിൽ ഞെളിയുന്നവനെ പിന്നെ എങ്ങനെ ശിക്ഷിക്കാനാണ് നിങ്ങൾ?”

നഗ്നപാദ പാണ്ഡവർ അഞ്ചുപേരുമൊത്തു മുടിയഴിച്ചിട്ട പാഞ്ചാലി പന്ത്രണ്ടു വർഷ വനവാസത്തിനു പുറപ്പെടുന്ന നേരം.

“നിയമവാഴ്ചയുള്ള പരിഷ്കൃതസമൂഹമാണെങ്കിലും ഹസ്തിനപുരി സാമ്രാജ്യത്തിൽ അടിമവ്യാപാരവും ചൂതാട്ടവും തുടരുന്നതല്ലേ ഇതിനൊക്കെ കാരണം? ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാണോ വസ്ത്രാക്ഷേപത്തിലൂടെ അപമാനിക്കപ്പെട്ടത്? അതോ അടിമ പാഞ്ചാലിയോ? എന്നെ അടിമയാക്കിയ യുധിഷ്ഠിരനാണോ പ്രതിക്കൂട്ടിൽ പൊരിക്കപ്പെടേണ്ടത്? അതോ നിയമവിധേയമായി അടിമയുടെ ഉടുതുണിയിൽ കൈവച്ച ഉടയോനോ?”

◇ ◇ ◇ 2017/11/06

“കെണിയെന്നറിഞ്ഞിട്ടും കുട്ടിയെ പദ്മവ്യൂഹത്തിലേക്കു തള്ളിയിട്ട നിങ്ങൾ അവന്റെ മരണവിളി കേട്ടപ്പോഴും കുതിച്ചു ചെന്ന് രക്ഷിച്ചില്ലേ?”

അഭിമന്യുവിന്റെ ജഡം ചിതയിൽ ദഹിക്കുന്നതു നോക്കിനിന്ന കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“കൗമാരത്തിന്റെ കുതിപ്പ് എന്നേ കരുതിയുള്ളൂ. നീണ്ടസമയം നിശബ്ദമായി പുറത്തു സുരക്ഷിത താവളത്തിൽ കാത്തിരുന്നപ്പോഴും അവൻ ഇരുകൈകളിൽ കൗരവതലകളുമായി പുഞ്ചിരിയോടെ പുറത്തു ചാടുമെന്നു ഞങ്ങൾ പ്രതീക്ഷയർപ്പിച്ചു. അഭിമന്യുവിന് പദ്മവ്യൂഹരഹസ്യം പകുതിയെങ്കിലും അറിയാമായിരുന്നു എങ്കിൽ ഞങ്ങളാവട്ടെ പൂർണമായും അജ്ഞർ. ഉച്ച കഴിഞ്ഞപ്പോൾ പുറത്തേക്കു കൗരവർ എറിഞ്ഞത് അവന്റെ അവഹേളിക്കപ്പെട്ട ജഡമായിരുന്നു. ഒന്നും പൊലിപ്പിച്ചു പാണ്ഡവർക്കിടയിൽ ശത്രുത നിങ്ങൾ പടർത്തരുതേ. അവന്റെ പിതാവും മാതൃസഹോദരനും പകൽ മുഴുവൻ വേറൊരു യുദ്ധമുഖത്തു പെട്ടത് കൊണ്ട് ഞാനായിരുന്നു രക്ഷാകർത്താവ്.”

യുധിഷ്ഠിരൻ നിലത്തു ചമ്രം പടിഞ്ഞിരുന്നു മൗനപ്രാർത്ഥനയിൽ മുഴുകി.

# — 3 —

“പൊതുവേദിയിൽ ഉടുതുണി വലിച്ചൂരുന്ന ഭീകരകൗരവനെ നിസ്സഹായതയിൽ നോക്കി വിറച്ചു നിന്ന അല്ലേ? ഭീമാകാരന്മാരായ അഞ്ചു ഭർത്താക്കന്മാരെ വിരൽചലനത്തിലൂടെ ചൊൽപ്പടിയിൽ നിർത്താൻ ആജ്ഞാശക്തിയുള്ള നിങ്ങൾ, ഇന്നലെവരെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി, വലതുകൈ പൊക്കി ആ കൊള്ളരുതാത്തവന്റെ ചെകിട്ടത്തു ഒന്നാഞ്ഞടിച്ചിരുന്നെങ്കിൽ.”

കൊട്ടാരം ലേഖിക പാഞ്ചാലിയെ പതിമൂന്നു കൊല്ലം മുമ്പ് ഇതേ രാജസഭയിലെ അമംഗളസന്ധ്യയിലേക്കു കൊണ്ടുപോയി.

“അത് പീഢകനായിരുന്നുവോ? അത് കൗരവരാജ സഭയായിരുന്നുവോ? അന്തഃപുരത്തിൽ പുതുതലമുറ കൗരവരാജകുമാരികൾക്ക് സൌന്ദര്യപരിപാലനത്തിൽ വ്യക്തിഗതശിക്ഷണം കൊടുക്കയായിരുന്ന എന്നെ പ്രണയത്താൽ പരവശനായ കൌരവൻ ഇടിച്ചു കയറി വാരിപ്പുണർന്നു പുറത്തേക്കു പാഞ്ഞതോർമ്മിക്കുന്നു. വേനൽ പുഴക്കത്തിൽ നനഞ്ഞിരുന്ന മേൽവസ്ത്രങ്ങൾ ഒന്നൊന്നായി അവൻ വേർപെടുത്തിയത് കൗതുകത്തോടെ ഓർമ്മിക്കുന്നു. എല്ലാം കണ്ടു് അസൂയയിൽ മുഖം കരുവാളിച്ച പാണ്ഡവർ പരിഭ്രമിച്ചു പതറുന്നത് ഓർമ്മിക്കുന്നു.”

മഹാറാണിയുടെ മിഴികൾ പതുക്കെ ഓർമക്കൊപ്പം വിദൂരതയിലേക്ക് നീങ്ങി.

◇ ◇ ◇ 2018/04/18

“പതിമൂന്നുകൊല്ലമായി, അതോ മൊത്തം ജീവകാലമോ, ഞാനതൊരു പ്രാർത്ഥനയായി, ഭീമപ്രതിജ്ഞയായി, കൊണ്ടുനടന്നു. ഇന്ന് കുരുക്ഷേത്ര കനിഞ്ഞു. പ്രതികാരബോധത്തിൽ നീ അന്ന് ചൂതാട്ടസഭയിലെ ലൈംഗികാതിക്രമത്തിന്റെ പ്രകോപനത്തിൽ, കെട്ടഴിച്ചിട്ട മുടിയിൽ തേക്കാൻ ഇതാ, പ്രിയപാഞ്ചാലീ, ചുട്ട കൗരവചോര”,

കൈകുമ്പിളിൽ നിന്ന് പുറത്തുചാടുന്ന കൊഴുത്ത ദ്രാവകവുമായി, വിവസ്ത്രനും മുറിവേറ്റവനുമായ ഭീമൻ, കിതച്ചോടി പോരാട്ടഭൂമിയിലെ പാണ്ഡവ പാളയത്തിൽ, പ്രണയിനിയുടെ മുമ്പിൽ, കൊച്ചുകുട്ടിയെ പോലെ അഭിനന്ദനത്തിനായി കാത്തു.

“ആലങ്കാരികമായി ഞാനെന്നോ എവിടെയോ പറഞ്ഞുപോയ ഒരു ചോരക്കാര്യം ഇത്രയും കാലം അക്ഷരാർത്ഥത്തിൽ ഓർമയിൽ വച്ച് അർദ്ധസഹോദരന്റെ കരൾ തുരന്നു ചോര കോരി വരുന്ന നിങ്ങൾ രൂപത്തിലെന്ന പോലെ ഭാവത്തിലും എത്ര മന്തൻ. നിങ്ങൾക്കറിയാമോ, എന്റെ ആരാധകരായിരുന്നു, ചവിട്ടിയും ക്ഷതമേൽപ്പിച്ചും നിങ്ങൾ ജീവനെടുത്ത ആ ധീരകൌരവർ.”

നിന്ദയോടെ ഭർത്താവിനെ ഒന്ന് നോക്കി മുടി കെട്ടിവച്ചു പാഞ്ചാലി തിരിച്ചു കൂടാരത്തിലേക്ക് കയറി കിടപ്പറയുടെ വാതിൽ അടച്ചു. നോക്കി നിന്ന മറ്റു നാല് പാണ്ഡവരുടെ എട്ടു കണ്ണുകൾ അപമാനത്തിൽ അടഞ്ഞു.

◇ ◇ ◇ 2018/04/19

“കുടിവെള്ളവും ധാന്യവും നിഷേധിക്കപ്പെട്ട് പ്രക്ഷോഭത്തിനിറങ്ങിയ കൗരവരാജവിധവകൾ മഹാരാജാവിനെ നേരിട്ട് കണ്ടു പ്രതിഷേധം അറിയിക്കാൻ അരമനയിൽ വന്നപ്പോൾ കൂട്ടത്തിലൊരു ഇളമുറരാജകുമാരിയുടെ കവിളിൽ ലൈംഗികാതിക്രമമെന്നു ശത്രുക്കൾക്കു തോന്നും വിധം യുധിഷ്ഠിരൻ തോണ്ടുകയോ തലോടുകയോ ചെയ്തു എന്നാണു നഗരത്തിലെ വഴിയോര കുന്നായ്മക്കൂട്ടങ്ങളുടെ പുത്തൻ കൗതുകവാർത്ത. ഇക്കാര്യങ്ങളിൽ രാജപദവി വഹിക്കുന്നവർക്കൊക്കെ ഒരു മാതൃകാ പെരുമാറ്റച്ചട്ടമൊന്നുമില്ലേ.”

കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“ധാന്യവും വിറകും ആയിരുന്നോ അവരുടെ ആവശ്യങ്ങൾ? ‘എന്റെ അച്ഛനു  ഒരച്ഛൻ മാത്രമേ ഉള്ളൂ എന്നാൽ നിങ്ങൾ പാണ്ഡവരുടെ വൈവിധ്യപിതൃത്വം കുരുവംശത്തിനു അപമാനം’ എന്നവൾ എന്റെ ചെവിയിൽ മന്ത്രിച്ച ശേഷം പെട്ടെന്ന് നാടകീയമായി ഒച്ചവെച്ചു “ധാന്യം തരൂ കുരുക്ഷേത്ര വിധവകളുടെ പട്ടിണിയകറ്റൂ” എന്ന് ആംഗ്യവിക്ഷേപങ്ങളോടെ നിലവിളിച്ചു. ആവിഷ്കാരസാമർത്ഥ്യം കണ്ടനുമോദിച്ചു കവിളിലൊന്നു തലോടിയതാണോ സകലവിധ രതി പരീക്ഷണങ്ങളുടെയും കുത്തരങ്ങായ ഹസ്തിനപുരി തെരുവുകളിൽ പരദൂഷണവിഷയം? ആജീവനാന്ത ബ്രഹ്മചാരിയെന്നു നേരം വെളുത്താലുടൻ അട്ടഹസിച്ചിരുന്ന പിതാമഹൻ (ഭീഷ്മനാമം തങ്കലിപിയിൽ കോറിയിടട്ടെ വേദ വ്യാസൻ) പുതു തലമുറ കൗരവരാജകുമാരികളെ ഇരുവശത്തും കൈത്താങ്ങായി കൂടെ കൂട്ടി മണിക്കൂറുകളോളം ഈ തെരുവുകളിൽ നടക്കുന്നത് നിങ്ങളുടെ പത്രപ്രവർത്തക സുഹൃത്തുക്കൾ കണ്ട ഓർമയില്ലേ?”

◇ ◇ ◇ 2018/04/20

“യുദ്ധവാർത്തകൾ പറഞ്ഞു രസിപ്പിക്കുകയാണോ?” കൊട്ടാരം ലേഖിക സഞ്ജയനോട് ഉപചാരത്തോടെ ചോദിച്ചു.

“നേരിൽ കണ്ടപോലെ പറയണമെന്ന് വ്യാസൻ വിരൽ ചൂണ്ടി താക്കീതു തന്നത് ആദ്യത്തെ ഒന്നുരണ്ടു ദിവസം കുഴപ്പത്തിലാക്കി. ആരോട് ചോദിക്കും? മൂന്നാം ദിവസം നിങ്ങളുടെ യുദ്ധവാർത്തകൾ ‘ഹസ്തിനപുരി പത്രിക’യിൽ വന്നു തുടങ്ങിയതോടെ സംഗതി എളുപ്പമായി. നിത്യവും പോയി ‘പത്രിക’യുടെ ചുവരെഴുത്തു പതിപ്പുകൾ നോക്കി വ്യാസൻ പറഞ്ഞ പോലെ കൗരവർക്കനുകൂലമായി നിറവും ഒച്ചയും ചേർത്ത്് വിളമ്പും. ചുവരെഴുത്തിൽ ചേർക്കാനുള്ള പുത്തൻ വധവാർത്തകൾ കൈവശമുണ്ടെങ്കിൽ തരൂ. ഉറക്കം വരാതെ ഞെളിപിരിയിലാണ് അന്ധൻ.” സഞ്ജയൻ കൊട്ടാരം ലേഖികയെ പ്രീണനത്തോടെ നോക്കി.

◇ ◇ ◇ 2018/04/24

“പാഞ്ചാലിയുടെ ബഹുഭർത്തൃത്വത്തെ കുറിച്ച് കൗരവവധുക്കൾ പരിഭ്രമിക്കുന്നതിന്റെ പ്രസക്തി? “ഒരു ദാമ്പത്യം ഒരു ഭർത്താവ്” എന്ന തത്വസംഹിതയുടെ ബലിയാടുകളായ നിങ്ങൾക്കെന്തറിയാം അഞ്ചു ദേവസന്തതികളെ നിത്യവും പരിലാളിക്കേണ്ടതിലെ പ്രയാസങ്ങൾ?”

കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് ചോദിച്ചു. ഖാണ്ഡവപ്രസ്ഥത്തിലേക്കു കുടിയേറും മുമ്പ് പാണ്ഡവർ നവവധുവുമൊത്തു ഹസ്തിനപുരിയിൽ കഴിഞ്ഞിരുന്ന ഒരു ഇടവേള.

“ബഹുഭർത്തൃത്വം പാഞ്ചാലി ആഘോഷിക്കട്ടെ എന്നാണു അന്തഃപുരയോഗത്തിൽ മറ്റു കൗരവവധുക്കളുമായി ഹൃദയം തുറക്കുമ്പോൾ ആശംസിച്ചത്. എന്നാലവൾ യഥാർത്ഥത്തിൽ ചെയ്യുന്നതോ? അഞ്ചു കുറ്റിയടിച്ചു ഭർത്താക്കന്മാരെ കെട്ടിയിട്ടു ഒന്നൊന്നായി തന്നിഷ്ടത്തിൽ മാത്രം കെട്ടഴിക്കുന്നതിൽ, സേവനദാതാവായ ഒരു ഭാര്യ എന്ന നിലയിൽ ഞാൻ പ്രതിഷേധിക്കുന്നുണ്ട്. അറിയാമോ, പരസ്പരം പാണ്ഡവരെ പോരടിപ്പിക്കുകയാണവൾ. തൊണ്ണൂറ്റിഒമ്പതു കൗരവരാജസ്ത്രീകളും ദുര്യോധനന് രഹസ്യമായി ‘കപ്പം’ കൊടുക്കുന്നുണ്ട് എന്നെനിക്കറിയാം. അതെന്തിനെന്നോ? പരിപൂർണസഹവർത്തിത്വം ഉറപ്പു വരുത്താൻ. ദുര്യോധനൻ എന്റെ അംഗീകൃത ഇണയായിരുന്നിട്ടും, നൂറു കൗരവരും അവരുടെ നൂറു ഇണകളും പാരസ്പര്യത്തോടെ പായിൽ കിടനുള്ള ഗുണഭോക്താക്കളാണ് എന്ന വസ്തുത പാഞ്ചാലിയെ വിലയിരുത്തുമ്പോൾ അടയാളപ്പെടുത്തി. അത് രാജ്യദ്രോഹമായി പൊക്കിക്കാട്ടേണ്ട കാര്യമൊന്നുമില്ല.”

◇ ◇ ◇ 2018/04/26

“അന്തിമപദയാത്രയിലും, നിങ്ങൾക്കു നടക്കാൻ അവസാനമാണല്ലോ ഇടം? മുന്നിൽ നടക്കുന്ന യുധിഷ്ഠിരൻ പിന്നിൽ ആരെല്ലാം കൂടെയുണ്ട് എന്ന് തിരിഞ്ഞൊന്നു നോക്കാതെ കാൽ മുന്നോട്ടെടുക്കുന്നതിൽ ആണധികാരപർവ്വം തുടിച്ചു നിൽക്കുന്നത് നിങ്ങൾ എപ്പോഴുമെന്ന പോലെ ഇപ്പോഴും കാണാതെ പോയോ?”

അൽപ്പവസ്ത്രയും നഗ്നപാദയുമായ പാഞ്ചാലി, ജീവിതാന്ത്യത്തിലെ ഹിമാലയ വനവാസത്തിനു പടിയിറങ്ങുകയായിരുന്നു. പുതിയ മഹാറാണിയും, അഭിമന്യുവിന്റെ വിധവയും പട്ടാഭിഷേകം ചെയ്തു തലേന്ന് അധികാരത്തിൽ കയറിയ പരീക്ഷിത്തിന്റെ അമ്മയുമായ ഉത്തര, മട്ടുപ്പാവിൽ ഉദാസീനതയോടെ അവരെ യാത്രയാക്കുന്ന ഔപചാരികതയിൽ ഒതുങ്ങി നിന്നു.

“മുന്നേ നടക്കുന്ന യുധിഷ്ഠിരൻ മനഃപൂർവ്വം ചെയ്തതായിരിക്കാം പക്ഷെ ആലോചിച്ചു നോക്കുമ്പോൾ എനിക്കതു സ്വീകാര്യമായി. പിന്നിൽ നടക്കുന്ന ഞാൻ കുഴഞ്ഞുവീഴുമ്പോൾ എന്നെ വാരിക്കോരിയെടുത്തു മരണദേവത പരിലാളിക്കുന്നതു കണ്ടുവേണം, എനിക്ക് ഈ ലോകവുമായുള്ള ബന്ധം എന്നെന്നേക്കുമായി വിടാൻ. അപ്പോൾ ആ പത്തു പാണ്ഡവക്കണ്ണുകൾ എന്നെ തുറിച്ചുനോക്കുന്നതായിരിക്കും എന്റെ മരണമുഹൂർത്തത്തിലെ അമംഗളകാഴ്ച.”

◇ ◇ ◇ 2018/04/30

“തക്ഷശിലയിൽ രാഷ്ട്രമീമാംസ വിദ്യാർത്ഥി ജീവിതത്തിൽ പലകുറി കേട്ട പദമാണ് മഹാഭാരതയുദ്ധം. യുദ്ധകഥയുടെ ഏകപക്ഷീയമായ പുനരാഖ്യാനം വ്യാസന്റെ വരുതിയിലാണെന്നറിഞ്ഞു. നിങ്ങളഞ്ചു പേരുടെയും യുദ്ധകാലസ്മരണകൾ വായിക്കാൻ വരുംതലമുറയ്ക്ക് കൗതുകം ഉണ്ടാവില്ലേ? മൂന്നു ദശാബ്ദക്കാല ഭരണത്തിൽ മഹാറാണിയുടെ ഉത്സാഹത്തിൽ സംഭവിച്ച സാക്ഷരത ഞങ്ങളുടെ ചുവർപതിപ്പുകളുടെ എണ്ണം മൂന്നിൽ നിന്ന് ഇരുപത്തി രണ്ടിലേക്കുയർത്തി. വായനക്കാരൊക്കെ വഴിയിൽ നിന്ന് അന്തം വിട്ടു ചോദിക്കുന്നു, ആരാണ് ഈ പാണ്ഡവർ?, എന്താണവർക്കു കുരുവംശവുമായി കൂട്ടുകെട്ട്?”

കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“ഞങ്ങൾക്ക് ഓർമ്മകൾ അല്ല ഉള്ളത്, മറിച്ചു നിങ്ങളുടെ മുൻ കൊട്ടാരം ലേഖികകൾ ദശാബ്ദങ്ങളായി ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള പ്രതികരണങ്ങളാണ്. എന്ന് വച്ചാൽ, നിങ്ങൾ ചോദ്യം നിർത്തിയാൽ ഞങ്ങളുടെ സ്മരണകളുടെ പ്രവാഹം നിലക്കും.”

## — 4 —

“പുരസ്കാര വിതരണം വിവാദത്തിലായെന്ന കേട്ടു? നാട്ടിൽ പോയി ഇന്ന് രാവിലെ ഹസ്തിനപുരിയിലെത്തിയ ഞാൻ കേട്ടത് കൗരവരാജവിധവകൾ പാഞ്ചാലിയിൽ നിന്ന് പുരസ്കാരം സ്വീകരിക്കാൻ വിസമ്മതിച്ച എന്നാണ്. മഹാരാജാവ് യുധിഷ്ഠിരൻ സ്ഥലത്തില്ലാഞ്ഞത് കൊണ്ടാണോ പുരസ്കാരവിതരണത്തിന പാഞ്ചാലി വേദിയിൽ?”

കൊട്ടാരം ലേഖിക ചോദിച്ചു. സംഘർഷഭരിതമായിരുന്ന രാജാങ്കണം.

“ദുര്യോധനവിധവയുടെ ധാർമികരോഷം സ്വാഭാവികമല്ലേ? യുദ്ധത്തിൽ കൗരവചോര പുരളാത്ത കൈകൾ യുധിഷ്ഠിരന് മാത്രമെന്നറിയുന്ന കുരുക്ഷേത്രവിധവകളോട് യുധിഷ്ഠിര കാര്യാലയത്തിന്റെ ചുമതല വഹിക്കുന്ന സഹദേവൻ ഇടപെട്ട് പറഞ്ഞു, പുരസ്കാരവേദിയിൽ യുധിഷ്ഠിരൻ സിംഹാസനമിട്ട് ഇരിക്കാം, പക്ഷെ നൂറു വിധവകൾക്കും അവരുടെ ഭർത്താക്കന്മാരുടെ വീരമൃത്യുവിന്റെ പേരിലുള്ള മരണാനന്തര ബഹുമതിപത്രങ്ങൾ പാഞ്ചാലിയാണ് കൈമാറുക. .

“പ്രിയകൗരവരുടെ നെഞ്ച് പിളർന്ന ചുടുചോര തേച്ച മിനുക്കാതെ മുടി കെട്ടിവക്കില്ലെന്ന പ്രതിജ്ഞയെടുത്ത പാഞ്ചാലിയെ പ്രീതിപ്പെടുത്താൻ വേണ്ടിയല്ലേ ഭീമൻ ധീരദേശാഭിമാനികളായ ഞങ്ങളുടെ ഭർത്താക്കന്മാരെ ഞെക്കിപ്പിഴിഞ്ഞു ചോരയൂറ്റിയതു എന്ന് നെഞ്ചത്തടിച്ച വിലപിച്ച കൊണ്ട് വിധവകളിൽ ഭൂരിപക്ഷവും ചടങ്ങ ബഹിഷ്കരിച്ചു. എന്നാൽ ‘വർഷം മുഴുവൻ ധാന്യം’ എന്ന പുരസ്കാരസൗജന്യം അവർ സ്വീകരിച്ചു. മാത്രമല്ല ബഹുമതിയുടെ മറ്റൊരു സൗജന്യമായ പൂർണ പൗരാവകാശവും അവർ നിലനിർത്തി. ബഹുമതി പത്രം സ്വീകരിച്ചവർക്കെതിരെ നാടൊട്ടുക്ക് ബഹിഷ്കരണം പ്രഖ്യാപിച്ച അവരെ പുനരധിവാസം ചെയ്തിരിക്കുന്ന ഗ്രാമത്തിനു തന്നെ ദുര്യോധനവിധവ ഊരുവിലക്ക് കല്പിച്ചിരിക്കയാണ്. ഈ പ്രതിസന്ധി തരണം ചെയ്യാൻ, നിങ്ങൾക്ക് കഴിയുമോ, ഇടഞ്ഞുനിൽക്കുന്ന തൊണ്ണൂറോളം കൗരവവിധവകളെ നയതന്ത്രത്തിലൂടെ പറഞ്ഞുപറ്റിച്ച ഭരണകൂടത്തിന്റെ കൂടെ നിർത്തുവാൻ? എങ്കിൽ രാജ്യരത്നാ പുരസ്കാരം നിങ്ങള്ക്ക് എന്ന് ഞാൻ ഉന്നതാധികാരസമിതിയിൽ നിർദ്ദേശിക്കാൻ അർജ്ജുനനോട് ആവശ്യപ്പെടാം.”

◇ ◇ ◇

2018/05/05

“ദൂരെ നിന്ന് നിങ്ങൾ രണ്ടുപേരെയും ഒരു നോക്ക് കണ്ടപ്പോൾ തന്നെ ഞാൻ ഒഴിഞ്ഞുമാറി കുരക്കുന്ന പത്രാധിപർക്ക് മുമ്പിൽ പതുങ്ങുന്ന കൊട്ടാരം ലേഖിക. എന്ത് പറ്റി?” യുദ്ധകാര്യ ലേഖകൻ കൂട്ടുകാരിയുടെ നേരെ കൈകൾ രണ്ടും ഉയർത്തി.

“ഇന്നും കൊണ്ടുവന്നിരിക്കുന്നതു ഒരു കെട്ട് പാണ്ഡവ പാഞ്ചാലി ദാമ്പത്യവിഴുപ്പാണോ?, പനയോല നോക്കി പത്രാധിപർ മുഖം ചുളിച്ചു, ചുണ്ടുകൾ പിളർത്തി, ചെവിയിൽ വിരലിട്ടു, പനയോലകൾ എനിക്ക് നേരെ തിരിച്ചെറിഞ്ഞു. എന്നിട്ടയാൾ എന്നെ പിടിച്ച നിർത്തി ഇരുതോളിലും കൈകൾ അമർത്തി ഉണദോഷിച്ചു, പാണ്ഡവർ അക്ഷയപാത്രത്തിൽ നിന്ന് മതിയാവോളം വാരിത്തിന്നു മരച്ചുവട്ടിലിരുന്നു ചൂതാട്ടത്തിൽ നൈപുണ്യവികസനത്തിനു ഉറക്കമിളച്ചാൽ മാത്രം പോരാ, പാതിരാ മിന്നലാക്രമണത്തിൽ കോട്ടക്കകത്തു നുഴഞ്ഞു കയറി കൊട്ടാരത്തിൽ നിന്ന് ധൃതരാഷ്ട്രരെ ബന്ദിയായി പിടിച്ച കൊണ്ടുപോയി രഹസ്യ സങ്കേതത്തിൽ ദുര്യോധനനുമായി വിലപേശാൻ പഠിക്കണം. അതിനാണ് നിങ്ങളുടെ വനാശ്രമ സന്ദർശനങ്ങൾ ഇന്ന് മുതൽ വിനിയോഗിക്കേണ്ടത്. അല്ലാതെ പാണ്ഡവദാമ്പത്യത്തിലെ ‘അടിയഴക്കു’കൾ ഹസ്തിനപുരി പത്രിക പോലൊരു അന്താരാഷ്ട്ര പ്രശസ്തിയുമുള്ള ചുവരെഴുത്തുപത്രത്തിൽ ഉള്ളടക്കമാക്കാൻ ശ്രമിച്ചാൽ നിങ്ങൾ എന്നന്നേക്കുമായി തിരിച്ചുപോവുക തക്ഷശിലയിലേക്കായിരിക്കും.”

◇ ◇ ◇

2018/05/06

“ദുർമേദസ്സുള്ള ഒരാൾ പുണ്യനദിയിൽ അതിരാവിലെ കുളിച്ച വരുന്നത് കണ്ടവരുണ്ട്. കാര്യം തിരക്കിയപ്പോൾ ഒന്നുംപറയാതെ പൊട്ടിക്കരഞ്ഞു എന്നാണ സാക്ഷിമൊഴി. എന്തുണ്ടായി പുതുഭരണ കൂടത്തിൽ പ്രതിരോധമന്ത്രാലയത്തിനു പുറമെ കൗരവരാജ വിധവകളുടെ പുനരധിവാസത്തിന്റെ അധികച്ചുമതല കൂടി വഹിക്കുന്ന ഭീമനിങ്ങനെ പരസ്യവികാരപ്രകടനം ചെയ്തു വിവാദമാവാൻ?”

കൊട്ടാരം ലേഖിക ഹസ്തിനപുരി അരമനയുടെ ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“കൗരവരാജവിധവകളോട് വിശദീകരണം ചോദിച്ചു. അറിഞ്ഞിടത്തോളം ഭീമന്റെ അലസവസ്ത്രധാരണത്തെക്കാൾ ഒട്ടും കുറവല്ല ദുര്യോധനവിധവയുടെ ശ്രദ്ധാപൂർവ്വമായ നഗ്നതാരോപണവും. പതിവായി പുനരധിവാസകേന്ദ്രത്തിൽ പോയി നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്ന ഭീമൻ, ഇത്തവണ ശാസിച്ച സംസാരിച്ചതിനുള്ള ദുര്യോധനവിധവയുടെ തിരിച്ചടിയായിരുന്നു പുതുതലമുറ കൗരവപ്പെൺകുട്ടിയുടെ മുമ്പിൽ ഭീമൻ നഗ്നത പ്രദർശിപ്പിച്ചു എന്ന കെട്ടിച്ചമച്ച ആരോപണം. സാക്ഷികൾ കൗരവവിധവകൾ. സ്വതവേ അല്പവസ്ത്രധാരിയായ ഭീമൻ സംഭവദിവസം വിവസ്ത്രനാണെന്ന കാര്യം മറന്നു പുനരധിവാസ കേന്ദ്രത്തിൽ പ്രവേശിച്ചിരിക്കാം എന്ന വിദൂരസാധ്യത തള്ളിക്കളയുന്നില്ല. കുരുക്ഷേത്ര വിധവകൾ എന്ന നിലയിൽ കൊട്ടാരക്കെട്ടിലെ ജലാശയത്തിൽ മൂന്നു നേരം കുളിക്കാൻ അവർക്കുണ്ടായിരുന്ന അവകാശം പുനഃസ്ഥാപിച്ചു കൊടുത്തതോടെ ലൈംഗികാരോപണം പിൻവലിക്കാൻ ദുര്യോധനവിധവ തയ്യാറായിട്ടുണ്ട്. വസ്ത്രധാരണം ‘അൽപ്പ’മാവരുത്, വാക്കുകൾ അൽപ്പം കുറച്ചുപയോഗിച്ചാലും എന്ന തിരിച്ചറിവിൽ ഭീമൻ തീർത്ഥയാത്രക്കായി വിട്ടു നിൽക്കണം എന്ന് പാഞ്ചാലി നിർദ്ദേശിച്ചു. ഒന്നും നിങ്ങൾ ചുവരെഴുത്തുകളിൽ പൊലിപ്പിക്കരുത്. സൗജന്യ വസതിയുടെ കാലാവധി അടുത്തമാസം തീരുമെന്ന കാര്യം മറക്കണ്ട.”

◇ ◇ ◇ 2018/05/07

“പെണ്ണുടൽ കളിപ്പാട്ടമെന്നു ആണുങ്ങൾ കരുതരുതെന്ന് ഞങ്ങൾ സാധാരണ സ്ത്രീകൾ നിസ്സഹായതയിൽ പ്രതിഷേധിക്കുന്നതൊക്കെ നിത്യക്കാഴ്ച. പക്ഷെ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പദവി വഹിക്കുന്ന നിങ്ങൾ അത്തരം പരുക്കൻ പദങ്ങൾ ഉച്ചരിക്കുമ്പോൾ, ഒന്നുകിൽ അതൊരു പൊതുപ്രഭാഷണത്തിന്റെ വെട്ടിക്കളയേണ്ട ഭാഗം, അല്ലെങ്കിൽ വ്യക്തിഗതവേദന പിടിവിട്ടൊഴുകുന്ന രോഷം.”

കൊട്ടാരം ലേഖിക പാഞ്ചാലിയുടെ മുമ്പിൽ മുട്ടുകുത്തി കൈമുത്തി.

“പെറ്റതള്ളയുടെ പരിലാളനയില്ലാതെ ദൂരെ പാഞ്ചാലയിൽ വളരുന്ന അഞ്ചു പാണ്ഡവക്കുട്ടികളെ, ഓരോ കൊല്ലം ഞങ്ങൾ ഊഴം വച്ച് കൂടെ താമസിച്ച വാത്സല്യം പകരട്ടെ എന്ന് അവർ നിർദ്ദേശിച്ചു കണ്ടിട്ടില്ല. ‘ഠ’ വട്ടം വലിപ്പമുള്ള ഇന്ദ്രപ്രസ്ഥത്തിൽ, ഒന്നും ചെയ്യാനില്ലാതെ പാണ്ഡവരിൽ ചിലർ, നിങ്ങൾക്കറിയാമോ, വിവാഹേതര വിഷയങ്ങളിൽ ചെന്നുവീഴാൻ തീർത്ഥയാത്രയെന്ന പേരിൽ ദൂരദേശങ്ങളിൽ ചുറ്റിക്കറങ്ങുകയാണ്. അത്താഴം കഴിഞ്ഞാൽ നാളെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെന്ത് എന്ന ആശങ്കയില്ലാതെ, എന്റെ അന്തഃപുരത്തിന് വെളിയിൽ ആരാദ്യം ഉള്ളിൽ ചെല്ലും എന്ന ഊഹവുമായി ഒറ്റക്കാലിൽ പാണ്ഡവർ നിൽക്കുന്നത് ലിംഗപരിമിതിയുള്ള കാവൽക്കാർ എന്നെ രഹസ്യമായി അറിയിക്കും. അവരെ ആവുന്നത്ര ഞാൻ അങ്ങനെ അക്ഷമയിൽ നിർത്തിപ്പോരിപ്പിക്കും. ഒരാൾക്ക് പ്രവേശിക്കാൻ കതകൽപ്പം തുറന്നാൽ മതി, കയ്യൂക്കുള്ളവൻ കുതിച്ചുകയറി ‘സുഖമോ ദേവീ’ എന്ന ഔപചാരിക ആശംസയോടെ കളിപ്പാട്ടത്തിൽ കയറിപ്പിടിക്കയായി. ഉടലവർ കോരിയെടുത്തു വന്യപുരുഷ കാമനയുടെ കെട്ടഴിക്കുകയായി. അവരുടെ മാറിമാറിയുള്ള നഖക്ഷതങ്ങളിൽ കളിപ്പാട്ടം പൊട്ടിത്തകരുമെന്നാവുമ്പോൾ, എന്റെ വിശ്വസ്ത കാവൽക്കാർ മുൻധാരണയിൽ അകത്തുകയറി പീഢകപാണ്ഡവരെ വലിച്ചു പുറത്തെറിയും.”

“തിളങ്ങുന്ന കണ്ണുകളും ഒട്ടിയ കവിളും-അങ്ങനെയാണ് ഞാൻ വഴിനടക്കുമ്പോൾ നിങ്ങളെ കണ്ടിരുന്നത്. ഇപ്പോൾ കണ്ണിൽ പെടുന്നത് ചോര കട്ട പിടിച്ച ചുണ്ടുകൾ. ഈറൻ നേത്രങ്ങൾ. എന്തുപറ്റി സഹോദരാ, കൗരവരെയൊക്കെ എത്ര നിങ്ങൾ വിമർശിച്ചപ്പോഴും “ഇതൊരു സ്വതന്ത്ര സമൂഹം കൗരവരെ എങ്ങനെ വേണമെങ്കിലും വിമർശിക്കാം” എന്ന് ദ്ര്യോധനൻ ആശ്വസിപ്പിച്ചിരുന്ന ആ കാലമൊക്കെ പോയോ?”

യുക്തിവാദി ചാർവാകനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു. ലഘുഭക്ഷണശാലയിൽ നിന്നൊരു മൺപാത്ര വെള്ളം കൈവെള്ളയിലെടുത്തു ചുണ്ടുകൾ കഴുകി ചോരക്കറ നീക്കി. ബാക്കി വെള്ളം അയാളുടെ ശിരസ്സിൽ സാവധാനം ഒഴിച്ചു കൊടുത്തു.

“മൂന്നു നേരം ഭക്ഷണം കഴിച്ചു ശീലിച്ച കൗരവരാജസ്ത്രീകൾ വിധവകളായപ്പോൾ ഒരു നേരത്തെ കഞ്ഞിക്കു വേണ്ടി കോട്ടവാതിലിനു മുമ്പിൽ നെഞ്ചത്തടിച്ചു നിലവിളിക്കേണ്ടി വരുന്നു. രാജമന്ദിരങ്ങളിലെ സുരക്ഷയിൽ നിന്നവരെ പുകച്ചു പുറത്തു ചാടിച്ചു പന്നിക്കൂട്ടങ്ങൾ അലഞ്ഞു നടക്കുന്ന വെളിയിട വിസർജ്ജന കേന്ദ്രങ്ങളുടെ സൂക്ഷിപ്പുകാരാക്കുന്നു. കൊട്ടാരത്തിന്റെ ഭൂഗർഭ രഹസ്യഅറ തുറന്നു പുറത്തെടുത്ത കുരുവംശനിധി കാഴ്ച വിരുന്നാക്കി രാജസഭയിൽ പ്രദർശിപ്പിക്കുന്നു. ഇതാണോ കുരുവംശനീതി? എന്ന് യുധിഷ്ഠിരനോട്ട് ചോദിക്കുമ്പോൾ കണ്ടില്ല, പിന്നിൽ നിന്നിരുന്ന ഭീമന്റെ ഉരുക്കുവിരലുകൾ എന്റെ ചുണ്ടിലും മൂക്കിലും മാറിമാറി വീഴുന്നത്.”

ചാർവാകൻ ആ ഭീമപ്രഹരത്തിന്റെ ഓർമ്മയിൽ ചുളുങ്ങി.

◇ ◇ ◇ 2018/05/09

“കുറ്റവിചാരണ ചെയ്തു ശിക്ഷിക്കാൻ മാത്രം മഹാരാജാവ് യുധിഷ്ഠിരൻ എന്ത് പാപം ചെയ്തു എന്നാണു കിരീടാവകാശിയെന്ന നിലയിൽ നിങ്ങളുടെ വിലയിരുത്തൽ? ബാലചാപല്യം വിടാത്ത നിങ്ങളെ കൊണ്ട് ചുട്ടുചോറ് മാന്തിക്കുന്നത് അമ്മ ഉത്തരയാണെന്ന ചോദ്യം ഉദിക്കുന്നുണ്ട്-കുരുവംശം പിളർക്കാൻ നിയോഗമേറ്റെടുത്തിരിക്കയാണോ അഭിമന്യു വിധവ?”

കൊട്ടാരം ലേഖിക ചോദിച്ചു.

“ഗർഭശ്രീമാനായ എന്നെ പതിനെട്ടുവയസ്സെത്തിയാൽ മഹാരാജാവാക്കാമെന്നു നെഞ്ചിൽ കൈവച്ചു സത്യം ചെയ്താണ് യുധിഷ്ഠിരൻ അഭിമന്യുവിനെ അർജ്ജുനനൊഴികെ ബാക്കി മൂന്നു പാണ്ഡവരോടൊത്തു ഗൂഢാലോചനക്കുശേഷം ചാവേറായി ചക്രവ്യൂഹത്തിലേക്കു തള്ളിയിട്ടത്. എന്റെ അമ്മയുടെ നിലവിളി കേട്ട് ഞാൻ വേദനിച്ചു. ഇപ്പോളെനിക്ക് പ്രായം മുപ്പത്തിയാറ്, എന്നാൽ പാഞ്ചാലി മഹാറാണി പദവിയിൽ നിന്നിറങ്ങാതെ ഉത്തരക്ക് ആ പദവിയേറ്റെടുക്കാനാവാത്ത വിധം യുധിഷ്ഠിരൻ അധികാരത്തിൽ അള്ളിപ്പിടിച്ചിരിക്കയാണ്. ഞങ്ങൾ ഇതൊരു മനസികരോഗമായി കാണുന്നു. ചികിത്സക്ക് വിധേയനായി, രോഗം തീർത്തും മാറി എന്ന് ശുശ്രൂഷകന്റെ പേരിൽ വ്യാജപ്രസ്താവനയും നേടി പിന്നെയും സിംഹാസനത്തിൽ ചുരുണ്ടുകൂടിയിരിക്കുന്ന യുധിഷ്ഠിരന്റെ മേലെയിപ്പോൾ തൂങ്ങുന്നത് സ്വേച്ഛാധികാരി എന്ന മുദ്രയാണ്. കൂടെ നിൽക്കില്ലേ? യുധിഷ്ഠിരനെ പുകച്ചു പുറത്തുചാടിച്ചാൽ എന്റെ മാധ്യമ ഉപദേശക നീ.”

“കുതിരവണ്ടിക്കാരന്റെ മകനായ നിങ്ങൾ, കൗരവനാടകത്തിലൂടെ അംഗരാജാവായി എന്ന് കേട്ടിട്ടുണ്ട്. എന്തായിരുന്നു ഗൂഢ ലക്ഷ്യം?”, കൊട്ടാരം ലേഖിക കർണ്ണനോട്ട് ചോദിച്ചു. തിരക്കുപിടിച്ച കുരുക്ഷേത്ര പോരാട്ടത്തിനിടയിൽ നീരാടാൻ വന്നതായിരുന്നു ദുരൂഹജന്മഐതിഹ്യത്തിൽ ജീവിക്കുന്ന ധീര പോരാളി.

“അരങ്ങേറ്റ മന്ദിരത്തിൽ പ്രതിയോഗിഭീമൻ എന്റെ പിതൃത്വം വിലകുറച്ചു കണ്ടപ്പോൾ, സ്വകാര്യ ചെലവിനു ഒരു ലോഹനാണയം പോലും പിതാവിൽ നിന്ന് അക്കാലത്തു കിട്ടാനില്ലാതിരുന്ന ദ്ര്യോധനൻ, കാണികളെ കബളിപ്പിച്ചു. പട്ടാഭിഷേകത്തിലൂടെ എന്നെ രാജാവാക്കി. എന്ത് ചെയ്യണം പകരം, എന്ന് ചോദിച്ചപ്പോൾ ഒടുങ്ങാത്ത സഖ്യം ദ്ര്യോധനൻ ആവശ്യപ്പെട്ടു. ആ വാക്ക് ഞാൻ എന്നും, ഇനി മരണം വരെയും, പാലിക്കാൻ ബാധ്യസ്ഥൻ. അംഗരാജ്യം എവിടെയാണ് സുഹൃത്തേ എന്ന് തിരിച്ചു ദ്ര്യോധനനോട്ട് ചോദിക്കാതിരുന്ന അനാഥനായ എന്റെ അധൈര്യമാണ് എന്നെ ഇക്കാലവും തിന്മയുടെ മൂർത്തിയായ ദ്ര്യോധനന്റെ അടിമയായി, കൊള്ളരുതായ്മകൾക്കു കൂട്ടുപ്രതിയായി ഈ ജന്മം വ്യർത്ഥമാക്കാൻ കാരണമായത്.”

അർജ്ജുനനുമായുള്ള അന്ത്യയുദ്ധം വിഭാവന ചെയ്യുന്ന പോലെ ആ ക്ഷീണിച്ച മുഖം ജലപ്പരപ്പിൽ ഇരുണ്ടു.

◇ ◇ ◇ 2018/05/10

“അധികാരത്തിന്റെ ഇടനാഴികളിലൊന്നുമല്ലെങ്കിലും, പരാതിക്കാരൻ ഹസ്തിനപുരി പൗരനല്ലേ? മഹാരാജാവിനെ കുറ്റവിചാരണ ചെയ്യാവുന്നത്ര വിശിഷ്ടമാകുന്നു ഹസ്തിനപുരിയുടെ ഭരണഘടന എന്ന് തക്ഷശില രാഷ്ട്രമീമാംസ അധ്യാപകർ വാതുറന്നു അഭിപ്രായപ്പെട്ടതല്ലേ? എന്നിട്ടും, പൊള്ളുന്ന ആരോപണങ്ങളുമായി രാജസഭയിലെത്തിയ പരീക്ഷിത്തിനെ യുധിഷ്ഠിരൻ ‘ആട്ടിയോടിച്ച്’ എന്ന അമർഷം ഇന്ന് പൊതുസമൂഹത്തിലുണ്ട്.”

കൊട്ടാരം ലേഖിക മാധ്യമസമ്മേളനത്തിൽ ആഞ്ഞടിച്ചു.

“കിരീടാവകാശി കൂടിയായ പരീക്ഷിത്തിന് ആരോപണങ്ങൾ അക്കമിട്ടവതരിപ്പിക്കാനാവസരം മഹാരാജാവിന്റെ കാര്യാലയം നൽകി എന്ന് നിങ്ങൾ മുക്കിയും മൂളിയും സമ്മതിച്ചെങ്കിലും, എന്തുകൊണ്ട് കുറ്റവിചാരണ നിലനിൽക്കില്ലെന്ന് ഉന്നതാധികാര സമിതി നൽകിയ വിശദീകരണം ശ്രദ്ധിച്ചില്ലെന്നു നിങ്ങളുടെ ചോദ്യത്തിൽ നിന്നറിയാം. അർജ്ജുനൻ വേണം ആരോപണങ്ങൾ ഔദ്യോഗികമായി പരിഗണിച്ചു വിധി പറയാനെന്നു അഭിമന്യുവിന്റെ മകൻ കൂടിയായ പരീക്ഷിത്ത് ഉപാധിവച്ചാൽ നീതിന്യായത്തിലെ നടപടിക്രമം സമ്മതിക്കുമോ? പരീക്ഷിത്തിന്റെ അപേക്ഷ അന്ന് തന്നെ പരിഗണിക്കാമെന്ന് അർജ്ജുനൻ സമ്മതിച്ചതാണ് വിചിത്രമായി തോന്നിയത് കാരണം, ഉന്നതാധികാരസമിതിയിലെ ഒരംഗം മാത്രമാണ് അഭിവന്ദ്യ അർജ്ജുനൻ. സ്വാഭാവികമായും, പരീക്ഷിത്തിന്റെ പരാതിയിൽ ‘എലിയെ മണ’ത്ത യുധിഷ്ഠിരൻ, ഭരണഘടനാനുസൃതമായി തിരിച്ചടിച്ചു. അർജ്ജുനൻ ഒഴികെയുള്ള മറ്റു മൂന്നു പാണ്ഡവരെ ഉൾപ്പെടുത്തി പുതിയ സമിതിക്കു രൂപം നൽകി. “തെളിവ് അപര്യാപ്തം” എന്ന കാരണം പറഞ്ഞു ദുഷ്ടലാക്കോടെയുള്ള പരീക്ഷിത്തിന്റെ കുറ്റവിചാരണ അപേക്ഷ തള്ളാനെടുത്ത ആ മനഃസാന്നിധ്യം-അതാണ് ഹസ്തിനപുരിയെ സമാനതയില്ലാത്ത പ്രതിസന്ധിയിൽ നിന്ന് രക്ഷിച്ചത്. പരീക്ഷിത്തിനു രഹസ്യപിന്തുണ നൽകിയ അമ്മ ഉത്തരയെയും, അഭിമന്യുവിന്റെ അമ്മ സുഭദ്രയേയും ഇരുപത്തിനാലു മണിക്കൂർ നിരീക്ഷണത്തിനായി കാലിൽ തങ്കവളയണിയിക്കാൻ മഹാറാണി പാഞ്ചാലി ഇറക്കിയ ഉത്തരവും നിങ്ങൾ ഇതുവരെ കണ്ടില്ലെന്നാണോ?”

“മാദ്രി മരിച്ചിട്ടു കാലം കുറെയായി എന്നറിയാം, എങ്കിലും ഓർമ്മ വല്ലതുമുണ്ടോ വായനക്കാരുമായി പങ്കിടാൻ?” കൊട്ടാരം ലേഖിക ഭീമനോട്ട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. കൊട്ടാരസമുച്ചയത്തിനു പിന്നിലെ ജലാശയം. സന്ധ്യ.

“എന്തോ മലിനജലം കുടിച്ചതുകൊണ്ടാണെന്നു പിന്നീടറിഞ്ഞു, രണ്ടു മാസം ഞാൻ രോഗബാധിതനായി കാട്ടുകുടിലിൽ കിടന്നു. പാണ്ഡു കിടന്നിരുന്ന മുറിയോട്ട് ചേർന്നൊരു ചാച്ചുകെട്ടിയിൽ. യുധിഷ്ഠിരൻ മുറിയിൽ വന്ന ഓർമ്മയില്ല. അർജ്ജുനൻ കൈക്കുഞ്ഞായിരുന്നത് കൊണ്ട് കുന്തി, മുൻകരുതൽ എന്ന നിലയിൽ ഒഴിഞ്ഞു മാറി. മാദ്രിയെന്നെ പരിചരിക്കും, ശുദ്ധജലം വായിൽ മൃദുചലനത്തോടെ ഒഴിച്ചുതരും, സ്നേഹവചനങ്ങൾ ചൊല്ലും. പനി മാറിത്തുടങ്ങിയപ്പോൾ ഒരിക്കൽ മാദ്രി പറഞ്ഞു, ഇനി നീ അതിവേഗം വളർന്നു വലുതാവും, ശക്തിയുടെ പ്രതീകമാവും. പിന്നീടാണ് മാദ്രി പരപുരുഷ രതിക്കായി പടിയിറങ്ങിപ്പോവാൻ തുടങ്ങിയത്. രാത്രി വരുമ്പോൾ വസ്ത്രങ്ങളിൽ കോരിത്തരിപ്പിക്കുന്ന സുഗന്ധമുണ്ടാവും. ആ പ്രലോഭനത്തിൽ വീണ പാണ്ഡുവിന്റെ രതിപരീക്ഷണത്തിനു വഴങ്ങിയ മാദ്രി, പാണ്ഡുവിന്റെ ശാപമരണത്തിനു കാരണമെന്ന് പറഞ്ഞു കുന്തി മാദ്രിയോട്ട് ചിതത്തീയിൽ ചാടാൻ ഒച്ചവെച്ചും വിരൽ ചൂണ്ടിയും നിർബന്ധിച്ചതോർക്കുന്നു. മാദ്രി സമ്മതിച്ചില്ല. പെട്ടെന്ന് കുന്തി എന്നെ വിളിച്ചു ചെവിയിൽ കർശനമായി ആജ്ഞാപിച്ചതു ഞാൻ വിറയ്ക്കുന്ന കൈകളോടെ ചെയ്തു. പ്രിയ മാദ്രിയെ വാരിക്കോരിയെടുത്തു ആളിക്കത്തുന്ന പാണ്ഡുചിതയിൽ എറിഞ്ഞു. ഈ പാപം ചെയ്ത കൈകൾ ഈ ശപിക്കപ്പെട്ട കൈകൾ.” പറഞ്ഞു പറഞ്ഞു ഭീമൻ വാവിട്ടു കരഞ്ഞു. പലയിടങ്ങളിൽ നിന്നായി പാറാവുകാർ ഓടി വന്നു ബലം പ്രയോഗിച്ചയാളുടെ വാപൊത്തി കൊട്ടാരക്കെട്ടിലേക്കു വലിച്ചെടുത്തുകൊണ്ടു പോയി.

◇ ◇ ◇ 2018/05/11

“എന്താ ഇങ്ങനെ ‘മോങ്ങുന്ന’ത്? കൊട്ടാരം ലേഖിക ദുര്യോധനന്റെ മകളോട്ട് ചോദിച്ചു. യുദ്ധാനന്തര യുധിഷ്ഠിരഭരണകൂടം.

“ചതിച്ചുകൊന്നു അച്ഛനെ അവർ, പക്ഷെ ഞങ്ങൾ ഒന്നും പറഞ്ഞില്ല. ഇന്നലെ പൊതുയോഗത്തിൽ പാഞ്ചാലി എന്റെ അമ്മയെ അവമതിക്കുന്നതു നിങ്ങൾ കേട്ടില്ലേ? കലിംഗദേശക്കാരിയായ അമ്മ പതിനെട്ടുവയസ്സിൽ ഹസ്തിനപുരിയിൽ ദുര്യോധനവധുവായി വന്ന ശേഷം, ഗംഗയാറും യമുനയും ഒഴുകുന്ന ഈ കാർഷികഭൂമിയെ മാതൃഭൂമിയായി അംഗീകരിച്ചതല്ലേ? മറ്റു തൊണ്ണൂറ്റി ഒമ്പതു കൗരവ രാജസ്ത്രീളോടും അമ്മ ഹസ്തിനപുരിയുടെ നാടൻ ഭാഷയിൽ ഇടപഴകി. വ്യക്തിഗതത്യാഗം ചെയ്തു. രാഷ്ട്രത്തിന്റെ അഖണ്ഡത രക്ഷിക്കാനായി ചെയ്ത വിശുദ്ധയുദ്ധത്തിൽ ഭർത്താവ് കൊല്ലപ്പെട്ടു. രാജമന്ദിരത്തിൽ നിന്ന് ഞങ്ങളെ പുതുഭരണകൂടം പുകച്ചു പുറത്തു ചാടിച്ചു. അടിസ്ഥാന സൗകര്യമില്ലാത്ത പുനരധിവാസകേന്ദ്രത്തിൽ പൊറുക്കാൻ പ്രേരിപ്പിച്ചു. കുടിവെള്ളം ചോദിച്ചു കോട്ടക്കകത്തു ചെന്നപ്പോൾ വേട്ടപ്പട്ടികളെ വിട്ടു വിരട്ടി. ഇപ്പോൾ പാഞ്ചാലി പറയുന്നു, കുരുക്ഷേത്ര യുദ്ധത്തിന് മുമ്പ് ഭൂഗർഭഅറയിലെ രത്നശേഖരം കലിംഗനാട്ടിലേക്ക് രഹസ്യമായി കടത്തി എന്ന്. ഇതാണോ ദുര്യോധനവിധവയെ കുറിച്ച് ചുരുങ്ങിയ മാസങ്ങൾ മാത്രം ഈ നാട്ടിൽ താമസിച്ച പാഞ്ചാലി പറയേണ്ടത്? ഈ ദുഃഖത്തിൽ പങ്കുചേരാതെ ഞങ്ങളുടെ ശത്രുക്കളെ പോലെ ആഹ്ലാദിക്കാൻ എങ്ങനെ മനസ്സ് വരുന്നു? എന്തെല്ലാം സൗജന്യങ്ങളും പാരിതോഷികങ്ങളും ഞങ്ങളുടെ സുവർണ്ണകാലത്തു അച്ഛൻ തന്നതാണ്.”

◇ ◇ ◇ 2018/05/12

“അമ്മയും വിദുരരും ഞങ്ങൾക്കൊപ്പം എന്ന് നിങ്ങൾ കുന്തിയെ പ്രേരിപ്പിച്ചില്ലേ? അതോ ആ കഠിനഹൃദയ വഴങ്ങിയില്ലേ?” കൊട്ടാരം ലേഖിക സഹദേവനോട്ട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“കുന്തിയുടെ മനം മാറ്റാൻ എന്നെയാണ് യുധിഷ്ഠിരൻ നിയോഗിച്ചത്. മൂന്നു ദിവസങ്ങളിൽ സംഭാഷണം നടന്നു. അഥവാ, കുന്തിയെ സംസാരിക്കാൻ വിട്ടു. പാണ്ഡുവുമൊത്തുള്ള പഴയ വനവാസക്കാലം പോലെ പരപുരുഷരതിയുടെ ‘ഞരമ്പുകളിൽ ജീവിതാസക്തി’യുള്ള വനവാസമല്ല ഗാന്ധാരിയും കുന്തിയും വിദുരരും ധൃതരാഷ്ട്രരും ഉൾപ്പെടുന്ന നാൽവർ സംഘം ഇനി കാണേണ്ടി വരികയെന്നു ഓർമ്മിപ്പിച്ചു. വയോജനങ്ങൾ എന്ന നിലയിൽ പരസഹായമില്ലാതെ അന്നന്നത്തെ അപ്പം നേടാനാവർക്കാവാതെയാവും ഒന്നൊന്നായി പട്ടിണിമരണത്തിനു കീഴ്പ്പെടുക എന്ന സാധ്യത കുന്തിക്കുണ്ടെന്നു വ്യക്തമായി. ജീവിച്ചു മതിയായി ഇനി ഈ ശരീരം പ്രകൃതിയെ ഏൽപ്പിക്കണം. നിനക്ക് ഭാവി പ്രവചിക്കാനാവുമോ?, അങ്ങനെയല്ലേ മാദ്രീപുത്രനെന്ന നിലയിൽ എക്കാലവും പ്രതിച്ഛായ, എന്ന് കുന്തി ചോദിച്ചപ്പോൾ ഒഴിഞ്ഞു മാറാൻ ശ്രമിച്ചില്ല. കാരണമുണ്ട്-കൊച്ചു കുഞ്ഞായിരുന്ന കാലത്താണ് മാദ്രിയെ ഭീമൻ, കുന്തിയുടെ ആജ്ഞയിൽ പാണ്ഡുചിതയിലെറിയുന്നതിനു ഞാൻ സാക്ഷിയായത്-അമ്മാ അമ്മാ എന്ന് ഞാൻ കൈകൾ നീട്ടി നിലവിളിച്ചപ്പോൾ കുന്തി വന്നെന്റെ വായ പൊത്തി ശാസിച്ചു കുടിലിലേക്കു കൊണ്ടുപോയി മൂലയിൽ ബലം പ്രയോഗിച്ചിരുത്തി. അമ്മാ എന്ന് മന്ത്രിച്ചു കൊണ്ട് ഞാൻ പിറ്റേന്ന് ഒറ്റയ്ക്ക് പോയി ചിതയിലെ ചാരക്കൂനക്കു മുമ്പിൽ പരിഭ്രമിച്ചു നിന്ന ഓർമ്മയുണ്ട്. ആരോട്ട് ചോദിച്ചാണ് നീ ഇവിടെ വന്നത് എന്ന് പറഞ്ഞു യുധിഷ്ഠിരൻ കൈ പിടിച്ചു വലിച്ചു കൊണ്ടുപോയതോർമ്മയുണ്ട്. അമ്മാ എന്ന് വിളിച്ചു ബാല്യത്തിൽ അലഞ്ഞു നടന്നതും ഓർക്കുന്നു. അമ്മയെ ചിതയിൽ തള്ളാൻ ഭീമന് ആജ്ഞ നൽകിയ കുന്തിയിപ്പോൾ ചോദിക്കുന്നു, നിനക്കെന്റെ അന്ത്യം പ്രവചിക്കാൻ ആവുമോ? പ്രകൃതി നിങ്ങൾക്കൊരു കാട്ടുതീ മരണം അന്നേ വിധിപറഞ്ഞു കഴിഞ്ഞതാണ്. വിധിനടപ്പുമായി സഹകരിക്കൂ എന്ന് യാത്ര പറഞ്ഞവരെ ഞങ്ങൾ പടിയിറങ്ങാൻ വിട്ടു.”

“നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പുനരധിവാസകേന്ദ്രങ്ങളിൽ പതിവായി കിട്ടണം എന്ന ന്യായമായ ആവശ്യവുമായി കുരുക്ഷേത്രവിധവകൾ കറുത്തതുണി കൊണ്ട് ശിരസ്സ് മൂടി കോട്ടവാതിലിനു മുമ്പിൽ രാവിലെ മുതൽ പ്രതിഷേധപ്രകടനം ചെയ്യുന്നുണ്ടല്ലോ. പാണ്ഡവരിൽ ഒരാൾ പോലും അവിടെ ചെന്ന് പ്രയാസങ്ങൾക്ക് ചെവി കൊടുത്തു കണ്ടില്ല എന്നാണവർ പറഞ്ഞത്. അതെന്താ അങ്ങനെ? മഹാരാജാവ് യുധിഷ്ഠിരൻ ഇന്ന് ആകെ അവർക്കു കൊടുത്ത വാഗ്ദാനം രക്തസാക്ഷി ദുര്യോധനന്റെ ദീർഘകായ ലോഹപ്രതിമ കൗരവരുടെ അടുത്ത ആണ്ടുശ്രാദ്ധത്തിനു മുമ്പ് പൂർത്തിയാക്കുമെന്നും. മരിച്ചുപോയവരുടെ പ്രതിമ കണ്ടാൽ തീരുമോ ജീവിച്ചിരിക്കുന്നവരുടെ വിശപ്പും ദാഹവും?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട് ചോദിച്ചു.

“പത്രവാർത്ത പോലെ എല്ലാം നിങ്ങൾ നീണ്ടനീണ്ട വാക്യങ്ങളിൽ ഞങ്ങളെ പറഞ്ഞുഫലിപ്പിക്കേണ്ട കാര്യമില്ല. ഒരു ജന്മം കൊണ്ട് കൊഴിഞ്ഞുപോവുന്ന കൗരവധൂമകേതുക്കളല്ല പാണ്ഡവർ. പാണ്ഡവ ജന്മത്തിനു ആകാശചാരികളുടെ കൂടിയാലോചനയുണ്ട്. അതീതശക്തികളുടെ നിയോഗം കിട്ടിയ വിശിഷ്ടജന്മങ്ങളാണ് പാണ്ഡവർ എന്ന് പറഞ്ഞത് പാഞ്ചാലിയല്ല വേദവ്യാസനാണ്. പാണ്ഡവരുടെ ജീവിതപാതയിലൂടെ ഒന്ന് നിങ്ങൾ രഥമോടിച്ചു നോക്കിയാൽ അറിയാം, എന്തെന്തു പ്രതിസന്ധികളിൽ തളരാതെ പിടിച്ചുനിന്നാണ് കുടുംബസ്വത്തു തിരിച്ചുപിടിച്ചതെന്നു. യുദ്ധം ജയിച്ചാൽ യുദ്ധക്കെടുതിയുണ്ട്, ധാന്യക്ഷാമമുണ്ട്, കുടിനീരിനു പോലും, അത്ഭുതം, ഗംഗയും യമുനയും ഒഴുകുന്ന ഈ നാട്ടിൽ കടിപിടിയുണ്ട്. സൗജന്യധാന്യവിതരണം, ശുചിമുറി നിർമ്മിതി, അത്യാവശ്യസാധനങ്ങൾ വിലകുറച്ചു വിൽപ്പന, ഇതൊന്നുമല്ല സുഹൃത്തേ പാണ്ഡവ ഭരണകൂടം നേരിടുന്ന വെല്ലുവിളി. ഇതിഹാസ സമാനമായ പാണ്ഡവ ജീവിതം, വരും യുഗത്തിലും സാക്ഷരലോകം താളിയോലയിൽ വായിച്ചും നാടകമായി കണ്ടും കാലാതിവർത്തിയായി മാറേണ്ടതിനെ കുറിച്ച് ഞങ്ങൾ വിലയിരുത്തുമ്പോൾ, കൗരവവിധവകൾ ഞങ്ങളെ എന്താണ് ചെയ്യുന്നത്? ഊട്ടുപുരയിൽ തളച്ചിടുന്നു. കഷ്ടമല്ലേ ഇതൊക്കെ?”

◇ ◇ ◇ 2018/05/13

“ഭരണകൂടത്തിലെ അഞ്ചുപേരും കൗരവരുടെ ആണ്ടുശ്രാദ്ധത്തിനു പുണ്യനദിയിൽ പോയിരിക്കുകയാണ്. നിങ്ങളെങ്ങനെ ഓർത്തെടുക്കുന്നു, വികാര വിക്ഷോഭത്താൽ വഴിവിട്ടു പലതും ചെയ്ത ആ നൂറോളം കൗരവരെ?”

കൊട്ടാരം ലേഖിക ചോദിച്ചു.

ശീതകാലമായിരുന്നിട്ടും നേരത്തെ കുളിച്ചു ഈറൻ മാറാതെ പൂ പറിക്കുകയായിരുന്നു പാഞ്ചാലി.

“വിവേചനരഹിതമായിരുന്നു എന്നോടുള്ള കൗരവആരാധന. എനിക്കും അവർക്കും ഇടയിൽ അമംഗളകരമായി തോന്നിയ ഒരു വഴിതടസ്സമേ ഉണ്ടായിരുന്നുള്ളൂ. നിങ്ങൾക്കുഹിക്കാം, പാണ്ഡവർ.”

“പാഞ്ചാലിയാണോ, നിങ്ങൾ ഒറ്റക്കെട്ടായാണോ പറഞ്ഞത് വയസ്സായ കുന്തി കാട്ടിൽ പോട്ടെ എന്ന്?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. മറ്റു മൂന്നു വയോജനങ്ങൾക്കൊപ്പം പാണ്ഡുവിധവ.

“ജീവിതസായാഹ്നം വനത്തിൽ” എന്ന തീരുമാനം അനുസരിച്ചു കോട്ടവാതിലിനു പുറത്തേക്കു കടക്കുന്നത് മട്ടുപ്പാവിൽ നിന്ന് നോക്കുകയായിരുന്നു ഇരുവരും.

“അരക്കില്ലത്തിൽ ആദിവാസി കുടുംബത്തെ ബലികൊടുത്തുതുരങ്കം വഴി രക്ഷപ്പെടാനുള്ള സാഹസികയാത്രക്ക് നേതൃത്വം കൊടുത്ത ധീര, നിഷ്ഠുര കുന്തിയല്ല പിന്നീട് ഞങ്ങളുടെ ജീവിതം താറുമാറാക്കിയ സ്ത്രീ. കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രദമ്പതികൾ, കൊള്ളരുതാത്ത നൂറു കൗരവർക്കു വേറെ വേറെ രാജവധുക്കളെ കണ്ടെത്തിയപ്പോൾ, കുന്തി ഞങ്ങളെ പാഞ്ചാലിയുടെ തൊഴുത്തിൽ കെട്ടി. അതൊരടിയായിരുന്നു പാണ്ഡവാഭിമാനബോധത്തിന്. ഭാവിജീവിതത്തിനായി ഖാണ്ഡവപ്രസ്ഥം എന്ന കൊടുംകാട്ടിലേക്കു ഭാഗ്യാന്വേഷികളായി ഞങ്ങൾ യാത്ര തിരിച്ചപ്പോൾ ‘നിങ്ങളുടെ നല്ലനടപ്പിന് ജാമ്യമായി ഞാൻ ഗാന്ധാരിയുടെ തോഴിയായി കൊട്ടാരത്തിൽ കഴിയും’ എന്ന് കുന്തി വിരൽ ചൂണ്ടി പറഞ്ഞത്, ‘പാണ്ഡവർ പ്രതികൾ’ എന്ന ഊന്നലോടെ ആയിരുന്നു എന്നാൽ പ്രിയപാഞ്ചാലിയോ? കുടിയേറ്റ ഭൂമിയെ പരിഷ്കൃത നഗരമാക്കുന്നതിൽ നഗരമന്ദിരങ്ങളുടെ നിർമിതിയിൽ രാജസൂയ യാഗത്തിൽ ഔദ്യോഗിക ചക്രവർത്തിനി പദവി ഏറ്റെടുക്കുന്നതിൽ, ഒപ്പം ഞങ്ങളിൽ നിന്ന് കൃത്യമായൂഴം അനുസരിച്ചു ഗർഭം ധരിച്ചു നവജാതശിശുക്കളെ പാഞ്ചാലയിൽ പരിചരണത്തിനയക്കുന്നതിൽ എല്ലാറ്റിലും കാണാമായിരുന്നു കുന്തിക്കൊന്നും എത്തിനോക്കാനാവാത്ത കാര്യശേഷി, മികവ്. കുന്തിയെ ഒട്ടും ആശ്രയിക്കാതെ ഞങ്ങളുടെ അഭിലാഷങ്ങൾ പൂവണിയാൻ തുടങ്ങിയപ്പോൾ, കുന്തി ഇനി കാട്ടിൽ പോവുന്നെങ്കിൽ പോട്ടെ എന്ന ഏകകണ്ഠമായ അഭിപ്രായം ഞങ്ങൾ ആറു പേരിലുണ്ടായത് ഒരു സുപ്രഭാതത്തിലല്ല, കാലക്രമേണയാണ്. പുരുഷന്റെ വിജയത്തിന് പിന്നിൽ സ്ത്രീയുണ്ട് എന്ന കവിവചനത്തെ സാർത്ഥകമാക്കുന്നതായിരുന്നു ഞങ്ങളുടെ ജീവിതത്തിൽ നിന്ന് കുന്തിയുടെ എന്നെന്നേക്കുമായുള്ള തിരോധാനം. പോട്ടെ തിരക്കുണ്ട്. തുന്നൽക്കാരനെ കണ്ടു നാളെ വൈകുന്നേരത്തെ വിരുന്നിനു മുമ്പ് പാഞ്ചാലിയുടെ പട്ടുടുപ്പുകൾ കിട്ടണം എന്നുടൻ പോയി പറയട്ടെ, ഇന്ന് രാത്രി ഊഴം എനിക്കാണ്.

◇ ◇ ◇ 2018/05/14

“ബലാൽക്കാരത്തിനു പാണ്ഡവസാന്നിധ്യത്തിൽ ഇരയായ പാഞ്ചാലിക്ക് വേണ്ടി ഹസ്തിനപുരി ന്യായാലയത്തിൽ ദുര്യോധനെ പ്രതിയാക്കി വാദിക്കാൻ വെളിനാട്ടിലെ പ്രഭാഷണ യാത്ര വെട്ടിച്ചുരുക്കി ഓടിവന്നപ്പോഴാണ് ചാർവാകൻ അറിയുന്നതു കുന്തിയുടെ ആവശ്യപ്രകാരം പാഞ്ചാലിയെ മാനസികരോഗ ചികിത്സ എന്ന പേരിൽ ഹിമാലയത്തിലേക്ക് ഒളിച്ചുകടത്തി എന്ന്. വിവരമറിഞ്ഞ ആളാകെ സ്തംഭിച്ചു. കോട്ട വാതിലിലെ പാറാവുകാർക്കു കൊട്ടാരം സർവ്വാധികാരി നിർദ്ദേശം കൊടുത്തിരിക്കുകയാണ്-ശല്യക്കാരൻ വ്യവഹാരി ചാർവാകനെ കണ്ടാൽ അകത്തേക്ക് വിടരുത് തല്ലിയോടിക്കണം. ഹസ്തിനപുരി കൊട്ടാരസമുച്ചയം ഇന്ന് ഒരു സംഘം സാമൂഹ്യവിരുദ്ധരുടെ പിടിയിലാണെന്നു ചാർവാകൻ” പാണ്ഡവ വനാശ്രമത്തിലായിരുന്ന കൊട്ടാരം ലേഖിക പറഞ്ഞു. വിടാതെ മഴ പെയ്ത മുൻവശത്തെ കൈത്തോടിലൂടെ കലക്കവെള്ളം കുത്തിയൊലിക്കുന്ന ശബ്ദം മാത്രം.

“കള്ളച്ചൂതിൽ ഇരയാവാൻ ആനപ്പുറത്തു പോയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിക്ക് കിട്ടേണ്ടതു് കിട്ടി-പ്രകൃതിക്കു സ്വസ്തി. കൂടെ പൊറുക്കുന്ന പെണ്ണിനെ പണയം വച്ച് കളിച്ചവർക്കിതൊരു യുഗാന്തര പാഠവുമായിരിക്കട്ടെ. പ്രശ്നരഹിതമായിരുന്ന ഇന്ദ്രപ്രസ്ഥത്തിൽ അല്ലലില്ലാതെ സ്വസ്ഥജീവിതം നയിച്ച ഞങ്ങൾ രാജസൂയ പാണ്ഡവർ, ദുര്യോധന ദാക്ഷിണ്യത്തിൽ നേടിയ ഈ അക്ഷയപാത്രത്തിൽ മൂന്നുനേരം കൈമുക്കി കൗരവഊട്ടുപുരയിലെ ഇച്ചിൽ വാരിയെടുത്ത് തിന്നുമ്പോൾ, അത്താഴപ്പട്ടിണിക്ക് വിധിക്കപ്പെട്ട ഈ ‘മാനസികരോഗി’ അടിവസ്ത്രം ഒന്നുകൂടി കെട്ടി മുറുക്കട്ടെ.”

◇ ◇ ◇ 2018/05/15

“പരുക്കൻ തറയിൽ പുൽപ്പായ വിരിച്ച ഒറ്റമുറിയിൽ, കണ്ടാലറിയാവുന്ന നാലു വയോജനങ്ങൾ മരണം കാത്തു കിടക്കുന്നു. അങ്ങനെയാണോ തിരിച്ചു നാട്ടിലെത്തി ഞാൻ വാർത്ത കൊടുക്കേണ്ടത്?” കൊട്ടാരം ലേഖിക വിദുരരോട് ചോദിച്ചു. വനവാസത്തിനായി ധൃതരാഷ്ട്രർ ഗാന്ധാരി കുന്തി വിദുരർ എന്നിവർ കൊട്ടാരം വിട്ടു പോയി മാസം മൂന്നു കഴിഞ്ഞിരുന്നു. ഒരാഴ്ച അലഞ്ഞശേഷം അവൾ അവരുടെ കുടിൽ കണ്ടെത്തി.

“നിങ്ങൾ ഇവിടെ വരുമ്പോൾ കാണുന്നത് ചോരുന്ന മേൽക്കൂരയും മണ്ണിളകിയ ചുവരും മുഷിഞ്ഞ തുണികളും ഒഴിഞ്ഞ വയറും-എന്നാൽ സ്വയം അന്ത്യനിമിഷങ്ങൾക്കായി തിരഞ്ഞെടുത്ത ഈ കാട്ടുകുടിലിൽ പക്ഷെ നാലുപേർ നീണ്ട തിരക്ക് പിടിച്ച ജീവിതത്തിനു ശേഷം ഇപ്പോൾ അനുഭവിക്കുന്നത് മൗനത്തിന്റെ സങ്കീർത്തനം, കവി പാടിയ പോലെ ശൂന്യമാകെ മുഴക്കുന്ന പ്രണവത്തിന്റെ മർമ്മരം”.

“തിന്മയുടെ മേൽ നന്മയുടെ വിജയമാണ് ഇക്കഴിഞ്ഞ കുരുക്ഷേത്രം എന്ന് ജേതാവായ യുധിഷ്ഠിരൻ അരങ്ങേറ്റ മൈതാനപൊതുയോഗത്തിൽ നിരീക്ഷിച്ചപ്പോൾ, അനുമോദനസദസ്സ് എഴുന്നേറ്റു അരനിമിഷത്തോളം നേരം കയ്യടിക്കുന്നത് ഞങ്ങൾ വിസ്മയത്തോടെ കണ്ടു. പക്ഷെ വേദിയിൽ ഇരുന്ന പാഞ്ചാലി അപ്പോൾ മുഖം താഴ്ത്തി. എന്താ സംഗതി?” കൊട്ടാരം ലേഖിക രാജസഭയിൽ കുനിപ്പിടിച്ചിരുന്ന കൃപാചാര്യരെ കണ്ടെത്തി.

“തിന്മക്കു മേൽ തിന്മയുടെ വിജയം എന്ന് പാഞ്ചാലി താളിയോലയിൽ നാരായം കൊണ്ട് എഴുതിക്കൊടുത്തത് അർദ്ധസാക്ഷരതയുടെ ആൾരൂപമായ അഭിവന്ദ്യയുധിഷ്ഠിരൻ വായിച്ചപ്പോൾ ഒരക്ഷരം തെറ്റി.”

◇ ◇ ◇ 2018/05/16

“കുരുക്ഷേത്രയിൽ ഹരിതചട്ടം നടപ്പാക്കുന്ന എന്നാദ്യം കേട്ടപ്പോൾ, അതൊരു ഭരണകൂടനിയന്ത്രണമെന്നു ധരിച്ചു അവഗണിച്ച ഞാനിപ്പോൾ ഓടിക്കിതച്ചു ഹസ്തിനപുരിയിൽ നിന്ന് ഇവിടെ വന്നത് സംഗതി പരിലാളനമാണ് എന്നറിഞ്ഞപ്പോൾ. ആരാണ് നിങ്ങൾ? എന്താണ് ഈ കാണുന്നതൊക്കെ?” കൊട്ടാരം ലേഖിക കുരുക്ഷേത്രപ്രവിശ്യയുടെ യുവഭരണാധികാരിയോട് ചോദിച്ചു. തക്ഷശിലയിൽ നിന്ന് പഠനം കഴിഞ്ഞെത്തിയപ്പോൾ ദുര്യോധനൻ അയാളെ പ്രവിശ്യാഭരണകൂടത്തിന്റെ താക്കോൽ സ്ഥാനത്തു നിയമിച്ചത് അന്ന് വിവാദമായിരുന്നു.

“ഒരു കൊച്ചു ഗ്രാമത്തിന്റെ കൃഷിയിടത്തോളം പോന്ന ഈ കുറ്റിക്കാട്ട് വെട്ടിയാണ് ഒരു ഭൂഖണ്ഡത്തിന്റെ ജനസംഖ്യയുടെ പാതിയോളം യുവാക്കളെ പതിനെട്ടുനാൾ കൊണ്ട് രണ്ടു കുടുംബക്കാർ ഹോമിച്ചത്. ഈ ചരിത്ര പശ്ചാത്തലം ഭാവിതലമുറക്കെങ്ങനെ രൂപമാറ്റത്തിലൂടെ വരുത്തിയെടുക്കാമെന്നായിരുന്നു യുദ്ധാവസാനം മുതൽ എന്റെ മനസ്സിൽ. എല്ലാ ജൈവമാലിന്യങ്ങളും പല വൻകുഴികൾ തോണ്ടി ഒന്നൊന്നായി അടുക്കിയിട്ടു മേലെ മണ്ണിട്ട് മൂടിയ സമതലത്തിലാണ് നാമിപ്പോൾ കാൽവക്കുന്നത്. കുഴിമാടഭീതിയൊന്നും തോന്നുന്നില്ല അല്ലേ? അവിടെയാണ് ഹരിതചട്ടം ‘ചട്ട’പ്രകാരത്തേക്കാൾ മികവ് തെളിയിച്ചത്. ചുറ്റും നോക്കൂ, നിങ്ങളെ തുറിച്ചു നോക്കുന്നത് ഗതികിട്ടാതെ കൗരവപാണ്ഡവ പ്രേതങ്ങളാണോ? അല്ല? പിന്നെ? ഔഷധസസ്യങ്ങളുടെ വൻശേഖരം, പിടിച്ചാൽ പിടി കിട്ടാത്ത വളർച്ച. ഓരോ സൈനികന്റെയും യുദ്ധാഭിലാഷങ്ങളുടെ അന്തിമസാക്ഷാത്കാരം എന്നൊക്കെ തോന്നിയാൽ അതായിരിക്കും സത്യത്തോടടുത്ത സംഗതി. ജഡങ്ങൾ ചീയുന്ന ഗന്ധം? ഇല്ലേയില്ല അല്ലെ? അതാണ് കാര്യം. വരും യുഗത്തിൽ വിനോദ സഞ്ചാരികൾ കുരുക്ഷേത്രത്തിലെ ഔഷധസസ്യങ്ങൾ വരി നിന്ന് വിലകൊടുത്തു മടങ്ങുമ്പോൾ, ആർക്കുവേണ്ടിയെന്തിനെന്നറിയാതെ ജീവത്യാഗം ചെയ്ത ഓരോ സൈനികന്റെ ആത്മാവും മന്ത്രിക്കും-ഇതെനിക്ക് നിത്യശ്രാദ്ധം, കുടുംബസ്വത്തു തർക്കത്തിന് പ്രതിവിധി പോർക്കളമാണെന്ന നാട്ടുവാഴിഅഹന്തക്ക് കിട്ടിയ ജനകീയപ്രഹരം.”

“തരം കിട്ടിയാൽ തുടയിലും അടിക്കും എന്ന് ഭീമനെ കുറിച്ച് സംശയം തോന്നിയില്ലേ?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കുരുക്ഷേത്ര അവസാന ദിവസം. നീണ്ട ദ്വന്ദയുദ്ധത്തിൽ മാരകമായ ഗദാപ്രഹരമേറ്റ പൊട്ടിയ തുടയെല്ലുമായി ചളിനിറഞ്ഞ ചതുപ്പുനിലത്തിൽ, ഇച്ഛാശക്തി കൊണ്ടുമാത്രം ഇരിക്കാൻ ശ്രമിക്കുകയായിരുന്നു ആ ധീര കൗരവപോരാളി.

“വെള്ളത്തിൽ നിന്ന് മുടിയിൽ വലിച്ചു എന്നെ കരയിലേക്ക് കൊണ്ടുവരുമ്പോൾ ഭീമനോട്ടവും ശരീരചലനങ്ങളും അസാധാരണമായി. ഭീതിയും പ്രതികാരവും, ഒന്നും നഷ്ടപ്പെടാനില്ലെന്ന ഭാവവും, അവന്റെ ശിശുമുഖത്തെ ക്രൂരമൃഗമുഖമാക്കി. പ്രണയിക്കുന്ന പെണ്ണിൽ നിന്ന് പതിവായി ആട്ടും തുപ്പും കിട്ടുന്ന പുരുഷനിൽ നിന്ന് അവളെ തട്ടിയെടുത്തവൻ എന്ന നിലയിൽ എന്നെ പ്രതിസ്ഥാനത്തു പ്രതിഷ്ഠിച്ചു ആയുധമോങ്ങി. അവന്റെ പെണ്ണിനെ ഉടുതുണിയൂരിയതിലായിരുന്നില്ല ഭീമനൊമ്പരം. സിംഹാസനത്തിലിരുന്ന ഞാൻ, തുടകൾ നഗ്നമാക്കി അവൾക്കിരിക്കാൻ ഇടം കൊടുത്തതായിരുന്നു കോപം ജ്വലിപ്പിച്ചത്. “രോമം നിറഞ്ഞ ഈ വെളുത്ത തുടകൾ കാണിച്ചു എന്റെ പെണ്ണിനെ നീ ഇനി ഈ ജന്മം മോഹിപ്പിക്കരുത്” എന്ന് പറഞ്ഞുകൊണ്ടവൻ ഗദ അതിന്റെ ലക്ഷ്യത്തിലേക്കെടുത്തതോർമ്മയുണ്ട്. കുറുനരികളും കഴുകനും കൊത്തിപ്പറിക്കും മുമ്പ് പാണ്ഡവരുടെ വംശനാശത്തിന് വേണ്ടി ചെയ്യാവുന്ന അവസാന തന്ത്രവും മെനഞ്ഞു മാത്രമേ ഞാൻ ഈ ലോകത്തിൽ നിന്ന് യാത്രയാവൂ.”

◇ ◇ ◇ 2018/05/17

“പെരുമാറ്റച്ചട്ടം നിങ്ങൾ പരിഗണിച്ചില്ലെന്ന പരാതി വ്യാപകം. എങ്ങനെ പ്രതികരിക്കുന്നു?” പാണ്ഡവ പാളയത്തിലേക്ക് ആനന്ദനൃത്തം ചെയ്തു, ഗദ കുലുക്കി നീങ്ങിയ ഭീമനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

പരാതി വ്യാപകം? പാണ്ഡവരെ അല്ലാതെ കൗരവപക്ഷത്തു വാ തുറക്കാൻ ജീവനുള്ളവരുണ്ടോ? ഇനി പെരുമാറ്റച്ചട്ടം. പിന്തുടർന്ന് ഞങ്ങൾ ചെന്നപ്പോൾ പാഞ്ചാലിയാണ് ചൂണ്ടിക്കാണിച്ചത്, വെള്ളക്കെട്ടിൽ കഴുത്തറ്റം ഒളിച്ചിരിക്കുന്ന ദുര്യോധനൻ. പമ്മിച്ചെന്നവന്റെ നീണ്ട മുടി പിടിച്ചു വലിച്ചു കരയിൽ കൊണ്ടുവന്നു ആദ്യം കൊടുത്തത് നഗ്നത മറയ്ക്കാൻ പാഞ്ചാലിയുടെ ഉടുതുണിയിലൊരു ഭാഗമാണ്. ഒരു ഞെണുങ്ങാത്ത ഗദ സമ്മാനിച്ചാണ് പോരിനു ഞാനവനെ വിളിച്ചത്. മരിച്ചാൽ ഹസ്തിനപുരിയിൽ പൂർണ്ണകായ ലോഹപ്രതിമ ആദ്യ ആണ്ടു ശ്രാദ്ധത്തിൽ തന്നെ പൂർത്തിയാക്കാമോ എന്നവൻ ചോദിച്ചു. ഉവ്വെന്നു യുധിഷ്ഠിരൻ വാക്കു കൊടുത്തു. ജീവിച്ചു മതിയായി. മനുഷ്യജന്മം വ്യർത്ഥം എന്നെന്നെ തിരിച്ചറിവിലെത്തിച്ചിരുന്നു ജലത്തിൽ മുങ്ങിക്കിടന്നുള്ള ധ്യാനം. പതിനെട്ടുനാൾ പോരാടി തളർന്ന നിനക്കെന്നെ എളുപ്പം കൊല്ലാൻ ഉപായം പറഞ്ഞു തരാം. എന്റെ തുടയിൽ ഒരൊറ്റ ഗദാപ്രയോഗം മതി. ഊർജ്ജം നഷ്ടപ്പെടുത്താതെ നിനക്കെന്നെ കൊല്ലാം. “അസ്തിത്വദുഃഖവാദി” യുടെ അവസാനത്തെ ആഗ്രഹം ഞാൻ കർത്തവ്യബോധത്തോടെ സാധിച്ചു കൊടുത്തതാണോ നിങ്ങൾ ‘പോരാട്ടത്തിലെ പെരുമാറ്റച്ചട്ട ലംഘനം’ എന്ന് പറഞ്ഞു എനിക്ക് നേരെ നനഞ്ഞ കമ്പിളിയെറിയുന്നത്?

“എന്താണിപ്പോൾ യുധിഷ്ഠിരനുമായി വീണ്ടും സൗന്ദര്യപ്പി
ണക്കം? അതും കിടങ്ങിൽ ചാടി ഇരയാവുമെന്ന ആത്മ
ഹത്യഭീഷണി മുഴക്കാൻ മാത്രം?” കൊട്ടാരം ലേഖിക ദു
ര്യോധനവിധവയോടു ചോദിച്ചു.

“ആളുയരത്തിലുള്ള പഞ്ചലോഹപ്രതിമ ദുര്യോധനന്റെ
ആണ്ടുശ്രാദ്ധത്തിനു മുമ്പ് തന്നെ പണിയും എന്ന യുധി
ഷ്ഠിരപ്രതിജ്ഞ ഇപ്പോൾ പ്രതിമ എന്ന് ഭീമൻ ചുരുക്കി.
വാക്കുകളിൽ മിതത്വം പാലിക്കാനല്ല, ദുഷ്ടബുദ്ധിയോടെ
യാണ് എന്ന് ഉള്ളം നിലവിളിക്കുന്നു. കുരുക്ഷേത്രക്കു പുറ
ത്തൊരു ചെളിക്കുണ്ടിൽ കാണാതായ ദുര്യോധനജഢം
തേടിപ്പിടിച്ചു യമുനയുടെ തീരത്തു ശക്തിസ്ഥലി എന്ന സ്മൃ
തിമണ്ഡപത്തിൽ അടക്കം ചെയ്യണമെന്ന ആവശ്യത്തെ
ഭീമൻ നേരിട്ടതു്, കുരുക്ഷേത്ര വിധവകളും അവശേഷിക്കു
ന്ന അംഗങ്ങളും ചെന്ന് തിരഞ്ഞു കൊണ്ടുവരാമെങ്കിൽ
സംസ്കാകരച്ചെലവ് ഭരണകൂടം വഹിക്കും എന്നാണ്.
നൂറു കൗരവരെയും ഞാക്കിക്കൊന്നു ആർമാദിച്ച ഭീമൻ
ഞങ്ങളുടെ പുനരധിവാസ ഉത്തരവാദിത്വം വഹിക്കുന്നി
ടത്തോളം ജീവത്യാഗം ചെയ്ത കൗരവാത്മാക്കൾക്കു ശാ
ന്തി കിട്ടില്ലെന്ന് തിരിച്ചറിഞ്ഞാൽ, മരണം ഇരുൾ മൂടിയ
താഴ്‌വരയല്ല സാന്ത്വനം തരുന്ന സ്നേഹ സ്പർശനമാണ്.
അധികാരം കയ്യിൽ കിട്ടിയപ്പോൾ യുധിഷ്ഠിരൻ ആളാകെ
മാറി. ആ കുപ്രസിദ്ധ മുഖംമൂടിയിൽ എക്കാലവും ഭ്രമിച്ച
ഹസ്തിനപുരി അറിയട്ടെ, നാടിന്റെ അഖണ്ഡത കാത്തുസൂ
ക്ഷിക്കാൻ കുരുക്ഷേത്രയിൽ സ്വയം ബലി നൽകിയ കൗ
രവരുടെ കുടുംബങ്ങളെ ഈ ഭരണകൂടം എങ്ങനെയാണ്
ആത്മഹത്യയിലേക്കു തള്ളിയിട്ടതെന്ന്.”

◇ ◇ ◇ 2018/05/18

“കൗരവരിൽ ചില പ്രമുഖർ ഒരു വിഴുപ്പുകെട്ട് കൊട്ടാരര
ഹസ്യങ്ങളുമായി പാണ്ഡവപക്ഷത്തേക്കു കൂറുമാറാനിട
യുണ്ടെന്നു കുതിരപ്പന്തികളിൽ അടക്കിപ്പിടിച്ച വർത്ത
മാനമുണ്ടല്ലോ. യുദ്ധരഹസ്യങ്ങൾ പുറത്തു പോവാതിരി
ക്കാൻ പുറംലോകവുമായി ബന്ധം നിഷേധിച്ചു ദുര്യോധ
നൻ അവരെയൊക്കെ അജ്ഞാതകേന്ദ്രത്തിൽ ബന്ദി
കളാക്കി എന്നാണു വഴിയമ്പലങ്ങളിൽ കേൾക്കുന്നതു്”
കൊട്ടാരം ലേഖിക കൗരവ ഭരണകൂടത്തിന്റെ പ്രതിരോ
ധവകുപ്പ് വക്താവിനോട് ചോദിച്ചു.

“കടുത്ത മാനസിക പീഡനവും അപമാനവും സഹിക്കുക
യാണെന്നു കൗരവർ പറഞ്ഞതായി കുതിരപ്പന്തികളിൽ
കേട്ടിരുന്നു എന്ന് കൂടി വിസ്തരിച്ചു പറയൂ. വിശ്വാസം തോ
ന്നും. തീർത്തും മനുഷ്യത്വ രഹിതമായ രീതിയിലാണ് കൗ
രവർ സ്വന്തം സഹോദരന്മാരെ ഒളിവിൽ പാർപ്പിച്ചിരിക്കു
ന്നതു് എന്നും, ജീവിത പങ്കാളിയെ ഒന്ന് കാണാൻ പോ
ലും സമ്മതിക്കാതെ ദുര്യോധനൻ വിലങ്ങിട്ടിരിക്കയാണെ
ന്നും പറഞ്ഞുനോക്കൂ. സുഹൃത്തേ, കൗരവർ ഇപ്പോൾ സു
ഖചികിത്സയിലാണ്. നീണ്ടതും കഠിനവുമായ സൈനിക
പരിശീലനത്തിനു ശേഷം കുരുക്ഷേത്രയിൽ കൗരവയു
ദ്ധക്ഷമത ഇരട്ടിയാകും എന്ന പ്രതീക്ഷയാണ് ഞങ്ങൾ
ക്കുള്ളതു്. പന്ത്രണ്ടു വർഷം പാണ്ഡവർ വനാശ്രമത്തിൽ
‘തിന്നും കളിച്ചും’ കഴിഞ്ഞ പോലെ അല്ല, ശരീരത്തിന്റെ
കായികചലനശക്തി നാലിരട്ടിയാക്കുന്ന അപൂർവ്വയിനം
ഭക്ഷണരീതി. അതും പൂർണ്ണബ്രഹ്മചര്യത്തോടെ. അവ
രെ പാർപ്പിച്ചിരിക്കുന്നതു് ശ്വാസം കിട്ടാത്ത ഭൂഗർഭഅറ
യിലല്ല, സുഖശീതള ഹിമാലയ താഴ്വരയിലെ ആശ്രമങ്ങ
ളിൽ.”

“ആരോരുമറിയാതെ അജ്ഞാതവാസം ചെലവഴിച്ച പാ
ണ്ഡവർ ഇപ്പോൾ ആതിഥേയരാജ്യമായ വിരാടയിലെ
ഉപപ്ലാവ്യ സൈനികപാളയത്തിൽ യുദ്ധസന്നാഹത്തി
ലാണ്. എല്ലാം ചാരസന്ദേശം വഴി നേരത്തെ നിങ്ങൾ
ക്കറിയാം. വമ്പിച്ച ആൾനാശമുണ്ടാക്കാവുന്ന മഹായുദ്ധ
ത്താൽ പരിഹരിക്കേണ്ടപ്പെടേണ്ടതല്ല കുരുവംശക്കൂട്ടുകു
ടുംബ സ്വത്തുതർക്കം എന്ന ബോധ്യത്തിൽ, അവസാനവ
ട്ട സമാധാനചർച്ചക്കുവേണ്ടിയാണ് ഞാനിപ്പോൾ ഹസ്തി
നപുരിയിൽ എത്തിയതു്” ദൂതൻ ദുര്യോധനനെ നോക്കി
രാജസഭയിൽ പറഞ്ഞു. കൊട്ടാരം ലേഖിക കൗതുക
ത്തോടെ നോക്കി.

“പാണ്ഡവ ചാരസംഘടന നകുലനേതൃത്വത്തിൽ എന്തെ
ല്ലാം വിവരസമാഹരണം കുരുക്ഷേത്രയിൽ നിന്ന് കട
ത്തിയോ അതൊക്കെ ശരിവെക്കുന്നതാണ് കുരുക്ഷേത്ര
യുദ്ധത്തിനുള്ള അടിസ്ഥാന സൗകര്യവികസനം. ചേര
യും മുള്ളൻ പന്നിയും നിറഞ്ഞ കുറ്റിക്കാട്ട് വെട്ടി നിരപ്പാ
ക്കി എത്രവേഗമാണ് കൗരവത്തൊഴിലാളികൾ ക്രമീ
കരണങ്ങൾക്ക് രൂപം കൊടുത്തതു്. ഭക്ഷ്യയോഗ്യമായ
നാൽക്കാലികൾ മുതൽ അമ്പൊടുങ്ങാത്ത ആവനാഴി
കൾ വരെ എല്ലാറ്റിലും കൗരവനിരീക്ഷണം സൂക്ഷ്മവും കാ
ര്യക്ഷമവും ആയി എന്ന് രണ്ടുനാൾ നീണ്ട പരിശോധന
ക്ക് ശേഷം ഞങ്ങളെ അഭിനന്ദിച്ചതു് വിദുരർ അല്ല, കൃപാ
ചാര്യൻ. കുട്ടിക്കാലത്തു ഞങ്ങളെ ചൂരൽ കൊണ്ട് അടി
ക്കാൻ അധികാരമുണ്ടായിരുന്ന ആ കൊട്ടാരഗുരു ഒന്നേ
അവസാനം പറഞ്ഞുള്ളൂ-ഉപപ്ലാവ്യയിൽ നിന്ന് പാണ്ഡ
വർ കൈവീശി വന്നാൽ മതി-ജയിച്ചാൽ ഹസ്തിനപുരി
മരിച്ചാൽ സ്വർഗ്ഗരാജ്യം.”

◇ ◇ ◇ 2018/05/19

“നിങ്ങൾ പരുഷമായി പ്രതികരിക്കുന്ന പോലെ തോന്നി. അന്യായമായ ആവശ്യങ്ങൾ വല്ലതും കുന്തി ഉന്നയിച്ചുവോ?” കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

പുഴയോരത്തെ പ്രഭാതവെയിൽ വീണ ആ സുന്ദരമുഖം അശാന്തമായിരുന്നു. ചുണ്ടുകൾ വിറച്ചിരുന്നു. കണ്ണുകൾ ഈറനായിരുന്നു.

“എന്നെ പ്രസവിച്ച സ്ത്രീ എന്നവർ സ്വയം പരിചയപ്പെടുത്തി. നവജാതശിശുവിനെ പുലർച്ചയിൽ നീരൊഴുക്കിൽ മരിക്കാൻ വിട്ട ആ കഠിനഹൃദയയെ ഞാൻ ഞെട്ടി, തുറിച്ചു നോക്കിയപ്പോൾ അവർ പ്രതീക്ഷിച്ചു, ആകസ്മികമായി വഴിയിൽ കണ്ടെത്തിയ പെറ്റ തള്ളയോടുള്ള നിർവ്യാജസ്നേഹമാണെന്നു. അതിൽ പിടിച്ചവർ എന്റെ അനുജന്മാരാണ് പഞ്ചപാണ്ഡവർ എന്ന അപൂർവ്വ സാഹോദര്യം എന്നിൽ ചെലുത്താൻ ശ്രമിച്ചു. എക്കാലവും ഹസ്തിനപുരി വിദ്യാലയങ്ങളിൽ എന്നെ കീഴ്ജാതിക്കാരനെന്ന് വാക്കും നോക്കും പ്രവർത്തിയും കൊണ്ട് പരസ്യമായി അവമതിക്കുകയും സാമൂഹ്യമായി പാർശ്വവൽക്കരിക്കയും ചെയ്തിരുന്ന അർജ്ജുനനെയും നിങ്ങൾ പെറ്റതാണോ എന്ന് ചോദിക്കാൻ ഞാൻ അവർക്കു നേരെ മുഖം ഉയർത്തിയപ്പോൾ, അവർ കരുതി സാഹോദര്യം തളിരിട്ടു എന്ന്. ആസന്നമായ കുരുക്ഷേത്രത്തിൽ പാണ്ഡവരുടെ യുദ്ധകാലസുരക്ഷ ഞാൻ ഉറപ്പുകൊടുക്കണമെന്നു കുന്തി അപ്പോൾ സാഹചര്യം ചൂഷണം ചെയ്തു വൈകാരികതയോടെ ആവശ്യപ്പെട്ടു. എന്റെ മുഖത്ത് നിന്ന് നോട്ടം മാറ്റാതെ, മാതൃത്വത്തിന്റെയും സാഹോദര്യത്തിന്റെയും മൃദുല വികാരമുപയോഗിച്ചവർ, കുളി കഴിഞ്ഞുവരുന്ന എന്റെ ശാന്തത അവർക്കനുകൂലമായി തരപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഞാൻ ഇടപെട്ടു-ഒടുങ്ങാത്ത സൗഹൃദം ജീവനൊടുങ്ങും വരെ നിലനിർത്തുമെന്ന് വാക്കു കൊടുത്താണ് ഞാൻ ദുര്യോധനന്റെ കൂട്ടാളിയായത്. അതാണെനിക്ക് അഭിമാനം. പെറ്റ കുഞ്ഞിനെ പുഴയൊഴുക്കിൽ മരിക്കാൻ വിട്ട തള്ളയല്ല എന്റെ ‘അമ്മ മാതൃക’, അരങ്ങേറ്റ മൈതാനത്തിലെ പൊതുവേദിയിൽ പാണ്ഡവർ എന്നെ അവഹേളിക്കുകയും നിസ്സാരവൽക്കരിക്കയും ചെയ്യുന്നത് അവിടെ കൂടിയിരുന്ന ഹസ്തിനപുരിയിലെ അഭിജാതസദസ്സു കണ്ടിട്ടും കണ്ടില്ലെന്നമട്ടിൽ ഇരുന്നപ്പോൾ, അവസരോചിതമായി ഇടപെട്ടു എന്റെ മാനം കാത്തതു നിങ്ങൾ കൊല്ലാൻ കരുതിവച്ച ദുര്യോധനനാണ്. അവൻ എനിക്ക് സംരക്ഷകൻ, എന്നെന്നും വേണ്ടപ്പെട്ടവൻ, അവന്റെ ശത്രുക്കൾ എനിക്കും യുദ്ധത്തിൽ പ്രതിയോഗികൾ.”

“ബാല്യം കളങ്കിതമാക്കി? രമണീയമായിരിക്കേണ്ട വിദൂരഭൂതകാലം അങ്ങനെയാണോ?” യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു. വാനപ്രസ്ഥം.

“സുന്ദരികളായിരിക്കാം കുന്തിയും മാദ്രിയും. വാൽസല്യനിധികളായ അമ്മമാരായി അനുഭവമില്ല. പൂ ചൂടി പുറത്തു പോവുന്ന കേമികളായിരുന്നു. പരുക്കൻ നിലത്തു കിടന്നു ഈ രതിസാഹസങ്ങൾ മൗനമായി പ്രോത്സാഹിപ്പിക്കുന്ന പാണ്ഡുവും എന്റെ നിഷ്കളങ്ക ബാല്യം വിഷമയമാക്കി.”

◇ ◇ ◇ 2018/05/21

“സത്യപ്രതിജ്ഞ കഴിയുമ്പോഴേക്കും തുടങ്ങിയോ നിങ്ങൾ അസത്യപ്രചാരണം? യുദ്ധം ജയിച്ച പാണ്ഡവർ അവിശുദ്ധ കൂട്ടുകെട്ടാണെന്നൊക്കെ നിങ്ങൾ ഇങ്ങനെ പുനരധിവാസ കേന്ദ്രത്തിൽ ഒച്ചവെക്കുന്നതിന്റെ യുക്തി?” കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. നീണ്ട മുടിയും ഒട്ടിയ വയറുമായി ആ അർദ്ധനഗ്നനാണു ഹസ്തിനപുരിയുടെ മനഃസ്സാക്ഷിയെന്നു കരുതിയ കൗരവരാജവിധവകൾ ചുറ്റും നിന്ന് വിമതയുക്തിവാദിക്കു പ്രോത്സാഹനം കൊടുത്തു.

“ആ പന്ത്രണ്ടുകൊല്ലവും നിങ്ങൾ കാട്ടിൽ പോയി പാണ്ഡവരെ ഒറ്റക്കും തെറ്റക്കും കണ്ടു സംസാരിച്ചു ‘ഹസ്തിനപുരി പത്രിക’യുടെ വാണിജ്യവീഥിചുവർപതിപ്പിൽ എഴുതിയിരുന്നതൊക്കെ വായിച്ചു ഞാൻ ഇവിടെ നിരക്ഷരഭൂരിപക്ഷത്തിനു അർത്ഥവും പരമാർത്ഥവും പറഞ്ഞുകൊടുത്തതല്ലേ. പരസ്പരം ദുസ്സംശയത്തിന്റെ കരിനിഴലുകളിൽ കാണുകയും, ഒരാളുടെ അഭിപ്രായത്തെ രോഗാതുരഭാവനയോടെ പാഞ്ചാലിയോട് ദുഷ്ടലാക്കോടെ വിവരിച്ചു കൊടുക്കുകയും ചെയ്തിരുന്നവർ ഇപ്പോൾ അധികാരത്തിനു വേണ്ടി ഉപചാരപദങ്ങളാൽ അന്യോന്യവും സദസ്സിനു മുമ്പിലും വീർപ്പുമുട്ടിക്കയും ചെയ്യുന്ന സ്ഥാനമോഹികളായി. ഞാനല്ലാതെ ആരുണ്ട് യുദ്ധക്കെടുതിയിൽ വലയുന്ന കൗരവരാജാവിധവകളെ ഇതൊക്കെ അറിയിക്കാൻ? നിങ്ങളും കൂട്ടുകൂടിയില്ലേ ഈ കപട വേഷങ്ങളുമായി? പതിമൂന്നിനും അറുപതിനും ഇടക്കുള്ള സർവ്വ പുരുഷന്മാരും കുരുക്ഷേത്രയിൽ കൊല്ലപ്പെട്ടിട്ടും, പാണ്ഡവർ മാത്രം പതിനെട്ടുനാൾ പോരാട്ടത്തിൽ നഖത്തിന് കൂടി പോറലേൽക്കാതെ ഒരു കായകൽപ്പചികിത്സ കഴിഞ്ഞപോലെ മിന്നിത്തിളങ്ങുന്നത്, വരുംയുഗത്തിലും ഒരു ദുരൂഹതയെന്ന് സംശയിക്കപ്പെടും.”

പൂർത്തിയാവും മുമ്പ് നകുലന്റെ ചാരസംഘം ചാർവാകനെ കയർകുരുക്കിൽ വലിച്ചു ഒരു കഴുതപ്പുറത്തിരുത്തി നഗരി കാണിക്കലിന് ചാട്ടവാർ വീശി.

“ഇങ്ങോട്ടു വരുമ്പോഴാണ് തടാകതീരത്തെ മരങ്ങൾക്കു താഴെ ഹസ്തിനപുരിയിലൊന്നും കണ്ടിട്ടില്ലാത്ത തരം ചുവന്ന പഴങ്ങൾ കണ്ടത്. ഒന്നെടുത്തു കടിച്ചു നോക്കി. എത്ര മേൽ ഹൃദ്യം അതിന്റെ രുചിയും മണവും. നിങ്ങൾക്കും ഇടക്കൊക്കെ കുറച്ചു പെറുക്കിക്കൊണ്ടുവന്നുകൂടെ, കൂട്ടം കൂടിയിരുന്നു സംസാരിക്കുമ്പോൾ ഓരോന്ന് വായിലേക്കെറിയാൻ? അക്ഷയപാത്രത്തിൽ നിന്ന് വാരിത്തിന്നുന്ന ധാന്യഭക്ഷണം കൊണ്ട് തികയുമോ കായിക ക്ഷമതക്കുവേണ്ട പോഷണം? അതോ വവ്വാലുകൾ കടിച്ച പഴം തിന്നാൽ പനിവരുമെന്നു സന്യസ്ഥർ പേടിപ്പിച്ചുവോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കുട നിറയെ പഴം കൊണ്ടുവന്നശേഷം നാലു പാണ്ഡവരും കൈകൾ എറിഞ്ഞു പറഞ്ഞു, ഇനിയില്ല പഴം പെറുക്കാൻ. കാരണം ചോദിച്ചപ്പോൾ, മണ്ണിൽ ചിതറിക്കിടക്കുന്ന ഓരോ പഴം പെറുക്കാനും ഭൂമിയോളം നിങ്ങൾ താഴണം. ഭൂമിയിൽ ആധിപത്യം സ്ഥാപിക്കാൻ അതീതശക്തികളുടെ അധികാരപ്പെടുത്തൽ കിട്ടിയ പാണ്ഡവർക്കെങ്ങനെ കഴിയും, നിവർന്നു നിൽക്കേണ്ട പാണ്ഡവർ നാലാൾ കാൺകെ കുനിഞ്ഞു നിന്ന് പെറുക്കണം ഓരോ പഴവും എന്ന് വച്ചാൽ?” വനവാസത്തിലും സ്വയം പ്രവാസി മഹാരാജാവായി അഭിനയിക്കുന്ന യുധിഷ്ഠിരൻ അക്ഷയപാത്രത്തിൽ നിന്ന് ഒരു പിടി ഭക്ഷണം വായിലേക്കെറിഞ്ഞു നിശബ്ദനായി അമുക്കാൻ തുടങ്ങി.

◇ ◇ ◇

2018/05/22

“ഇതൊക്കെ ബാലപീഡനമല്ലേ? പതിമൂന്നു വയസ്സുള്ള കുട്ടികളെ സൈനികസേവനമെന്നു പറഞ്ഞു തൂക്കിക്കൊണ്ടു പോവുക-ചാർവാകൻ തെരുവിൽ ഉറഞ്ഞു തുള്ളുന്നതൊന്നും നിങ്ങളുടെ ചാരന്മാർ അറിയിക്കാറില്ലേ?” കൊട്ടാരം ലേഖിക കൗരവ വക്താവിനോട് ചോദിച്ചു.

“സ്ഥിരബുദ്ധിയുണ്ടെങ്കിൽ ചാർവാകനെയും പ്രായപരിധി നോക്കാതെ സൈനികസേവനത്തിനെടുക്കാമായിരുന്നു. യുദ്ധം ചെയ്യാനല്ല, യോദ്ധാക്കളുടെ വിഴുപ്പലക്കാൻ. കൗരവ ഊട്ടുപുരയിൽ ഇടിച്ചുകയറി പൊരിച്ച കാളത്തുടകൾ കടിച്ചുമുറിക്കുന്നതു പോലെ എളുപ്പമല്ല ചുറ്റും കുന്തവും അമ്പും വീഴുമ്പോൾ ഉയിർ പോവാതെ പിടിച്ചുനിൽക്കാൻ. സൈനികർ വിദഗ്ധ തൊഴിലാളികളാണെന്നും, അവർക്കു വ്യക്തിഗതസേവനം രാവും പകലും ചെയ്യാനാണ് രാജ്യതാൽപ്പര്യത്തിൽ പിഞ്ചു കുട്ടികളെ കൈവശപ്പെടുത്തുന്നതെന്നും അറിയാവുന്നവർക്കൊന്നും അങ്കലാപ്പില്ലല്ലോ. ശത്രുപക്ഷത്തുള്ള പാണ്ഡവർ ചെയ്യുന്നത് ചാർവാകനറിയാമോ, തട്ടിക്കൂട്ടിയ സഖ്യ സൈന്യത്തിൽ പാതിയും പോരാട്ടരംഗ പരിശീലനം നേടേണ്ട ദിവസക്കൂലി ഏഴകൾ. സ്വന്തം കുട്ടികൾക്ക് മൂന്നു നേരം ഭക്ഷണം കൊടുക്കാത്ത ചാർവാകന് എന്തിനാണ് മറ്റു കുട്ടികളുടെ കാര്യത്തിൽ ഇത്ര ഉൽക്കണ്ഠ? മനുഷ്യജീവിതത്തിന് മനുഷ്യൻ കൊടുക്കുന്ന അർത്ഥമല്ലേ ഉള്ളൂ എന്നല്ലേ അയാൾ പറയുന്നത്. എങ്കിൽ പോരടിച്ചു അർഹതയുള്ളവർ യുദ്ധം അതിജീവിക്കട്ടെ. എന്നാൽ ഞങ്ങൾ ഭാവിയെ കുറിച്ച് പ്രത്യാശാഭരിതമായാണ് ചിന്തിക്കുന്നത്. അറിയാമോ ദുര്യോധനൻ ഇപ്പോൾ പോയിരിക്കുന്നത് നീർത്തടാധിഷ്ഠിത വികസനത്തിലൂടെ യമുനയുടെ വീണ്ടെടുപ്പാണ്, അതെ പുനരുജ്ജീവനം-അഭിവന്ദ്യ കുടുംബനാഥ സത്യവതി വലയെറിഞ്ഞിരുന്ന പുണ്യനദി ഇപ്പോൾ അവളുടെ അസാന്നിധ്യത്തിൽ മരിക്കുകയാണ്.”

“നിങ്ങൾ കയ്യോടെ പിടികൂടി കൗരവ പാളയത്തിൽ ബന്ദിയാക്കിയ യുധിഷ്ഠിരനെ ദുര്യോധനൻ പിന്നീട് മോചിപ്പിച്ച എന്നോ? സ്ഥിരബുദ്ധിയുള്ള ആ കൗരവനേതാവിൽ നിന്ന് പ്രതീക്ഷിക്കുമോ ഈ ബുദ്ധിമോശം? പാണ്ഡവരെ മുട്ടുകുത്തിക്കാനുള്ള വിലപേശലിനു സഹായിക്കുമായിരുന്നില്ലേ യുധിഷ്ഠിരൻ എന്ന ജാമ്യതടവുകാരൻ?” യുദ്ധഭൂമിയിൽ യോദ്ധാക്കളെ അഭിമുഖം ചെയ്ത ഓടിക്കിതച്ചെത്തിയ കൊട്ടാരം ലേഖിക കൗരവ സർവ്വസൈന്യാധിപനായ ഭീഷ്മപിതാമഹനോട്, ഉപചാരപൂർവ്വം മുട്ടുകുത്തി കൈമുത്തി ചോദിച്ചു. പാളയജാലകത്തിലൂടെ ഈറൻ കാറ്റ് വീശിക്കൊണ്ടിരുന്ന വൈകിയ രാത്രി. നിലാവിൽ പുഴവെള്ളം മദിക്കുന്നത് അവ്യക്തമായെങ്കിലും കാണാമായിരുന്നു.

“തടവുപുള്ളിയെ ചോദ്യം ചെയ്തത് ഞാനല്ല ദുര്യോധനൻ മാത്രം. മറുപടി പറയാൻ കിട്ടിയ രണ്ടു നിമിഷങ്ങൾക്കുള്ളിൽ ദുര്യോധനനെ യുധിഷ്ഠിരൻ ബോധ്യപ്പെടുത്തി, ജീവനോടെ പാണ്ഡവർക്കൊപ്പം വിട്ടാൽ ദീർഘകാല കുരുവംശസംരക്ഷണം ഉറപ്പുവരുത്താമെന്നു. ‘കൗരവർ തന്നെ കുരുവംശം, കുരുവംശം തന്നെ കൗരവർ’ എന്ന് കുട്ടിക്കാലം മുതൽ നിത്യവും കൊട്ടാരഗുരു കൃപാചാര്യനിൽ നിന്ന് കേട്ടുവിശ്വസിച്ച ആ കൗരവപ്രമാണിക്കു പറ്റിയ വേറൊരമളി. സാരമില്ല, അന്ത്യദിവസത്തിനു മുമ്പ് തന്നെ അഞ്ചുപാണ്ഡവരുടെയും കഴുത്തിൽ കുന്തമിറക്കുമെന്ന നൂറു കൗരവരും അവനവന്റെ ചുടുചോരയിൽ തൊട്ടു സത്യം ചെയ്തതോടെ, ‘നേരിയ തോതിൽ’ ഓട്ടം നിലച്ചിരുന്ന മറ്റു കൗരവർക്കും കിട്ടി പാർത്ഥന് ആദ്യദിനം സാരഥിയിൽ നിന്ന് കിട്ടിയപോലൊരു വിഷാദമുക്തി.”

“മിണ്ടിപ്പറയാൻ സാവകാശം കിട്ടിയാൽ ഉത്തരം കിട്ടേണ്ട ചോദ്യമുണ്ട്-പൊതുവെ പാഞ്ചാലിയുടെ രാഗദ്വേഷങ്ങൾ ആദ്യത്തെ മൂന്ന് പാണ്ഡവവേഷങ്ങളോടാണ്. നിങ്ങൾ ഈ ഗർവ്വിടങ്ങളിൽ എവിടെ നിൽക്കുന്നു?” കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു. വേനൽ വറ്റിച്ചുതുടങ്ങിയ ജലാശയത്തിനു ചുറ്റുമുള്ള മരക്കൂട്ടങ്ങളിൽ അവർ നടന്നു.

“ഒന്നും അവൾ വിട്ടുപറയില്ല, ആഗ്രഹങ്ങളും അഭിലാഷങ്ങളും ഒന്നും. എത്ര സൂക്ഷ്മമായി അവളുടെ കണ്ണുകൾ പിടിച്ചെടുക്കാൻ നിങ്ങൾ ശ്രമിച്ചാലും, പ്രലോഭനമോ തിരസ്കാരമോ, വാക്കുകളുടെ ഉള്ളടക്കത്തിലൊന്നും അവളുടെ യഥാർത്ഥ മാനസിക ആവിഷ്കാരമുണ്ടാവില്ല. കൈവിരൽ ചലനങ്ങളും, മുഖഭാവ പ്രകടങ്ങളും ഒരു പരിഷ്കൃത വനിത എന്ന നിലയിൽ അവൾ പ്രതികരണോപാധികളായി ഉപയോഗിക്കുന്നുണ്ട്. കുറെയൊക്കെ നിങ്ങളും അതൊക്കെ കാണുന്നതല്ലേ. പക്ഷെ ഞങ്ങൾ അവളുടെ ഉദാത്ത പ്രണയത്തിന്റെ ഉപഭോക്താക്കളാവാൻ പാടുപെടുമ്പോൾ അവളുടെ എണ്ണിച്ചുട്ട പ്രതികരണം, നിങ്ങൾ തൊഴിൽപരമായി, പൊറുക്കുന്ന പോലെ ഞങ്ങൾക്കാവില്ല. അതുകൊണ്ടവൾ എന്താണെനിക്ക് വിധിക്കുന്ന ശിക്ഷ എന്നോ? ഞാൻ അടിയറവു പറയും വരെ എന്നെ ആധിപത്യത്താലും അവഗണനയാലും, ചിലപ്പോൾ കെണിവച്ച രതി സമ്മാനങ്ങളാലും, രാപ്പകൽ പ്രകോപിപ്പിച്ചുകൊണ്ടിരിക്കും.”

◇ ◇ ◇ 2018/05/25

“ഭാര്യയുടെ കുത്തുവാക്കുകൾ പാണ്ഡവർ വിവേകപൂർവ്വം സ്വീകരിച്ച എന്നതിന് തെളിവല്ലേ ദാർശനിക കാഴ്ചപ്പാടിലൂടെ വൈകാരിക ആഘാതം കുറക്കാൻ ഇളമുറ സഹദേവനെപ്പോലുള്ളവർ നിങ്ങളുമായുള്ള അഭിമുഖങ്ങളിൽ എടുക്കുന്ന തർക്കിക നിലപാട്? അസംതൃപ്ത ദാമ്പത്യത്തിന്റെ ഇരകളായ പാണ്ഡവർ കാട്ടുകുടിലിലെ അടിമ ജീവിതത്തിൽ സ്വവർഗ ലൈംഗികാഭിരുചിയുടെ പ്രലോഭനത്തിനു വഴങ്ങാനിടയുണ്ട് എന്നിനിയും പാഞ്ചാലിക്ക് സംശയം തോന്നുന്നില്ലേ? ഇണകളെ ഭിന്നിപ്പിച്ച കീഴ്പ്പെടുത്തുന്ന ദാമ്പത്യതന്ത്രം പാഞ്ചാലി ഇനിയെങ്കിലും പുനഃപരിശോധിക്കുമോ?” പത്രാധിപരുടെ താൽക്കാലിക ചുമതല വഹിക്കുന്ന യുദ്ധകാര്യലേഖകൻ അധികാരഭാവത്തോടെ ചോദിച്ചു.

“ഗതികെട്ട പാണ്ഡവർ വിശപ്പിന്റെ വിളികേട്ട് സ്വവർഗ്ഗ അഭിരുചിയിൽ ആകൃഷ്ടരാവുന്നതിൽ എന്തിനു ‘ഹസ്തിനപുരി പത്രിക’ സദാചാരതടസ്സം ഉന്നയിക്കണം? കായികക്ഷമതയുള്ള അഞ്ചു സുന്ദരപുരുഷന്മാർ കാനന മേഖലയിലെ ഏകാന്ത തടവിൽ മൂന്നു നേരം അക്ഷയ പാത്രഭക്ഷണം സമൃദ്ധമായി കഴിച്ച വിശ്രമിക്കുമ്പോൾ ചുറ്റും കാണുന്ന ഉടലുകൾ ഭാവനാപരമായി ഉപയോഗിച്ച് ശരീരദാഹവും ശമിപ്പിക്കില്ലേ? പായിൽ കിടക്കുമ്പോഴും ഇണകളോട്ട് പെൺരാഷ്ട്രീയം കളിക്കുന്ന സ്വാർത്ഥ പാഞ്ചാലിക്ക് അതിലൊന്നും അശേഷം പ്രതിഷേധമില്ലെങ്കിൽ പത്രാധിപരില്ലാത്ത നേരത്തു ആ പദവിയിലിരുന്നു നിങ്ങളെന്തിനു ആശങ്ക കാണിക്കണം?” നീണ്ട ഹിമാലയ യാത്ര കഴിഞ്ഞു ‘ഹസ്തിനപുരി പത്രിക’യിൽ എത്തിയ കൊട്ടാരം ലേഖിക പുറത്തേക്കു കടക്കും മുമ്പ് അഭിമുഖങ്ങളുടെ പനയോലക്കെട്ടുകൾ യുദ്ധകാര്യലേഖകന്റെ നേരെയെറിഞ്ഞു.

“നിങ്ങൾ വാക്കു തെറ്റിച്ചല്ലോ. വഴിനീളെ അമർഷം പുകയുന്നു. ‘അരുതേ കുരുക്ഷേത്ര’ എന്ന നിലവിളി കേട്ട കൗരവർ എല്ലാ ആയുധപ്പുരകളും അത്യാധുനിക പരീക്ഷണശാലകളും ശൂരമ്പുകളുടെയും കുന്തങ്ങളുടെയും സമ്പുഷ്ടീകരണശാലകളും ശാന്തിപ്രിയ സന്യസ്ഥരുടെ സാന്നിധ്യത്തിൽ നശിപ്പിച്ചപ്പോൾ, അതാ നൊണ്ടി വരുന്നു, പാണ്ഡവ പാളയത്തിൽ നിന്നൊരു യുധിഷ്ഠിരമുദ്രയുള്ള അറിയിപ്പ്- കൗരവരുമായി നിശ്ചയിച്ച സമാധാനചർച്ച പാണ്ഡവർ ബഹിഷ്കരിക്കും. അതിനുള്ള കാരണമാണ് വിചിത്രം: ദുര്യോധനന്റെ ശത്രുതാനിലപാടും വിദ്വേഷമനോഭാവവും- ഇക്കാലത്തു അതൊക്കെ കുടുംബരോഗമല്ലേ എന്നാണു പൗരസമൂഹം പുച്ഛിച്ച തള്ളുന്നത്”

കൊട്ടാരം ലേഖിക പാണ്ഡവ വക്താവിനോട്ട് ചോദിച്ചു. അജ്ഞാതവാസം കഴിഞ്ഞു വിരാടറുമായി സഖ്യത്തിൽ എത്തിയ പാണ്ഡവർ, യുദ്ധമുന്നണിയൊരുക്കാൻ ഉപപ്ലാവ്യ സൈനികപാളയത്തിലായിരുന്നു.

“ആയുധപ്പുരകൾ യഥാർത്ഥത്തിൽ നശിപ്പിച്ചുവോ എന്ന് പറയേണ്ടത് കൗരവാനുകൂല്യം പ്രതീക്ഷിക്കുന്ന സന്യസ്ഥരോ? പാണ്ഡവ സൈനികമേധാവികളോ? നശിപ്പിച്ചു എന്നുതന്നെ തർക്കത്തിൽ സമ്മതിക്കുക-ആർക്കു തടയാനാവും ഇനിയുമൊരു കള്ളച്ചൂതുകളിയുടെ തനിയാവർത്തനം? ഞങ്ങൾ പ്രലോഭനത്തിനു വഴങ്ങിക്കൊടുക്കുന്നവർ. വയ്യ ഇനിയും ഒരു വ്യാഴവട്ടക്കാല വനവാസം ഈ ജന്മത്തിൽ എന്നാണു പാണ്ഡവർ ഒറ്റശബ്ദത്തിൽ വികാരാധീനരായി പറഞ്ഞത്.”

“കുരുക്ഷേത്ര വിധവകളുടെ സമരമുഖത്തെ സജീവമാക്കിയിരുന്ന മുന്നണിപ്പോരാളിയായിരുന്ന നിങ്ങൾ ഇപ്പോൾ കിടപ്പുരോഗിയാണെന്ന് കാണുമ്പോൾ വല്ലായ്മ തോന്നുന്നു. വിശന്നു കരയുന്ന കൊച്ചു കുട്ടികൾക്ക് അന്നം തയ്യാറാക്കാൻ പോലുമാവാതെ വിങ്ങുമ്പോഴും നിങ്ങളുടെ കണ്ണുകളിൽ ഒരു മിന്നലാട്ടമുണ്ടല്ലോ-അതെന്താണ്?” കൊട്ടാരം ലേഖിക പായിൽ ഇരുന്നു രോഗിയെ സാന്ത്വനസ്പർശം ചെയ്തു മൃദുവായി ചോദിച്ചു.

“ഞങ്ങൾ നൂറു കൗരവരാജസ്ത്രീകളെ പതിനെട്ടുനാൾ കൊണ്ട് അനാഥവിധവകളാക്കിയ കൊടും ഭീകരൻ ഭീമനെ പിന്നിൽ നിന്ന് ഞാൻ തല വഴി കയർ കുരുക്കിട്ട് മുറുക്കി തല മുണ്ഡനം ചെയ്തു പുള്ളികുത്തി കഴുതപ്പുറത്തു നാഗരികാണിക്കലിന് കൊണ്ടുപോവാൻ പുതുതലമുറ കൗരവക്കുട്ടികൾക്കു വിജയാശംസ നേരുകയായിരുന്നു ഇത്രയും നേരം. പ്രിയ മിത്രമേ. എത്രയെത്ര സന്തോഷകരമായ അഭിമുഖങ്ങൾ നിങ്ങൾ ഞങ്ങളുടെ കോട്ടക്കകത്തെ അന്തഃപുരത്തിൽ ചെയ്തു കമനീയമായി ഞങ്ങളെ ഹസ്തിനപുരിക്ക് പരിചയപ്പെടുത്തിയതാണ്. ഇരിക്കൂ എന്ന് ക്ഷണിക്കാൻ ഇവിടെ ഒരു ഇരിപ്പിടം പോലും ഇല്ലല്ലോ.”

◇ ◇ ◇ 2018/05/26

“ഞങ്ങളെ മോഹിപ്പിച്ചത് ആളുയരത്തിൽ പഞ്ചലോഹ വിഗ്രഹമെന്ന നിങ്ങളുടെ ഔദ്യോഗിക പ്രഖ്യാപനമായിരുന്നു. ദേശരത്ന പുരസ്കാരം പുതുതലമുറ മറന്നു പോയാലും, ഹസ്തിനപുരി കൊട്ടാരത്തിന്റെ പൂമുഖത്തു പ്രതിഷ്ഠിക്കും ധീരദേശാഭിമാനിയുടെ പൂർണകായ പ്രതിമയെന്നത് ഞങ്ങൾക്കൊരു സ്വകാര്യ അഹങ്കാരവുമായി. അത് നിങ്ങൾ തകർത്തു. ഇതാണോ ഹസ്തിനപുരിയുടെ അഖണ്ഡതക്ക് വെല്ലുവിളിയുയർത്തിയ ഛിദ്രശക്തികൾക്കെതിരെ കുരുക്ഷേത്രയിൽ പടനയിച്ച സ്വാതന്ത്ര്യസമര മുന്നണിപ്പടയാളിക്കു പാണ്ഡവർ ഒരുക്കുന്ന ഓർമ്മബലി? ഈ കളിമൺ പ്രതിമ?”

ദുര്യോധനവിധവയുടെ ദുഖവും കോപവും കോട്ടവാതിലിനു മുമ്പിൽ തടിച്ചുകൂടിയ പൊതുസമൂഹത്തെ സാക്ഷികളാക്കിയായിരുന്നു.

“കളിമൺപ്രതിമക്കെന്താണ് കുഴപ്പം? യുദ്ധത്തിൽ നിന്ന് ഒളിച്ചോടി നീർക്കെട്ടിൽ മുങ്ങിക്കിടന്ന ആ ഭീരുവിനെ തിരഞ്ഞു ഞങ്ങൾ പാണ്ഡവരും പാഞ്ചാലിയും ഒത്തിരി അലഞ്ഞശേഷമാണ്, പതുങ്ങിയിറങ്ങി ചെന്നവന്റെ മുടിക്കെട്ടിൽ വലിച്ച ഞാൻ കരയിൽ കയറ്റി കശാപ്പ ചെയ്തത്. അമ്മാ അമ്മാ എന്നാണവനപ്പോൾ വിലപിച്ചത്. അവനു പ്രതിമ കളിമൺ മതി. അത് പ്രതിഷ്ഠിക്കുക ഈ കോട്ടക്കകത്തല്ല നിങ്ങളുടെ വെളിയിടവിസർജ്ജനഭൂമിയിൽ. വിധാതാവ് അവനു അനുവദിച്ച ഇടം അത്”, കൈവീശി ആൾക്കൂട്ടത്തെ ഭീമൻ ആട്ടി ഓടിച്ചു.

“വിരൽ സ്വയം മുറിച്ച നിങ്ങൾ ഗുരുദക്ഷിണയായി കൊടുത്തു എന്നോ? അതോ, ഗുരു നിങ്ങളിൽ നിന്ന് ബലം പ്രയോഗിച്ച വിരൽ കടിച്ച മുറിച്ചെടുത്തു എന്നോ? ദ്രോണരിൽ നിന്ന് സൈനിക വിദ്യാഭ്യാസം സൗജന്യമെന്നു നിങ്ങൾ ധരിച്ചുവോ? അതോ, ഒളിഞ്ഞിരുന്നു ചുളുവിൽ പഠിച്ചാൽ ഗുരു കണ്ടു പിടിക്കില്ലെന്ന് കരുതിയോ? സത്യം എന്നോട്ട് തുറന്നു പറഞ്ഞതിന് ഈ വെള്ളി നാണയം പ്രതിഫലമായി ഇരിക്കട്ടെ, ‘ശിഷ്യന്റെ തള്ളവിരൽ വെട്ടിയെടുത്തു ചവച്ച തിന്നു വിശപ്പടക്കുന്ന ബ്രാഹ്മണ സൈനിക പരിശീലകർ കുരുവംശത്തിൽ’ എന്ന ഒരു ലേഖനത്തിന് വഴിയുണ്ടോ എന്ന് ഞാൻ പത്രാധിപരുമായി ആലോചിച്ച നോക്കാം, അത്തരം വിചിത്ര സംഭാവമായാലേ വ്യാസൻ മഹാഭാരത ഇതിഹാസത്തിൽ ഈ കഥ തുന്നിച്ചേർക്കാൻ തുനിയൂ.”

വിരലില്ലാത്ത നിഷാദയുവാവിനോട്ട് വില പേശുന്ന പോലെ യുദ്ധകാര്യ ലേഖകൻ സംസാരിക്കുന്നത് കൊട്ടാരം ലേഖിക ദൂരെ നിന്ന് നോക്കി.

“നിങ്ങളപ്പോൾ ദുര്യോധനവിധവയുടെ പക്ഷം ചേർന്നോ? നൂറു കൗരവവധങ്ങളും നേരിൽ കണ്ട കുരുക്ഷേത്രകഥ ആദ്യം വായനക്കാരിലേക്കെത്തിക്കുമെന്ന വാശി പിടിച്ച നിങ്ങൾ ഇനി പാണ്ഡവഭരണകൂടത്തിന്റെ പ്രഖ്യാപിതശത്രുവിനു പിന്തുണ നൽകും?” തക്ഷശിലയിൽ സഹപാഠിയും ഹസ്തിനപുരി പത്രികയിൽ സഹപ്രവർത്തകനും ഒഴിവുസമയ കൂട്ടുകാരനുമായ യുദ്ധകാര്യലേഖകനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“തൊഴിൽ പിടിച്ചുനിർത്തണ്ടേ? നീ രാജതന്ത്രം പഠിച്ചപ്പോൾ ഞാൻ യുദ്ധതന്ത്രം തിരഞ്ഞെടുത്തതാണെന്റെ നോട്ടപ്പിഴ. അന്തഃപുരത്തിലും ഊട്ടുപുരയിലും രാജസഭയിലും നിയന്ത്രണമില്ലാതെ നീ കയറിച്ചെന്നു എരിവും പുളിയുമുള്ള വാർത്ത നിത്യവും മെനഞ്ഞപ്പോൾ, യുദ്ധമില്ലാത്ത കുരുക്ഷേത്രപൂർവ്വ കാലത്തു ചുവരെഴുത്തിൽ വന്ന വാർത്തകൾക്ക് പനയോലപ്പതിപ്പുകൾ മെനയേണ്ട ഗതികേടിലായി ഞാൻ. കുരുക്ഷേത്രം-ആ പതിനെട്ടു നാളുകൾ തന്ന ഊർജ്ജം എനിക്ക് മറക്കാനാവില്ലെങ്കിലും ഇപ്പോൾ ചെങ്കോൽ പിടിച്ച പാണ്ഡവഭരണ കൂടത്തിന്റെ ആദ്യ തീരുമാനം എന്നെ ഞെട്ടിപ്പിച്ചു. പ്രതിരോധ മന്ത്രാലയം അടച്ചുപൂട്ടും. ഇനി എന്ത് ചെയ്യണം എന്ന അസ്തിത്വഭീതി എന്നെ പാണ്ഡവവിരുദ്ധസഖ്യങ്ങളിൽ ചേക്കേറാൻ പ്രേരിപ്പിച്ചു എന്നതൊരു വസ്തുത മാത്രം. ഇന്ന് ഹസ്തിനപുരിയിൽ നിന്നെ പോലുള്ള പരദൂഷണപത്രപ്രവർത്തർക്കു പാഞ്ചാലിയുൾപ്പെടെ ആരെയും വാതുറന്നു അവഹേളിക്കാൻ സ്വാതന്ത്ര്യമുണ്ട്. കുലീനസദസ്സുകളിൽ മതിപ്പുണ്ട്. അതുകൊണ്ട് നകുലന്റെ ചാരന്മാർ തൂക്കി വലിച്ചു ഇരുട്ടറയിൽ മരിക്കാൻ വിടുമെന്ന ഭീതി വേണ്ട. എന്റെ തൊഴിൽകുഴപ്പം ‘യുദ്ധമില്ലാത്ത ലോകം’ എന്ന അവസ്ഥയാണ്. അപ്പോഴാണ് ഞാൻ ദുര്യോധനവിധവയെ കണ്ടു കാര്യം അവതരിപ്പിച്ചത്. നിലവിലുള്ള പാണ്ഡവദുർഭരണകൂടത്തെയും ‘ഹസ്തിനപുരിരാഷ്ട്രം’ എന്ന കാലാതിവർത്തിയായ സത്യത്തെയും രണ്ടായി കാണാൻ. കലിംഗദേശക്കാരിയായ ആ മഹതിക്കത് ബോധിച്ചു. അങ്ങനെ അഭിവന്ദ്യദുര്യോധനവിധവയുടെ നേതൃത്വത്തിൽ പാണ്ഡവവിരുദ്ധശക്തികളുടെ സർവകക്ഷിരഹസ്യസമ്മേളനത്തിൽ രാജ്യതന്ത്രജ്ഞ പുരസ്കാരം തന്നു അവരുടെ കൂടെ ചേരാൻ സ്വാഗതം ചെയ്തപ്പോൾ ഞാൻ പറഞ്ഞു, നാലതിർത്തിക്കപ്പുറങ്ങളിൽ നിന്ന് ആക്രമണസാധ്യത ഇല്ലെങ്കിൽ, അലസരാവരുത് ആഭ്യന്തരകലാപത്തിന് വഴിമരുന്നിടണം. ശുചിമുറി, വെള്ളം, ധാന്യം എന്നിങ്ങനെയുള്ള നിത്യജീവിതദുരിതങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ ഹസ്തിനപുരിരാഷ്ട്രം അധാർമികപാണ്ഡവരിൽ നിന്ന് നേരിടുന്ന അപചയം ചൂണ്ടിക്കാട്ടി കർഷകരെ കലാപത്തിലേക്ക് നയിക്കാൻ, വഴിയമ്പലങ്ങളും കുതിരപ്പന്തികളും രഹസ്യവിവരവിനിമയത്തിനു നിത്യവും ഉപയോഗിക്കണം. കുന്തി, പാണ്ഡു, മാദ്രി, മഹാറാണി പാഞ്ചാലി എന്നിവരെ ഇരകളാക്കി കേട്ടാൽ ചെവിപൊത്തുന്ന തരത്തിൽ ലൈംഗികാപവാദങ്ങൾ പൊതു ഇടങ്ങളിൽ പ്രചരിപ്പിക്കണം. പ്രിയപ്പെട്ടവളേ, നീയും കൂടെ പോരുന്നോ? നേരിട്ടല്ല, ചാരയായി? നിലവിൽ നിനക്കുള്ള കൊട്ടാരസൗജന്യങ്ങൾ തുടരാം, ഭാവിയിൽ ദുര്യോധനവിധവ അധികാരം പിടിച്ചാൽ, രഹസ്യാന്വേഷണ മന്ത്രാലയത്തിന്റെ മേധാവിയായി വനിത എന്ന വിശ്വപ്രശസ്തിയും?”

“നിങ്ങൾ ശിൽപ്പി ആളു കൊള്ളാമല്ലോ. ധീരദേശാഭിമാനി ദുര്യോധനന്റെ പൂർണകായ പ്രതിമ ഹസ്തിനപുരി കൊട്ടാരത്തിൽ ഒരു നോക്ക് ഞാൻ ഇന്നലെ കണ്ടു. ഒരു വശത്തുനിന്നും നോക്കിയാൽ ഭീമന്റെ നിഷ്കളങ്ക മുഖം, മറുവശത്തുനിന്നു നോക്കിയാൽ യുധിഷ്ഠിരന്റെ കാപട്യ മുഖം. എങ്ങനെ ഇതൊക്കെ നിങ്ങൾക്കായി?” കൊച്ചുകുടിലിനു മുമ്പിലുള്ള പണിപ്പുരയിൽ വിഷണ്ണനായിരിക്കുന്ന യുവാവിനെ ഉച്ചയോടെ കൊട്ടാരം ലേഖിക തിരഞ്ഞുപിടിച്ചു കണ്ടെത്തി.

“ആരുടെ പ്രതിമ എന്ന് കൊട്ടാരത്തിനോട് ചേർന്ന ആളൊഴിഞ്ഞ രാജവസതിയിൽ രഹസ്യമായി പ്രതിമ പൂർത്തിയാക്കാൻ കൊണ്ടുപോയ, തടിച്ച ശരീരവും കുഞ്ഞിന്റെ മുഖവുമുള്ള മന്ദബുദ്ധിയെന്നു തോന്നിയ ആൾ എന്നോട് പറഞ്ഞില്ല. കുറച്ചു കഴിഞ്ഞു പ്രായം ചെന്ന ഒരു നാട്യക്കാരൻ വന്നു എന്നെ കുറച്ചുനേരം സൂക്ഷിച്ചു നോക്കി ഒന്നും മിണ്ടാതെ പോയി. ഞാൻ പ്രതിമ പൂർത്തിയാക്കി, മിനുക്കുപണിക്കു വേണ്ടിവന്നാൽ ആളെ വിട്ടു വിളിച്ചാൽ ഉടൻ വരാമെന്നു പറഞ്ഞു ഇവിടെ തിരിച്ചെത്തി പ്രതിഫലം കൊണ്ട് നാൽക്കാലികളെ വാങ്ങി പുതു കൃഷിജീവിതം തുടങ്ങി. ഈയിടെ അടുത്തുള്ള കുതിരപ്പന്തിയിൽ ക്ഷീരോൽപ്പന്നങ്ങൾ വിൽക്കാൻ പോയപ്പോളാണ് വിവരം അറിയുന്നത് ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമ്മയാവാൻ കൗരവരാജവധുക്കൾ പ്രതിഷേധസമരത്തിലൂടെ നേടിയെടുത്ത പ്രതിമക്കു, പക്ഷെ, യുധിഷ്ഠിരന്റെയും ഭീമന്റെയും രൂപസാദൃശ്യമാണ്. നിങ്ങൾ പത്രപ്രവർത്തകരെ പോലെ അല്ല ഞങ്ങൾ. നിങ്ങൾക്ക് കൗരവർ പാണ്ഡവർ ഇവരെയൊക്കെ കണ്ടും മിണ്ടിയയും അടുത്തറിയും. എനിക്കറിയുന്നതു പ്രകൃതി തന്ന കരവിരുത് മാത്രം. രണ്ടു കുട്ടികളും ഭാര്യയും അമ്മയുമുള്ള ദരിദ്രനാണ് ഞാൻ. എന്റെ കഴുത്തിൽ രാജാവിന്റെ വാൾ വീണാലും അനാഥവിധവകളുടെ ശാപവാക്കുകൾ വീഴരുതേ.”

വിതുമ്പിക്കൊണ്ട് ശില്പി ഏങ്ങലടിച്ചു. രണ്ടു പകച്ച കുട്ടികൾ കൊട്ടാരം ലേഖികയെ തുറിച്ചു നോക്കി.

"രക്തരഹിതപീഡനത്തിന് പറ്റിയ എളുപ്പവഴി യൊന്നും ഗുരുകാരണവന്മാർ പറഞ്ഞു തന്നില്ലേ?"

പാഞ്ചാലീവസ്ത്രാക്ഷേപം നടത്തിയ ക്രൂരകൗരവരെ, പോരാട്ടഭൂമിയിലെ ഏറ്റുമുട്ടലിൽ തകർന്ന നെഞ്ചിൽ നിന്ന് കൈക്കുമ്പിൾ ചുടുചോര കോരി, കൊന്നു കൊലവിളിക്കേണ്ടി വന്ന ഭീമനെ, കൊട്ടാരം ലേഖിക പാണ്ഡവ പാളയത്തിൽ സമീപിച്ചു. ഇരകളുടെ വെട്ടും കുത്തുമേറ്റ് വശം കെട്ട ഭീമമേനിയിൽ ഒരു ഭിന്നലിംഗ പാറാവുകാരൻ തൈലം പുരട്ടി ക്കൊണ്ടിരുന്നു. കെടാറായ പന്തം പുകഞ്ഞു കത്തി. അവൾക്കു ശ്വാസം മുട്ടി.

"അന്നേ പാഞ്ചാലിയോട് ഞാൻ മറ്റു പാണ്ഡവരുടെ സാന്നിധ്യത്തിൽ പറഞ്ഞതാണ്, നൂറു കൗരവരെയും യുദ്ധത്തടവുകാരായി പിടിച്ചു തുണിയുരിച്ച് മലർത്തിക്കിടത്തി, നീ നേർസാക്ഷിയായി, ഓരോ കൗരവനെയും വരിയുടച്ച് ഒന്നൊന്നായി മധുര പ്രതികാരം ചെയ്യാമെന്ന്. പക്ഷെ അവൾ കുപിതയായി എന്നെ താക്കീത് ചെയ്തു: എന്റെ ആരാധകരായിരുന്നവരെ ധർമ്മയുദ്ധത്തിൽ കൊല്ലുന്നെങ്കിൽ നിങ്ങൾ ഗദാപ്രഹരത്താൽ തലയിലടിച്ചു വേണമെങ്കിൽ കൊല്ലൂ, പക്ഷെ അവരുടെ പുരുഷത്വം നിങ്ങൾ മാനിക്കൂ."

"നവവധുവായി വന്ന്, ഹസ്തിനപുരിയിക്കും ഇന്ദ്രപ്രസ്ഥത്തിനും ഇടക്കുള്ള ചുരുങ്ങിയ കാലയളവിൽ പരിചയപ്പെട്ട നൂറു കൗരവരേയും നിങ്ങൾ പേർ പറഞ്ഞു അതിഥിമന്ദിരത്തിലെ സ്വീകരണമുറിയിലേക്കു ഊഷ്മളമായി സ്വാഗതം ചെയ്തിരുന്നു എന്നാണു അക്കാലത്തെ സ്ത്രീ പരിചാരകർ പറയുന്നത്. കൊള്ളാം, പെറ്റ തള്ള ഗാന്ധാരിക്ക് പോലും ആവുമോ, ആ നൂറു മക്കളെ മക്കളെ തെറ്റാതെ പേർ വിളിക്കാൻ?"

കൊട്ടാരം ലേഖിക പാഞ്ചാലിയെ മുട്ടുകുത്തി കൈമുത്തി.

"കീറത്തുണി കൊണ്ട് കണ്ണ് കെട്ടി സ്വയം കാഴ്ച നിഷേധിച്ച മനഃപൂർവ്വം മക്കളെ കാണണ്ട എന്ന് വച്ച ഗാന്ധാരിയെ പോലെയാണോ പ്രവർത്തനക്ഷമമായ പഞ്ചേന്ദ്രിയങ്ങൾ ഉള്ള ഒരു പ്രണയിനി?"

◇ ◇ ◇

2018/05/29

"ചക്രവ്യൂഹത്തിൽ പ്രവേശിക്കാൻ അനുമതി കിട്ടിയ ഏക വനിത ഞാനായിരുന്നു. ഹസ്തിനപുരിയിലെ ധൃതരാഷ്ട്ര വസതിയിൽ ഇരുന്നു പോരാട്ടം നിങ്ങൾ നേരിൽ കണ്ടു എന്ന അവകാശവാദം, ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി എന്നാരും ഇക്കാലത്തു ചോദിക്കാത്തതു പോലെ, ഞാനും വിടുന്നു. ചോദ്യം ഇതാണ്: എങ്ങനെയാണ് അഭിമന്യുവിന്റെ മരണവാർത്ത നിങ്ങൾ അന്ധരാജാവിനെ അറിയിച്ചത്?"

കൊട്ടാരം ലേഖിക ധൃതരാഷ്ട്ര ഭൃത്യനായ സഞ്ജയനോട് ചോദിച്ചു.

"കൗരവഊട്ടുപുരയിൽ മൂന്നു നേരം തിന്ന 'ഉപ്പിനു നന്ദി കാണിക്കാത്ത' സൂതൻ എന്ന് നാളെ ഞാൻ ആരോപണം നേരിടേണ്ടി വന്നാലും, ഇപ്പോൾ ഏറ്റുപറയട്ടെ, ആ കൗമാരപോരാളി കൗരവാക്രമണത്തിൽ പൂപോലെ ഞെരിയുന്നതു ഞാൻ ധൃതരാഷ്ട്രരെ വിതുമ്പിക്കൊണ്ടറിയിച്ചപ്പോൾ 'ബലേ ഭേഷ്, എന്ന് പറഞ്ഞു സിംഹാസനത്തിൽ നിന്ന് ചാടിയെണീറ്റു തുടങ്ങിയ 'ഇളകിയാട്ടം' നിലക്കാൻ വിദുരർ നേരിട്ട് ഇടപെടേണ്ടിവന്നു. അവസാനം കർണ്ണൻ അഭിമന്യുവിന്റെ ഇടനെഞ്ചിലേക്കു വാൾ കയറ്റിയപ്പോൾ, "ശവത്തിൽ കുത്താതെടാ തന്തക്കു പിറക്കാത്തവനേ" എന്ന് ഞാൻ സ്വയമറിയാതെ വിങ്ങിപ്പൊട്ടി വീട്ടിലേക്കു പോയി."

“കുറ്റവാളികൾ ഹസ്തിനപുരിയിൽ പെരുകിയോ?
എപ്പോൾ കണ്ടാലും ക്രമസമാധാന ചുമതല വഹിക്കുന്ന
ഭീമന്റെ പരാതി: ഇനിയും വിലങ്ങുകൾ വേണം” കൊട്ടാ
രം ലേഖിക ചാരമേധാവിയോട് ആഭ്യന്തരസുരക്ഷയുടെ
അധികച്ചുമതല ഏറ്റെടുത്ത ഭീമനെ കുറിച്ച് പരാതിയുടെ
സ്വരത്തിൽ ചോദിച്ചു.

“ആറ് വിലങ്ങുകളാണ് ദുര്യോധനന്റെ കാര്യാലയത്തിൽ
ഞങ്ങൾ ആകെ കണ്ടത്. ഇന്ന് സ്ഥിതി അതാണോ? നി
ത്യവും കോട്ടവാതിലിനു മുമ്പിൽ കാണാറില്ലേ കുരുക്ഷേ
ത്രവിധവകളുടെ പ്രക്ഷോഭം അക്രമാസക്തമാവുന്നത്?
ഒന്നും ഞാൻ വിസ്തരിക്കേണ്ടല്ലോ നിങ്ങൾ സാക്ഷിയ
ല്ലേ. കാരാഗൃഹത്തിൽ എത്തിക്കും മുമ്പ് പ്രക്ഷോഭകാരി
കളെ കൂച്ചുവിലങ്ങിടേണ്ടേ? അരയിൽ കയറുകെട്ടി കൗ
രവവിധവകളെ വലിക്കാമോ? കള്ളച്ചൂതിൽ പൗരാവ
കാശം നഷ്ടപ്പെട്ടപ്പോൾ ഞങ്ങൾ ആറുപേരെ കൗരവർ
അങ്ങനെ ചെയ്തു എങ്കിലും ഞങ്ങൾ അത് കൗരവവിധവ
കളോട് ചെയ്യാമോ? ഇപ്പോൾ ഉള്ള ആറ് വിലങ്ങുകൾ
മുറുക്കാൻ ശ്രമിച്ചാൽ കാണാം അഴിയുന്നത്. ഭക്ഷ്യ ക്ഷാ
മം കാരണം മെലിഞ്ഞ കൈത്തണ്ടയുള്ള കൗരവ വിധവ
കൾക്കു എളുപ്പം ഊരിയെടുത്തു ഓടി രക്ഷപ്പെടാൻ കഴി
യുന്ന വിലങ്ങുകളും കൊണ്ട് ഇനി ഞങ്ങൾ നടക്കുന്നത്
നാണക്കേടല്ലേ. ഇത് നാം മാറ്റണം. കൗരവസ്ത്രീകളുടെ
കൈത്തണ്ടയിൽ മുറിവുണ്ടാക്കാത്തതും, ഭാരം കുറഞ്ഞ
തും, സ്വർണവളയുടെ നിറമുള്ളതും, ഇരുവശത്തും പൂട്ടിടാ
വുന്നതുമായ നവതലമുറ വിലങ്ങുകൾക്കു വേണ്ടി ഭീമൻ
കർത്തവ്യബോധത്തോടെ ഓടിനടക്കു മ്പോൾ നിങ്ങൾ
അതൊരു പരിഹാസവിഷയമാക്കുന്നതു രാജ്യദ്രോഹ
ത്തിനു സമമല്ലേ? യുദ്ധാനന്തര യുധിഷ്ഠിരഭരണകൂടത്തെ
പ്രതിരോധത്തിലാക്കുന്ന വിധം ക്രമസമാധാനപ്രശ്നം നി
ങ്ങൾ വക്രീകരിച്ചാൽ, കോട്ടക്കകത്തെ സൗജന്യവസതി
യും ഊട്ടുപുരയിൽ സമൃദ്ധഭക്ഷണവും പുനഃപരിഗണനക്കു
വിധേയമാകുമേ.”

◇ ◇ ◇ 2018/05/30

“മത്സരം ജയിച്ച അർജ്ജുനൻ ഭർത്താവായപ്പോൾ നിങ്ങ
ളുടെ കണ്ണുകളിൽ മിന്നിയ പ്രണയോർജ്ജം ഞാൻ ഓർ
ക്കുന്നു. പിന്നെ എപ്പോഴാണ് അയാളുടെ പേർ പറയു
മ്പോഴേക്കും നിങ്ങൾ മുഖം തിരിക്കാൻ തുടങ്ങിയത്? യു
ധിഷ്ഠിരന്റെ ഭാര്യ എന്ന നിലയിൽ രാജസൂയ യാഗത്തിൽ
പങ്കാളിയായാൽ മാത്രമേ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി
യാവൂ എന്ന ആചാര വിധിയിൽ കുടുങ്ങിയപ്പോൾ, പ്രിയ
പ്പെട്ടവനെ നിങ്ങൾ സ്വാർത്ഥതയുടെ പേരിൽ പാർശ്വ
വൽക്കരിച്ചുവോ?”

കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. അന്തഃപുര
ജാലകത്തിലൂടെ കാണാമായിരുന്നു, കാലവർഷത്തിന്റെ
കുത്തൊഴുക്കിൽ പെട്ട യമുനയുടെ തീരത്തെ വൻമരക്കൂട്ട
ങ്ങൾ.

“ഊഴം വച്ച് ബീജദാനത്തിനായി അവനെന്റെ കൂടെ കിട
ന്ന കുറച്ചു ദിവസങ്ങളിൽ ഒന്ന് ഞാൻ ഈർഷ്യയോടെ
ശ്രദ്ധിച്ചു, നവവധുവായിരിക്കുമ്പോൾ എനിക്കു തന്നിരു
ന്ന കേശാദിപാദപരിലാളന ഇപ്പോൾ തരുന്നില്ല. പക
രം, ശബ്ദത്തിൽ പക. മറ്റനാലു പാണ്ഡവരിൽ നിന്നെന്ന
പോലെ പ്രത്യേക പരിഗണനയൊന്നു മില്ലാതെയാണ്
ഞാനവനിൽ നിന്നും ബീജസംഭരണം ചെയ്യുന്നതെന്ന
അറിവാണവനെ അവശനാക്കിയതെന്നുണ്ടോ? ദാമ്പത്യ
വഞ്ചനയാണ് ബഹുഭർത്തൃത്വം എന്നവൻ മുനവച്ചു സൂചി
പ്പിച്ചപ്പോൾ, ശരിക്കും കുന്തിയുടെ കുബുദ്ധിയല്ലേ അതെ
ന്നു ഞാൻ തിരിച്ചടിച്ചു. ഇണ ചേരുമ്പോഴും നീ അമ്മയെ
വലിച്ചിഴക്കുന്നോ എന്ന് പ്രതിഷേധിച്ചു കിടപ്പറയുടെ ഇരു
ട്ടിൽ എനിക്കെതിരെ വെളിച്ചപ്പെടാൻ തുടങ്ങി. എന്റെ
നാവിൽ നിന്ന് എന്തൊക്കെ പുറത്തുവന്നു എന്നറിയാൻ
സ്വനഗ്രാഹിയന്ത്രമൊന്നും ഇല്ലാത്തതു കൊണ്ട് ഓർമ്മ
യെ മാത്രം ആശ്രയിക്കണം. അവന്റെ പുരുഷത്വത്തെ
ഞാൻ പരിഹസിച്ചു എന്നാണോർമ്മ. നിന്നെക്കാൾ സ്പർ
ശനമികവോടെ എന്നോട് കിന്നരിക്കാൻ ഇളമുറ മാദ്രിമ
ക്കൾ നകുലനും സഹദേവനും ഉണ്ടെന്ന തിരിച്ചടിയിൽ
അവന്റെ പുരുഷത്വം തകർന്നു എന്ന് വ്യക്തം. അവൻ പി
ന്നെ ഊഴമനുസരിച്ചുള്ള പ്രത്യുൽപ്പാദനരതിയിൽ കാലാ
വധി പ്രയോജനപ്പെടുത്താതെ, ഒരു പുരുഷന് ഭാര്യയോ
ട് ചെയ്യാവുന്ന ഏറ്റവും ഹീനമായ പ്രതികാരത്തിന് വേ
ണ്ടി പടിയിറങ്ങി, പിന്നെ കേട്ടത് പടിഞ്ഞാറൻ കടലോര
നഗരമായ ദ്വാരകയിൽ സുഭദ്രയെന്നൊരു വധുവിനെ തര
പ്പെടുത്തി എന്നാണ്. അറിഞ്ഞു എന്ന് ഞാൻ അന്ന് നടി
ച്ചില്ല ഇന്നും നടിക്കുന്നില്ല. അന്തഃപുര വിഴുപ്പുകെട്ടു ചുമന്നു
വശം കെട്ടു എങ്കിൽ, പനയോലക്കെട്ടുകൾ മാറ്റി മണ്ണിള
ക്കികൾ പിടിക്കൂ ഇന്ന് പകൽ മുഴുവൻ യമുനയുടെ തീര
ത്തു ഗർഭകാലശുശ്രൂഷക്കുള്ള പച്ചിലമരുന്നു ചെടികളുടെ
മഴക്കാല പരിചരണമാണ്.

“ദശാബ്ദങ്ങളോളം നിങ്ങൾക്ക് കൂട്ടുകാരായിരുന്ന പാണ്ഡ
വർ നിങ്ങളെ തിരിഞ്ഞുനോക്കാതെ അവരുടെ ഭാഗധേ
യം തേടി കാൽ മുന്നോട്ടു വെക്കുമ്പോൾ, അവർ നിങ്ങൾ
ക്കിക്കാലവും എന്തായിരുന്നു എന്നാണു ഞാൻ വരും
കാല വായനക്കാരോട് പറയേണ്ടത്?”

മണ്ണിൽ കുഴഞ്ഞുവീണപാഞ്ചാലിയോട് കൊട്ടാരം ലേ
ഖിക ചോദിച്ചു. കയ്യിലിരുന്ന മൺപാത്രത്തിൽ നിന്നവൾ
ശുദ്ധജലം തുള്ളിതുള്ളിയായി പാഞ്ചാലിയുടെ നെറ്റിയിൽ
വീഴ്ത്തി. സന്ധ്യാദീപ്തി ഈറൻ മുഖത്ത് തെളിഞ്ഞു. ഒരു വി
ലാപം പോലെ, ആ ഹിമാലയ താഴ്വരയിൽ ഇളംകാറ്റു വീ
ശി. ചുറ്റും ഭീതിതമായ നിശ്ശബ്ദത നിറഞ്ഞിരുന്നു. പാണ്ഡ
വർ മലയിടുക്കിൽ മറഞ്ഞു. സന്ധ്യ കനക്കുകയാണ്.

“അവർക്കിഷ്ടപ്പെട്ട എന്റെ ശരീരഭാഗങ്ങൾ അവരെന്നും
മത്സരിച്ചു ഓമനിച്ചു അവർക്ക് വേണ്ടാതിരുന്ന എന്റെ
മനസ്സ് ഇവിടെ എന്നെന്നേക്കുമായി പ്രകൃതിയിൽ അവ
സാനിക്കട്ടെ. എന്നിൽനിന്ന് കേട്ടതും കണ്ടറിഞ്ഞതും നീ
ഹസ്തിനപുരിയെ അറിയിക്കുക.”

കൊട്ടാരം ലേഖികയുടെ കൈ പിടിച്ചു പാഞ്ചാലി കണ്ണ
ടച്ചു.

## — 5 —

“വിവാഹസ്മരണകൾ പങ്കിടാൻ പറയുമ്പോൾ നിങ്ങൾ മുഖം കറുപ്പിക്കുന്നതെന്തിനാണ്?” പാഞ്ചാലിയുടെ ജഢം ആവുന്നത്ര കുഴി തോണ്ടി മറവുചെയ്തു കുളിച്ചു പാണ്ഡവരെ വിടാതെ പിന്തുടർന്നെത്തിയ കൊട്ടാരം ലേഖിക, വഴിയിൽ വിശ്രമിക്കുകയായിരുന്ന ഭീമനോട്ട് ചോദിച്ചു.

“വിപൽസൂചകമായിരുന്ന ആ വിവാഹം. എന്നിട്ടും വധുവിന്റെ ഭംഗി കണ്ടു ഞങ്ങൾ അവളെ സ്വന്തമാക്കാൻ രഹസ്യമായി കൊതിച്ചു എന്നതാണ് ആദ്യദുരന്തം. അവളെ പങ്കിടാൻ കുന്തി നിർദ്ദേശിച്ചതായിരുന്നു രണ്ടാമത്തെ ദുരന്തം. ആണുങ്ങൾ അഞ്ചുപേരും പാഞ്ചാലിയെ ഊഴം കാത്തു കിടപ്പറക്കു വെളിയിൽ ഒറ്റക്കാലിൽ നിൽക്കണമെന്നവൾ നടപടിക്രമം ഉണ്ടാക്കിയപ്പോൾ അപമാനമാണിതെന്നു പറയാൻ പാണ്ഡവരിൽ ആരും മുതിർന്നില്ല. കൗരവരുമൊത്തു ഞങ്ങൾ ചൂതാടുമ്പോൾ ‘ഞാൻ രജസ്വല എന്നാൽ ഞാൻ അല്പവസ്ത്ര’ എന്ന് നിർല്ലജ്ജം പ്രഖ്യാപിച്ചു കൊണ്ട് കൗരവചൂതാട്ടസഭയിൽ അനധികൃതമായി ഇടിച്ചുകയറി, ദുര്യോധനന്റെ പ്രലോഭനത്തിനു വഴങ്ങി നഗ്നതുടയിൽ കയറിയിരിക്കാൻ മുതിർന്ന പാഞ്ചാലി പിന്നീട്, ഞങ്ങളുടെ അടിമജീവിതത്തിൽ, കൗരവചാരയായി പന്ത്രണ്ടുവർഷ വനപർവ്വത്തിൽ മാനസികപീഡനത്താൽ ഞങ്ങൾക്ക് നിത്യോപദ്രവ പീഢകയായി എന്നതാണ് പാണ്ഡവസഹോദരർക്കേറ്റ കൊടും മാനസികയാതന. അവൾ സ്വന്തം പാപഭാരത്താൽ വഴിനടക്കുമ്പോൾ കുഴഞ്ഞുവീണു മരിച്ചു എന്നതാണ് മുകളിലൊരു ന്യായാധിപനുണ്ടെന്നതിന്റെ ദൃഷ്ടാന്തം. ഇനി ഞങ്ങളെ വെറുതെ വിടൂ. ഞങ്ങൾ ഈ ഭൂമിയുമായുള്ള ബന്ധം വിച്ഛേദിക്കട്ടെ.”

അപമാനബോധത്താൽ ഭീമൻ മുഖം പൊത്തി. മറ്റനാലു പാണ്ഡവർ അവരിൽ നിന്ന് ദൂരം പാലിച്ചു.

◇ ◇ ◇

2018/06/02

ഒമ്പത് ദിവസം നിങ്ങൾ വിടാതെ അമ്പെയ്തിട്ടും, ഒരു പാണ്ഡവതല പോലും വീണില്ല എന്ന ആരോപണവുമായി ദുര്യോധനൻ, ആളും തരവും നോക്കാതെ പാളയത്തിൽ ഇടിച്ചു കയറി ഒച്ചവെച്ചു ഇപ്പോഴും ശല്യം ചെയ്യുന്നുണ്ടല്ലോ. ചെന്ന് കണ്ടു ആശ്വസിപ്പിക്കേണ്ടേ?” കൗരവ സർവ്വസൈന്യാധിപനായ ഭീഷ്മരോട്ട് യുദ്ധകാര്യ ലേഖകൻ ചോദിച്ചു.

ഇരുണ്ട നദീതീരത്തെ ആളും തിരക്കും കുറഞ്ഞിരുന്നു. വടക്കൻ മലകളിൽ നിന്ന് തണുത്ത കാറ്റ് വീശുന്ന കാലം.

“ദരിദ്ര ബന്ധുക്കൾ എന്ന നിലയിൽ മാത്രമേ കൗരവർ സ്വത്തുതർക്കത്തിൽ പാണ്ഡവരെ കണ്ടിരുന്നുള്ളൂ. ഇപ്പോൾ കുരുക്ഷേത്രയിൽ കാണുന്നത്, ക്രൂരബന്ധുക്കൾ എന്ന, നമുക്കിതുവരെ ബോധ്യം വരാത്ത, പുതു പാണ്ഡവ പ്രതിച്ഛായയാണ്.” അപമാനഭാരത്തോടെ പിതാമഹൻ യമുനയിലേക്ക് ചാടി.

◇ ◇ ◇

2018/06/03

“കുരുക്ഷേത്രയിൽ, നിങ്ങളുടെ അസാന്നിധ്യത്തിൽ, യുധിഷ്ഠിരൻ അഭിമന്യുവിനെ ചക്രവ്യൂഹത്തിലേക്കു പിരികയറ്റി വിട്ടതു് ദുഷ്ടലാക്കോടു കൂടിയാണെന്ന ആരോപണം പാണ്ഡവപാളയത്തിൽ പരപരപ്പുണ്ടാക്കിയല്ലോ. ഞരമ്പു് തിളപ്പിക്കുന്ന കുത്തുവാക്ക് പറയാമോ?” കൊട്ടാരം ലേഖിക അർജ്ജുനനോട്ട് ചോദിച്ചു. അഭിമന്യുവിന്റെ ശവദാഹം കഴിഞ്ഞു കുളിച്ചു കയറുന്ന രാത്രി.

“ഭീരുത്വം എന്ന വാക്കാണെന്റെ നാവിൻ തുമ്പിൽ വന്നതു്. പക്ഷെ സാഹോദര്യം ഓർത്തു ഞാൻ യുധിഷ്ഠിരനിൽ ആരോപിച്ചതു് തൊഴിൽപരമായ ഒരു വീഴ്ച എന്ന അർത്ഥം വരുന്ന കൃത്യവിലോപം. കൃത്യമായി പറഞ്ഞാൽ, കൃത്യവിലോപത്തിന്റെ ഉള്ളടക്കം യുധിഷ്ഠിരനെതിരെയുള്ള ആരോപണത്തിൽ കൊണ്ടുവരാൻ തൽപരകക്ഷികൾ ശ്രമിക്കില്ലേ എന്ന ആശങ്കയാണ് ഞാൻ പ്രകടിപ്പിച്ചതു് അല്ലാതെ അന്വേഷണവിധേയമായി യുധിഷ്ഠിരന്റെ സൈനികസേവനത്തിൽ നിന്ന് ഉടൻ സർവ്വ സൈന്യാധിപച്ചുമതല വഹിക്കുന്ന ധൃഷ്ടദ്യുമ്നൻ പിൻവലിക്കണം എന്നല്ല. മാധ്യമപ്രവത്തകർ ഉച്ചരിക്കുന്ന വാക്കിൽ ശ്രദ്ധിക്കണ്ടേ? ഞങ്ങൾ ആയുധത്തിൽ ശ്രദ്ധിക്കുന്ന പോലെ? വൈകാരികതയിലൂന്നി നിങ്ങൾ അഭിമന്യുവധം ആഗോളതലത്തിൽ ഉയർത്തിക്കാണിച്ചതൊക്കെ ശരി, പക്ഷെ യുദ്ധ കേന്ദ്രിതമായ ഈ പാണ്ഡവകെട്ടുറപ്പിൽ നിങ്ങൾ വിള്ളലുണ്ടാക്കാൻ ഇനി ശ്രമിച്ചാൽ? ഉച്ചരിച്ച വാക്കു നിങ്ങൾക്ക് പിഴച്ച പോലെ ഈ കൈകളും ചിലപ്പോൾ പിഴച്ചുപോവും.” ഇരുട്ടിൽ അവളുടെ മുഖമടച്ചു ആയോദ്ധാവിന്റെ ഈറൻ കൈപ്പത്തി പിടിമുറുക്കി

“കഷ്ടമുണ്ട് പറയാൻ. കൗരവപക്ഷത്തെ സൈനികരിൽ ചിലർ ഗുരുതരമായി പരുക്കേറ്റയിടത്തേക്കു അത്യാവശ്യമരുന്നുമായി ഓടിക്കിതച്ചെത്തിയ വനിതാ ആരോഗ്യപ്രവർത്തകയെ കുന്തമെറിഞ്ഞു കൊന്നതിൽ മനുഷ്യത്വമുള്ളവരെല്ലാം കോപം കൊണ്ട് ജ്വലിക്കുന്നല്ലോ. യുധിഷ്ഠിരൻ എറിഞ്ഞ കുന്തം കയറിയാണവളുടെ നെഞ്ച് പിളർന്നതെന്ന വാസ്തവം എങ്ങനെ ഞങ്ങൾ വെളിപ്പെടുത്താതിരിക്കും? മാധ്യമപ്രവർത്തനം ശരിക്കും മാരകം.”

കൊട്ടാരം ലേഖിക പാണ്ഡവ സൈനികവക്താവായ നകുലനോട്ട് ചോദിച്ചു.

“എന്തിനു മാധ്യമസത്യങ്ങൾ മുഴുവൻ പറഞ്ഞുകൂടാ? കൺവെട്ടത്തിലുണ്ടായിരുന്ന സ്ത്രീയാണ് കൊല്ലപ്പെട്ടതു്. അവൾ നീലയും ചുവപ്പും ധരിക്കുന്ന കൗരവ പാണ്ഡവ സൈന്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, വെളുത്ത വസ്ത്രമാണ് ഉടുത്തിരുന്നതു്. അവൾ പക്ഷം നോക്കാതെ രാപ്പകൽ മുറിവേറ്റവർക്കു മരുന്നും സാന്ത്വനവും നൽകി. ഇനി ഞങ്ങളുടെ വസ്തുതകൾ നിങ്ങൾ അറിയണം. യുധിഷ്ഠിരനെ ബന്ദിയായി പിടിക്കാൻ ഒരു ഭ്രാന്തൻ കൗരവ സംഘം ഓടിവരുമ്പോൾ നിങ്ങൾ പരാമർശിക്കുന്ന ഈ ശുഭ്രവസ്ത്രധാരി അവർക്കു പ്രോത്സാഹനം നൽകി യുദ്ധകാഹളമാണുയർത്തിയിരുന്നതു്. ഉച്ചഭക്ഷണത്തിനു പോരാട്ടം നിർത്തിയിരുന്ന വിശ്രമവേളയിലാണ് ഈ അക്രമം. സ്ഥിതി നയതന്ത്രത്തിനു നിൽക്കുന്നതല്ലെന്ന തിരിച്ചറിവിൽ യുധിഷ്ഠിരൻ കയ്യിൽ ഉണ്ടായിരുന്ന കുന്തം ആത്മരക്ഷയിൽ കൊലയാളി സംഘത്തിന്നെതിരെ എറിഞ്ഞപ്പോൾ, ഉന്നം തെറ്റി അതു് ചെന്ന് തറച്ചതു് പരേതവനിതയുടെ നെഞ്ചിൽ ആയിരുന്നു എന്ന ആകസ്മികതയെ നിങ്ങൾ യുധിഷ്ഠിരനെ ഒരു സ്ത്രീവിരുദ്ധനാക്കാൻ ഉറച്ചു എന്നതിന്റെ തെളിവല്ലേ? പോരാട്ടഭൂമിയിലെ ഗോപുരത്തിന് മുകളിൽ നാലിടത്തായി യുദ്ധ നിർവഹണ ചുമതലയുള്ള പ്രവിശ്യാഭരണ കൂടത്തിന്റെ പ്രതിനിധികൾ തരുന്ന സാക്ഷിമൊഴികളിൽ വൈരുധ്യമുണ്ടെങ്കിൽ അപ്പോൾ നമുക്ക് വീണ്ടും കാണാം. ഞങ്ങൾ ജീവിച്ചിരുപ്പുണ്ടെങ്കിൽ.”

◇ ◇ ◇

“പാഞ്ചാലിയുമായി സ്വരച്ചേർച്ചയില്ല എന്ന പതിവ് കാരണം-അതാണോ പാണ്ഡവർക്കൊപ്പം ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവാൻ ശരിക്കും വഴിതടസ്സമായത്?, അതോ...”

കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. യുധിഷ്ഠിരൻ രാജാവായിട്ടും, രാജമാതാ പദവിയില്ലാതെ അന്തഃപുരത്തിൽ മുൻമഹാറാണി ഗാന്ധാരിയുടെ വ്യക്തിഗത തോഴിയായി തുടരുകയായിരുന്നു പാണ്ഡുവിധവ.

“ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവുന്നതിന്റെ തലേന്ന് രാത്രി ഉടുതുണി പെറുക്കി സഞ്ചിയിൽ വെക്കുമ്പോൾ, മുന്നറിയിപ്പില്ലാതെ ഒരസാധാരണ സന്ദർശകൻ വാതിൽ തള്ളിത്തുറന്നു അകത്തുവന്നു. കയ്യിലിരുന്ന പനയോലക്കെട്ടു അഴിച്ചുനീട്ടി. മങ്ങിക്കത്തിയിരുന്ന പന്തത്തിന്നരികെ ചെന്ന് ഞാൻ ഓരോ ഓലയും പരിഭ്രമം മറച്ചു നോക്കുമ്പോൾ, ദുര്യോധനൻ മാറി നിന്നെന്നെ ഇടംകണ്ണെറിഞ്ഞു ശ്രദ്ധിക്കുന്നുണ്ടായിരുന്നു. കുന്തീഭോജന്റെ കൊട്ടാരത്തിലെ കൗമാരകാല, വിവാഹപൂർവ്വ ജീവിതത്തിലെ സാഹസികമായ ഒരു രതി പരീക്ഷണത്തിൽ, തേജോമയനായ ഒരു ആകാശ ചാരിയിൽ നിന്ന് ആഹ്ലാദപൂർവ്വം ഗർഭം ധരിച്ച ഞാൻ, പ്രസവത്തിനു ശേഷം ചോരക്കുഞ്ഞിനെ പനംകുട്ടയിൽ വച്ച് പുഴയിൽ ഒഴുക്കാൻ ഉറച്ചപ്പോൾ, സഹായത്തിനു കൂടെ നിന്ന രണ്ടു വിശ്വസ്തദാസികളുടെ, നിയമസാധുതയുള്ള സാക്ഷിമൊഴികളായിരുന്നു അവ. സൂക്ഷ്മമായി വായിച്ചു ഞാൻ രണ്ടും കൽപ്പിച്ചു മുഖമുയർത്തിയപ്പോൾ, ദുര്യോധനൻ പറഞ്ഞു, ഒഴുക്കിൽ വിട്ട നിർഭാഗ്യവാനായ ആ കുഞ്ഞിപ്പോൾ ജീവിച്ചിരുപ്പുണ്ട്, ഇവിടെ ഹസ്തിനപുരിയിൽ. എനിക്ക് വേണ്ടപ്പെട്ടവനുമാണ്. ജീവിക്കാനുള്ള മൗലികാവകാശം നിഷേധിക്കപ്പെട്ടു എന്ന പരാതി, നവജാതശിശുവിനെ നിർദ്ദയം പുഴയിലൊഴുക്കിയ അമ്മ-രണ്ടിലും രണ്ടു ന്യായാധിപരുടെ മുമ്പിൽ ഹസ്തിനപുരി ശിക്ഷാനിയമം, ബാലനീതി നിയമം ഇവയനുസരിച്ചു തുറന്ന വിചാരണ നേരിടേണ്ടി വരും. വർഷങ്ങൾ തുറുങ്കിൽ കിടത്താൻ വകുപ്പുള്ളതു്. ഞാനിപ്പോൾ പക്ഷെ നിങ്ങളെ ഓർമ്മിപ്പിക്കുന്നത്, ഒരു ധാരണയിൽ എത്താൻ മാത്രം. നിങ്ങൾ ഖാണ്ഡവപ്രസ്ഥത്തിലേക്കു പോവരുതു്. ഗാന്ധാരിയുടെ തോഴിയായി കൊട്ടാരത്തിൽ കഴിയണം. വരണാവതം അരക്കില്ല ത്തിൽ ആദിവാസികുടുംബത്തെ കത്തിച്ചു കൊന്നു രക്ഷപ്പെട്ടതൊക്കെ ധീരവനിതാപരിവേഷം നിങ്ങൾക്ക് തന്നതു് ആവർത്തിക്കാതിരിക്കാൻ നിങ്ങൾ വഴങ്ങണം. അന്തഃപുരത്തിൽ ഒതുങ്ങണം. ഈ ഒത്തുതീർപ്പുമായി നിങ്ങൾ സഹകരിച്ചാൽ, ഈ ശപിക്കപ്പെട്ട പനയോലക്കെട്ടുകൾ എന്നെന്നേക്കുമായി പൂഴ്ത്തിവെക്കാം. വളർന്നു വലുതായ അവിഹിതസന്തതി നിങ്ങളെ കാണാതിരിക്കാനും, ആരെന്നറിയാതിരിക്കാനും സാഹചര്യം ഒരുക്കാം. എന്ന് പറഞ്ഞവൻ തിരിഞ്ഞു നടക്കുമ്പോൾ പെട്ടെന്ന് അംശയകരമായ രീതിയിൽ അവിടെ വന്ന ഗാന്ധാരിയെ കൈ പിടിച്ചു ദുര്യോധനൻ ആശ്വസിപ്പിച്ചു, “അമ്മക്ക് ഇനി എന്നും കൂട്ട് കുന്തി. അവർ മക്കൾക്കൊപ്പം ഖാണ്ഡവപ്രസ്ഥം കുടിയേറ്റത്തിനു പോവാൻ ഇഷ്ടമില്ലെന്നു എന്നെ ഔദ്യോഗികമായി അറിയിച്ചു, വിധവയായ ഇളയമ്മയെന്ന നിലയിൽ അവരുടെ ആഗ്രഹം എനിക്ക് നിഷേധിക്കാനാവില്ല.”

“വ്യാസനുമായി പാഞ്ചാലി എന്തായിരുന്നു പട്ടാപ്പകൽ ഒരു വാക്കു തർക്കം? ഒന്നുമില്ലെങ്കിൽ നിങ്ങളുടെയൊക്കെ ഔദ്യോഗിക ജീവചരിത്രകാരനാവാൻ നിയോഗം കിട്ടിയ ദാർശനിക കവിയല്ലേ?

കൊട്ടാരം ലേഖിക ചോദിച്ചു.

“അതു് തന്നെയാണ് പാഞ്ചാലിക്ക് പറഞ്ഞുതീർക്കാനുണ്ടായിരുന്ന തർക്കം. ദശാബ്ദങ്ങൾ നീണ്ട അവളുടെ സഹനജീവിതം ഒരു സാംസ്കാരിക പഠനം എന്ന നിലയിൽ വേണം വ്യാസൻ അവതരിപ്പിക്കാൻ എന്ന് പാഞ്ചാലി നിലപാട് കനപ്പിച്ചു. വെറുതെ ഒരൊഴുക്കൻ ജീവിതാനുഭവം എന്ന നിലയിലുള്ള വ്യാസരചനാരീതി അസ്വീകാര്യമെന്നും അറിയിച്ചു. ഒരു വസ്ത്രാക്ഷേപത്തിൽ ഊരിപ്പോകുന്നതല്ല പാഞ്ചാലിയുടെ രണോർജ്ജം എന്നുമവൾ പറഞ്ഞു. നിലത്തു ചമ്രം പടിഞ്ഞിരുന്ന വേദവ്യാസൻ എഴുന്നേറ്റു നിന്നാണ് പാഞ്ചാലിക്ക് ചെവി കൊടുത്തതും, തലയിൽ കൈവച്ചനുഗ്രഹിച്ചതും. പാഞ്ചാലിയുമായി കൊട്ടാരം ലേഖിക ചെയ്ത അഭിമുഖങ്ങളുടെ പനയോലക്കെട്ടുകൾ എന്റെ ആശംസകളോടെ പ്രസിദ്ധീകരിക്കട്ടെ ഈ ദ്വാപരയുഗത്തിൽ, അല്ലെങ്കിൽ വരും യുഗത്തിൽ എന്നും പറഞ്ഞു വ്യാസൻ അനുഗ്രഹ പ്രഭാഷണവേദിയിലേക്കു പോയി. വേറെ കുടുംബ പ്രശ്നമൊന്നുമില്ല”, ഹസ്തിനപുരിയിലെ എല്ലാ ഗുരുകുലങ്ങളും ഹരിതചട്ടം പാലിക്കണമെന്ന പുതിയ പാണ്ഡവ ഭരണകൂടത്തിന്റെ ആജ്ഞയുമായി ഓടി നടക്കുകയാണ്, യുദ്ധത്തിന്റെ പരിക്കുകൾ ഇനിയും പൂർണമായി തേഞ്ഞു മാഞ്ഞിട്ടില്ലാത്ത ശരീരവുമായി ഇളമുറ പാണ്ഡവൻ നകുലൻ

◇ ◇ ◇ 2018/06/05

"അല്ല, എപ്പോഴാണ് നിങ്ങൾ അഞ്ചുപേർക്കും, ഭാവിയിൽ പാഞ്ചാലിയൊരു ഭീതിയുണർത്തുന്ന ദാമ്പത്യപ്രതിയോഗിയാവും എന്ന സംശയം തോന്നിയത്? കുറച്ചുനേരമായി അവളെ നിങ്ങൾ അപനിർമ്മാണം ചെയ്യുന്നത് അങ്ങനെ അവസാനിപ്പിക്കാം."

കൊട്ടാരം ലേഖിക ചോദിച്ചു. ഉടൻ പത്തു കണ്ണുകൾ ജാലകത്തിലൂടെ ഇടവഴിയിലേക്ക് നീങ്ങി പാഞ്ചാലി കുളികഴിഞ്ഞു എത്താറായിട്ടില്ല എന്നുറപ്പ് വരുത്തിയെങ്കിലും, സമ്മതത്തിനു ഭീമൻ തലയെറിഞ്ഞു.

"നവവധു പാഞ്ചാലിയുമൊത്തു ഞങ്ങൾ ഹസ്തിനപുരിയിൽ എത്തുമ്പോൾ, പ്രത്യാശയെക്കാൾ പേടിയായിരുന്നു. അരക്കില്ലം കത്തിച്ച് പൊതുമുതൽ നശിപ്പിച്ചതിന് ഞങ്ങൾക്കെതിരെ പിടികിട്ടാപ്പുള്ളികൾ എന്ന് വഴിയമ്പലങ്ങളിലും കുതിരപ്പന്തി കളിലും ദുര്യോധനൻ ചുവരെഴുത്തു പരസ്യങ്ങൾ കൊടുത്തതറിഞ്ഞിരുന്നു. എന്നാൽ ഇവിടെ വന്നപ്പോൾ, പാഞ്ചാലിയെ ഒരുനോക്കു കണ്ട കൗരവർ, അവൾക്കു താമസിക്കാൻ കൊട്ടാരത്തിന്റെ അതിഥി മന്ദിരം പൂർണമായി വിട്ടു കൊടുത്തു. അന്ന് രാത്രി ഞങ്ങൾ ആറുപേരും (അമ്മയെ സംശയകരമായ അടുപ്പത്തോടെ വിദുരർ സ്വന്തം ആശ്രമമന്ദിരത്തിലേക്കു കൊണ്ടുപോയി) അല്ലലില്ലാതെ സംസാരിക്കുമ്പോൾ യുധിഷ്ഠിരൻ പന്തം കെടുത്തി, ഇരുട്ടിൽ മുഖം കാണാതെ ഇരിപ്പിടം മാറാൻ പറഞ്ഞു. പാഞ്ചാലി ആരെ ഇനി ആദ്യം തൊടുന്നുവോ അയാൾക്ക് മാത്രം ആഡംബരകിടപ്പറയിൽ അവളെ ഇന്നുരാത്രി സന്തോഷിപ്പിക്കാം. ഇത് കേൾക്കേണ്ട താമസം, പാഞ്ചാലി ശബ്ദമുയർത്തി. നിങ്ങൾ കുറച്ചുപേരുടെ സൗജന്യത്തിലും വിനോദത്തിലും അനുവദിച്ചു കിട്ടേണ്ട ഒന്നല്ല എനിക്ക് രതി. അത് നിങ്ങളിൽ നിന്നെനിക്കു ഏതുസമയത്തും പ്രതീക്ഷിക്കാവുന്ന അത്യാവശ്യ, വ്യക്തിഗത, ശാരീരിക, ആസ്വാദന സേവനമെന്ന നിലയിൽ ഇനിയൊരിക്കലും അത് നിങ്ങൾ പരസ്യചർച്ചക്കു വിഷയമാക്കരുത്. അവിവേകമായി ഇക്കാര്യം നിർദ്ദേശിച്ച യുധിഷ്ഠിരൻ ഇന്ന് എനിക്ക് പായ പങ്കിടാനുള്ള കൂട്ടാളിയല്ല."

"വയോജനങ്ങളെ കുരുക്ഷേത്ര സൈന്യാധിപ പദവികളിൽ നിന്ന് നീക്കിയില്ലെങ്കിൽ, അവരുടെ കീഴിൽ പോരാടാൻ തന്നെ കിട്ടില്ലെന്ന് കർണ്ണൻ ദുര്യോധനനോട്ട് പറയുന്നുണ്ടല്ലോ. അയാൾ ഉന്നം വക്കുന്നത് പിതാമഹനാണെങ്കിലും, ഉരുളാവുന്ന തലകളിൽ നിങ്ങളും ദ്രോണരും പെടില്ലേ?"

കുരുവംശ രാജകുമാരന്മാരുടെ ആദ്യാക്ഷരഗുരു, ചിരഞ്ജീവി, ദ്രോണരുടെ ഭാര്യാസഹോദരൻ, യോദ്ധാവ് എന്ന നിലയിൽ കൗരവർക്കൊപ്പം ആയിരുന്ന കൃപാചാര്യനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധസന്നാഹത്തിനായി പോരാട്ട ഭൂമിയിലെത്തിയ മഹാരഥന്മാരുടെ നിരായുധ സാന്നിധ്യം ആ ശീതകാല പ്രഭാതത്തിൽ ഒരുത്സവച്ഛായ പകർന്നു.

"അഭിമന്യുവാണ് വയോജനങ്ങൾ എന്ന വാക്കുച്ചരിച്ചിരുന്നതെങ്കിൽ നമുക്ക് മനസ്സിലാക്കാം. എന്നാൽ കർണ്ണൻ? കർണ്ണനൊക്കെ വയസ്സെത്രയായി എന്നാണു നിങ്ങൾ കരുതിയത്? യുധിഷ്ഠിരൻ കണ്ടു കഴിഞ്ഞില്ലേ ആയിരത്തിൽ താഴെ പൂർണചന്ദ്രന്മാരെ? അച്ഛൻ അതിരഥനോടും അയാൾ പറയുമോ വീട്ടിൽ നിന്നിറങ്ങിപ്പോവാൻ?" കർണനോടുള്ള അറപ്പ് ചുണ്ടിൽ നിന്നും തേച്ചെടുത്ത കീറത്തുണി അയാൾ അതിരഥപുത്രൻ നിൽക്കുന്നയിടം നോക്കി ആഞ്ഞെറിഞ്ഞു.

◇ ◇ ◇ 2018/06/07

"ഹസ്തിനപുരി പത്രിക'യിൽ ഇന്ന് വന്ന കത്ത്:

പ്രിയ പത്രാധിപർ:

ഇന്നലെയും നിങ്ങളുടെ കാര്യാലയത്തിന്നരികെ, ഒന്ന് കൂടി സൂക്ഷ്മതയോടെ വ്യക്തമാക്കിയാൽ, രാപ്പകൽ സായുധപാറാവുകാരുള്ള കോട്ട വാതിലിനരികെ,ഒരു കൗരവ വിധവ ബലാൽക്കാരത്തിനു വിധേയയായി. ആരു ഭരിച്ചാലും ഭരണകൂട സൗജന്യങ്ങൾ തരപ്പെടുത്തുന്ന കൊട്ടാരം ലേഖിക പറയും, ബലാൽക്കാരശ്രമം മാത്രമെന്ന്. ഈ മാസം ആറുദിവസം കഴിയുമ്പോഴേക്കും, നാലു വിധവകൾ പട്ടാപ്പകൽപീഡനത്തിന് ഇരകളായി. എന്നിട്ടും മഹാരാജാവ് യുധിഷ്ഠിരൻ രാജസഭയിൽ പറയുന്നു, പുതുപാണ്ഡവഭരണകൂടം അധികാരത്തിൽ കയറിയ ശേഷം, ക്രമസമാധാനവും സ്ത്രീ സുരക്ഷയും മെച്ചപ്പെട്ടു എന്ന്. കൗരവവിധവകൾ ഈ വിഭാഗങ്ങളിൽ ഒന്നും പെടില്ലേ? രാജമന്ദിരങ്ങളിൽ നിന്ന് പാതിരാ കുടിയൊഴിപ്പിക്കലിലൂടെ അറനൂറോളം കൗരവവനിതകളെയാണ് യുധിഷ്ഠിരൻ പുറത്താക്കിയത്. ഒഴിച്ചുമേടിച്ച വീടുകളിൽ രാവേറെ ചെന്നാൽ ഭീകര നിലവിളി കേൾക്കുന്നു എന്ന് പരാതി പറഞ്ഞത് കാവൽക്കരല്ല, നൂറു കൗരവരെയും ചതച്ച രൗദ്ര ഭീമനാണ്. ആ വസതികളിൽ ഇപ്പോൾ കൂട്ടിയിട്ടിരിക്കുന്നതു ആയുധമാലിന്യങ്ങളും. മുൻഭരണകൂടം വിമതരെ പീഡിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ഇരുട്ടറകൾക്കു കുപ്രസിദ്ധമായ ഭൂതക്കെട്ടിലാണ്, ഒരിക്കൽ കുലീന ഹസ്തിനപുരിയുടെ ആരാധനാമൂർത്തികളായിരുന്ന കൗരവരാജസ്ത്രീളെയും അവരുടെ പുതുതലമുറ കുട്ടികളെയും പാണ്ഡവഭരണകൂടം പുനരധിവസിപ്പിച്ചത്. ധാന്യവും കുടിവെള്ളവും ശുചിമുറികളുമില്ലാതെ അവർ നിലവിളിക്കുമ്പോൾ, മഹാറാണി പാഞ്ചാലി വെള്ളക്കുതിരകൾ വലിക്കുന്ന രഥത്തിൽ 'ഹരിത ഹസ്തിനപുരി' എന്ന ഉത്സവം നാടെങ്ങും കാണാൻ യാത്രപോകുന്നു. രാജ്യത്തിന്റെ അഖണ്ഡതയും സ്വാതന്ത്ര്യവും അർദ്ധസഹോദരിൽ നിന്ന് ഭീഷണി നേരിട്ടപ്പോൾ, വിമതസഖ്യസൈന്യത്തോടു പോരാടി കുരുക്ഷേത്രയിൽ ജീവൻ ബലി കൊടുത്ത ദുര്യോധനന്റെ വിധവ, ഈ സാമ്രാജ്യത്തിന്റെ മഹാറാണിയാവേണ്ടിയിരുന്ന മഹതി, രോഗബാധിതയായപ്പോൾ ചാരവകുപ്പ് മേധാവി പറഞ്ഞുപരത്തുന്നു അവർ കലിംഗയിലേക്കു പോയത് ചികിത്സക്കല്ല ഇവിടെ നിന്നു മോഷ്ടിച്ച രത്നശേഖരം ഒളിച്ചുകടത്താനാണെന്നു. ഇതാണോ പേക്കിനാവ് എന്ന് പറയുന്ന അവസ്ഥ?

"കുരുവംശത്തിന്റെ കീഴിലുള്ള പ്രവിശ്യമാത്രമല്ലേ കുരുക്ഷേത്രം? പിന്നെ എന്താ നിങ്ങൾ ഒരിടഞ്ഞ അയൽരാജ്യത്തെ പോലെ സംസാരിക്കുന്നത്?" കൊട്ടാരം ലേഖിക പ്രവിശ്യാ ഭരണാധികാരിയുടെ നേരെ വിരൽ ചൂണ്ടി.

"ആകെയുള്ള കുടിനീർ സ്രോതസ്സായ യമുനയുടെ തീരത്ത് പത്തു പതിനെട്ടു ദിവസം അഴിഞ്ഞാടിയ ആ വഴക്കാളി അർദ്ധസഹോദരർ വരുത്തിവച്ച പരിസ്ഥിതിനാശം, ശവം എണ്ണുന്ന തിരക്കിൽ നിങ്ങൾ ശ്രദ്ധിക്കാഞ്ഞത് ഞങ്ങളുടെ തകരാറാണോ? പുതിയ പാണ്ഡവഭരണകൂടം നീണ്ടകാല നഷ്ടപരിഹാരം തരണമെന്ന തദ്ദേശീയ വികാരം ഞാനൊന്ന് വളച്ചുകെട്ടില്ലാതെ തുറന്നു പറഞ്ഞതിനാണോ രാജ്യദ്രോഹകുറ്റം ചുമത്തി വായടപ്പിക്കാൻ ശ്രമം?"

“പോരാട്ടനേട്ടം വെട്ടിച്ചുരുക്കാൻ ശ്രമം ഉണ്ടല്ലോ. ചളിയിൽ താണ രഥചക്രം പണിപ്പെട്ടുയർത്തുന്ന കർണനെയാണ് നിങ്ങൾ തരം നോക്കി തലവെട്ടിയതെന്നു പറഞ്ഞത് സൈനികവക്താവ് നകുലനായിരുന്നു. അങ്ങനെ വെട്ടിത്തുറന്നു പറയരുതായിരുന്നു എന്ന് പിന്നീട് ശാസിച്ചുവോ?” ശവസംസ്കാരത്തിനുശേഷം ഒഴുക്കുവെള്ളത്തിൽ മുങ്ങിക്കുളിച്ചുകയറിയ അർജ്ജുനനോട് കൊട്ടാരം ലേഖിക ചോദിച്ചു. വൈകിയ രാത്രി.

“അവൻ പറഞ്ഞത് കൃത്യമല്ലേ? പത്തു നാല്പതു ലക്ഷം പോരാളികൾ പരസ്പരം ചവിട്ടി തേച്ചിട്ടും മണ്ണിളകാത്ത കുരുക്ഷേത്രത്തിൽ, കർണന്റെ രഥചക്രം മാതമെങ്ങനെ താഴാൻ വേണ്ട ചളി കണ്ടെത്തി? കർണൻ ഒറ്റയ്ക്ക് ചക്രമുയർത്തുമ്പോൾ ഞാൻ കൈകൂപ്പി വിജയാശംസകൾ നേരണോ? അതോ, തക്കം നോക്കി ശത്രുവിന്റെ കഴുത്തു വെട്ടണോ? നിലത്തുവീണ അഭിമന്യുവിന്റെ കുടലിൽ വാളിറക്കാൻ പ്രകൃതിയവന് അവസരം നൽകിയപ്പോൾ, ‘അരുത് ഇവൻ എന്റെ അനുജന്റെ മകനെ’ന്നവൻ മാപ്പുകൊടുത്തുവോ? അസാധാരണ സാഹചര്യമല്ലേ അതീതശക്തിയെനിക്ക് അനുഗ്രഹിച്ചു തന്നത്? സാരഥിശല്യൻ കർണനോട് നിസ്സഹകരണം പ്രഖ്യാപിച്ചു മാറി നിന്ന് അവന്റെ പെടാപ്പാടു കണ്ടു അർമാദിക്കുന്നതൊക്കെ നിങ്ങളും കണ്ടതല്ലേ? എന്റെ സാരഥിയപ്പോൾ കൺകോണു കൊണ്ടെന്നെ കർമധീരനാക്കി-എന്റെ ആയുധം അതിന്റെ ഉന്നം കണ്ടു.”

◇ ◇ ◇

2018/06/08

“പാണ്ഡവപക്ഷത്തേക്കു കൂറ് പ്രഖ്യാപിക്കാൻ വന്ന മാദ്രരാജാവ് ശല്യനെ നിങ്ങൾ എത്ര ലാഘവത്തോടെ കൗരവസഖ്യകക്ഷിയാക്കി. എങ്ങനെ ഒപ്പിച്ചെടുത്തു ഈ നയതന്ത്ര വിജയം?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. യുദ്ധമേഘങ്ങൾ നിറഞ്ഞുതുടങ്ങിയ ആകാശം.

“പ്രിയഅനുജത്തി മാദ്രിയെ പാണ്ഡുവിന്റെ ചിതയിൽ തള്ളിയ കുന്തിയോടയാൾക്കു ദശാബ്ദങ്ങൾ പഴകിയ പകയുണ്ട്. മാദ്രിപുത്രന്മാരായ നകുലനെയും സഹദേവനെയും സഹായിക്കാൻ കുടുംബ പരമായ ചുമതലയുമുണ്ട്. ഭീമനെപ്പോലെ ആളൊരു മന്ദനുമാണ്. ആദ്യസന്ദർശനത്തിൽ ഞാൻ യുധിഷ്ഠിരനാണെന്ന അയാളുടെ തകർക്കാനാവാത്ത മുൻവിധി ഞാൻ പിന്നെ തിരുത്തിയില്ലെന്ന താണെന്റെ അട്ടിമറി വിജയം. കൂടെ നിൽക്കാം എന്ന അയാളുടെ വാക്കു ഒരുടമ്പടി പോലെ ഞാൻ ഇരുകൈകളും നീട്ടി സ്വീകരിച്ചു. പ്രതീകാത്മകമായി കൈ കൊടുത്തശേഷം, ഇനി വാക്കുമാറ്റിയാൽ അപ്പോൾ അറിയും കുരുവംശസംസ്കാരത്തിന്റെ തനിനിറം. ഒന്നേ അയാൾ വിചിത്രമായ മുഖഭാവത്തോടെ സ്വരം താഴ്ത്തി ചോദിച്ചുള്ളൂ-കർണന്റെ സാരഥിയാവണം. ഒരു മഹാരാജാവ് സാരഥിയാവുന്നതിൽ പാർശ്വവത്കൃതകർണ്ണൻ ആഹ്ലാദിക്കുമെന്ന പൊതുസമൂഹത്തിന്റെ യുദ്ധമോഹവും അങ്ങനെ പൂവണിയട്ടെ. മാദ്രിപുത്രന്മാരായ നകുലനും സഹദേവനും മാതൃസഹോദരനായ ശല്യന്റെ മുമ്പിൽ വരാത്തവിധം വേണം യുദ്ധഭൂമിയിൽ സൈനികവിന്യാസം എന്നൊരു കഠിന പരീക്ഷണം കൂടി ജയിച്ചാൽ”, കുരുക്ഷേത്രയിൽ നിന്ന് കുതിരപ്പുറത്തു അതിവേഗം വന്ന ചാരനെ കണ്ടതോടെ പെട്ടെന്ന് സംഭാഷണം മുറിഞ്ഞു

“ആദ്യരാത്രി തന്നെ എനിക്ക് കുന്തി പണി തന്നു എന്നാണ് കിടപ്പറയിൽ പത്തു പാണ്ഡവക്കണ്ണുകൾ ഇമതല്ലാതെ കാത്തിരിക്കുന്നത് കണ്ടതിനെ കുറിച്ച് പിന്നീടൊരിക്കൽ ‘നവവധു’ പറഞ്ഞത്. ശരിക്കും അതൊരു ദാമ്പത്യ ഭാരമായിരുന്നില്ലേ നിങ്ങൾ ചൊരിഞ്ഞത്? ലജ്ജാകരമല്ലേ അടിച്ചേൽപ്പിക്കുന്ന ബഹുഭർത്തൃത്വം?” കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. ഹസ്തിനപുരി അന്തഃപുരത്തിലെ ജീവിതസായാഹ്നം.

“വിവാഹപൂർവ്വജീവിതത്തിലെ വീണ്ടുവിചാരമില്ലാത്ത അവിഹിതരതിയും, അനാവശ്യ ഗർഭധാരണവും, ചോരക്കുഞ്ഞിനെ പുഴയിലൊഴുക്കലും, കുറ്റബോധത്താൽ നീറുന്ന മനസും ഒക്കെ ഉള്ളപ്പോഴും ഒരു കാര്യത്തിൽ എനിക്ക് വിവാഹജീവിതാനുഭവം പരിഗണിക്കുമ്പോൾ ഉള്ളിൽ മതിപ്പു തോന്നി. ഞാൻ വന്ധ്യയല്ല. പാണ്ഡുവിനു കായികക്ഷമതയില്ലെങ്കിലും, എനിക്ക് അമ്മയാവാം. അങ്ങനെ ഔദ്യോഗിക അംഗീകാരമുള്ള ആൺമക്കൾ എന്ന ലക്ഷ്യംതേടി ഞാൻ പരപുരുഷന്മാരെ പ്രലോഭിപ്പിക്കാൻ പൂച്ചൂടി പടിയിറങ്ങിയ ആ ജീവിതാവസ്ഥ പാഞ്ചാലിക്കുണ്ടാവാതിരിക്കാൻ അഞ്ചു പുത്രന്മാരെ ഞാൻ പായിൽ അവൾക്കൊപ്പം കിടത്തിയതിന്റെ ചേതോവികാരം അവൾ കൃതജ്ഞതയോടെ തിരിച്ചറിയുന്നില്ലെങ്കിൽ, ആ കഠിനഹൃദയയെ പ്രകൃതി പാഠം പഠിപ്പിച്ചു എന്നതിന്റെ പ്രത്യക്ഷ തെളിവല്ലേ അവൾ പെറ്റ അഞ്ചുമക്കളും ഇന്ന് ജീവിച്ചിരിപ്പില്ല എന്നത്?”

◇ ◇ ◇ 2018/06/09

“തക്ഷശിലയിൽ ആദ്യപതിപ്പിറങ്ങി ആഴ്ചയൊന്നു കഴിഞ്ഞില്ല വ്യാസഭാരതത്തിന്റെ പനയോലപ്പകർപ്പെടുക്കുന്ന തിരക്കിലാണല്ലോ ഹസ്തിനപുരിയിലെ അറിയപ്പെടുന്ന സാക്ഷരരെല്ലാം. ഇന്നലെ വഴിയിൽ കണ്ടപ്പോൾ ചാർവാകനും പറഞ്ഞു, ആസ്വാദനം എഴുതുന്ന തിരക്കിലാണെന്ന്. എങ്ങനെ വായിച്ചെടുത്തു കുരുവംശഗാഥ? വസ്ത്രാക്ഷേപം വ്യാസൻ വിവരിച്ചതൊക്കെ നോക്കിയപ്പോൾ ഇടനെഞ്ച് കലങ്ങിയോ?”

കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

“സംഭവബഹുലമായ മൂപ്പിളമത്തർക്കം പച്ചജീവിതത്തിന്റെ നേരറിവില്ലാത്തൊരു ഗുഹാജീവി അവതരിപ്പിച്ചതിൽ ശിശുസഹജമായൊരജ്ഞത കണ്ടപ്പോളാണ് നെഞ്ച് വിങ്ങിയത്. എന്നെ മഹത്വവൽക്കരിക്കാൻ വ്യാസൻ പെടാപ്പാട്ട് പെടുന്നതു, പ്രതിയോഗികളായി കൗരവരെ കറുത്ത ചായത്തിൽ തേക്കാൻ വേണ്ടിയായിരുന്നു. മനുഷ്യമനസ്സിനെ വെളുപ്പിലും കറുപ്പിലും പ്രദർശിപ്പിക്കുന്ന ഇവരൊക്കെ എന്ത് പരിത്യാഗികൾ. യുദ്ധരംഗങ്ങൾ വ്യാസൻ വർണിച്ചതു വായിച്ചപ്പോൾ, പതിനെട്ടുനാളും കുരുക്ഷേത്രപാളയത്തിൽ കഴിഞ്ഞ ഞാൻ സ്വയമറിയാതെ പൊട്ടിച്ചിരിച്ചുപോയി. വികലരചന മനസ്സിലാക്കാം, എന്നാൽ അറിവില്ലാത്ത കാര്യങ്ങൾ ആധികാരികതയോടെ വ്യാസൻ നെഞ്ചുവിരിച്ചു പറയുമ്പോൾ ഓർത്തു, ഒരിക്കലെങ്കിലും വ്യാസൻ കുരുക്ഷേത്രയുദ്ധം കണ്ടിരുന്നെങ്കിൽ. വൈകുന്നേരം ചോരയും ജൈവമാലിന്യവും നിറഞ്ഞ ശരീരങ്ങളും ഇടിഞ്ഞ മനസുമായി കൂടാരത്തിനകത്തേക്കു അഞ്ചു ഭർത്താക്കന്മാരും അഞ്ചു ആണ്മക്കളും വരുമ്പോൾ അവർക്കു സാന്ത്വനം നൽകേണ്ട സ്ത്രീയുടെ നിസ്സഹായത വ്യാസൻ കണ്ടിരുന്നെങ്കിൽ. ധൃതരാഷ്ട്രഭൃത്യൻ സഞ്ജയന് കൊടുത്തു എന്ന് മഹാഭാരതം അവകാശപ്പെടുന്ന ദിവ്യദൃഷ്ടികൊണ്ട് യുദ്ധം മുഴുവൻ സ്വയം കാണാൻ വ്യാസൻ സംയമനം കാണിച്ചിരുന്നെങ്കിൽ. എന്നാൽ എന്റെ ഖേദം വ്യാസനെകുറിച്ചൊന്നുമല്ല, ഭാവിയിൽ, ഒരു പക്ഷെ അടുത്ത യുഗത്തിലും, ഈ വിലക്ഷണ വ്യാസഭാഷ്യം വായിക്കേണ്ടിവരുന്നവരെ ഓർത്താണ്. ആർക്കറിയാം, ഒരു പത്രപ്രവർത്തകയെന്ന നിലയിൽ ഹസ്തിനപുരിയും വനമേഖലകളും പോരാട്ടഭൂമിയും സന്ദർശിച്ച് അസാദ്ധ്യ ചോദ്യങ്ങളാൽ ഞങ്ങളെ വീർപ്പുമുട്ടിച്ച നിങ്ങളുടെ അഭിമുഖങ്ങൾ തന്നെയായിരിക്കും സൂക്ഷ്മവായനക്കു വരുംകാലങ്ങളിൽ വായനക്കാരുണ്ടാവുക.”

“എന്ത് പാഠം പഠിച്ചു പതിനെട്ടു നാൾ ചത്തും കൊന്നും? തർക്കം പരിഹരിക്കാൻ മാത്രം നയതന്ത്രം തുണച്ചില്ലേ?”

കൊട്ടാരം ലേഖിക അർജ്ജുനനോട്ട് ചോദിച്ചു.

“ചാവലും കൊല്ലലും പോരാട്ടത്തിൽ പതിവല്ലേ? മഹായുദ്ധത്തിന്റെ ഉദാത്തലക്ഷ്യങ്ങൾ ഇത്തരം ചത്തും കൊന്നും പദപ്രയോഗങ്ങളാൽ കളങ്കപ്പെടുത്തരുതേ. നമ്മുടെ ആൾനാശം ചുരുക്കിപ്പറയണം, ശത്രുവിന്റെ നാശനഷ്ടങ്ങൾ അത്യുക്തിയിൽ അഭിരമിക്കണം. പ്രതികാരക്കൊലയും പോരാട്ടവധവും നിങ്ങൾ കൂട്ടിക്കുഴക്കരുത്. പകയുടെ സ്വരത്തിലല്ല ഞങ്ങൾ പോർക്കളത്തിൽ സംസാരിക്കുക. കർണ്ണൻ മരിക്കുന്ന അന്ന് രാവിലെ ഞാനും അവനും കൂടിയാണ് പ്രാതലിനു കാളയെ വെട്ടി മുറിച്ചു തോലും കുടലും നീക്കി കഷണങ്ങളാക്കി കഴുകി ഉപ്പും മുളകും തേച്ചു എണ്ണയിൽ പൊരിച്ചു ഒരു പാത്രത്തിൽ നിന്ന് തിന്നത്. ഇന്ന് സന്ധ്യയോടെ ഗാണ്ഡീവം നിന്റെ കഴുത്തു വെട്ടും എന്നൊക്കെ ഭീമൻ അപ്പോൾ കടന്നുവന്നു പറഞ്ഞാൽ ഞങ്ങൾ പൊട്ടിച്ചിരിക്കും. ചുരുക്കിപ്പറയാം യുദ്ധഭൂമിയിലെ പ്രശസ്തവധങ്ങൾ മനുഷ്യനിർമ്മിതമല്ല അതിലൊക്കെ അതീതശക്തികളുടെ കൈകടത്തലുകൾ ഉണ്ട്. നിങ്ങൾ പത്രപ്രവർത്തകർക്ക് വേണ്ടത് ഉടനടി നിഗമനങ്ങൾ, എന്നാൽ എത്ര രണോർജ്ജം നിങ്ങൾ പ്രസരിപ്പിച്ചാലും ഫലം വേദനാജനകമാവും. ഞങ്ങൾക്ക് പാഞ്ചാലിയിൽ ഉണ്ടായ മിടുക്കൻ കുട്ടികൾ കൗമാരസഹജമായ പ്രത്യാശയോടെയാണ് ജേതാക്കളായി മടക്കയാത്രക്കു തയ്യാറായത്. പക്ഷെ പാതിരാമിന്നലാക്രമണത്തിൽ അശ്വത്ഥാമാവ് അവരെ ചവിട്ടിക്കൊന്നു. അതിനുടൻ പ്രതികാരം ചെയ്യാൻ ഞങ്ങൾ വാളെടുത്തപ്പോൾ സാരഥി പറഞ്ഞു ഇത് യുദ്ധം. ഇതിൽ പ്രതികാരമില്ല. അപ്പോൾ കൗരവരെ കൊന്നു കരൾ പറിച്ചു ഭീമൻ പാഞ്ചാലിക്ക് കൊടുത്തത്? അത് യുദ്ധവിരോധികൾ കൂട്ടിച്ചേർത്ത പ്രക്ഷിപ്തം. ഓരോ കൗരവനെയും ബഹുമാനിച്ചുകൊണ്ട് അഭിജാതപെരുമാറ്റ മുറയോടെ ഭീമൻ ഗദാപ്രഹരത്തോടെയാണ് യാത്രയയച്ചത് എന്ന് വേണം വ്യാസൻ എഴുതാൻ. ജേതാക്കളാണ് ചരിത്രം എഴുതുക, വേണ്ടിവന്നാൽ തിരുത്തുക എന്നത് നാം നിലനിർത്തണം.

◇ ◇ ◇ 2018/06/10

“മകന് പതിനാറു തികഞ്ഞില്ല എന്ന് പറഞ്ഞത് ഉത്തരയാണ്. പക്ഷെ നിങ്ങൾ അഭിമന്യുവിന് തിരക്കിൽ വധുവിനെ കണ്ടെത്തി. കൗരവ പോരാട്ടത്തിന് സഖ്യകക്ഷികളെ കൂട്ടേണ്ട പാണ്ഡവർ വിവാഹവിരുന്നിനാണോ കൊടുക്കുക മുൻഗണന?”

കൊട്ടാരം ലേഖിക അർജ്ജുനനോട്ട് ചോദിച്ചു.

വിരാടരാജ്യത്തിലെ ഉപപ്ലവ്യ സൈനിക പാളയം. മാനം നീലിച്ചു തുടങ്ങിയ പ്രഭാതം.

“സഖ്യകക്ഷികളെ തേടുന്ന ശത്രുകൗരവർ ആദ്യം വലയിടുക വിരാടനെയല്ലേ? അജ്ഞാതവാസക്കാലത്തെ ഞങ്ങൾ ആറുപേരുടെ ഓരോ നീക്കവും രഹസ്യസംഭരണത്തിലൂടെ രേഖയാക്കി മാറ്റിയ ‘കീചകന്റെ കുപ്രസിദ്ധ പനയോലക്കെട്ടുകൾ’ ഇന്ന് വിരാടന്റെ രഹസ്യഅറയിലാണ്. അത് ദുര്യോധനൻ തട്ടിയെടുത്താൽ, ഉയരാനാവാത്ത വിധം താണുപോവും പാവം പാണ്ഡവശിരസ്സുകൾ. വിരാടനെ കൂടെ നിർത്താൻ യുധിഷ്ടരന്റെ ഹസ്തദാനം പോരാ, വിരാടപുത്രിയെ അഭിമന്യുവിന് കന്യാദാനം ചെയ്യിക്കണം. ഉത്തരാസ്വയംവരം പത്രപ്രവർത്തകർക്ക് വിരുന്നുണ്ണാനല്ല പാണ്ഡവ ശക്തിപ്രകടനമായാണ്. ചാഞ്ചാട്ടസാധ്യതയുള്ള വിരാടഹൃദയത്തെ പാണ്ഡവസഖ്യകക്ഷിയാക്കി വേണം കൗരവവിരുദ്ധ സൈനിക സഖ്യങ്ങൾ യാചിക്കാൻ.”

യുധിഷ്ഠിരൻ ഉൾപ്പെടെ മറ്റു നാലു പാണ്ഡവർ കഠിന കായികപരിശീലനം മൈതാനത്തു ചെയ്യുമ്പോൾ, അർജ്ജുനൻ കൊട്ടാരം ലേഖികയോട്ട് സംസാരിക്കുന്നതിനിടെ ഒരു കലമാനിനെ കശാപ്പു ചെയ്തു തൊലിയുരിക്കാൻ തുടങ്ങി. അരികെ കത്തിത്തുടങ്ങിയ നെരിപ്പോടിൽ പാഞ്ചാലി ഉണക്കവിറകുകൾ ചേർത്തു.

◇ ◇ ◇ 2018/06/11

“പോർക്കളത്തിൽ പുഴയോര ഊട്ടുപുരകളും അനുബന്ധതൊഴുത്തിടങ്ങളും ഒന്നോടിച്ചു നോക്കിയപ്പോൾ തോന്നിയ സംശയം-ഈ നാൽക്കാലികൾ മതിയോ മൊത്തം സൈനികർക്കു വിശപ്പകറ്റാൻ?”

കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു. കുരുക്ഷേത്ര. ആഘോഷാന്തരീക്ഷം നിറഞ്ഞ യുദ്ധഭൂമി. വാളെടുക്കാൻ ഇനി ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രം. ഉപപ്ലാവ്യയിൽ നിന്ന് പാണ്ഡവസഖ്യസൈന്യവും എത്തി പാളയമടഞ്ഞിരുന്നു.

“രാവിലെ പോരാട്ടത്തിന് പോവുമ്പോൾ ധാന്യാഹാരമരുത് പാതി വേവിച്ച മാംസം മതിയെന്ന ഇരുപക്ഷ ധാരണയായി. ആ നിലക്ക് നോക്കിയാൽ നമ്മുടെ കൈവശമുള്ള നൽക്കാലികൾ പത്തുദിവസത്തിനുണ്ട്. അതിനകം നിർണായകവിജയം നേടാതെ പോരാളികൾ ‘നിരങ്ങുക’യാണെങ്കിൽ,ഭക്ഷണക്രമത്തിൽ മാറ്റം വരും. മൃഗമാംസക്ഷാമത്തിന് പരിഹാരം യുദ്ധഭൂമിയിൽ നിന്ന് തന്നെ കണ്ടെത്താൻ സൈനികർ അപ്പോൾ തയ്യാറാവണം. മേനിക്കൊഴുപ്പുള്ള സൈനികരെ തലവെട്ടാതെ ബന്ദിയാക്കി പിടികൂടി ഊട്ടുപുരയിലേക്കുള്ള മാംസലഭ്യത നിലനിർത്താൻ സഹകരിക്കണം. മനുഷ്യമാംസം മൃഗമാംസത്തിനു തുല്യമാണോ എന്നോ? അത് പോരാട്ടത്തിനിടയിൽ പ്രായോഗികതലത്തിൽ പരീക്ഷിക്കപ്പെടട്ടെ. അപ്പോൾ അതൊരുത്തമ കീഴ്വഴക്കമൊവും. നിലം ഉഴുവാനും പാലുൽപ്പന്നങ്ങൾക്കുമായി വേണ്ടി കർഷകർ വളർത്തുന്ന വീട്ടുമൃഗങ്ങളെ കൊണ്ട് തന്നെ സൈനികഭക്ഷണം മാംസഭരിതമാക്കണം എന്ന വാശി നടക്കുമോ? ആരോഗ്യവും ശരീരക്കൊഴുപ്പുമുള്ള താൽക്കാലിക സൈന്യങ്ങളിൽ നിന്ന് നേടണം അന്നന്നത്തെ അപ്പം എന്ന് നിബന്ധനവച്ചാൽ തീരും നിങ്ങൾ കെട്ടിപ്പൊക്കുന്ന മാംസദൗർലഭ്യം. ഒരു നേരത്തെ തീൻശാലമാംസസമൃദ്ധിയല്ല ഒരു യുദ്ധത്തിന്റെ വിജയമാണ് ഉന്നം. ഞങ്ങളുടെ ആയുധപ്രദർശനം കാണാൻ വരൂ. എല്ലാം മനുഷ്യനിർമ്മിതം പാണ്ഡവരെ പോലെ ‘ദിവ്യായുധ’ങ്ങൾ ഇവിടെ ഇല്ല.”

“കലഹിക്കുന്ന കൗരവ-പാണ്ഡവ പേരക്കുട്ടികളെ കൊട്ടാരത്തിൽ ഉപേക്ഷിച്ച്, കാനനഛായയിൽ ആട്ടമേക്കാൻ നിങ്ങളിരുവരും ഒരുങ്ങിക്കഴിഞ്ഞോ?”

വിചിത്രവീര്യവിധവകളും, പാണ്ഡു-ധൃതരാഷ്ട്ര മാതാക്കളും ആയ അംബിക, അംബാലിക എന്നിവരോട് കരുണയില്ലാതെ കൊട്ടാരം ലേഖിക ചോദിച്ചു.

“പ്രകൃതി ഞങ്ങൾ മൂന്നു സഹോദരിമാർക്കും തന്ന സ്വയംവരം തട്ടിത്തെറിപ്പിച്ച് നിസ്സഹായമായ ഈ പെണ്ണുടലുകളെ എടുത്തു പന്താടിയ ഭീഷ്മരിന്നും മഹാരാജാവിനൊപ്പം രാജസഭയിൽ ഞെളിഞ്ഞിരിക്കുമ്പോൾ ഞങ്ങൾ ഈ പടിയിറങ്ങുന്നതു പ്രതിഷേധത്തിലൂടെയാണ്. ക്ഷയരോഗിയായ വിചിത്രവീര്യന്റെ കഫവും രക്തവും തെറിച്ച കിടപ്പറയിലേക്ക് ഞങ്ങളെ വലിച്ചെറിഞ്ഞ സത്യവതിയോടൊപ്പമാണ് ഞങ്ങൾ കാട്ടിലേക്ക് പോവുന്നതെങ്കിലും, അവരെ പച്ചക്കു കത്തിച്ച ശേഷം മാത്രമേ കരിമ്പുലികൾക്കു തിന്നാൻ ഞങ്ങൾ സ്വയം എറിഞ്ഞുകൊടുക്കുകയുള്ളൂ. വൃത്തികെട്ട ഒരു കള്ളൻമുനി ഞങ്ങളെ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ചപ്പോൾ, ഞങ്ങളുടെ ശരീരങ്ങൾ പ്രതിഷേധിച്ചപ്പോൾ, അയാൾ തന്ന ശാപമാണ് ലൈംഗിക ക്ഷമതയില്ലാത്ത പാണ്ഡുവും കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രരും. സത്യം മുഖത്ത് നോക്കി പറയാൻ ധൈര്യപ്പെട്ടതിനു വ്യാസൻ ഞങ്ങൾക്ക് സത്യവതിയിലൂടെ തന്ന ശിക്ഷയാണ് ഈ കാനനവാസം. നീണ്ടകാല പുരുഷാധിപത്യത്താൽ അൽപ്പം പരിക്ഷീണരെങ്കിലും ഉച്ചത്തിൽ പ്രതിഷേധിക്കാതെ ഞങ്ങളുടെ പ്രാണൻ വിടില്ല.”

മുന്നിൽ അകലം പാലിച്ചു നടക്കുകയായിരുന്ന മുൻ രാജമാതാവ് സത്യവതി, ഇരു പുത്രവധുക്കളെയും മുഖം തിരിച്ചൊന്നു തുറിച്ചു നോക്കി. അതോടെ ആ നിർഭാഗ്യവതികൾ നിശബ്ദരായി.

◇ ◇ ◇ 2018/06/12

“വഴിയിൽ കുഴഞ്ഞു വീണു കഥാവശേഷയായ പാഞ്ചാലിയെ മറവു ചെയ്ത ശേഷമാണ് ഓടിപിടഞ്ഞെത്തിയ ഞാൻ നിങ്ങളെ ഇപ്പോൾ കണ്ടു മുട്ടിയത്. എങ്ങനെ ഓർക്കുന്നു ആ വിചിത്ര സ്ത്രീയെ?”

കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് കിതച്ചു കൊണ്ട് ചോദിച്ചു.“ആകസ്മികമായി ഞങ്ങളുടെ ദാമ്പത്യത്തിൽ അവൾ വന്നു. വന്നു പെട്ടു എന്നതാണ് കൂടുതൽ ശരി. നീണ്ടകാല ദുരനുഭവങ്ങളിലൂടെ പാഞ്ചാലീ പാണ്ഡവ ദാമ്പത്യം കടന്നു പോയി എന്ന അടിസ്ഥാന വസ്തുത മാറ്റി വച്ചാൽ, ആ സ്ത്രീയുടെ ജന്മാന്തരങ്ങളെ കുറിച്ചെന്തെങ്കിലും പറയാൻ ഞാൻ ഇപ്പോഴും അശക്തൻ. തിരക്കുണ്ട്. ഇനിയും വടക്കോട്ടുള്ള വഴിയിൽ ആരും നോക്കാനാളില്ലാതെ കൊഴിഞ്ഞു പോവേണ്ടവർ ഞങ്ങൾ പാണ്ഡവർ. വിട.”

കുരുക്ഷേത്രവിധവകൾക്കും ആൺമക്കളെ നഷ്ടപ്പെട്ട വയോജനങ്ങൾക്കും ഒരുനേരം സൗജന്യഭക്ഷണം, അതല്ലേ യുദ്ധാനന്തര പാണ്ഡവഭരണകൂടത്തിന്റെ ആദ്യപരിഗണന?” മഹാരാജാവിന്റ മുമ്പിൽ കൊട്ടാരം ലേഖിക മുട്ടുകുത്തി കൈമുത്തി.

“അടിമത്തനിർമാർജ്ജനം-അതാണ് മുൻഗണന. വ്യാഴവട്ടക്കാല വനജീവിതം അതെന്തെന്നു രാവു പകൽ പഠിപ്പിച്ചു. ഇനിയതു, ഭർത്താക്കന്മാർ നഷ്ടപ്പെട്ട കൗരവരാജസ്ത്രീകൾക്ക് ഉണ്ടാവരുത്. അവർക്ക് ഭൃത്യാതുരതയുമായി അഭിരമിക്കാൻ ഗംഗയാറൊഴുകുന്ന ഉൾനാട്ടിൽ വൃദ്ധസദനങ്ങൾ പണിയും. ആടിയും പാടിയും അവരവിടെ ജീവിത സായാഹ്നത്തിലെ ഓരോ നാളും കഴിക്കും.” ഔദ്യോഗിക രാജമന്ദിരങ്ങളിൽ നിന്ന് കുരുക്ഷേത്രവിധവകളെ ബലം പ്രയോഗിച്ചു കുടിയൊഴിപ്പിക്കുന്ന കർമപരിപാടി തുടങ്ങുകയായിരുന്നു നന്നേ രാവിലെ പുതിയ ഹസ്തിനപുരി ഭരണാധികാരിയും കൂട്ടാളി ഭീമനും.

“പുതിയ ഭരണകൂടപദവിയേറ്റ ശേഷം യുധിഷ്ഠിരൻ ഞങ്ങളെ കണ്ടാൽ മിണ്ടിപ്പറയാറൊന്നുമില്ലെങ്കിലും, ചുണ്ടുവിടർത്തി ഒന്ന് പുഞ്ചിരിക്കാറുള്ള മഹാരാജാവ് കഴിഞ്ഞ ഒരാഴ്ചയായി കണ്ടാൽ പെട്ടെന്ന് മുഖം തിരിക്കും. ഔദ്യോഗികവക്താവിനെ കാത്ത് ചിലപ്പോൾ ഞങ്ങൾ അരമണിക്കൂർ കൊട്ടാരമുറ്റത്തു കാത്തുനിൽക്കുമ്പോൾ ഇത്തരം ‘രാജകീയഅവഗണന’ ആദ്യമാണ്. ദുര്യോധനനൊക്കെ എപ്പോൾ കണ്ടാലും ‘എന്തുണ്ട് വിശേഷം’ എന്ന് ചോദിക്കുന്ന സൗഹാർദ്ദം ഇവിടെ നിലനിന്നു എന്നോർക്കണം. യുധിഷ്ഠിരന് എന്തെങ്കിലും കുഴപ്പം?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

ചാലുകീറി കോട്ടക്കുള്ളിലെ പുതിയ മഴക്കുഴിയിലേക്കു മഴവെള്ളം തിരിച്ചുവിടാനുള്ള തിരക്കിലായിരുന്ന മിന്നുന്ന ശരീരമുള്ള ആ അർദ്ധനഗ്നൻ. ‘എന്ത് ജോലിയും പാണ്ഡവർ ചെയ്യും’ എന്ന പദ്ധതിയുടെ പ്രചാരകനും.

“നമ്മളൊക്കെ നിസ്സാരമനുഷ്യജന്മങ്ങൾ എന്നൊക്കെ ഉന്നതാധികാരസമിതി യോഗത്തിൽ അഭിപ്രായ വ്യത്യാസം വന്നാൽ ഞങ്ങളെ ഒതുക്കാൻ യുധിഷ്ഠിരൻ പറയുമെങ്കിലും, പാഞ്ചാലിയോട് കിടപ്പറയിൽ അതിഭാവുകത്വത്തിന്റെ അതിപ്രസരത്തിൽ പറഞ്ഞ അന്തിമാഭിലാഷമാണ് അനവസരത്തിലായതു. പെട്ടെന്ന് ഞാൻ മരിക്കയാണെങ്കിൽ നീ അനുസ്മരണപ്രഭാഷണത്തിൽ ഏങ്ങലടിച്ചു പറയണം, ഏറ്റവും ഒടുവിൽ നിൽക്കുന്ന നിർദ്ധനൻ പോലും നമ്മെ പോലെ മൂന്നു നേരം കാളയിറച്ചി കൂട്ടി ഊണു കഴിക്കാനാവുന്ന ദിവസം വരെ ഞാൻ അസന്തുഷ്ടനായിരിക്കും. മഹാരാജാവ് രാത്രി കിടക്കും മുമ്പ്, നിലത്തു മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനു ഞാൻ സത്യസാക്ഷി എന്ന്. ആർത്തു ചിരിച്ചുകൊണ്ടവൾ മുറി വിട്ടു പുറത്തു പോയതാണ് ആ പ്രജാക്ഷേമതല്പരന്റെ ദുഖത്തിന് കാരണം, പിന്നെ അവൾ അയാളുടെ മുറിയിൽ പോവാറില്ല. അതോടെ മിണ്ടാട്ടം നിലച്ചു. മൃദുലവികാരങ്ങൾക്കു മുറിവേറ്റാൽ നമ്മുടെ പെരുമാറ്റത്തിലും അത് നിഴലിക്കില്ലേ?” മഴ നിന്നെങ്കിലും പെട്ടെന്നുയർന്ന ജലനിരപ്പു സമർത്ഥമായൊരു ‘ഭീമ’ നീക്കത്തിലൂടെ മഴക്കുഴിയിലേക്കു അയാൾ തിരിച്ചുവിട്ടു.

◇ ◇ ◇ 2018/06/13

“എന്തോ നേടിയെന്ന മട്ടിൽ ജേതാക്കളുടെ കെട്ടിപ്പൊക്കിയ ആവേശത്തോടെ, ഭർത്താക്കന്മാർ ഹസ്തിനപുരി കോട്ട പിടിച്ചെടുക്കാൻ അടുത്ത പടി മാറിനിന്ന ആസൂത്രണം ചെയ്യുമ്പോൾ, നിങ്ങൾ, നിങ്ങൾ മാത്രം, ഭീമഗദാപ്രഹരത്തിൽ തുടയെല്ല് തകർന്നു കിടക്കുന്ന ദുര്യോധനനോട്ട് എന്തോ മൃദുവായി ചോദിക്കുന്ന പോലെ ദൂരെ നിന്ന് എനിക്ക് തോന്നി.” യുദ്ധകാര്യലേഖകൻ പാഞ്ചാലിയോട്ട് ചോദിച്ചു.

“നിങ്ങൾ, നിങ്ങൾ തന്നെയല്ലേ ജീവകാലം മുഴുവൻ എന്നെ തുണിയുടിപ്പിച്ചും അഴിച്ചും വേട്ടയാടിയ ശത്രു എന്ന് ഞാൻ വിരൽ ചൂണ്ടി ചോദിച്ചു. അപ്പോൾ ഇരു കൈകളും നീട്ടി ‘എന്നും ഞാൻ നിന്റെ ആരാധകൻ’ എന്ന് പറഞ്ഞുകൊണ്ടവൻ ഒരിറ്റു കുടിനീരിനു യാചിച്ചപ്പോൾ, മേൽവസ്ത്രം നീക്കി മുലപ്പാൽ ഇറ്റിറ്റായി അവന്റെ ചുണ്ടിൽ ഞാൻ ഒഴിച്ചു കൊടുത്തു. അത് വിറയ്ക്കുന്ന ചുണ്ടുകളോടെ നുണച്ചു കൊണ്ടവൻ ശാന്തനായി. ഒരു പെണ്ണെന്ന നിലയിൽ അത്രയും ചെയ്യാൻ എനിക്കവനോട്ട് ബാധ്യതയുണ്ട്.” ഭാര്യയെ അന്വേഷിച്ചു മാദ്രിപുത്രൻ നകുലൻ ഓടിക്കിതച്ചെത്തുന്നത് കണ്ട പാഞ്ചാലി യുദ്ധകാര്യലേഖകനോട്ട് യാത്ര പറഞ്ഞു.

“ഒളിപ്പോരാളികളായ പാണ്ഡവരിൽ നിന്നുള്ള ആക്രമണം ചെറുക്കാൻ കൗരവസൈന്യം പതിമൂന്നു വയസ്സ് കഴിഞ്ഞ ആൺകുട്ടികളെ സൈനിക ബാലവേലക്കു നിയമിക്കും എന്ന് ദുര്യോധനൻ ഔദ്യോഗിക വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടും, നിങ്ങൾ എന്തിനാണ് ശത്രുക്കൾക്കു വേണ്ടി കൗരവഭരണകൂടത്തെ ഈ പരീക്ഷണഘട്ടത്തിൽ വിമർശിക്കുന്നത്?” കോട്ടവാതിലിനു മുമ്പിലുള്ള പ്രതിഷേധവേദിയിൽ നിരാഹാരസമരം ചെയ്യുന്ന യുക്തിവാദി ചാർവാകനോട്ട് കൊട്ടാരം ലേഖിക നീരസത്തോടെ ചോദിച്ചു.

“പതിമൂന്നു എന്നൊക്കെ ഒരു പൊതുസമ്മതിക്കു വേണ്ടി അയാൾ പറയുന്നതല്ലേ? ഇന്നലെ രാത്രി എന്റെ രണ്ടുകുട്ടികളെ കൗരവസംഘം തട്ടിക്കൊണ്ടു പോയത് അത്താഴം കൊടുത്തു അവരെ ഉറക്കുമ്പോഴാണ്. ഒന്നിന് എട്ടും ഒന്നിന് പത്തും. കൊച്ചു ബ്രാഹ്മണകുട്ടികളെ അങ്ങനെ നിർബന്ധിക്കാമോ എന്ന് അമ്മ ചോദിച്ചപ്പോൾ, അവളുടെ കവിളിൽ വിരൽ കൊണ്ട് കുത്തി അവർ പറഞ്ഞു, ബ്രാഹ്മണയോദ്ധാക്കളുടെ ഭൃത്യന്മാരായി മാത്രമേ ബ്രാഹ്മണകുട്ടികളുടെ സേവനം വിട്ടുകൊടുക്കു എന്ന് നിങ്ങൾക്കറിയില്ലേ? ദ്രോണർ, കൃപർ, അശ്വത്ഥാമാവ് എന്നിങ്ങനെ കുപ്രസിദ്ധ യോദ്ധാക്കളുടെ പേരുകളും പുറത്തുവിട്ടു.

ഇത് ചാർവാകന്റെയോ ദ്രോണാദികളുടെയോ മാത്രം പ്രശ്നമായി നിങ്ങൾ പത്രപ്രവർത്തകർ ചുരുക്കിക്കാണരുത്. ഇത് ബാലവേലക്കെതിരെ അന്താരാഷ്ട്ര മനുഷ്യ മനഃസ്സാക്ഷിയെ ഒന്നുണർത്താനുള്ള നിരാഹാരമാണ്.” പറഞ്ഞു തീരുമ്പോഴേക്കും, ‘രാജ്യവിരോധി രാവിലെ തുടങ്ങിയോ കൊട്ടാരം ഊട്ടുപുരയിൽ നിന്ന് പൊരിച്ച മുയലിറച്ചിയും തിന്നു, നിറഞ്ഞ വയറുമായി നീ ഈ കപട നിരാഹാരം?’ എന്ന് പറഞ്ഞുകൊണ്ട് അശ്വാരൂഢനായ ദുര്യോധനപുത്രൻ, ചാർവാകനെ കഴുത്തിലൂടെ കുരുക്കെറിഞ്ഞു അരയിൽ കുടുക്കി, വലിച്ചു കഴുതപ്പുറത്തിട്ടു അതിവേഗം പീഡനകേന്ദ്രത്തിലേക്കു പോയി.

“യുദ്ധകാലത്ത്മഹാരാജാവ് ഒച്ചവെച്ചു ആഭാസകരമായി നൃത്തം ചെയ്യുകയും,ഗാന്ധാര ഭാഷയിലൊരു ഉത്സവഗീതം, മഹാറാണി കൺകെട്ടഴിച്ചു ആലപിക്കയും ചെയ്യുന്നത് കണ്ടു എന്നാണു നിങ്ങൾ കൊട്ടാരം ലേഖിക യുമായുള്ള അഭിമുഖത്തിൽ പറഞ്ഞു നിർത്തിയത്. അവൾ ശ്രദ്ധിച്ചു കേൾക്കാത്തത് കൊണ്ടാണോ, നിങ്ങൾ പറഞ്ഞതിൽ അവ്യക്തത ഉള്ളതു കൊണ്ടാണോ, അഭിമുഖവാർത്ത വായിച്ചപ്പോൾ ഇവിടെ വന്നു വിശദീകരണം ചോദിക്കണമെന്ന് തോന്നി. ധൃതി വേണ്ട, ആ സന്ദർഭം കൃത്യമായി ഒന്നോർത്തെടുക്കാമോ?”

യുദ്ധകാര്യലേഖകൻ ധൃതരാഷ്ട്രഭൃത്യനോട്ട് ചോദിച്ചു. യുദ്ധാനന്തരഹസ്തിനപുരിയിൽ പാണ്ഡവ ഭരണകൂടം അധികാരത്തിൽ വന്നപ്പോൾ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ഒരാളായിരുന്നു, സ്ഥാനമൊഴിഞ്ഞ മഹാരാജാവ് ധൃതരാഷ്ട്രരിൽ ഒരിക്കൽ ദുഃസ്വാധീനം ചുമത്തിയിരുന്ന ഈ സൂതഭൃത്യൻ സഞ്ജയൻ.

“കൗരവരുടെ കുത്തും ചവിട്ടുമേറ്റ അഭിമന്യു പിടഞ്ഞു നിലത്തു വീണപ്പോൾ, അവന്റെ കഴുത്തിൽ ചവുട്ടി കർണൻ, വിജയചിഹ്നമായി തള്ളവിരലടയാളം കാണിച്ച് ശത്രു മരിച്ചു എന്ന് ദുര്യോധനനെ അറിയിച്ച വിവരം തത്സമയം ഹസ്തിനപുരിയിൽ കണ്ട ഞാൻ ധൃതരാഷ്ട്രരെ ശബ്ദം താഴ്ത്തി അറിയിച്ചപ്പോൾ, അതുവരെ കുനിപ്പിടിച്ചിരിക്കയായിരുന്ന ധൃതരാഷ്ട്രർ സഹിക്കവയ്യാത്ത ആഹ്ലാദം കൊണ്ട് അടുത്തുണ്ടായിരുന്ന ഗാന്ധാരിയെ വലിച്ചടുപ്പിച്ചു തിരുവായിൽ തിരുവാ ചേർക്കുന്ന ആ ജുഹുപ്സാവഹമായ കാഴ്ച-അതാണോ നിങ്ങൾ പരാമർശിക്കുന്ന രാജകീയ നൃത്തവും ഗാനാലാപവും? വനിതാ പത്രപ്രവർത്തകയായതുകൊണ്ട് വാമൊഴിയിൽ അശ്ലീലം വരാതിരിക്കാൻ നേരിയതോതിൽ ഭാഷ ഞാൻ മാറ്റിയതുകൊണ്ടാണോ എന്നും സംശയമുണ്ട്. കണ്ടത് കൃത്യമായി പറയാൻ മുൻവിധികൾ അല്ലെങ്കിലും നമ്മെ സമ്മതിക്കുകയില്ലല്ലോ.”

ഇതിഹാസരചനക്ക് ഒരു പനയോലക്കെട്ടുമായി കൊട്ടാരത്തിൽ തമ്പടിച്ചിരുന്ന വ്യാസനു മഹാഭാരതയുദ്ധകഥ തത്സമയം കണ്ടതും കേട്ടതും പറഞ്ഞു കൊടുക്കാൻ, ഇടയ്ക്കിടെ ഇരുചെന്നികളിലും മുഷ്ടികൊണ്ട് ഇടിച്ചു ഓർമപ്പേടകം തുറക്കുകയായിരുന്നു ജീവിതസായാഹ്നത്തിൽ ആ വൃദ്ധഭൃത്യൻ.

◇ ◇ ◇ 2018/06/14

“ജേതാക്കളെന്ന വ്യാജേന ചെങ്കോൽ പിടിച്ചെടുക്കാൻ ഓടിക്കിതച്ചെത്തിയ പാണ്ഡവരെ ആചാരവെടി കൊണ്ട് ആനയിക്കുകയല്ല, ആതുരാലയത്തിലേക്കു കൊണ്ടുപോവുകയാണ് വേണ്ടത് എന്നൊക്കെ നിങ്ങൾ വലിയ വായിൽ പ്രസംഗിക്കുന്നത് ശ്രദ്ധയിൽ പെട്ടു. ജയിച്ചവർ അവർ തന്നെ എന്നതിന് തെളിവല്ലേ ഉയിരോടെ എത്തി എന്നതും നൂറു കൗരവരുടെ ജഡം തിരിച്ചറിഞ്ഞതും? ക്ഷീണമുണ്ടെങ്കിലും പാണ്ഡവർക്ക് ചിത്തഭ്രമം?”

കൊട്ടാരം ലേഖിക ചോദിച്ചു.

കൗരവാനുകൂലികളുടെ സമ്മേളനത്തിൽ ചെയ്ത വികാരഭരിതപ്രസംഗത്തിന് കിട്ടിയ കയ്യടിയിൽ സന്തുഷ്ടനായിരുന്നു അർദ്ധനഗ്ന യുക്തിവാദി ചാർവാകൻ.

“ഉടൻ ചികിത്സ കിട്ടിയില്ലെങ്കിൽ യുധിഷ്ഠിരൻ സ്വയം ഇന്ദ്രപ്രസ്ഥം ചക്രവർത്തി എന്ന് വീണ്ടും വഴിയിൽ ഓരോയിടത്തും അവരോധിക്കും. ഭീമൻ രൗദ്രഭീമനായി ഇരകളെ തേടും. വിഷാദരോഗിയായി അർജ്ജുനൻ അലഞ്ഞുനടക്കും. ചിതയിൽ മാദ്രിയെ തള്ളിയിട്ടു എന്ന പഴയ ആരോപണം പൊടിതട്ടി നകുലനും അനുജനും കുന്തിയെ വേട്ടയാടും. വടക്കൻ മലഞ്ചെരുവുകളിലെ സുഖവാസ കേന്ദ്രത്തിൽ (അരുത് ഇനിയൊരു വരണാവതം മാതൃക) മാറ്റിപ്പാർപ്പിക്കു. കുന്തവും ഗദയുമല്ല മഴയും നിലാവും നിറഞ്ഞ വേറൊരു ലോകമുണ്ടെന്ന കാര്യം അവരിൽ തിരിച്ചുവരണം. കുരുക്ഷേത്ര അവർക്കു ആത്മപീഡനകേന്ദ്രമായിരുന്നു. പന്ത്രണ്ടു വർഷക്കാലത്തെ ആ വനവാസം, അജ്ഞാതവാസവും പതിനെട്ടുനാൾ പോരാട്ടവും കഴിഞ്ഞപ്പോൾ അവർക്കോർമ്മയില്ല. വേണ്ടത് കൊച്ചു കൊച്ചു കൈത്തൊഴിലുകളും അന്തിയുറങ്ങാൻ വെവ്വേറെ കുടിലുകളും-ഏറ്റവും പ്രധാനം പാഞ്ചാലിയെ അവർക്കൊപ്പം ഇനി അയക്കരുത്. സ്വന്തം ഇച്ഛാശക്തി കൊണ്ടവൾ ഇത്രയും കാലം പേ പിടിക്കാതെ പിടിച്ചു നിന്നതു പ്രകൃതിയുടെ സൗജന്യം.

“സ്മൃതിനാശം വന്ന കുന്തിയെ നിങ്ങൾ ആട്ടിത്തെളിയിച്ച കാട്ടിലേക്കയച്ച എന്നാണ കൃപാചാര്യൻ പരിതപിക്കുന്നത്. വല്ല കഴമ്പുമുണ്ടോ ആചാര്യന്റെ ആരോപണത്തിൽ?”, കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോട്ട് ചോദിച്ച.

“കുന്തിയുടെ സ്മൃതിനാശം ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറും മുമ്പ് തന്നെ കൃപാചാര്യനടക്കം ഹസ്തിനപുരിയിൽ എല്ലാവർക്കും വ്യക്തമായിരുന്നല്ലോ. ഞങ്ങളുടെ കൂടെ വരൂ അമ്മാ ഞാൻ എന്ന് ക്ഷണിച്ചപ്പോൾ, നീ എപ്പോഴാണ് എന്റെ മകനായത്, എനിക്കൊരു മകനേയുള്ളൂ അവൻ തേജസ്വിയായ സൂര്യപുത്രൻ” എന്നാണവർ മറ്റ പാണ്ഡവരുടെ സാന്നിധ്യത്തിൽ പറഞ്ഞത്. വയോജനനങ്ങൾക്കും വേണം അന്ത്യദിനങ്ങളിൽ ഹിമാലയത്തിൽ വിശ്രമം എന്ന ഗുരുകുല സംവാദത്തിലേക്ക് പോവാൻ തേരിൽ കയറുകയായിരുന്ന ആയിരം പൂർണചന്ദ്രന്മാരെ കണ്ട മാദ്രിപുത്രൻ.

“സ്മൃതിനാശം വന്ന കുന്തിയെ നിങ്ങൾ ഗാന്ധാരിക്കൊപ്പം ആട്ടിത്തെളിയിച്ച കാട്ടിലേക്കയച്ച എന്നാണ കൃപാചാര്യൻ പരിതപിക്കുന്നത്. വല്ല കഴമ്പുമുണ്ടോ ആചാര്യന്റെ ആരോപണത്തിൽ?”,

കൊട്ടാരം ലേഖിക ചാരവകുപ്പ് മേധാവി നകുലനോട്ട് ചോദിച്ച.

“കുന്തിയുടെ സ്മൃതിനാശം ഞങ്ങൾ ഖാണ്ഡവവനത്തിലേക്ക് കുടിയേറും മുമ്പ് തന്നെ കൃപാചാര്യനടക്കം ഹസ്തിനപുരിയിൽ എല്ലാവർക്കും വ്യക്തമായിരുന്നല്ലോ. ഞങ്ങളുടെ കൂടെ വരൂ അമ്മാ ഞാൻ എന്ന് കുന്തിയെ ഉപചാരപൂർവ്വം ക്ഷണിച്ചപ്പോൾ, നീ എപ്പോഴാണ് എന്റെ മകനായത്, എനിക്കൊരു മകനേയുള്ളൂ അവൻ തേജസ്വിയായ സൂര്യപുത്രൻ” എന്നാണവർ മറ്റ പാണ്ഡവരുടെ സാന്നിധ്യത്തിൽ പറഞ്ഞത്.”

വയോജനനങ്ങൾക്കും വേണം അന്ത്യദിനങ്ങളിൽ ഹിമാലയത്തിൽ വിശ്രമം എന്ന ഗുരുകുല സംവാദത്തിലേക്ക് പോവാൻ തേരിൽ കയറുകയായിരുന്ന ആയിരം പൂർണചന്ദ്രന്മാരെ കണ്ട ആ ഇളമുറ പാണ്ഡവൻ.

“പ്രതിരോധവഴിയാണ് നിങ്ങൾ കാരുണ്യകൗരവർ ഹീനപാണ്ഡവരുടെ ആക്രമണവാസനക്ക പകരമായി തിരഞ്ഞെടുത്ത ജീവനോപാധിയെങ്കിൽ, എന്തിനിത്ര ഭാരിച്ച ചെലവേറ്റെടുത്തു? ദൂരെ കുരുക്ഷേത്രയിൽ പോരാട്ടവേദിയൊരുക്കി അവരെ കൊല്ലാൻ ക്ഷണിക്കേണ്ട കാര്യം? ഹസ്തിനപുരി കോട്ടയുടെ വിള്ളലടച്ച അകത്തു കാത്തിരിക്കാമായിരുന്നില്ലേ പാതിരാമിന്നലാക്രമണത്തിന വരുന്ന അർദ്ധ സഹോദരരെ കയ്യോടെ പിടികൂടാൻ?”

കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ച. നടുവൊടിഞ്ഞു ചതുപ്പനിലത്തിൽ മരണം കാത്ത് തളർന്നുകിടക്കുകയായിരുന്ന ദുര്യോധനനോട്ട് കൊട്ടാരം ലേഖിക ചോദിച്ച.

“കൂടെ കിടക്കുന്ന പെണ്ണിനെ പണയം വച്ച് ചൂതാടുന്ന പാണ്ഡവരെ പോലെയാണോ കൗരവർ അവരുടെ രാജസ്ത്രീളെ എക്കാലവും പരിചരിച്ചത്? പ്രതിരോധവഴിയിലെന്തെങ്കിലും വീഴ്ച പറ്റി പാപിപാണ്ഡവർ ഇടിച്ചുകയറി കൗരവരാജസ്ത്രീകളെ വസ്ത്രാക്ഷേപത്തിന ശ്രമിച്ചാൽ ഏല്ലാ കൗരവകുടുംബങ്ങളിലെയും മൊത്തം വനിതകളും കൂട്ട ആത്മഹത്യ ചെയ്യുമെന്ന് ഭാര്യ എന്നെ താക്കീതു ചെയ്തു. അതോടെ ഞങ്ങൾ കുരുക്ഷേത്ര എത്രയും വേഗം യുദ്ധഭൂമിയാക്കി. രാജസ്ത്രീകൾ ഭയമില്ലാതെ കിടക്കാൻ, ഞങ്ങൾ ഈ കുറ്റിക്കാട്ട് വെട്ടി നിരപ്പാക്കി ശത്രുക്കൾക്ക പാളയം പോലും പണിതുകൊടുത്തു.” ഭീഷണനോട്ടത്തോടെ രണ്ടു കഴുകന്മാർ ഇരയുടെ ചുറ്റും ചിറകടിച്ച.

“വിവാഹപൂർവ്വ രതിസാഹസത്തിൽ നിങ്ങൾക്കൊരു കുട്ടിയുണ്ടായിരുന്ന എന്ന വസ്തുത ഒളിപ്പിച്ചുവച്ചാണ് പാണ്ഡുവിനെ ഭർത്താവായി സ്വീകരിച്ചതെന്ന കൊട്ടാരരഹസ്യം അങ്ങാടിപ്പാട്ടാക്കുമെന്ന ഗാന്ധാരി പേടിപ്പിച്ചാണ് മഹാരാജപദവി ഉപേക്ഷിച്ച പാണ്ഡുവിനെ കാട്ടിലേക്കയച്ചെന്ന വാർത്തയിപ്പോഴും കുതിരപ്പന്തികളിൽ പ്രചരിക്കുന്നുണ്ടല്ലോ. എങ്ങനെ വേണം ഹസ്തിനപുരി പൊതുസമൂഹം ഇതിനെ കാണാൻ?” കൊട്ടാരം ലേഖിക കുന്തിയോട്ട് ചോദിച്ച. പാണ്ഡുവിധവയും അഞ്ചു കുട്ടികളും അഭയാർഥികളായി വിദുരഗൃഹത്തിൽ കഴിയുന്ന ഇടവേള.

“വിവാഹത്തിനുമുമ്പ് പാണ്ഡുവിന്റെ രതിയനുഭവങ്ങളുടെ ആൾവിവരപ്പട്ടിക തന്നാൽ മാത്രമേ അയാളുടെ കൈപിടിക്കൂ എന്ന നിബന്ധന ഞാൻ വച്ചിരുന്നുവോ? ഭാര്യയുടെ അവിഹിതസന്തതിയെ കുറിച്ചിത്ര മുൻവിധിയുള്ള പാണ്ഡുവിന, സ്വന്തം ഷണ്ഡത്വത്തെ കുറിച്ച് വാ തുറക്കാനെന്തായിരുന്ന മടി? കായിക ക്ഷമതയുള്ളവനായിരിക്കും കുരുവംശരാജാവെന്ന പ്രതീക്ഷയിൽ, മകളെ പാണ്ഡുവിന് ‘കന്യാദാനം’ ചെയ്ത മാദ്രരാജാവ്അർപ്പിച്ച വിശ്വാസത്തെ തകർക്കാൻ വൈമനസ്യം പാണ്ഡു കാണിച്ചുവോ? അതോ, സ്വന്തം രതിയനുഭവം നിഷേധിക്കപ്പെട്ടത് മുനിശാപം കൊണ്ടെന്ന കാരണം കൊട്ടാരം പാട്ടുകാരെക്കൊണ്ട് നാടാകെ പാടിപ്പിച്ചല്ലേ അയാൾ വനവാസത്തിന ഞങ്ങളെയും കൂട്ടി പോയത്? വംശം നിലനിർത്താൻ ‘പ്രായോഗിക പ്രതിവിധി’ തേടുമെന്ന പാണ്ഡുനിർദ്ദേശം എന്ത് ‘വഴി’യാണ് അയാൾ എനിക്കും മാദ്രിക്കും തുറന്നിട്ടതെന്ന കുതിരപ്പന്തിയിൽ കേട്ടുവോ? കുട്ടികൾ അഞ്ചു തികഞ്ഞപ്പോൾ, ‘ബലേ ഭേഷ്, എന്ന് പറഞ്ഞല്ലേ ആ കിടപ്പുരോഗി കഥാവശേഷനായത്? കൂടുതൽ പ്രകോപിപ്പിച്ചാൽ ഒരു കഴുതച്ചുമട്ട് അന്തഃപുര വിഴുപ്പുകെട്ടുകൾ പുറത്തെടുക്കാൻ കുരുവംശ ചരിത്രത്തിൽ നിന്നെനിക്ക കിട്ടും. പാണ്ഡുവിന്റെ മഹാറാണിയായി ഞാനിവിടെ കഴിയുമ്പോൾ ഗാന്ധാരി എവിടെ ആയിരുന്ന എന്നൊന്നും ഇപ്പോൾ ഞാൻ വെളിപ്പെടുത്തുന്നില്ല.”

“പെറ്റ കുട്ടികളെ പാഞ്ചാലി പോറ്റി വളർത്താത്തതു കണ്ടു മനം തപിച്ചാണ് നിങ്ങൾ അവരെ പാഞ്ചാലയിൽ കൊണ്ടു പോയി വളർത്താൻ ഏൽപ്പിച്ചത് എന്നോ?” അവിശ്വാസം നിഴലിക്കുന്ന ശബ്ദത്തിൽ കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിയോട്ട് ചോദിച്ചു.

“നേരത്തിനു ഭക്ഷണം കൊടുക്കാതെയും കുളിപ്പിച്ച് വസ്ത്രം മാറ്റാതെയും എന്തിനാണ് നീ കൊച്ചുകുഞ്ഞുങ്ങളെ കഷ്ടപ്പെടുത്തുന്നത് എന്നു ഞാൻ വിമ്മിഷ്ടത്തോടെ ചോദിച്ചാൽ, ‘ഇത് നിങ്ങളുടെ കുട്ടിയല്ലല്ലോ പിന്നെന്താ?’ എന്നവൾ അഞ്ചു പേരോടും ഊഴം വച്ചു തുറിച്ചുനോക്കി തിരിച്ചടിക്കും. കുട്ടികൾ ആരുടെ ആയാലും അവർ വിശന്നു വാവിട്ടു നിലവിളിക്കുന്നത് കാണാൻ ആവാതെ അവസാനം അവളറിയാതെ കൊണ്ടു പോയി ഞങ്ങൾ സുരക്ഷിത സ്ഥാനത്തു ഏൽപ്പിച്ചു.” പറഞ്ഞു തീരുമ്പോൾ നകുലന്റെ കണ്ണുകൾ നിറഞ്ഞു ശബ്ദം ഇടറി. ചക്രവർത്തി യുധിഷ്ഠിരൻ മുഖം താഴ്ത്തി. ജാലകത്തിന്നപ്പുറത്തു രണ്ടു പെൺകണ്ണുകൾ ഇമതല്ലാതെ ആ രംഗം രഹസ്യമായി നിരീക്ഷിച്ചു.

“പാണ്ഡവർക്കിടയിൽ പരസ്പരം സ്പർദ്ധ വളർത്തി മാനസികമായി തളർത്താൻ കൌരവർ നിയോഗിച്ച ചാരവനിത എന്ന രഹസ്യ ഉത്തരവാദിത്വവും നിങ്ങളുടെ കുപ്രസിദ്ധചൂതാട്ടത്തോൽവിക്ക് ശേഷം പാഞ്ചാലി ഏറ്റെടുത്തു എന്ന ആരോപണം രാഷ്ട്രീയഹസ്തിനപുരിചർച്ചയിൽ ഈയിടെ കേട്ടല്ലോ”, പ്രവാസിജീവിതത്തിലും ചാരവകുപ്പ് മേധാവിയായ നകുലനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

“മുൻവിധിയില്ലാതെ കാണാൻ ഞങ്ങളും തയ്യാർ. ദുര്യോധനൻ രഹസ്യമായി അയച്ചു കൊടുക്കുന്ന സുഗന്ധതൈലം അവൾ കുളികഴിഞ്ഞു നഗ്നമേനിയിൽ പുരട്ടുമ്പോൾ, ഒറ്റമുറിക്കുടിലിൽ എല്ലാം കണ്ടു നിൽക്കുന്ന ഭർത്താക്കന്മാരിൽ പെട്ടെന്നുണരുന്ന ഊർജ്ജം, ആ വല്ലാത്ത തിടുക്കം, അന്ധമായ കിടമത്സരം, ഊഴം തെറ്റിച്ചും അവളെ ഉടൻ കൈവശപ്പെടുത്താനുള്ള ആവേശം-എല്ലാം വിരൽ ചൂണ്ടുന്നത്, കൌരവരുടെ അശ്ലീലരാഷ്ട്രീയ ഉപകരണം തന്നെയാവാം പാഞ്ചാലി. കള്ളി വെളിച്ചത്തക്കാനുള്ള തെളിവ് കൂടുതൽ കിട്ടട്ടെ, ‘ഹസ്തിനപുരി പത്രിക’യുമായി പങ്കു വക്കാം.”

“അധികാരമേറ്റിട്ടു ആഴ്ച രണ്ടു കഴിഞ്ഞില്ല ആരോപണങ്ങൾ രണ്ടെണ്ണം പാണ്ഡവഭരണകൂടത്തെ പൊളിച്ചടുക്കിയല്ലോ. ഇന്ന് രാവിലെ മുതൽ കുതിരപ്പന്തികളും വാണിജ്യത്തെരുവും ആകെ ചർച്ചിക്കുന്നതു ഇവ രണ്ടും:

ഒന്ന്, ദുര്യോധനപുത്രവധുവിനെ കൊണ്ട് പാഞ്ചാലി വിഴപ്പലക്കിപ്പിച്ചു.

രണ്ട്, ഭീമന്റെ രഥയാത്രക്ക് ചാർവാകൻ വഴികൊടുക്കാതെ തടസ്സപ്പെടുത്തിയെന്നു പറഞ്ഞു ഭീമസാരഥിയിറങ്ങി വന്നു യുക്തിവാദിയുടെ ചെകിട്ടത്തടിച്ചു.

ഇത്ര ഹൃദയവികാരമില്ലാതെ എങ്ങനെ നിങ്ങൾ വ്യാഴവട്ടക്കാല ഹിമാലയ വനജീവിതത്തിൽ നിന്ന് പുറത്തിറങ്ങി?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട്ട് ചോദിച്ചു.

“ദുര്യോധനപുത്രവിധവ, പാഞ്ചാലിയുടെ വസതിയിൽ വന്നത് സ്ത്രീചർമപരിപാലനം എന്ന പുതുതൊഴിലിൽ നൈപുണ്യവികസനത്തിനാണ്. ദേഹം വിയർക്കുന്ന ജോലി ചെയ്യുന്നതൊരു നല്ല കാര്യമെന്ന് പാഞ്ചാലി സാന്ദർഭികമായി പറഞ്ഞപ്പോൾ, സ്വയം കുറെ വിഴുപ്പെടുത്തു ആ യുവകൗരവവിധവ കൊട്ടാരത്തിനു പിന്നിലെ ജലാശയത്തിൽ ആസ്വദിച്ചു നീന്തിക്കുളിക്കയും അതിനിടയിൽ സന്തോഷത്തോടെ തുണി കഴുകിയുണക്കുകയും ചെയ്തു. വീട്ടിലെത്തിയപ്പോൾ വരാൻ വൈകിയതിന്റെ കാരണമായി പറഞ്ഞു പാഞ്ചാലിയുടെ വിഴുപ്പു കണ്ടാൽ വിഴുപ്പെന്ന് തോന്നില്ല എന്നിട്ടും ഞാനതൊന്നു പരീക്ഷിക്കാൻ കഴുകിനോക്കിയതിനുശേഷം തിരിച്ചു കൊടുത്തു. അതാരു പരാതിയാക്കി?

രഥയാത്ര ചെയ്യുന്ന ഭീമന് വഴി തടയുന്ന പദയാത്രയല്ല അഭിവന്ദ്യചാർവാകൻ ചെയ്തത്. മത്സരിച്ചു മുട്ടിയുരുമ്മി നടന്നു കുതിരകളെ വിറളി പിടിപ്പിച്ചപ്പോൾ പ്രകോപിതകുതിരയാണ് വാലു കൊണ്ടയാളെ ശിക്ഷിച്ചത്. അടികൊണ്ട് നിലവിളിച്ച ചാർവാകൻ അത് കണ്ട നാട്ടുകാരോട്ട് പറഞ്ഞു, ഭീമസാരഥി ചാട്ട വീശി. അതാരു പരാതിയാക്കി. പത്രപ്രവർത്തനമല്ല നിങ്ങൾ ചെയ്യുന്നത്, നാട്ടുകാരുടെ വിഴുപ്പലക്കലാണ്.”

“സ്ഥലജലഭ്രമം നിറഞ്ഞ ഇന്ദ്രപ്രസ്ഥംകൊട്ടാരത്തിൽ നിന്ന് പരുക്കൻ പ്രതലവും ചോർച്ചയുമുള്ള ഈ കാട്ടുകുടിലിൽ ഇനിയൊരു വ്യാഴവട്ടക്കാലം കൗരവഅടിമ എന്ന കഠിനകൗരവശിക്ഷ നിങ്ങളെ അലോസരപ്പെടുത്തുന്നുണ്ടോ?”

കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

“യുധിഷ്ഠിരന്റെ ദുരഭിമാനത്തിൽ തൂങ്ങിപ്പിടിക്കുകയാണ്, കാലാതിവർത്തിയായി മാറാൻ സാധ്യതയുണ്ടായിരുന്ന മഹാഭാരത ഇതിഹാസം എന്നതാണ് എന്നെ ചിന്താകുഴപ്പത്തിലാക്കുന്നത് അല്ലാതെ കൗരവഅടിമ എന്ന അവസ്ഥയൊന്നുമല്ല. പറഞ്ഞുവന്നാൽ അവർ നൂറുപേരും എന്റെ ആരാധകർ.”

◇ ◇ ◇



“മനുഷ്യാവസ്ഥയെ കുറിച്ചെന്തെങ്കിലും വെളിപാട് കുരുക്ഷേത്രാനുഭവം നിങ്ങൾക്ക് നൽകിയോ?” കൊട്ടാരം ലേഖിക മഹാറാണി പാഞ്ചാലിയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരിയിലെ അന്തഃപുരത്തിന്റെ പിന്നിലെ ജലാശയത്തിൽ നീന്തിക്കുളിക്കുകയായിരുന്നു സായാഹ്ന വെയിലിൽ അവരിരുവരും. മൂന്നാം ലിംഗ സൈനികർ കാവൽ നിന്നു.

“യുദ്ധാവസാനദിനം അഞ്ചു മക്കൾ പാതിരാ ചതിയാക്രമണത്തിൽ കൊല്ലപ്പെടുക, പഞ്ചപാണ്ഡവർ പോറലേൽക്കാതെ പോരാട്ട ഭൂമിയിൽ നിന്ന് ജേതാക്കളായി പുറത്തുചാടുക-ഇതെന്നെ ആകെ അട്ടിമറിച്ചു. മറിച്ചായിരുന്നു യുദ്ധഫലം എന്നാണ് ഞാൻ അപ്പോഴും ഇപ്പോഴും മോഹിച്ചത്. ആ മാതൃമോഹം പൂവണിഞ്ഞിരുന്നെങ്കിൽ, ഈ കാണുന്ന പ്രപഞ്ചം ദൈവസൃഷ്ടി എന്ന് പോലും ഞാൻ ഇരുകൈകളും ഉയർത്തി ഈ വെള്ളത്തിൽ നിന്ന് കൊണ്ട് ആകാശത്തേക്ക് നോക്കി മഹത്വപ്പെടുത്തുമായിരുന്നു. എന്നാൽ ഇന്ന് ഞാൻ ആൺവേദിയിൽ ഉടുതുണി വലിക്കപ്പെട്ട അടിമ. പെറ്റകുഞ്ഞുങ്ങളുടെ ശവമടക്കിനു സാക്ഷി യാവേണ്ടി വന്ന അമ്മ. അഞ്ചുപുരുഷന്മാരുടെ ഭാരം ചുമക്കേണ്ടി വന്ന പതിത. എന്റെ കുരുക്ഷേത്ര ഇനിയും തുടങ്ങിയിട്ടില്ലെന്നു കരുതുന്നൊരു പെണ്ണ്” അടിത്തട്ട് കാണാവുന്ന ജലാശയത്തിലേക്കവർ ആ മോഹസാക്ഷാത്കാരത്തിനായി ഇരുവരും ഒരുമിച്ചു ഊളിയിട്ടു.

“അച്ഛനെ കുറിച്ചൊരു ഓർമ വായനക്കാരുമായി പങ്കിടാമോ?” പുതിയ ഭരണാധികാരിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കരിക്കന്നനും കുറയും പായുന്ന ആ ഈറൻ കാട്ടുകുടിലിൽ, പരുക്കൻതറയിലെ പായിൽ ചുരുണ്ടു കിടന്ന അച്ഛനെ ഞാൻ എന്റെ പതിനാറാം പിറന്നാളിന്, കുളിച്ചു കുറിയിട്ടു വന്ദിക്കാൻ അറച്ചറച്ചു മുന്നോട്ടു കാൽവച്ചു ചെന്നതായിരുന്നു. എന്നെ കണ്ടപ്പോൾ ആ മുഖം ഒന്ന് കൂടി ഇരുണ്ടു. ഇന്നെന്റെ ജന്മദിനമെന്നു ഞാൻ കൈകൂപ്പി അയാളോട്ട് പറഞ്ഞപ്പോൾ, “ആരാടാ ശരിക്കും നിന്റെ ബീജദാതാവ്?”

എന്നു അശ്ലീലമായ കൈ ചലനത്തോടെ അപശബ്ദ മുണ്ടാക്കി അയാൾ എന്നെ വെല്ലുവിളിച്ചു. യമൻ എന്നു ഞാൻ മേലോട്ടുനോക്കി മൃദുവായി പറഞ്ഞപ്പോൾ അയാൾ ആഭാസകരമായി പൊട്ടിച്ചിരിച്ചു. അൽപ്പവസ്ത്രയായ ചിറ്റമ്മ മാദ്രി ആ സമയത്തു മുറിക്കകത്തു കടന്നപ്പോൾ, പുറത്തു പോവാൻ ഞാൻ തുനിഞ്ഞു. അതാ മുറ്റത്തു വെട്ടുപോത്തിൻ പുറത്തൊരു കരിങ്കാലൻ പാണ്ഡുവിന്റെ നേരെ എറിയാനായി കയർ കുരുക്കിടുന്നു. പിറ്റേന്നു കടിലിന്നരികെ ഉണക്ക വിറകു കൂട്ടി പാണ്ഡുവിന് ചിതകത്തിക്കുമ്പോൾ, ഞങ്ങൾക്കൊപ്പം കൂട്ടിനുണ്ടായിരുന്നത് ദിവ്യതേജസ്സുള്ള തെണ്ടിപ്പട്ടി മാത്രം.” മൺമറഞ്ഞ കുരുവംശാധിപൻ പാണ്ഡുവിന് സ്മാരകം നിർമ്മിക്കുന്ന തീരുമാനം രാജസഭയിൽ അറിയിച്ചു ഊട്ടുപുരയിലേക്കു മറ്റനാലു പേർക്കൊപ്പം പോവുകയായിരുന്നു മഹാരാജാവ് യുധിഷ്ഠിരൻ.

◇ ◇ ◇ 2018/06/18

“ഇന്നുമൊരു നവജാതശിശുമരണം-ദരിദ്രകുടിലിലല്ല, ഹസ്തിനപുരി കൊട്ടാരത്തിൽ. അന്തഃപുരവേലക്കാരുടെ വസതിയിലല്ല, മഹാറാണി ഗംഗയുടെ പ്രസവത്തിൽ-തുടർച്ചയായ ഏഴാമത്തെ. ദുരൂഹതയൊന്നും തോന്നിയില്ലേ?” മഹാരാജാവ് ശാന്തനുവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

കണ്ണുതുറന്നു നോക്കിയാൽ കാണുന്ന ഈ ലോകത്തിൽ എന്തെങ്കിലും ദുരൂഹമല്ലാതുണ്ടോ? തെരുവായ തെരുവെല്ലാം ഓടിനടന്നു ഇല്ലാത്ത കഥകൾ നെയ്യുന്ന നിങ്ങൾ നാളെ ഇതേ സമയത്തു ഒരു പിടി ചാരമായി മാറിയാൽ അതും ദുരൂഹമാവുമോ? ഇന്നലെ ഈ സമയത്തു ഗർഭശ്രീമാനായിരുന്ന കിരീടാവകാശി ഇപ്പോൾ നദിയൊഴുക്കിലെവിടെയോ പൊങ്ങിയ കുഞ്ഞുജഡമായതിൽ ദുരൂഹതയില്ലേ? ഉണ്ട്. ഇനി അതിലധികം ദുരൂഹമല്ലേ ഇന്ന് പുലർച്ച ചോരക്കുഞ്ഞിനെ പുഴയിൽ കഴുകിയെടുക്കും മുമ്പ് കൈവിരലുകൾക്കിടയിലൂടെ ഒഴുക്കിൽ വീണുപോയ കുഞ്ഞിനെ പ്രസവിച്ച ഗംഗയിതാ, കൊട്ടാരഉദ്യാനത്തിൽ വാസനപൂക്കൾ പറിക്കുന്നതു നോക്കൂ. രാത്രിയവൾ എന്റെ പായിൽ സുഗന്ധിയായി കിടക്കുമ്പോൾ വീണ്ടുമൊരു ഗർഭം ധരിക്കാൻ ശാരീരികക്ഷമതയുണ്ടാവും എന്നുറപ്പ്. നാളെയവൾ ഗർഭവതിയാകും. മറ്റന്നാൾ വീണ്ടും, പെറ്റ കുഞ്ഞിനെ മുക്കിക്കൊല്ലും-ഒന്നും ദുരൂഹമല്ല. എന്ത് ഹീനപ്രവർത്തിക്കും നിങ്ങളോട് വാതുറന്നു വിശദീകരിക്കാനുണ്ടാവും പിന്നാമ്പുറ കഥകൾ.

◇ ◇ ◇ 2018/06/19

“ഗാർഹികപീഡനത്തിനു മകൾ ഇരയെന്ന ആരോപണവുമായി പാഞ്ചാലൻ പീഢക പാണ്ഡവർക്കെതിരെ പടവാൾ ഉയർത്തിയല്ലോ. ഭാര്യാപിതാവിന്റെ ഭീഷണിയിൽ ഭയന്നുപോയോ യുധിഷ്ഠിരൻ?”

കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. വനവാസക്കാലം.

“ദക്ഷിണയായി ചിലരിൽ നിന്നൊക്കെ തള്ളവിരൽ കടിച്ചുമുറിച്ചെടുക്കുന്ന ഗുരുദ്രോണർ എനിക്കൊരു അസാധ്യ പണി തന്നു. സഹപാഠി പാഞ്ചാലനെ വരിഞ്ഞുകെട്ടി ദക്ഷിണയായി മുമ്പിൽ വക്കണം. അന്ന് ഞാൻ കൗമാരവിദ്യാർത്ഥി. എന്നിട്ടും ഏൽപ്പിച്ച ജോലി ചെയ്തു. പക്ഷെ പാഞ്ചാലീപരിണയത്തിൽ പാഞ്ചാലൻ എന്റെ ചെവിയിൽ പറഞ്ഞു, അന്ന് ഞാൻ നിനക്ക് ബന്ദിയായി വഴങ്ങിത്തന്നത്, ദ്രോണശാപം നിനക്കുണ്ടാവാതിരിക്കാനാണെന്ന്. അത്രമേൽ പ്രിയപ്പെട്ട പാഞ്ചാലനിപ്പോൾ പരസ്യമായി ചൂടാവണമെങ്കിൽ, ആരോ ഞങ്ങളെക്കുറിച്ചു സത്യം പ്രചരിപ്പിക്കുന്നുണ്ടാവും.

സന്യസ്ഥർക്ക് സേവനം നൽകാൻ കൗരവാജ്ഞയുള്ളപ്പോൾ യുധിഷ്ഠിരൻ, പാഞ്ചാലിയെ ആ പുറം ജോലിക്കു നിത്യവും തള്ളിവിടുന്നത് കണ്ടു ഞാനും മുഷ്ടിചുരുട്ടി പ്രതിഷേധിച്ചിട്ടുണ്ട്. ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്നവൻ തന്നെ വേണം ആശ്രമമാലിന്യങ്ങൾ സംസ്കരിക്കാൻ അല്ലേ, എന്നയാൾ അപ്പോൾ വിലാപത്തോടെ തിരിച്ചടിച്ചപ്പോൾ മറ്റു പാണ്ഡവർ അയാളെ പിന്തുണച്ചു. ഞാൻ ചൂളിപ്പോയി. പീഢകയുധിഷ്ഠിരനെ ഗാർഹികസ്ത്രീനീതിയിൽ ബാലപാഠം പഠിപ്പിക്കട്ടെ പാഞ്ചാലൻ. അതൊക്കെ വിഭാവന ചെയ്യുന്നതിൽ പോലുമുണ്ടൊരു കാവ്യനീതി.”

◇ ◇ ◇ 2018/06/20

“ആൺമക്കളെ യുദ്ധത്തിൽ നഷ്ടപ്പെട്ട വയോജനങ്ങൾക്കു കുടിവെള്ളവും ധാന്യവും എത്തിച്ചു കയ്യടി നേടുന്ന ഹസ്തിനപുരിയിൽ നിന്നാണ് ഞാൻ നിങ്ങളെ തേടി വരുന്നത്. ഇങ്ങനെ ജീവിതസായാഹ്നം ദുരിതത്തിൽ കഴിയേണ്ട വരാണോ നിങ്ങൾ ഇതിഹാസ കഥാപാത്രങ്ങൾ?” എല്ലും തോലുമായി ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി, വിദുരർ എന്നിവർ വനാശ്രമത്തിൽ ദുരിതമനുഭവിക്കുമ്പോൾ കൊട്ടാരം ലേഖിക വഴിനടന്നു അവസാനം അവരെ കണ്ടെത്തി.

“കൊന്നു തിന്നാൻ നേരത്തേ വിധിക്കപ്പെട്ട മാംസഭോജികൾ, ഈ ശോഷിച്ച ശരീരങ്ങൾ കണ്ടു മടുപ്പോടെ മടങ്ങുന്നു. അങ്ങനെയൊരു അസ്തിത്വ പ്രതിസന്ധി നേരിടുകയാണിപ്പോൾ ഞങ്ങൾ. പരസ്പരം ജീവനൊടുക്കാൻ ഞങ്ങൾക്കിന്നു പേശികളിൽ കരുത്തില്ല. ഒരു ആകസ്മിക കാട്ടുതീ അതാണ് അരനൂറ്റാണ്ടോളം ഹസ്തിനപുരി ഭരിച്ച ധൃതരാഷ്ട്രർ ഈയിടെയായി മോഹിക്കുന്നത്. ഞങ്ങൾ ഉറങ്ങുന്ന നേരത്ത് നിങ്ങളുടെ ഉത്സാഹത്തിൽ മനുഷ്യനിർമ്മിതമായൊരു അഗ്നിബാധയായാലും സ്വാഗതം.”

“കുരുക്ഷേത്രവിജയത്തിന്റെ ആദ്യവാർഷികം നിങ്ങൾ കുടുംബസമേതം ആഘോഷിക്കുമ്പോൾ, വീഴ്ച പറ്റിയോ? പത്തു വർഷം രാജസൂയ ചക്രവർത്തിനി ആയിരുന്ന ഇന്ദ്രപ്രസ്ഥം വരെ പോയി എന്തുണ്ടവിടെ വിശേഷം എന്ന് ഇത് വരെ തിരക്കിയില്ലേ?” ആഘോഷ വേദിയിൽ നിന്നിറങ്ങി രഥത്തിൽ കയറുകയായിരുന്ന പാഞ്ചാലിയെ കൊട്ടാരം ലേഖിക തടഞ്ഞു.

“ഇന്ദ്രപ്രസ്ഥം? ചക്രവർത്തിനി? അതൊന്നും നിങ്ങൾ ഇനിയും മറന്നില്ലേ? കാലിക പ്രസക്തി മാത്രമുള്ള ഒരു മായൻനിർമിതി മാത്രമായിരുന്നില്ലേ, വിരുന്നുവന്നവരെ വഴുക്കിവീഴ്ത്തുന്ന ആ കൊട്ടാരസമുച്ചയം? ചക്രവർത്തിനി എന്നത് വെറുമൊരു ആലങ്കാരിക പദവിയും. ആ ശപിക്കപ്പെട്ട യമുനതീരനഗരിയിൽ, കഴിഞ്ഞ പത്തുപതിനാലു വർഷങ്ങൾക്കുള്ളിൽ വളർന്ന കുറ്റിക്കാടുകൾ വെട്ടിനിരപ്പാക്കാനും, ജൈവവൈവിധ്യങ്ങൾ നശിപ്പിക്കാനും ഇനി ഞങ്ങൾ ആരെയും സമ്മതിക്കില്ല. അത്രയും പാരിസ്ഥിതിക പ്രതിബദ്ധത ഹസ്തിനപുരി പൊതുസമൂഹം എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്.”

“ഇന്ദ്രപ്രസ്ഥത്തിലെ സ്ഥലജലഭ്രമത്തിനും, ഹസ്തിനപുരിയിലെ വസ്ത്രാക്ഷേപത്തിനും ഇടക്കുള്ള കാലയളവിൽ കൌരവർ ചെയ്ത കുടിലനീക്കങ്ങൾ പൊതുവേദിയിൽ വിളിച്ചു പറയുമെന്ന്പാഞ്ചാലി. പ്രതികാരബുദ്ധിയോടെ അടിമശിക്ഷാവിധി നിങ്ങൾ ആയുഷ്കാലം നീട്ടിയാലും പാഞ്ചാലി തളരില്ല എന്ന് അവളെ നേരിട്ടറിഞ്ഞിടത്തോളം ഈ പെൺമനം പറയുന്നു. എങ്ങനെ പ്രതികരിക്കുന്നു?” കൊട്ടാരം ലേഖിക ദുര്യോധനനെ രഹസ്യകാര്യാലയത്തിൽ കണ്ടെത്തി.

“സൌന്ദര്യവർദ്ധക ഔഷധക്കൂട്ടുകളും ഹിമാലയ പഴവർഗങ്ങളും പുത്തൻ അടിവസ്ത്രങ്ങളും പ്രത്യേകം സൈനികൻ വശം ഞാൻ അവൾക്കു രഹസ്യമായി കൊടുത്തയച്ചത് കിട്ടി നന്ദി എന്നുള്ള പാഞ്ചാലിയുടെ മറുപടി ഇതാ വനശ്രമത്തിൽ നിന്ന്. ഞാൻ വായിക്കാം.” മുറിയുടെ മൂലയിൽ പുക പരത്തുന്ന പന്തം വെളിച്ചത്തിലേയ്ക്കു ദുര്യോധനൻ പാഞ്ചാലിയുടെ പനയോല വായിക്കാൻ നീങ്ങി.

◇ ◇ ◇ 2018/06/21

“കറവ വറ്റിയ മാടുകൾക്കൊരു അറവുശാല? കൗരവർ ബഹുസ്വരകുരുക്ഷേത്ര ഊട്ടുപുരയെ മാറ്റിമറിച്ചുവെന്ന ഗുരുതര ആരോപണവുമായി പാണ്ഡവർ പരസ്യപ്രസ്താവനയിറക്കിയല്ലോ. ഇരുസൈന്യങ്ങളിലും മിണ്ടാപ്രാണികളോട് മമതയുണ്ടെന്ന വസ്തുത തള്ളിയാണ് ധിക്കാരി കൗരവർ കർഷകരിൽ നിന്ന് നാൽക്കാലികളെ യുദ്ധസംഭവനയായി തട്ടിയെടുത്തതെന്നും യുധിഷ്ഠിരൻ.

എങ്ങനെ പ്രതികരിക്കുന്നു?”

കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

യുദ്ധത്തലേന്നു വൈകിയ രാത്രി പുഴക്കടവിൽ നീരാടുന്ന നേരം.

“കൂടെ പൊറുത്ത പെണ്ണിനെ പണയം വച്ച് തോറ്റ് അവളുടെ പെണ്ണവകാശങ്ങൾ നഷ്ടപ്പെടുത്തിയ പുരുഷാധിപത്യ പ്രമുഖൻ യുധിഷ്ഠിരൻ തന്നെ വേണം പെൺമൃഗങ്ങളുടെ പരിപാലകനാവാൻ. വനവാസക്കാലത്തവർക്കു ഞാൻ കൊടുത്ത പണി അയല്പക്ക സന്യസ്ഥാശ്രമങ്ങൾക്കുള്ള രാപ്പകൽ സംരക്ഷണമായിരുന്നു. എന്നിട്ടുമവർ ആശ്രമമൃഗങ്ങളെ പാതിരാനീക്കത്തിൽ തട്ടിക്കൊണ്ടുപോയി വെട്ടിതിന്നിരുന്ന ഇറച്ചിക്കഥ പുറത്തായപ്പോൾ, അക്ഷയപാത്രത്തിലെ ധാന്യഭക്ഷണം മൂന്നു നേരം വെട്ടിവിഴുങ്ങിയാൽ പോരാട്ടവീര്യം പോവുമെന്ന പേടി കൊണ്ടാണെന്നല്ലേ അയാൾ പറഞ്ഞത്? എന്നാൽ ഞാനയാൾക്കിപ്പോൾ ഉറപ്പുകൊടുക്കുന്നു-കുരുക്ഷേത്ര അടുക്കളയിൽ വേവുക പോരാട്ടവീര്യത്തിനു പറ്റിയ മൃഗമാംസമായിരിക്കും ഇന്നും എന്നെന്നും.”

“ആദ്യത്തെ കൗരവസഖ്യകക്ഷി സർവ്വസൈന്യാധിപൻ ഭീഷ്മർ പത്തുദിവസം ആഞ്ഞു വെട്ടിയിട്ടും ഒരു പാണ്ഡവ തല പോലും വീഴാത്തതിൽ മനം നൊന്തു നിങ്ങൾ, ദ്രോണർക്കു ചുമതല നൽകി ഒളിച്ചോടാനിടയുണ്ടെന്നു പാണ്ഡവ ചാരവകുപ്പ് മേധാവി പറയുന്നുണ്ടല്ലോ. നിഷേധിക്കുന്നുണ്ടോ?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“യുദ്ധകാലത്തു വാർത്താവിതരണത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നത് സ്വതന്ത്രസമൂഹങ്ങളിൽ സാധാരണമാണ് എന്ന് തക്ഷശിലയിൽ രാജ്യതന്ത്രം പഠിച്ച നിനക്കറിയാം. എന്നാൽ ഈ ജീവന്മരണപോരാട്ടത്തിൽ കൗരവ ഭരണകൂടം ചാരവാർത്തകൾപോലും വിനിമയം നിഷേധിക്കുന്നില്ല. നാളത്തെ ‘ഹസ്തിനപുരി പത്രിക’യിൽ നിന്റെ ചോദ്യത്തിന് ദുര്യോധനൻ മറുപടി പറഞ്ഞില്ല എന്ന സൂചന മാത്രം മതി, എന്റെ ആഗോളതല ആരാധകരുടെ അകം നീറാൻ. അതുകൊണ്ട്, വാർത്ത തമസ്കരിക്കുകയാണ് ആരോപണം നിഷേധിക്കുന്നതിനേക്കാൾ സ്വീകാര്യം. ഇനി കുരുക്ഷേത്രയുദ്ധം കഴിയുന്നതുവരെ നീ, കൗരവഊട്ടുപുരയിൽ അറവുസഹായിയായി ജോലി ചെയ്യണം. സസ്യാഹാരിയായ കാശിബ്രാഹ്മണകുലത്തിൽ ജനിച്ചവളെന്ന ജാതി പരിഗണനയിലാണ്, ഒരൊറ്റവെട്ടിനു തല വെട്ടാതെ രാജ്യദ്രോഹത്തിനുള്ള ശിക്ഷ മൃഗവധസഹായി എന്ന ഈ മൃദുശിക്ഷയിൽ ഞാൻ ഒതുക്കിയത്”, ദുര്യോധനന്റെ നേരിയൊരു വിരൽ ചലനത്തിലൂടെ സ്വകാര്യസുരക്ഷാഭടൻ ഒരു കൈ കൊണ്ടവളുടെ വാ പൊത്തി, മറുകൈ കൊണ്ട് ഉടൽ കൂട്ടിപ്പിടിച്ചു ഊട്ടുപുരയിലേക്കു കൊണ്ട് പോയി.

“അഭയാർത്ഥികളോടെന്താ ഇത്ര വെറുപ്പ്?

നിങ്ങളുടെ അച്ഛന്റെ അനുജനല്ലേ അവരുടെ പരേത ഭർത്താവ്? ഒരിക്കൽ പാണ്ഡു ഹസ്തിനപുരി മഹാരാജാവായിരുന്നു എന്നും, പരിത്യാഗിയായി കാട്ടിൽ പോയതാണെന്നും പറഞ്ഞുകേട്ടിട്ടുമുണ്ട്. ഇപ്പോൾ അഞ്ചുകുട്ടികളെയും കൊണ്ട് ഒരന്തിക്കുര നോക്കി കോട്ടവാതിലിൽ മുട്ടുമ്പോൾ കടക്കു പുറത്തു എന്ന് പറയുന്നതാണോ കുരുവംശസംസ്കാരം?”

കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“അനധികൃതമായി ഹസ്തിനപുരിയിൽ കഴിയുന്നതുകൊണ്ടല്ല ആറംഗ കുടുംബത്തെ പാറാവുകാർ പിടിച്ചകത്തിട്ടത്. തിരിച്ചറിയൽ രേഖയോ സാക്ഷിമൊഴിയോ മറ്റു ഔദ്യോഗിക പിൻബലമോ ഇല്ലാതെ കയറിവന്നു,.

“ഞാൻ കുന്തി ഇവർ പാണ്ഡവർ” എന്ന് നെഞ്ചത്തടിച്ചു ബഹളം വച്ചാൽ വകവച്ചുകൊടുക്കുമോ കൗരവർ?

പരപുരുഷാതിക്രമത്തിനു ആവർത്തിച്ചു ഇരയായി കുന്തി മൂന്നും, മാദ്രി രണ്ടും പ്രസവിച്ച കുട്ടികളെ പാണ്ഡു ഔദ്യോഗികമായി അംഗീകരിച്ചു എന്ന് കുന്തി വാക്കാൽ പറഞ്ഞാൽ അഴിയുമോ പിന്തുടർച്ചയുടെ നിയമക്കുരുക്ക്? പാണ്ഡുവിധവ എന്ന തർക്കപദവിക്ക് പരിഹാരം ന്യായാധിപന്റെ മുമ്പിൽ തെളിവ് നിരത്തലാണ്. കാഴ്ചപരിമിതിയുള്ള ധൃതരാഷ്ട്രരും ഗാന്ധാരിയും രണ്ടു ദശാബ്ദം മുമ്പ് കുന്തിയെ അറിഞ്ഞിരുന്നു എന്ന പരിചയം മതിയോ, എല്ലാം ഉപേക്ഷിച്ചു പോയ പാണ്ഡുവിന്റെ പിന്തുടർച്ച പാണ്ഡവർക്ക് ഞങ്ങൾ പതിച്ചുനൽകാൻ? അഭയാർത്ഥികൾ എന്നല്ല, അംഗീകൃത പിതൃത്വമില്ലാത്തവരോടും കൗരവർ കരുണകാണിക്കുമെന്നതിനു സാക്ഷ്യമല്ലേ, ആരോരുമില്ലാത്ത കർണനു കൊടുത്ത അംഗരാജപദവി? രഥമോടിക്കേണ്ടവൻ ഇന്ന് കിരീടം വച്ചല്ലേ നടക്കുന്നത്? രണ്ടു ഇളമുറ കൗന്തേയരെ ശിശുകേന്ദ്രത്തിൽ മാറ്റിപ്പാർപ്പിച്ചു എന്ന ആരോപണവും വസ്തുതയുടെ ബലമില്ലാത്തതല്ലേ. ഇരട്ടകളുടെ അമ്മ മാദ്രിയെ പാണ്ഡുചിതയിലേക്കു കുന്തി കുറ്റകരമായ ശ്രദ്ധലക്ഷ്യത്തോടെ തള്ളിയിട്ടു കൊന്നു എന്ന ആരോപണം വ്യവസ്ഥാപിതഭരണകൂടം അന്വേഷിക്കേണ്ടതിന്റെ ഭാഗമായി ആ കൊച്ചു കുട്ടികൾക്ക് സംരക്ഷണം കൊടുത്തതാണോ ഞങ്ങളുടെ അപരാധം? കൊടുംകുറ്റവാളിക്കു ചുവന്ന പരവതാനി വിരിച്ചാണ് കൗരവർ രാജകീയ സ്വീകരണം കൊടുത്തതെന്ന്നിങ്ങൾ തന്നെ എഴുതില്ലേ മുഖ്യവാർത്തയായി?”

◇ ◇ ◇ 2018/06/22

“ജന്മനാ അന്ധനായിരുന്നോ? അതോ?” കൊട്ടാരം ലേഖിക വിദുരരോട് ചോദിച്ചു. വ്യാസന്റെ മൂന്നു മക്കളിൽ ഒരാളെന്നു സംശയിക്കപ്പെട്ട വിദുരർ വിവേക വചനങ്ങളുടെ അകത്തുകയെന്നു ചാർവാകൻ സ്തുതി ചെയ്തു കാലമുണ്ടായിരുന്നു.

“കൊട്ടാരരഹസ്യങ്ങളുടെ വിഴുപ്പുകെട്ടിലാണ് നിങ്ങൾ തിരികത്തിച്ചത്. അതോ നാരായമോ വിചിത്രവീര്യ വിധവകളും വ്യാസനും ‘സമ്മേളിച്ച’പ്പോൾ ജനിച്ച അസാധാരണ ജന്മങ്ങളായിരുന്നു ധൃതരാഷ്ട്രരും പാണ്ഡുവും. അവരുടെ ശാരീരിക പരിമിതികൾ ഇന്ന് കുപ്രസിദ്ധം. ധൃതരാഷ്ട്രരുടെ കാഴ്ചപരിമിതി പ്രകൃതിയുടെ ശാപമാണോ? അധികാരകേന്ദ്രിതമായ മനുഷ്യനിർമ്മിതിയാണോ? നേർസാക്ഷിയല്ലെങ്കിലും കാര്യങ്ങൾ കൂട്ടിവായിക്കുമ്പോൾ രണ്ടാമത്തേതെന്നു വേണം വിചാരിക്കാൻ. ആരാണ് ചെയ്തത് എന്ന് ചോദിച്ചാൽ, അന്ധത ആർക്കു പ്രയോജനം ചെയ്തു എന്നന്വേഷിക്കാൻ ചുഴിഞ്ഞുനോക്കുകയൊന്നും വേണ്ട. ന്യായമായും നിങ്ങൾ പറയും പാണ്ഡുവിന്. കായിക ക്ഷമതയില്ലാത്തവന് കൊട്ടാരത്തിൽ ആരുചെയ്തു കൊടുത്തു ഹീനസഹായം? അവിടെയാണ്, തെളിവിന്റെ അസാന്നിധ്യം. ഒരോലയിൽ ആരോ കുറിച്ചുവച്ച സന്ദേശം വായിച്ച ഓർമ്മയുണ്ട്. രാജവംശമാണെങ്കിലും സാക്ഷരത പരിമിതമായിരുന്നു. എഴുതപ്പെട്ടതൊക്കെ എന്റെ ശ്രദ്ധയിൽ വന്നത് ഔദ്യോഗിക ജോലിയുടെ ഭാഗമായും. എന്റെ ജോലിയെന്തെന്നു ചോദിച്ചാൽ കുഴങ്ങും: മന്ത്രി എന്നൊക്കെ കൊട്ടാരം രേഖകളിൽ കാണും എന്നാൽ ഞാനൊരു ആജ്ഞാനുവർത്തി. പാണ്ഡു അധികാരമോഹിയെന്നു ആവർത്തിച്ചു വാദിച്ചാലും, മദയാനയുടെ കരുത്തുള്ള ജ്യേഷ്ഠനെ പിടിച്ചു നിലത്തു മലർത്തിക്കിടത്തി, ഇരുകാലുകളും വിടർത്തി നെഞ്ചിൽ കയറിയിരുന്നു, കണ്ണുരണ്ടും കുത്തിപ്പൊട്ടിച്ചു, ‘ഇനി നീ അന്ധൻ, രാജാവാകാൻ അയോഗ്യൻ’ എന്ന് പറഞ്ഞു, കൊട്ടാരത്തിൽ ആളെക്കൂട്ടാൻ പറ്റിയ കളിക്കാരനാണോ പാണ്ഡു? അവിടെയാണ് കൊട്ടാരഅട്ടിമറി വെറുമൊരു വിഴുപ്പുകെട്ടായി മാറുന്നത്. എങ്കിലും സംശയത്തിന്റെ തീ കെടാതെ ചോദ്യങ്ങൾ ആവർത്തിക്കൂ. ഭീരുത്വം മാറിക്കിട്ടിയാൽ അഴിച്ചുതരാം അപൂർവ്വയിനം രഹസ്യങ്ങൾ.”

◇ ◇ ◇ 2018/06/23

“നിങ്ങൾക്കെതിരെ ലൈംഗികാതിക്രമ നേരത്തു പാണ്ഡവർ കുടിലിൽ ഇല്ലായിരുന്നെങ്കിലും വിവരമറിഞ്ഞു വന്നു കാര്യം മനസ്സിലായപ്പോൾ അവർക്കാശ്വാസമായി എന്നാണു ഭീമൻ പറഞ്ഞത്. അങ്ങനെ ആശ്വാസം തോന്നാൻ മാത്രം കുറ്റവാളി ജയദ്രഥനെ നിങ്ങൾ ഒറ്റയ്ക്ക് കൈകാര്യം ചെയ്തു എന്നാണോ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. വനാശ്രമത്തിനു ചുറ്റും നിരീക്ഷണഗോപുരങ്ങൾ പണിതു അന്തേവാസികളുടെ ആഭ്യന്തര സുരക്ഷ ഉറപ്പുവരുത്താൻ അഞ്ചാണുങ്ങളും അപ്പോൾ പുറത്തു തിരക്കിലായിരുന്നു.

“ജെയദ്രഥനുമായുണ്ടായ ആദ്യസമാഗമം എനിക്ക് പീഡാനുഭവം ആയി എന്നോ? പാണ്ഡവർ പക്ഷപാതത്തോടെ അങ്ങനെയൊക്കെ പറഞ്ഞെന്നിരിക്കും. അതൊരു വനമഹോത്സവം എന്നാണെനിക്കു തോന്നിയത്. മുട്ടുകുത്തി കൈമുത്തിയുള്ള സ്വയം പരിചയപ്പെടുത്തലും ഉപചാരം ചൊല്ലലും ഒക്കെ ഓർക്കുമ്പോൾ, കുലീനമായിരുന്നു ജയദ്രഥ പെരുമാറ്റം, ബലാൽക്കാരശ്രമത്തിൽ പോലും കാണാമായിരുന്നു ആ പ്രശസ്ത സൈന്ധവവൈകാരികത. ആതിഥ്യ മര്യാദയോടെ അദ്ദേഹത്തെ പായിൽ ഇരുത്തി സൽക്കരിച്ച ശേഷം പെട്ടെന്നുണ്ടായ കായിക കടന്നുകയറ്റം പ്രത്യേകിച്ചൊരു പരിഭ്രമവും കൂടാതെ ഞാൻ ചെറുത്തു തോൽപ്പിച്ചു എന്ന വസ്തുത അയാൾക്കെതിരായി ഒന്നും തെളിയിക്കാനല്ല. ചെയ്യേണ്ടത് ഞാൻ ചെയ്തു എന്ന് പറയാനാണ്. ഏതുവിധം നോക്കുമ്പോഴും അയാൾ പ്രതിക്കൂട്ടിലല്ല. വേണമെങ്കിൽ ‘ആനന്ദമാർഗ’ത്തിലൂടെ എനിക്കയാളെ എളുപ്പം ബന്ദിയാക്കി, അരയിൽ കുടുക്കിട്ടു മരയഴിക്കൂടിൽ കുന്തിച്ചിരുത്തി, ഭാര്യാസഹോദരനായ ദുര്യോധനനോട് മുഷിഞ്ഞു വിലപേശി ഈ പന്ത്രണ്ടുകൊല്ലവനവാസത്തിൽ ഇളവു നേടാമായിരുന്നില്ലേ? അതൊന്നും ഞാൻ ചെയ്തില്ല, പാണ്ഡവർ എന്റെ ചെലവിൽ സുഖിക്കേണ്ട എന്നു തോന്നി. ഭാര്യയെ പണയം വച്ച് കളിച്ചു തോറ്റ കൊള്ളരുതാത്ത ഭർത്താവും കിങ്കരന്മാരും കൊടുംകാട്ടിൽ കഴിയട്ടെ വ്യാഴവട്ടക്കാലം എന്നെനിക്കപ്പോൾ തോന്നിയാൽ, എന്നെയും കയറ്റുമോ ജയദ്രഥനൊപ്പം പ്രതിക്കൂട്ടിൽ?”

“കഴുത്തു കടിച്ചു മുറിച്ചു ചോര മാത്രം ഊറ്റിക്കുടിച്ച നിങ്ങളെന്താ, പിടച്ചിൽ തീരാത്ത കുഞ്ഞാടിനെ കഴുകന് വലിച്ചെറിഞ്ഞത്? തൊലി വലിച്ചുനീക്കി ഉടൽ പൊളിച്ചു എണ്ണയിൽ പൊരിച്ചു കൂട്ടംകൂടി മറ്റു പാണ്ഡവർക്കൊപ്പം യുദ്ധവിജയം ആർമാദിച്ചു കൂടെ?” ദുര്യോധനവധത്തിനു ശേഷം പാളയത്തിലെത്തിയ ജേതാക്കളെ അഭിനന്ദിക്കാൻ വന്ന കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“ഘാതകർ എന്നു നിങ്ങൾ പാണ്ഡവരെ എക്കാലവും വിശേഷിപ്പിച്ചതും പോരാതെയാണോ, മൃഗമാംസഭോജി എന്നവ മതിക്കാൻ കൊതിക്കുന്നത്?”

◇ ◇ ◇ 2018/06/24

“വിശിഷ്ടാതിഥികൾക്കു മഹാറാണി പാഞ്ചാലി നൽകിയ സൽക്കാരത്തിൽ പങ്കെടുക്കാതെ കൃപാചാര്യൻ മാറി നിന്നല്ലോ. തുടങ്ങിയോ പുതിയ ഭരണകൂടത്തിന്റെ സ്ഥാനാരോഹണത്തിൽ തന്നെ കല്ലുകടി?”, അത്താഴവിരുന്നുണ്ട് കൈ കഴുകാൻ എഴുന്നേറ്റു നടക്കുമ്പോൾ കണ്ട പ്രതിരോധവകുപ്പ് മേധാവിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവരുടെ കൂടെ സകല കൊള്ളരുതായ്മകൾക്കും കൂട്ട് നിന്ന കൃപാചാര്യൻ, ആയുസ്സിന്റെ ബലം കൊണ്ടു മാത്രം കുരുക്ഷേത്രയുദ്ധം അതിജീവിച്ചു ഹസ്തിനപുരിയിൽ ഞങ്ങൾക്കൊപ്പം തിരിച്ചെത്തിയപ്പോൾ, ആ കുപ്രസിദ്ധഗുരുനാഥനെ വെറുമൊരു അലങ്കാരപദവിയിൽ ഒതുക്കണം എന്നത് മൊത്തം പാണ്ഡവരുടെ ഹൃദയവികാരമായിരുന്നു. ഊണു കഴിക്കാതെ അയാൾ ഇടഞ്ഞു മാറി നിന്നു എന്നത് വസ്തുതയാണോ? എനിക്ക് സംശയമുണ്ട്. ബ്രാഹ്മണപാചകർ സുഭിക്ഷമായി രഹസ്യഅറയിൽ വിളമ്പിക്കൊടുത്ത കാളയിറച്ചി വെടിപ്പായി തിന്നു ഇലനക്കിത്തുടച്ചതൊക്കെ ചാരവകുപ്പ് മേധാവി നകുലന്റെ സംഘാംഗം രഹസ്യമായി കണ്ടെത്തി”, വാക്കുകൾ കുറച്ചു പയോഗിച്ച ഭീമൻ പക്ഷെ സമൃദ്ധമാംസഭക്ഷണത്തിന്റെ ആസ്വാദനലഹരിയിലായിരുന്നു.

“പരേതർക്കു നിലവിൽ അവകാശികളൊന്നുമില്ലല്ലോ?” കൊട്ടാരഗുരു കൃപാചാര്യൻ മഹാപുരോഹിതന്റെ അത്യുക്തിനിറഞ്ഞ ശരീര ഭാഷയിൽ വിളിച്ചുചോദിച്ചു, “പുണ്യനദിയിൽ ശ്രാദ്ധം ചെയ്യാൻ രക്തബന്ധമുള്ള ആരെങ്കിലും ഈ സദസ്സിലുണ്ടോ?” കൗരവരുടെ കൂടെ നിന്ന അംഗരാജാവ് കർണ്ണനിൽ കൃപാചാര്യന്റെ നോട്ടം ഉടക്കി. ഇരുകൈകളും പിന്നിൽ ഒളിപ്പിച്ചും നിൽപ്പ് ഒരു കാലിൽ നിന്ന് മറ്റൊന്നിലേക്കു മാറ്റിയും കർണ്ണൻ അസ്വസ്ഥത പ്രകടിപ്പിച്ചു.

“ജഡങ്ങൾ ആറും അരക്കില്ലത്തിൽ കണ്ടത് അസ്വാഭാവികമരണങ്ങൾക്കുള്ള നടപടിക്രമമനുസരിച്ച് വൈദ്യപരിശോധനക്കു വിധേയമായി. ആകസ്മിക അഗ്നിബാധയിൽ മരിച്ചതിന്റെ തെളിവുകൾ അങ്ങനെ ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ടു. സ്ഥിതിക്ക് രാജകീയ ആചാരമനുസരിച്ചു വീണ്ടും ചിതകൂട്ടി ജഡങ്ങൾ ഒന്നൊന്നായി സംസ്കരിച്ചു. ഇനി പാണ്ഡവർ എന്ന വാക്കു വർത്തമാനകാലസാധുത ഇല്ലാത്തതാണ് എന്ന് മഹാരാജാവ് ധൃതരാഷ്ട്രരുടെ രാജമുദ്രയുള്ള പ്രഖ്യാപനത്തിൽ പറയുന്നു. ഇനിയതിനു ഭൂതകാല പരാമർശം മാത്രം.” കൃപാചാര്യൻ അത് പറയുമ്പോൾ ഭീഷ്മരും ദുര്യോധനനും “തന്നെ തന്നെ” എന്ന് അനുകൂലമായി പ്രതികരിച്ചു. കർണ്ണൻ മുഖം പൊത്തി പെട്ടെന്ന് ഇറങ്ങിപ്പോവുന്നതു കൃപാചാര്യൻ ശ്രദ്ധിച്ചു. ആ മുഖത്തു അശാന്തഭാവം നിറഞ്ഞു.

◇ ◇ ◇ 2018/06/25

“വേട്ടയാടിയും പാതിവെന്ത ഇറച്ചി തിന്നും പരുക്കൻ തറയിൽ ഉറങ്ങിയും കാട്ടുകുടിലിൽ കൗമാരം വരെ നിങ്ങൾക്കൊക്കെ കാരണവരായി കഴിഞ്ഞ യുധിഷ്ഠിരന്റെ പ്രകൃതത്തിൽ എങ്ങനെ പെരുമാറ്റകാപട്യം മായാത്ത മുഖമുദ്രയായി?” ഭീമഗദാപ്രഹരത്തിൽ തുടയോടിഞ്ഞു ചളിയിൽ വീണ ദുര്യോധനന്റെ അടുത്തേക്ക് “എന്ത് പറ്റി ഉണ്ണീ “ എന്ന് വിലപിച്ചു അടുത്തേക്കോടിച്ചെല്ലുന്ന പാണ്ഡവമുഖ്യനെ കൗതുകത്തോടെ നോക്കി കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“കാപട്യത്തെ കാരണവർ കണ്ടത് ജനിതകവൈകല്യമായല്ല, ജന്മസൗഭാഗ്യമായാണ്. വേട്ടമൃഗമാംസം ആരോരുമറിയാതെ പൊരിച്ചു തിന്നു ചിറി കഴുകി,.

“ഞാൻ തീർത്തും സസ്യാഹാരി’ എന്നു മേനി പറയുന്ന ഒരു കൗമാരകാലയുധിഷ്ഠിരനെ ഞാൻ ഓർത്തെടുക്കുന്നു.”

“ഇപ്പോൾ കേട്ട ‘ഗാന്ധാരീവിലാപം എത്രയോ വർഷങ്ങൾക്കു മുമ്പ് തന്നെ നിങ്ങൾ മഹാറാണി ഗാന്ധാരിയെ ചൊല്ലി പരിശീലിപ്പിച്ചിരുന്നു എന്നോ?” കൊട്ടാരം ഞെട്ടലോടെ ലേഖിക ചോദിച്ചു. യുദ്ധാനന്തര കുരുക്ഷേത്ര. മക്കളുടെ ജഡമാണ് ചുറ്റും ചിതറിക്കിടക്കുന്നതെന്നറിഞ്ഞ ഗാന്ധാരി കൺകെട്ട് നീക്കി പൊട്ടിക്കരഞ്ഞു കൃഷ്ണനെ ശപിച്ചു പാടിയ ഗാന്ധാരീവിലാപത്തിൽ പാണ്ഡവർ പകച്ചുപോയ അന്തരീക്ഷം.

“യുദ്ധമേഘങ്ങൾ ഹസ്തിനപുരിയുടെ ആകാശത്തു കറുത്തു തുടങ്ങുന്ന ഒരു സന്ധ്യയിൽ ഞാൻ പിതൃസഹോദരി കുന്തിയെ കണ്ടശേഷം ഹസ്തിനപുരി കൊട്ടാരത്തിൽ നിന്ന് പുറത്തുകടക്കുമ്പോൾ വിദുരർ പറഞ്ഞു, മഹാറാണി ഗാന്ധാരിക്കെന്നെ കാണണമെന്ന്. ഞങ്ങൾ കണ്ടു സംസാരിച്ചു. അവിശ്വസനീയമെന്നിപ്പോൾ നാം കരുതാവുന്ന പലതും നാളെ സംഭവിക്കുമെന്നും, ഇപ്പോൾ മക്കളെ പിന്തിരിയിപ്പിക്കാൻ നിങ്ങൾ കൺകെട്ടഴിച്ചുണർന്നില്ലെങ്കിൽ നാളെ നിസ്സഹായയായി വിലപിക്കേണ്ടിവരുമെന്നും ഞാൻ ഗാന്ധാരിയെ ഓർമ്മിപ്പിച്ചു. പ്രേരണക്കു വഴങ്ങുന്നവരല്ല മക്കൾ എന്നും, എന്ത് ചെയ്യണമെന്നും ഗാന്ധാരി ചോദിച്ചപ്പോൾ, അത്തരം ഒരു ശോകസാഹചര്യം ഉണ്ടായാൽ, എന്നെ ശപിച്ചുകൊണ്ടൊരു വിലാപഗീതം ഞാനിപ്പോൾ നിങ്ങൾക്ക് രഹസ്യമായി ചൊല്ലിത്തരാമെന്നു ആ വ്യഥിത മാതൃമനസ്സിനെ ആശ്വസിപ്പിച്ചു. ആ ശോകമുഹൂർത്തത്തിൽ, കൃത്യം വാക്കുകൾ ഓർമ്മിക്കാൻ, നിത്യവും സന്ധ്യക്കുള്ള നാമജപത്തിനൊപ്പം വാക്കുതെറ്റാതെ ചൊല്ലി പഠിക്കണം എന്നുപദേശിച്ചതവർ ഉത്തരവാദിത്വത്തോടെ ചെയ്തു. യുദ്ധാനന്തരം എന്നെ പരസ്യശാപത്തിനു നേരിട്ടപ്പോൾ, ഒന്നേ എനിക്ക് പറയേണ്ടിവന്നുള്ളൂ-അമ്മാ, ഒരു വാക്കു പോലും തെറ്റാതെ ഗാന്ധാരീശാപം ഉച്ചരിച്ചതിനു നന്ദി.”

◇ ◇ ◇ 2018/06/26

“അടിമുടി നവീകരിക്കുമെന്നു താങ്കൾ ആദ്യദിനം അവകാശപ്പെട്ടല്ലോ. എന്തായി?” കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി. കായികക്ഷമതയുള്ള ആണുങ്ങളെല്ലാം കൊല്ലപ്പെട്ടിരുന്നു കൊണ്ട് കോട്ടയ്ക്കുള്ളിൽ ആൾചലനം സാവധാനത്തിലായിരുന്നു.

“ഭരണകൂടം എന്നു പറയാൻ നിലവിൽ അഞ്ചു പാണ്ഡവർ മാത്രമല്ലേ ഉള്ളൂ. സിംഹാസനം പൊടിതട്ടി വൃത്തിയാക്കുന്നത് പോലും ഞങ്ങളാണ്. പതിമൂന്നുവയസ്സിനു മേലെ ഉള്ളവരെയെല്ലാം ദുഷ്ടദുര്യോധനൻ കുരുക്ഷേത്രയിൽ ബലി കൊടുത്തില്ലേ? പതിമൂന്നിന് താഴെയുള്ള പുതു ജനസംഖ്യയിലാണ് ഭാവിതൊഴിലാളിമണ്ഡലം അണിയിച്ചൊരുക്കേണ്ടത്. ഞങ്ങൾക്കും പ്രായത്തിന്റെ പ്രശ്നമുണ്ടല്ലോ. ആരോഗ്യമുണ്ടായിരുന്ന കാലത്തു കാട്ടിൽ അലഞ്ഞുജീവിച്ചതൊക്കെ നിങ്ങളും ഒരുപക്ഷെ വായിച്ചറിഞ്ഞിട്ടുണ്ടാവും. ആയിരം പൂർണചന്ദ്രന്മാരെ കണ്ടിട്ടും, ആയുസ്സിന്റെ ബലം കൊണ്ടു നടന്നു വന്നു രക്തച്ചൊരിച്ചിൽ ഇല്ലാതെ ചെങ്കോൽ തട്ടിയെടുക്കാൻ കഴിഞ്ഞതാണെന്റെ ആദ്യനയതന്ത്ര നേട്ടം. പോരാട്ടഭൂമിയിൽ ജയിക്കാൻ പെട്ട പാടൊന്നും ഹസ്തിനപുരി കോട്ട പിടിച്ചെടുക്കാൻ വേണ്ടിവന്നില്ല. ‘കൊല്ലരുത് എന്ത് ദാസ്യവൃത്തിക്കും തയ്യാർ’ എന്ന് ധൃതരാഷ്ട്രരുടെ വ്യക്തിഗതസേവനദാതാക്കൾ ഇരുകൈകളും മലർത്തി പറഞ്ഞത് മൊത്തം അരമനയുടെ അനുമതിയായി. നിലവിൽ നേരിടുന്ന വെല്ലുവിളി ഭാര്യയുടേതാണ്. കുന്തിയെയും ഗാന്ധാരിയെയും വനവാസത്തിനയച്ചുവേണം അവൾക്കു രാജമാതാപദവി ആവശ്യപ്പെടാൻ. എതിരാളിയായി അഭിമന്യുവിധവ എത്തിയതാണ് കഷ്ടം. കൈക്കുഞ്ഞായ പരീക്ഷിത്തിനെ കിരീടാവകാശിയായി പ്രഖ്യാപിച്ചുവേണം ഉത്തരക്ക് കൊട്ടാരത്തിൽ അവകാശത്തോടെ കാലുകുത്താൻ. അധികാര പ്രശ്നങ്ങളുടെ നടുക്കടലിലും ഒരു വെള്ളിവെളിച്ചം ഞങ്ങൾ കാണുന്നു-പാഞ്ചാലിയുടെ അഞ്ചു മക്കൾ മരിച്ചുപോയതു കൊണ്ടു ഭാവിയിൽ പരീക്ഷിത്തും അവരും തമ്മിൽ സംഘട്ടനസാധ്യത ഒഴിഞ്ഞുപോയി. ഒരാലോചനയുമില്ലാതെയല്ലേ ഭീഷ്മർ കുരുവംശത്തിൽ കൊള്ളരുതാത്ത ഓരോരോ കാര്യങ്ങൾ ചെയ്തത്. ഇനി ശരശയ്യയിൽ ചെന്നുകണ്ടു രാജഭരണ ബാലപാഠങ്ങൾ ഞാൻ നേരിട്ട് പഠിക്കണമെന്ന് കൃപാചാര്യർ. രഥമോടിക്കാനുള്ളവരെല്ലാം കൊല്ലപ്പെട്ടതുകൊണ്ട് ഭീമൻ സാരഥി.” യുധിഷ്ഠിരൻ കൊട്ടാരം ലേഖികയോടല്ല സംസാരിച്ചു കൊണ്ടിരുന്നത്. ചെന്നിയിൽ തല്ലിയും, കാലുകൾ മുന്നോട്ടും പിന്നോട്ടും ചലിപ്പിച്ചും, സ്വയം സംസാരിക്കുകയായിരുന്നു. ജാലകത്തിന്നപ്പുറത്തു അയാളുടെ കൗതുകചേഷ്ടകൾ മറ്റു പാണ്ഡവർ നീരസത്തോടെ നോക്കി.

“കുരുക്ഷേത്രയിൽ ചോരയുടെയും, ഹസ്തിനപുരിയിൽ അധികാരത്തിന്റെയും രുചിയറിഞ്ഞ മറ്റു നാലു പോരാളി പാണ്ഡവർ നാളെ നിങ്ങൾക്കെതിരെ തിരിഞ്ഞാൽ? പാഞ്ചാലി അവരുടെ കൂടെ ചേർന്നാൽ? അങ്ങനെയാണ് ഞാൻ പുതിയ മഹാരാജാവിനെ നേരിട്ടത്” അഭിമുഖത്തിന്റെ പനയോലരേഖ യുദ്ധകാര്യലേഖകനു കൈമാറിയ കൊട്ടാരം ലേഖിക അന്നത്തെ തൊഴിലനുഭവം പങ്കിട്ടു.

“കൊട്ടാരത്തിൽ അന്തഃഛിദ്രം വിതക്കുന്ന ഇടപെടൽപത്രപ്രവർത്തകയുടെ തെറിച്ച ചോദ്യത്തിന് മറുപടി പറയാനാവാതെ തല ചൊറിയുന്ന യുധിഷ്ഠിരനെ ഞാൻ ഇതാ മുമ്പിൽ കാണുന്നു.”

“അക്ഷയപാത്രം ഇല്ലെങ്കിൽ?”, ഊട്ടുപുരയിൽ ചമ്രം പടിഞ്ഞിരുന്നു ഭക്ഷണം കഴിക്കുന്ന പാണ്ഡവരെ ജാലകത്തിലൂടെ നോക്കി കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“കുഴിമടിയനായ ഒരാളെ മറ്റു നാലുപേർ വളഞ്ഞു വീഴ്ത്തി, വെട്ടി, തൊലിയുരിച്ചു ചുട്ടുതിന്നും. ഒരാൾ മാത്രമാവുമ്പോൾ എന്നെ പച്ചക്ക് തിന്നും. അക്ഷയപാത്രം വയർനിറക്കുക മാത്രമല്ല ഈ വീട്ടിൽ നരഹത്യ തടയിടുന്നു എന്ന് കൂടി മനസ്സിലായല്ലോ!”,

◇ ◇ ◇ 2018/06/27

“രഹസ്യസന്തതി എന്നൊക്കെ നാം ഇക്കാലവും സംശയിച്ച കർണ്ണന്റെ പിതൃത്വം അപ്പോൾ ഭീഷ്മരുടെ കുതിരവണ്ടി ഓടിക്കുന്ന അതിരഥനുതന്നെ? ഔദ്യോഗിക അംഗീകാരമുള്ള വൈദ്യശാസ്ത്രജ്ഞരുമായി കൂടിക്കാഴ്ചയിൽ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ: ഹസ്തിനപുരിയിൽ ഇന്നലെ പെയ്ത പേമാരിയെക്കാൾ ജനങ്ങളെ വലച്ചത് ‘ജനിതകധാര’ എന്ന വൈദ്യശാസ്ത്ര പരീക്ഷണശാലയുടെ ഈ വെളിപ്പെടുത്തൽ ആയിരുന്നു. ഇതിന്റെ ഉടമ വേറെ ആരുമല്ല.

“വേണ്ട ഞങ്ങൾക്ക് രാജഭരണം” എന്ന വിപ്ലവസംഘടനയുടെ ഒളിപ്രവർത്തകൻ ചാർവാകൻ അതിരഥൻ എക്കാലവും സംശയത്തിന്റെ നിഴലിൽ ആയിരുന്നോ? രക്തപരിശോധന നടത്തിയത് യഥാർത്ഥത്തിൽ കർണനിൽ തന്നെ ആയിരുന്നോ?, അതോ, അതിരഥന്റെ രണ്ടാമത്തെ മകനിലോ? പരീക്ഷണം നടന്ന സമയം സൂര്യഗ്രഹണം ആയിരുന്നു എന്ന വസ്തുതക്ക് പരിശോധനഫലത്തിൽ സ്വാധീനമുണ്ടോ? സംഭവവികാസത്തെ പാണ്ഡവർ എങ്ങനെ നേരിടണം എന്നാണു കുന്തി പ്രതീക്ഷിക്കുന്നത്? പുതുതായി പൂക്കാരത്തെരുവുകളിലെ ചുവരുകളിലും ഇനി നിത്യവും വൈകുന്നേരം പ്രസിദ്ധീകരിക്കുന്ന ഹസ്തിനപുരി പത്രികയിൽ.

“കർണന്റെ പിതൃത്വം” എന്ന പരമ്പര നാളെ മുതൽ

◇ ◇ ◇ 2018/06/28

“കൃഷി ചെയ്തു ജീവിക്കുവിൻ എന്ന ആശീർവാദത്തോടെ, സഹോദരപുത്രന്മാർക്കു സ്വന്തമായൊരു പുരയിടമെന്ന നിലയിൽ, യമുനയുടെ തീരത്തെ ഖാണ്ഡവവനം അന്ധരാജാവ് ചാർത്തിക്കൊടുക്കുമ്പോൾ, കണ്ടുനിന്നതല്ലാതെ, കുറച്ചു പ്രതിഷേധിക്കേണ്ടതല്ലേ കൗരവർ?” കൊട്ടാരം ലേഖിക കൃപാചാര്യനോട്. ചോദിച്ചു.

“നൂറു കൗരവരും നിത്യവും പോയി ഗാന്ധാരിയോട് രാജസമ്മതം കിട്ടാൻ വാശിപിടിക്കുന്ന കാലം. അവർക്കുടൻ വേണ്ടത് രാജസ്ത്രീകൾക്കു പ്രത്യേകം അരമന പണിയാൻ സംരക്ഷിതവനം മുറിച്ചു മരത്തടി വേണം. പരിസ്ഥിതി താറുമാറാക്കരുത് എന്ന മുടന്തൻ ന്യായം പറഞ്ഞു ധൃതരാഷ്ട്രർ സമ്മതിക്കാത്തപ്പോഴാണ്, ഖാണ്ഡവവനം മുറിച്ചു കൃഷിയിടം കണ്ടെത്താൻ പാണ്ഡവർക്ക് അനുമതി. ആധാരത്തിൽ രാജമുദ്ര ചാർത്തും മുമ്പ്, അച്ഛനെ കൊല്ലാൻ ദുര്യോധനൻ ഗാന്ധാരിയുടെ സഹകരണം തേടി. മദ്യത്തിൽ വിഷം കലർത്താൻ അമ്മയെ പ്രേരിപ്പിച്ചപ്പോൾ വത്സലമാതാവ് സമ്മതം മൂളി. കാഴ്ച കുറവെങ്കിലും, രാജാവ്, ഗാന്ധാരി നീട്ടിയ ദ്രാവകത്തിൽ ‘ഒരെലിയെ’ മണത്തു ദുര്യോധനനെ വിളിച്ചു പറഞ്ഞു, ഈ ലഘു പാനീയം ആദ്യം നീ കുടിച്ചു വേണം എനിക്ക് കഴിക്കാൻ. കൗരവൻ കുഴങ്ങി. എന്തോ മാലിന്യം കണ്ടു, മാറ്റി വേറെ കൊണ്ടുവരാം എന്ന് പറഞ്ഞപ്പോൾ, കൺകെട്ട് നീക്കി ഗാന്ധാരി സാഹചര്യത്തിന്റെ സംഘർഷം തിരിച്ചറിഞ്ഞു സമസ്താപരാധങ്ങളും പൊറുക്കണമെന്നു ഗാന്ധാരിയും മക്കളും കാലിൽ വീഴുന്നതിനു ഞാൻ സാക്ഷി. എന്നിട്ടും കൈകൾ വീശി പുറത്തുവന്ന ദുര്യോധനൻ രാജസഭയിൽ ഉച്ചത്തിൽ പറഞ്ഞു, പാണ്ഡവർക്ക് ഖാണ്ഡവവനം വിഭാവന ചെയ്യുന്നത് ഒരുത്തമ ഭാവിജീവിതമാണെങ്കിലും, അതിലോല പാരിസ്ഥിതിക പ്രദേശമെന്ന നിലയിൽ സംരക്ഷണം അർഹിക്കുന്ന ഇടമായതുകൊണ്ട്, ഹസ്തിനപുരിഭരണകൂടത്തിന്റെ ഒരു കണ്ണ് അവിടേക്കെന്നും നീളും. കാട് കത്തിക്കുകയോ അവിടെയുള്ള ജീവജാലത്തിനു നാശം വരുത്തുകയോ അരുത് എന്ന നിബന്ധന അനുബന്ധമായി ചേർത്തിട്ടേ, രാജമുദ്രയുള്ള ആധാരം മന്ത്രി വിദുരർ യുധിഷ്ഠിരന് കൈമാറിയുള്ളൂ. തോറ്റുകൊടുക്കുന്നവനല്ല ദുര്യോധനൻ എന്ന് വ്യക്തമാക്കുന്ന ഇതുപോലെ എത്രഎത്ര സംഭവങ്ങൾ.”

“ഹസ്തിനപുരി-കുരുക്ഷേത്ര ദേശീയ പാത വീതി കൂട്ടുന്ന ശ്രമദാനത്തിൽ, കിളച്ചും മണ്ണ് ചുമന്നും കൌരവർ നൂറുപേർ പണി ചെയ്യുന്നത് പോലെ അഭിനയിക്കുമ്പോൾ, അവരെ ഒന്നൊന്നായി പിന്നീട് ഓർക്കാൻ മാത്രം നിങ്ങൾ കൃത്യമായി തിരിച്ചറിയുമോ, കുരുവംശഭരണകൂടത്തിലെ എന്തുതരം കാർമികർ ആണെന്ന്? സംശയമുണ്ട് അല്ലെ? സാരമില്ല, അവരുടെ മൊത്തം പിതൃത്വം ഒന്ന്, അതാണ് ആ മുഖസാമ്യത്തിനു മിതമായ സമാധാനം. എന്നാൽ ഞങ്ങൾ അഞ്ചു പേരെ നോക്കൂ. ഓരോരുത്തരും ഓരോവിധം അല്ലെ? കാരണം എന്തെന്നോ? ഒരാൾ കാലന്റെ മകനാണെങ്കിൽ ഒരാൾ ഇന്ദ്രന്റെ മകൻ. ഇരട്ടക്കുട്ടികളായ നകുലസഹദേവന്മാർക്ക് ഇരട്ടപിതൃത്വമുണ്ട്. എന്തൊരു വ്യത്യാസമാണ് ധാർതരാഷ്ട്രരും പാണ്ഡവരും തമ്മിൽ അല്ലേ?” വേട്ടമാംസം തിന്നും മദ്യം കഴിച്ചും ഭീമൻ കൊട്ടാരം ലേഖികയുമായി കൂട്ടം കൂടി. അജ്ഞാതവാസത്തിനുശേഷം വിരാടദേശത്തിൽ സൈനികസംഭരണ ചുമതലയുമായി മറ്റുനാലു പാണ്ഡവർ ചുറുചുറുക്കോടെ ഓടിനടന്നു.

“നിങ്ങളുടെ പൈതൃകമായ കുരുവംശത്തിലെ നാറുന്ന കിടപ്പറക്കഥകൾ ‘ഹസ്തിനപുരി പത്രിക’യുടെ മുമ്പിൽ കഴുകിയിട്ടു എന്ത് കാര്യം?” കൊട്ടാരം ലേഖികയുടെ സ്വരം കനത്തു.

“കഴുകിയതല്ലേ ഉള്ളൂ ഇനി ഉണക്കിമടക്കുന്ന കാര്യത്തിലേക്കു കടക്കാം. പന്ത്രണ്ടു കൊല്ലം കാട്ടിൽ ശിക്ഷ നേരിട്ടെങ്കിലും, പാണ്ഡവർ നിസ്സാരന്മാരല്ല എന്ന് നിങ്ങൾ ധൃതരാഷ്ട്ര അരമനയിൽ ചെന്ന് ശക്തമായി പറയണം. പത്രപ്രവർത്തകരെ രാജധർമത്തിൽ മധ്യവർത്തി ആക്കുന്ന രീതി അടുത്ത യുഗത്തിൽ സാർവർത്രികമാവും എന്ന്, ഉത്തരയുമായുള്ള വിവാഹത്തിന് വന്ന അഭിമന്യു ഈയിടെ പറയുന്നത് കേട്ടു. കുറഞ്ഞ ചെലവിൽ കാര്യം നടത്തിക്കിട്ടാൻ നിങ്ങളെപോലുള്ളവർക്കു നക്കാപ്പിച്ച തന്നാൽ മതിയല്ലോ.”

◇ ◇ ◇ 2018/06/29

“ഉറക്കം വരാതെ കിടക്കുമ്പോൾ, കേൾക്കാൻ കൊതിക്കുന്ന സ്വകാര്യം?” കൊട്ടാരം ലേഖിക ചോദിച്ചു.

“ഇന്ന് മുതൽ നീ ദുര്യോധനന്റെ പുരുഷാധികാരപരിധിയിൽ വരുന്ന പെണ്ണടിമയല്ല, പൂർണസ്വതന്ത്ര എന്നാരോ വന്യഭാവനയിൽ ഉന്മാദം പടർത്തും. അതോടെ ഈ കാരാഗൃഹത്തിൽ നിന്ന് പുറത്തു ചാടി കാട്ടരുവിയിൽ സ്വർണമത്സ്യമായി ഒഴുകി രക്ഷപ്പെട്ടു വിദൂരതയിലേക്ക് പോവും.”

“അങ്ങനെ ഒഴുകിപ്പോയാൽ അനാഥരാവില്ലേ പ്രിയപാണ്ഡവർ?”, കൊട്ടാരം ലേഖിക ജാലകത്തിന് വെളിയിൽ ആയുധം മൂർച്ച കൂട്ടിക്കൊണ്ടിരുന്നവർക്ക് നേരെ വിരൽ ചൂണ്ടി.

“കൗരവഅടിമകളായി ജീവിതാവസാനം വരെ ഇവിടെ ജീവിച്ചു കുഴഞ്ഞുവീണു ആരോരുമറിയാതെ മരിക്കും.”

“പ്രകൃതി പാണ്ഡവർക്ക് നന്മ ചെയ്യുമെന്നുറപ്പായി” പ്രശാന്തമായ ആ വസന്തകാലപ്രഭാതത്തിൽ വനാശ്രമത്തിനു പുറത്തു, മറ്റു പാണ്ഡവരും പാഞ്ചാലിയുമൊത്തു നിൽക്കുകയായിരുന്ന യുധിഷ്ഠിരൻ, ഒരു വിനോദസഞ്ചാരിയുടെ ഉന്മേഷത്തോടെ ചുറ്റും നോക്കി.

“എലിയും കുറുക്കനും ഓടുന്ന വനാശ്രമത്തിൽ പന്ത്രണ്ടു വർഷം ശിക്ഷ പ്രകൃതി തന്നെയാണോ പാണ്ഡവർക്ക് എർപ്പാടാക്കി തന്നത്?”

“സഹനത്തിന്റെ നീണ്ട പാത എന്നൊക്കെ യോദ്ധാക്കൾ പറയും. അടിമയാണെങ്കിലും ഒരുനാൾ ഞങ്ങൾ അധികാരിയാവും. അതാണ് ഖാണ്ഡവവനം കത്തിക്കുമ്പോൾ പ്രകൃതി തന്ന വാക്ക്. ഈ ദുരിതജീവിതം കുറെ ക്ഷമിക്കും. എല്ലാം ത്യാഗം എന്ന് പോലും കരുതും. ഒന്നും ഫലിക്കുന്നില്ലെങ്കിൽ, ആയുധം കയ്യിലെടുക്കും. തലകൾ സ്വാഭാവികമായും ഉരുളും.”

◇ ◇ ◇ 2018/06/30

“ഊഴം കാത്തു അവസരം കിട്ടിയ പാണ്ഡവരിലൊരാൾ പായ പങ്കിടാൻ ചങ്കിടിപ്പോടെ ഈ ഒറ്റമുറിയിൽ വരുമ്പോൾ, മറ്റു നാലു പാണ്ഡവർ നിങ്ങളിരുവരുടെ രതിസ്വകാര്യത മാനിച്ചു കുടിലിൽ നിന്ന് പുറത്തു പോവണം എന്നതല്ലേ നിലവിലുള്ള പൊതുദാമ്പത്യ പെരുമാറ്റച്ചട്ടം? അതോ അത്തരം പരിഷ്കൃത ധാരണയൊന്നും ഇല്ലേ?” കൊട്ടാരം ലേഖിക ചോദിച്ചു.

“എന്തൊക്കെ താറുമാറാക്കിയാൽ കിടപ്പു മുറിക്കകത്തെ ആൺ-പെൺ ശാരീരിക പാരസ്പര്യത്തെ കലക്കിമറിച്ചു മലിനപ്പെടുത്താമോ അതൊക്കെ ബാക്കി നാലു പേരും ഒളിഞ്ഞും തെളിഞ്ഞും ചെയ്യും. അപമാനബോധത്തോടെ കൂട്ടുകാരനും ഞാനും രണ്ടു മൂലയിൽ കമഴ്ന്നു കിടക്കും. അസ്ത്രം മറന്നുവച്ചത് എടുക്കാൻ വന്നതാണ് എന്ന് ‘നിഷ്കളങ്ക’മായി പറഞ്ഞു പാണ്ഡവരിൽ ഒരാൾ മുറിയിൽ ഇടിച്ചു കയറിയതും, ‘കടക്കു പുറത്തു’ എന്ന് പറയാതെ തന്നെ, അയാൾ ഉടനടി പുറത്തു കടന്നതും ഇതുവരെ ഞാൻ മറന്നിട്ടില്ല.”

“വിവാഹപൂർവസന്തതികളും വിവാഹേതര രതിയും കുരുവംശപ്പെരുമക്ക് ഒരനുബന്ധ അലങ്കാരമായി മാത്രമെന്ന് കരുതുന്ന വാണിജ്യ മണ്ഡലം ഹസ്തിനപുരിയിലുണ്ട്. അവരെ പക്ഷെ ചിന്താക്കുഴപ്പത്തിലാക്കുന്നത്, വെളുത്ത ദേവരൂപികൾ അഞ്ചുപേർ നിങ്ങൾക്കുണ്ടായിട്ടും, എന്തിനൊരു ശ്യാമ യാദവൻ? ഒന്നും വേണ്ടായിരുന്നു എന്ന് തോന്നിയോ വല്ലപ്പോഴും?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“എന്നെ കീഴ്‌പ്പെടുത്താനും പണയപ്പെടുത്തി അടിമയാക്കാനും പാടുപെടുന്ന കൌന്തേയർ എവിടെ, ഞാൻ ആപത്തിൽ പെടുമ്പോൾ, പടിഞ്ഞാറ് കടലോര നഗരിയിൽ എനിക്കായി സുരക്ഷിതത്വത്തിന്റെ ഒരാലില, സത്യഭാമ പോലുമറിയാതെ, മറിച്ചിടുന്ന ആ പ്രിയസുഹൃത്തെവിടെ.” വനാന്തരത്തിലെ ആശ്രമമുറിയിൽ ശീതകാലസന്ധ്യയുടെ ഭീതിതമായ മൂടുപടം മുഖമടച്ചു വീണു എന്നിട്ടും, പാഞ്ചാലിയുടെ കണ്ണുകൾ തുളുമ്പുന്നത് കൊട്ടാരം ലേഖികക്ക് ഇരുളിൽ കാണാമായിരുന്നു.

# — 6 —

“ചൂതാട്ടം പരിശീലിച്ചും, കൗരവരെ പോരാട്ടത്തിൽ തോൽപ്പിക്കുന്നത് വിഭാവന ചെയ്തും, അല്ലലില്ലാതെ വ്യാഴവട്ടക്കാല ശിക്ഷ കഴിക്കുകയാണ് പാണ്ഡവർ എന്നതൊരു സാമാന്യവസ്തുതയായി ഇതിനകം കൗരവർക്കിടയിൽ പരക്കെ അംഗീകരിക്കപ്പെട്ടതല്ലേ? ഇത് മറച്ചുവച്ച് നിങ്ങൾ എന്തിനു അവരഞ്ചു പേരും നിരന്തരം തലയിൽ തുണിയിട്ട് ഹസ്തിനപുരിയിൽ രഹസ്യവിവര ശേഖരണത്തിലാണെന്ന വ്യാജവാർത്ത ആവർത്തിച്ചു വിട്ടു കൗരവരെ പ്രകോപിപ്പിക്കുന്നു?”, പത്രാധിപർ അനിഷ്ടസൂചകമായ ഗോഷ്ടിയോടെ ചോദിച്ചു.

“നിങ്ങൾക്കറിയാമോ, നൂറിൽ പാതി കൗരവരും ഇപ്പോൾ ഹസ്തിനപുരിയുടെ അതിർത്തി രാജ്യങ്ങളിലേക്കുള്ള ദേശീയപാതകളിൽ കാണുന്ന കുതിരപ്പന്തികളിൽ നുഴഞ്ഞു കയറി ചാരപ്പണി നടത്തുകയാണ്. പാണ്ഡവരും അപ്പോൾ കൗരവരറിയാതെ ദിവ്യാസ്ത്രങ്ങൾ തേടി ഒളിവിൽ പോവുന്നു എങ്കിൽ എന്താണ് കുഴപ്പം. തിന്നുന്ന ചോറിനു രണ്ടു ശത്രുനിരകളും അങ്ങനെ അദ്ധ്വാനിക്കുന്നു. രാജവാഴ്ചക്കാലത്തെ പരിമിത മാധ്യമ പ്രവർത്തനത്തിൽ ഇതിൽ കൂടുതൽ ഭരണകൂടജാഗ്രത ഒരു പെൺപത്രപ്രവർത്തക എങ്ങനെ ഉറപ്പു വരുത്തും? പറഞ്ഞേക്കാം, ആണ്ടുപിറപ്പു മുതൽ വേതനസേവനപരിഷ്കരണം വേണം. ഹിമാലയത്തിലെ വനാശ്രമത്തിൽ പോയി പാഞ്ചാലിയെ അഭിമുഖം ചെയ്തു ഒരു കെട്ടു പനയോലക്കുറിപ്പുകളുമായാണ് ഞാൻ തിരിച്ചുവരുന്നത്. കൗരവ-പാണ്ഡവ പോരാട്ടത്തെക്കാൾ പൊതുസമൂഹത്തിനു താൽപ്പര്യം പാഞ്ചാലി എങ്ങനെ പാണ്ഡവരെ ഗാർഹികപീഡനത്തിലൂടെ ചില പാഠങ്ങൾ പഠിപ്പിക്കുന്നു എന്നതായിരിക്കും.”

“തർക്കപിതൃത്വം തീർപ്പായില്ലെ?” കൊട്ടാരം ലേഖിക സംശയത്തോടെ നോക്കി.

“വാനപ്രസ്ഥത്തിന് പടിയിറങ്ങും മുമ്പ് മനഃസ്സാക്ഷിയെ ഉറങ്ങാൻ അനുവദിക്കണം എന്ന തോന്നലിലാണ് സത്യം വെളിപ്പെടുത്താൻ അഭിമുഖം തരുന്നത്. പാണ്ഡുവുമൊത്തു ഞാനും മാദ്രിയും യാതന അനുഭവിക്കുന്ന കാലം. കായികക്ഷമതയോ ഇച്ഛാശക്തിയോ ഇല്ലാത്ത ദുർബലനായ പാണ്ഡു, പരുക്കൻ തറയിൽ പായ വിരിച്ചു കിടന്ന ഓർമ്മ. ഞങ്ങൾ രണ്ടു യുവതികൾ മാതൃത്വം എന്ന പെണ്ണവകാശത്തിനു വേണ്ടി വഴി നോക്കുകയാണ്. സമീപത്തെ സന്യസ്ഥാശ്രമങ്ങളിൽ സേവനമുണ്ടായിരുന്നത് കൊണ്ട് ആശ്രമാചാര്യനുമായി അടുത്തു. സഹായം ആശ്രമത്തിൽ നിന്ന് കിട്ടി. അവിടെ പോവുന്നതിനിടയിൽ അരുതാത്തതെന്തോ സംഭവിച്ചു എന്ന തിരിച്ചറിവിൽ, പിറ്റേന്ന് പോവാതെ വീട്ടിലിരിക്കുമ്പോൾ. ആശ്രമത്തിൽ നിന്നൊരു ‘ഹംസം’ ‘ഉടൻ വരൂ’ എന്ന സന്ദേശം കൈമാറി. വഴങ്ങി യില്ലെങ്കിൽ ‘ആചാര്യസംയോഗം’ പൊതുസമൂഹം അറിയുമെന്ന ഭീഷണിയിൽ ഞങ്ങൾ മടി വിട്ടു വീണ്ടും അയാൾക്ക് വഴങ്ങി. വിശ്വസ്ത അനുയായികൾക്കും ഞങ്ങൾക്കു മേൽ അധിനിവേശം ഉണ്ടായി എന്നതൊരു അനുബന്ധ വസ്തുത. ഒന്നും ഞങ്ങൾ മറച്ചുപിടിക്കുന്നില്ല. മാദ്രിയും ഞാനും ഈ പീഡന ആശ്രമപർവ്വം പാണ്ഡുവിനെ അറിയിച്ചത് സ്വാഭാവികമായും, വേറൊരു വിധത്തിലായി പോവുമല്ലോ. കുട്ടികളില്ലാതെ മരിച്ചുപോയാൽ കുരുവംശചരിത്രത്തിൽ നിന്ന് നാം എന്നെന്നേക്കുമായി തുടച്ചുമാറ്റപ്പെടുമെന്ന ഓർമ്മപ്പെടുത്തലിൽ, വിവാഹബാഹ്യസ്രോതസ്സുകൾ വഴിയെങ്കിലും ബീജസംഭരണത്തിലൂടെ മാതൃത്വം സാധ്യമാക്കു എന്നു ഞങ്ങളോട് പാണ്ഡു കെഞ്ചുന്ന അവസ്ഥയുണ്ടായി. ഗർഭ പാത്രത്തിന്റെ നിലവിളി പാണ്ഡു കേൾക്കുന്നില്ലെങ്കിൽ, പട്ടിണിക്കിട്ടു കൊല്ലാൻ പദ്ധതിയിട്ടതോന്നും വേണ്ടി വന്നില്ല. കാര്യം നയതന്ത്രത്തിലൂടെ നേടിയെടുത്ത ഞങ്ങൾ കുളിച്ചു പൂ ചൂടി സന്യസ്ഥ ആശ്രമങ്ങളിൽ നിത്യസന്ദർശകരായി ആചാര്യനെയും അനുയായികളെയും നിയന്ത്രിത രതിലീല വഴി കീഴ്പ്പെടുത്തി വരച്ച വരയിൽ വീഴ്ത്തി. ഞാൻ മൂന്നു പ്രസവിച്ചു. മാദ്രി കുറച്ചു വൈകി രണ്ടും. ആചാര്യന്റെ ആത്മീയപിന്തുണയോടെ, മനുഷ്യനേത്രങ്ങൾക്കു പിടികിട്ടാത്ത അതീതശക്തികളാണ് പാണ്ഡവരുടെ പിതാക്കൾ എന്നൊരു കെട്ടുകഥ സമർത്ഥമായി പൊതുമണ്ഡലത്തിൽ പാവനമായി എത്തിച്ചു. ആശ്രമാചാര്യന്റെ ആദ്യപീഡനശ്രമത്തെ ഞങ്ങൾ, പെണ്ണവകാശമായ ആസ്വാദനരതിയിലേക്കും, പാവനമായ മാതൃത്വത്തിലേക്കും പരിവർത്തിച്ചു കഴിഞ്ഞശേഷം പാണ്ഡുവിന് മരിക്കാൻ നേരിയ തോതിൽ ബലപ്രയോഗവും ഞങ്ങൾ ഏറ്റെടുത്തു. ഭൂതകാലത്തിലെ ഈ സത്യം ഈ കുമ്പസാരത്തിലൂടെ ആരാധകരെ അറിയിക്കുന്നതിൽ ആശ്വാസമുണ്ട്. ഇനിയെനിക്ക് തലമുണ്ഡനം ചെയ്തു വനവാസത്തിനു തയ്യാറെടുക്കണം. വിട.”

“കയർത്തു് സംസാരിക്കുമോ പാഞ്ചാലി?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. വനവാസക്കാലം.

“ഞങ്ങൾ ചെയ്യേണ്ട പണി ഏൽപ്പിച്ചപ്പോഴൊന്നും കയർത്തില്ല. അടിമ എന്ന നിലയിൽ അവൾ കാര്യക്ഷമതയോടെ ചെയ്യും. എന്നാൽ ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യം ശേഖരിച്ചു ദൂരെ കുഴി കുത്തി മൂടി വരുമ്പോൾ, വെയിൽ പൊങ്ങി മേലാകെ മലിനമായി ക്ഷീണിച്ചു വിയർത്തിരിക്കും. ഞങ്ങൾ ഉറക്കമുണർന്ന് തണലിൽ, ഇടക്കിടെ അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി കളിക്കുകയാവും. അത് കണ്ടാൽ അവളുടെ മുഖപേശികൾ കനക്കും നോട്ടം പിശകാകും ഒച്ച മാറും വിരൽ ചൂണ്ടും. ഒന്നും ചെയ്യാൻ ഇല്ലെങ്കിൽ ദിവ്യാസ്ത്രം സംഘടിപ്പിക്കണം, യുദ്ധമാണ് വരാനുള്ളത്. എന്നവൾ എന്നോട് ആജ്ഞാപിക്കും പിന്നെ കുന്നിറങ്ങി താഴെ ജലാശയത്തിലേക്കു കുളിക്കാൻ പോവും മുമ്പ് ‘അമ്മോ അമ്മോ’ എന്ന് പൊട്ടിക്കരയും. അതൊന്നും കണ്ടു കേട്ടു എന്നു നടിക്കാതെ ഞങ്ങൾ തീറ്റയും കളിയും തുടരും.”

◇ ◇ ◇ 2018/07/02

“ദുര്യോധനൻ പ്രതിസ്ഥാനത്തു നിൽക്കുന്നു എന്ന് കണ്ണും ചെവിയുമുള്ള കൗരവസ്ത്രീകൾ ആണയിടുമ്പോൾ, കൊട്ടാരഭരണത്തിന്റെ ചുമതല നൽകി അയാളെ തിരിച്ചു കൊണ്ടുവരണമെന്ന് വാദിക്കുന്നതിന്റെ പൊരുൾ?” കൗരവ സഹോദരിയും, സൈന്ധവനാട്ടുവാഴി ജയദ്രഥന്റെ ഭാര്യയും, ഹസ്തിനപുരി വനിതാവകാശ സമിതിയുടെ അധ്യക്ഷയുമായ ദുശ്ശളയോട് കൊട്ടാരം ലേഖികചോദിച്ചു.

“വാർത്ത വരുന്നതെല്ലാം വാസ്തവ വിരുദ്ധമാണ്. ഇരട്ട പൗരത്വമുള്ളതു കൊണ്ട് ഞാനിടക്ക് സൈന്ധവത്തിൽ നിന്നിവിടെ വന്നു വനിതാവകാശ പരാതികളിൽ ശ്രദ്ധിക്കുമെങ്കിലും, എന്നോട് സംരക്ഷണം തേടുകയോ പ്രതീക്ഷിക്കുകയോ ചെയ്യുന്ന ‘ഇന’മല്ല ദുര്യോധനൻ. ഇന്നലെ രാജസഭകൂടി. പിതാമഹൻ നിസ്സാരകാര്യങ്ങൾ കെട്ടിപ്പൊക്കി ഗൗരവത്തിൽ സംസാരിക്കുമ്പോൾ, ഞങ്ങൾ തലതാഴ്ത്തി. യോഗം അവസാനിക്കാറായ സമയത്തു് ഇനി ചോദ്യങ്ങൾ ബാക്കിയുണ്ടോ എന്ന് വേദിയിലുള്ള വിദുരർ ആരാഞ്ഞു. സ്വാഭാവികമായും ദുര്യോധനന്റെ കാര്യത്തിൽ എല്ലാവർക്കും ആകാംക്ഷ ഉണ്ടായിരുന്നു. എന്നാൽ എഴുന്നേറ്റുനിന്നു ചോദിക്കാൻ വയ്യ.

പമ്പാനദീ തീരത്തു പർണശാലകെട്ടി ജീവിക്കുന്ന ദുര്യോധനനെ ദൂതനെ വിട്ടു കൊണ്ടുവന്നു കിരീടാവകാശിയും സർവ്വാധികാരിയുമായി തിരിച്ചെടുക്കുന്നുണ്ടോ എന്നൊക്കെ അറിയാൻ താൽപര്യവും അവർക്കുണ്ടായിരുന്നു. എന്നാൽ ഈ പറയുന്ന കൗരവസ്ത്രീകൾ ആർക്കും ഭീഷ്മരെ നോക്കി ചോദിക്കാൻ ധൈര്യമുണ്ടായില്ല. ദുര്യോധനനെ അധികാരവഴിയിലേക്കു തിരിച്ചെടുക്കാൻ യോഗത്തിൽ ഞാൻ ആവശ്യപ്പെട്ടിരുന്നെന്ന വാർത്ത ശരിയാണ്.

എനിക്ക് മാത്രമാണ് ധൈര്യമുണ്ടായത്. വീട്ടിലെ ഒരംഗം രണ്ടു ദിവസം കാണാതിരുന്നാൽ അവൻ മടങ്ങി വരുമോ എന്ന ആശങ്ക നമുക്കൊക്കെ സ്വാഭാവികമാണ്. അത്തരത്തിലുള്ള സംശയമാണ് എന്റെ ഭാഗത്തു നിന്നുണ്ടായത്. കുരുവംശകുടുംബ യോഗത്തിലെ തീരുമാനങ്ങളെന്ന നിലയിൽ പുറത്തു വരുന്ന വാർത്തകളിൽ പലതും വാസ്തവ വിരുദ്ധമാണ്. ലൈംഗികാക്രമണത്തെ അതിജീവിച്ച മുൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിക്കൊപ്പമാണ് ഞാൻ. ദുര്യോധനന്റെ കാര്യത്തിൽ മഹാരാജാവിന്റെ (ഭീഷ്മരുടെ എന്നല്ല ഞാൻ പറഞ്ഞത്) അന്തിമ തീരുമാനം എന്താണെന്ന് അറിയാൻ താൽപര്യമുണ്ടെന്ന എന്റെ ചോദ്യത്തെ കയ്യടികളോടെയാണ് കൗരവസ്ത്രീകൾ സ്വീകരിച്ചത്. വൈകുന്നേരം ചേരുന്ന നിർവാഹകസമിതി യോഗത്തിൽ ഇക്കാര്യം തീരുമാനിക്കാമെന്ന മറുപടി വിദുരിൽ നിന്ന് ലഭിച്ചു. നാലുപേർ പ്രക്ഷോഭത്തിലാണെന്ന വാദം തർക്കത്തിന് സമ്മതിച്ചാൽ പോലും, തൊണ്ണൂറ്റി ആറു പേരും (ഞാൻ രേഖ പരിശോധിച്ചു) ആദ്യാവസാനം അവിടെ ഉണ്ടായിരുന്നു. അവർക്കില്ലാത്ത അന്തഃസംഘർഷം പിന്നെ ഈ നാലുപേർക്കെന്തിന്? എന്നൊന്നും ഞാൻ ചോദിക്കുകയില്ല. കാരണം, അവസാനത്തെ പ്രതിഷേധസ്വരത്തിനും പൂർണശ്രദ്ധ കൊടുക്കുന്ന രീതിയാണ് ഞങ്ങൾ തക്ഷശിലയിൽ പഠിച്ചത്. വനവാസത്തിനു പോയി എന്ന് ഞാൻ പാഞ്ചാലിയെ വിഭാവന ചെയ്യുന്നില്ല. സുഖവാസത്തിനു പോയി എന്നാണ്. അവർ ഇപ്പോൾ വീടുവച്ച ഇടങ്ങളൊക്കെ ഞങ്ങൾ പോയി കണ്ടതാണ്. വേനൽക്കാല സുഖവാസത്തിനു ദുര്യോധനൻ പണിത ആഡംബരവസതിയാണ് പാഞ്ചാലിക്ക് വിട്ടു കൊടുത്തത്. ഒന്നും വാർത്തയിൽ ചോർന്നു പോകരുത്. അഞ്ചു തടിമാടന്മാർക്കു മൂന്നു നേരം ഭക്ഷണം പാചകം ചെയ്യുക വിളമ്പുക ഇച്ചിൽ കഴുകുക വിറകു കത്തിപ്പിടിപ്പിക്കുക തുടങ്ങി ഒരു പരിഷ്കൃതവനിത വെറുക്കുന്ന തീൻശാലദുരിതത്തിൽ നിന്ന് പാഞ്ചാലിക്ക് മോചനമായി ദുര്യോധനൻ സമ്മാനമായി അക്ഷയപാത്രം കൊടുത്തതും വാർത്തകളിൽ പൊലിപ്പിച്ചു കാണുന്നില്ല. തമസ്കരണം അരുത് അതൊരു നല്ല വാർത്താ പരിചരണ രീതിയല്ല.

"അഴുക്കൊക്കെ കലത്തിൽ ഇട്ടുകൊണ്ട് പോവുന്ന ആ ഭംഗിയുള്ള സ്ത്രീ ആരാണമ്മാ?", വിടർന്ന കണ്ണുകളുള്ള കുട്ടി ചോദിച്ചു.

"അതൊരു അടിമയാണ് മോനേ. യുവരാജാവ് ദുര്യോധനൻ പന്ത്രണ്ടു കൊല്ലത്തെ കഠിനശിക്ഷ കൊടുത്തിരിക്കയാണ്", അമ്മ ആശ്വസിപ്പിച്ചു.

"ഇങ്ങനെ മാലിന്യം ചുമക്കുന്ന അടിമയാവാൻ എന്ത് തെറ്റ് ആ സ്ത്രീ ചെയ്തു, അമ്മാ?", കുട്ടി ചോദിച്ചു.

"ലഹരിയിൽ ഭർത്താക്കന്മാർ അവളെ കൗരവരുമായി രാജസഭയിൽ പരസ്യരതിക്ക് നിർബന്ധിച്ചപ്പോൾ, അവൾ എതിർക്കാതെ നിന്ന് കൊടുത്തതിനു നീതിമാനായ ദുര്യോധനൻ കൊടുത്ത മാതൃകാപരമായ ശിക്ഷ."

"കൈ വിറച്ചില്ലേ മനുഷ്യാ, കൗമാര അഭിമന്യുവിന്റെ നെഞ്ചിൽ കൊടുവാൾ കുത്തിയിറക്കുമ്പോൾ?" കൊട്ടാരം ലേഖിക കർണനോട് ചോദിച്ചു. കുരുക്ഷേത്ര പതിമൂന്നാം ദിവസം.

"നിങ്ങൾ കാര്യമറിയാതെയാണ് എന്നെ മാത്രം പ്രതിയാക്കുന്നത്. കൗരവരുടെ കുത്തും ചവിട്ടുമേറ്റ ഈ കുഞ്ഞു നിലത്തുവീണിട്ടും, ശത്രുക്കളാൽ ചവിട്ടിമെതിക്കപ്പെടുന്നത് കണ്ടപ്പോൾ 'അവന്റെ ജന്മം അവസാനിപ്പിക്കൂ' എന്ന് പെറ്റതള്ള സുഭദ്രയുടെ യാചന കേട്ട പോലെ തോന്നി. ആ വ്യാകുലമാതാവിന്റെ ആജ്ഞ അനുസരിച്ചു ഞാൻ അഭിമന്യുവിന്റെ ദുരിതശരീരത്തെ എന്നെന്നേക്കുമായി നിശ്ചലമാക്കി."

◇ ◇ ◇

2018/07/04

"തിമിർപ്പിലാണല്ലോ പാണ്ഡവരിപ്പോൾ ഊട്ടുപുരയിൽ. ഏതോ ദരിദ്ര ഹസ്തിനപുരി കർഷകന്റെ വിത്ത് കൊള്ളയടിച്ചാണവർ ഇന്ന് അക്ഷയപാത്രം നിറച്ചിരിക്കുന്നത്. പത്തു കൈകളും മത്സരക്ഷമതയോടെ ഭക്ഷണം വാരി അഞ്ചു വായകളിൽ നിറക്കുമ്പോൾ, നിങ്ങൾ ഇവിടെ ഒറ്റക്കു അത്താഴപട്ടിണി, ഇതെന്താ ഭക്ഷണവിതരണത്തിൽ ഈ പ്രത്യക്ഷ അസമത്വം?" കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

"കർഷകരുടെ വിത്തുപെട്ടി മോഷ്ടിക്കുന്ന ആ പാപക്കനിയിൽ എനിക്ക് പങ്കില്ലെന്ന് ഉടയോൻ ദുര്യോധനൻ എന്നോ എനിക്ക് ഉറപ്പു നൽകിയിരുന്നു. അത് കൊണ്ടാണെനിക്ക് അത്താഴപ്പട്ടിണി. യുധിഷ്ഠിരൻ വിങ്ങിപ്പൊട്ടുമ്പോലെ അത് കൗരവർ എനിക്ക് തന്ന ശിക്ഷയല്ല പാണ്ഡവർക്കെതിരെ എന്റെ പ്രതിരോധമാണ്. കർഷകനറിയാതെ ചോർന്ന വിത്ത് പാണ്ഡവർ വേവിച്ചു തിന്നുന്ന പോലെ പട്ടിണി കിടക്കുന്ന പെണ്ണിന്റെ മേനിയും തേയ്മാനവും അവർ തന്നെ വീതിച്ചെടുക്കട്ടെ."

"വിത്ത് മോഷ്ടിച്ചിട്ടാണ് അക്ഷയപാത്രം നിറക്കുന്നതെന്നു പാഞ്ചാലി പറയുന്നതിൽ കാര്യമുണ്ടോ? 'പാപക്കനി'യിൽ പങ്കുവേണ്ടെന്നു വച്ചാണ് അത്താഴപ്പട്ടിണിയുമായി അന്തിയുറങ്ങുന്നത് എന്നവകാശപ്പെടുന്നുണ്ടല്ലോ?" നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു.

"ഈ 'പാത്രം' വിസ്മയമാണ്. കയ്യിട്ടു നോക്കൂ: ഒഴിഞ്ഞപാത്രം? ഞാൻ കയ്യിട്ടാൽ? അപ്പവും വീഞ്ഞും. മനസ്സിലായല്ലോ എന്താണ് ദിവ്യാത്ഭുതമെന്ന്? പാഞ്ചലിക്കത് വ്യക്തമാവാത്തതിന് കാരണമുണ്ട്-കൗരവസ്ത്രീകൾക്കു കഴിക്കാൻ ധൃതരാഷ്ട്രർ സ്വന്തം ശ്രമത്തിൽ വാങ്ങിക്കൊടുത്ത ഉണക്കപ്പഴങ്ങൾ ദുര്യോധനൻ ആശ്രമം വഴിപാഞ്ചാലിക്കെത്തിച്ചു കൊടുക്കും. അത് കഴിക്കുന്നവൾ 'അക്ഷയപാത്ര'ത്തിലെ 'ഇച്ചിലി'ൽ എന്തിനു കയ്യിട്ടുവാരണം?"

"സങ്കീർണമാണ് രാഷ്ട്രീയം എന്ന് അറിവുള്ളവർ നെറ്റിചുളിച്ചു പറയുന്നു. തൽപരകക്ഷിയല്ലേ നിങ്ങളും?" കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു. ഹസ്തിനപുരി കൊട്ടാര ഊട്ടുപുര, മുയലിറച്ചിയും വീഞ്ഞുമായി എളുപ്പം പുറത്തിറങ്ങാവുന്ന ഇടത്തിൽ ഇരുന്നു. അരമണിക്കൂറിനകം രാജസഭ സമ്മേളിക്കും. ആസന്ന യുദ്ധത്തെ കുറിച്ചറിയിപ്പുകൾ പ്രതീക്ഷിക്കും.

"എനിക്കറിയാവുന്ന ഈ ലോകം ലളിതമായിരുന്നു. നന്മതിന്മകളാൽ നേർവരയിട്ടു വേർതിരിച്ച കൂട്ടു കുടുംബം. ഞങ്ങളെ ഉന്മൂലനം ചെയ്യാൻ തിന്മ തയ്യാർ എന്നും ഇപ്പോൾ കേട്ടു. ദൂരെ വിരാടത്തിലെ ഉപപ്ലവ്യയിൽ പാണ്ഡവർ തിന്മയുമായി കൂട്ടുകൂടി ഞങ്ങളെ കൊല്ലാൻ മരകായുധങ്ങൾ സംഭരിക്കുന്നു. ആൾരൂപങ്ങളുണ്ടാക്കി കൗരവപ്രധാനികൾ എന്ന് മനസ്സാ സങ്കൽപ്പിച്ചു വാൾ ഹൃദയത്തിൽ ആഴ്ത്തി ഭീമൻ പരിശീലനം നേടുന്നു. കായ്ക്കുന്ന മരങ്ങളിലേക്കു കുന്തം എറിഞ്ഞു യുധിഷ്ഠിരൻ നൈപുണ്യവികസനത്തിൽ ശ്രദ്ധിക്കുന്നു. എല്ലാവരും തിരക്കിലാണ്. ഞങ്ങളെ കൊന്നു കുഴിച്ചുമൂടും മുമ്പ് നിങ്ങളെ വെട്ടിവീഴ്ത്തണം. കുരുക്ഷേത്രയിൽ യുദ്ധഭൂമി ഒരുക്കി ഞങ്ങൾ പാരസ്പര്യം കാത്തിരിക്കയാണ്. അവർക്കവിടെ ആയുധംവച്ച് കീഴടങ്ങാം. രക്തസാക്ഷിത്വം വരിച്ചാലും ഒരച്ഛനു ഒരമ്മയിൽ പിറന്ന കൗരവർ, വൈവിധ്യ പിതൃത്വത്തിൽ പിറന്ന പാണ്ഡവരുടെ മുമ്പിൽ മുട്ട് മടക്കില്ല."

“വസ്ത്രാക്ഷേപം ചെയ്യപ്പെട്ടപ്പോൾ മൂകസാക്ഷി ആയിരുന്ന പ്രമുഖരെ, വിചാരണ ചെയ്യുമെന്ന അക്കാലത്തൊരഭിമുഖത്തിൽ നിങ്ങൾ പറഞ്ഞിരുന്നില്ലേ? എന്തായി?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. കുരുക്ഷേത്ര കഴിഞ്ഞു പുതുഭരണകൂടം അധികാരത്തിൽ കയറിയ നാളുകൾ.

“കാഴ്ച കണ്ടു രസിച്ചവരിൽ ജീവിച്ചിരിപ്പുള്ളത് എന്റെ ഭർത്താക്കന്മാർ മാത്രം.”

◇ ◇ ◇ 2018/07/05

“ആശ്രമങ്ങളിലെ മാലിന്യനീക്കം എന്ന എട്ടിന്റെ പണി അടിമപ്പെണ്ണ് പാഞ്ചാലിക്ക് ഉടയോൻ ദുര്യോധനൻ കൊടുത്തു എന്നൊക്കെ പതിവായി അഭിമുഖങ്ങളിൽ കേൾക്കുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ? നിങ്ങളൊക്കെ സ്വാശ്രയശീലരല്ലേ? മുൻ ചക്രവർത്തിനിയല്ലേ പാഞ്ചാലി? നിങ്ങളുടെ ജൈവമാലിന്യം സംസ്കരിക്കേണ്ടത് അവളാണോ? പാണ്ഡവർ വരാറില്ലേ?” പാണ്ഡവർ ശിക്ഷ അനുഭവിക്കുന്ന വനമേഖലയിലെ സന്യാസാശ്രമങ്ങളുടെ സംഘടനകാര്യദർശിയായ യോഗിനിയോട് ഹസ്തിനപുരി പത്രിക ലേഖിക ചോദിച്ചു. പ്രഭാഷണം കഴിഞ്ഞു ആരാധകർക്ക് ദർശനം നൽകുകയായിരുന്നു ആ സുന്ദരി.

“കർത്തവ്യബോധത്തോടെ നിത്യവും വന്നു പാഞ്ചാലി ശുചിമുറി മാലിന്യം നീക്കുമെങ്കിലും, പാണ്ഡവർ പതിവ് സന്ദർശകർ അല്ല. നകുലൻ ചിലപ്പോൾ പാഞ്ചാലിയുടെ കൂട്ടാളിയായി വരുമായിരുന്നു. ആശ്രമവാസികളിൽ ആരാണ് ദുര്യോധനന്റെ ചാരൻ എന്നയാൾക്ക് അറിയാമെന്നു തോന്നിയപ്പോൾ, വിവരം അറിയിക്കേണ്ടവരെ ഞങ്ങൾ അറിയിച്ചു. അടിമകളുടെ ഉടയതമ്പുരാൻ ദുര്യോധനൻ ഉണ്ടോ അടങ്ങുന്നു, ആശ്രമങ്ങളിൽ നിന്ന് ജൈവമാലിന്യ ശേഖരണം തുടർന്നും പാഞ്ചാലിയുടെ ചുമതല ആണെങ്കിലും, കുഴിച്ചു മൂടേണ്ട പണി നകുലനു നൽകി ഹസ്തിനപുരിയിൽ നിന്ന് ഉത്തരവായി. ഇപ്പോൾ ഞങ്ങളെ കണ്ടാൽ നകുലൻ പല്ല് ഞെരിക്കും. പാണ്ഡവർ അധികാരം പിടിച്ചടക്കിയാൽ മതേതരരാജ്യമായി ഹസ്തിനപുരിയെ ഔദ്യോഗികമായി പ്രഖ്യാപിച്ച്, രാഷ്ട്രീയം കളിക്കുന്ന ആശ്രമങ്ങൾക്ക് ധനസഹായവും സുരക്ഷയും നിർത്തുമെന്ന് ഞങ്ങളെ ഇടക്കൊക്കെ വിരലുയർത്തി ഭീഷണിപ്പെടുത്തും.”

“അതൃപ്തിയവൾക്കുണ്ടെങ്കിലും, പിറുപിറുക്കുന്നതോ പ്രാകുന്നതോ കാണേണ്ടി വന്നിട്ടില്ല. അതൊക്കെ നോക്കുമ്പോൾ പാഞ്ചാലിയെ കുലീനപെരുമാറ്റത്തിന്റെ പേരിൽ മഹത്വപ്പെടുത്തേണ്ടതല്ലേ?”, ഇഷ്ടമാംസദൗർലഭ്യം കാരണം കാട്ടുകിഴങ്ങു മാന്തിയെടുക്കുന്ന ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ആദ്യരാത്രി മുതൽ കിടപ്പറയിൽ രണ്ടുപേരിലധികം കിടക്കാൻ പായിലിടമില്ലെന്നു പറഞ്ഞു അധികപ്പറ്റായ നാലുപേരെ വിരൽ ചൂണ്ടിപുറത്തു ചാടിക്കാൻ ഞങ്ങൾക്ക് നേരെ വാക്ക് കൊണ്ടും ശരീരം കൊണ്ടും അതിരുവിട്ട അവഹേളനമാണവൾ ചൊരിഞ്ഞത്. അതിന്റെ ‘കുലീനത’യെ കുറിച്ചൊന്നും കുത്തിക്കുത്തി ചോദിക്കരുതേ. ദാമ്പത്യജീവിതത്തിൽ ദുരിതങ്ങൾ ഞങ്ങൾക്കുണ്ടായത് പാഞ്ചാലിയുടെ പരുക്കൻ പരിചരണം കൊണ്ടായിരുന്നു എന്ന് പറഞ്ഞാൽ നിങ്ങൾ, അവളുടെ മുഖമെത്ര ഓമന എന്ന് തിരിച്ചു മന്ത്രിക്കും. കാട്ടിൽ വളർന്ന പാണ്ഡവർക്കവൾ തന്ന അവമതി ഉള്ളിൽ അടക്കി ജീവിക്കാമെങ്കിൽ ‘പരിഷ്കൃതവനിത’ പാഞ്ചാലിയുടെ ഹൃദയന്തരാളത്തിൽ ഞങ്ങളഞ്ചുപേർക്കായി വിഷസഞ്ചി തുന്നാനാണോ പാട്? കാടായ കാടൊക്കെ എന്നെ ഓടിപ്പിച്ചു കൊണ്ടുവന്ന കല്യാണസൗഗന്ധികത്തെ കുറിച്ച് നിങ്ങൾ ചോദിച്ചാൽ ഇടനെഞ്ചിലെ പളുങ്കുപാത്രം പൊട്ടിച്ചിതറും.” മണ്ണുകുതിർന്ന തടിച്ച കൈപ്പത്തികൾ കൊണ്ട് ഭീമൻ വിതുമ്പി.

◇ ◇ ◇ 2018/07/06

“ചൂതാട്ടം നിയമവിധേയമാക്കുമെന്നോ? പതിമൂന്നു കൊല്ലം മുമ്പ് ആനപ്പുറത്തു ആട്ടം കാണാൻ വന്ന നിങ്ങൾ രാത്രി കഴിഞ്ഞപ്പോൾ അടിമകളായി കാട്ടിലേക്ക് പോവേണ്ടിവന്ന ശപിക്കപ്പെട്ട ആ കളി, ദുര്യോധനഉത്സാഹത്തിൽ പിൽക്കാലത്തു നിരോധിച്ചത് അന്നെത്ര പ്രശംസിച്ചതാണ് ചാർവാകനുൾപ്പെടുന്ന പ്രബുദ്ധ പൊതുസമൂഹം?” കൊട്ടാരം ലേഖിക പാണ്ഡവ വക്താവിനെ നേരിട്ടു.

“അതിവൈകാരികത! ഇതാണ് മാധ്യമപ്രവർത്തകരുടെ തകരാറ്. ഉചിതമല്ല ചൂതാട്ടം എന്നതൊരു പുതുനിരീക്ഷണമൊന്നുമല്ല-പരിഷ്കൃതസമൂഹം ചൂതാട്ടത്തെ കാണേണ്ടത്, ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിക്ക് ഉടുതുണി നഷ്ടപ്പെട്ടുവോ നഗ്നപാദനായി യുധിഷ്ഠിരൻ വനവാസത്തിനു പോവേണ്ടി വന്നുവോ എന്നൊന്നും കൊട്ടാര കഥകൾ നോക്കിയിട്ടല്ല. സ്വത്തുള്ളപ്പോൾ ഉള്ളത് പണയം വച്ചും സ്വത്തുപോയാൽ ഭാര്യയെ പണയം വച്ചും കളിക്കും. ഇല്ലാത്തവർ സ്വത്തുകൈമാറ്റം കണ്ടാസ്വദിക്കും. ഭരണകൂട സൗകര്യങ്ങൾ വരിനിന്നും അവകാശ മായും വേതന മായും കൈപ്പറ്റുന്നവർക്കു ചൂതാട്ടത്തിനു യോഗ്യതയില്ല എന്ന് നിബന്ധനവക്കുന്നതോടെ ഒഴിവാവില്ലേ ഞാനും നിങ്ങളും ഉൾപ്പെടുന്നൊരു വൻകൊള്ള സംഘം?”

◇ ◇ ◇ 2018/07/07

“ആശ്രമത്തിനോട് ചേർന്ന ശുദ്ധജലസ്രോതസ്സുകളിൽ ജൈവമാലിന്യസാന്നിധ്യം കണ്ടെത്തിയ വിവരം ആളെ വിട്ടു ദുര്യോധനനെ അറിയിച്ചു. ഹസ്തിനപുരിയിൽ നിന്ന് വിദഗ്ധസംഘം ഉടൻ അന്വേഷണത്തിന് വരുമെന്നാണ് കേട്ടത്”, മുനിപദവിയിലേക്ക് നീങ്ങുന്ന ആശ്രമ അന്തേവാസി പറഞ്ഞു. സ്വന്തമായി വിളവുണ്ടാക്കുന്ന ആശ്രമപരിസരത്തു നടക്കുമ്പോൾ ചുമലിൽ മൺവെട്ടിയുണ്ടായിരുന്നു.

“നിങ്ങൾക്കൊക്കെ സംസ്കരിച്ചുകൂടെ ശരീരവിസർജ്യം? ദൂരെ ഹസ്തിനപുരിയിൽ നിന്ന് ഹിമാലയത്തിലേക്ക് ആൾ വരണോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“അടിമപാഞ്ചാലി ചെയ്യേണ്ട ജോലി സന്യസ്ഥാശ്രമ അന്തേവാസികൾ ചെയ്താൽ കുരുവംശസംരക്ഷണയിൽ കഴിയുന്ന ആശ്രമങ്ങളിൽ തൊഴിൽവിഭജനത്തിന്റെ പൊരുളെന്ത്? പൊതുജനങ്ങളുടെ ജൈവമാലിന്യസംസ്കരണം ക്ഷേമരാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ്. ആശ്രമസമുച്ചയത്തിലാണെങ്കിൽ സുരക്ഷിതമായും കാര്യക്ഷമവുമായും നീക്കേണ്ടത് ഭരണകൂടശിക്ഷ അനുഭവിക്കുന്ന അടിമ പാഞ്ചാലിയാണ്. ഇതിലൊക്കെ എന്താ ഒരു തർക്ക പ്രശ്നം? ആത്മീയതയിലും ഞാനൊക്കെ അധ്വാനിക്കുന്നില്ലേ? പാഞ്ചാലി കുറച്ചു കാലമായി ഇവിടെ വരാറില്ല. ഇത് കരാർ ലംഘനമാകുന്നു. കൂടുതൽ തർക്കത്തിന് നിങ്ങൾ വന്നാൽ ദുര്യോധനന് പരാതി അയക്കും. ആർക്കറിയാം നിങ്ങളും ജൈവമാലിന്യം കുടത്തിൽ സംഭരിച്ചു ദൂരെ കൊണ്ടുപോയി കുഴിവെട്ടി മൂടേണ്ട അടിമയാവും.”

“കൊന്നു ചോരയൂറ്റിക്കുടിച്ചു ജഢം വലിച്ചുകീറി നീ വേർപെടുത്തി, അല്ലെ ഭീമാ?” കൺകെട്ടില്ലാത്ത ഗാന്ധാരി വിതുമ്പുന്നതു കൊട്ടാരം ലേഖിക തൊഴിൽപരമായ ജിജ്ഞാസയോടെ നോക്കി.

“ചൂതാട്ടസഭയിൽ ഉടുതുണി നഷ്ടപ്പെട്ട പാഞ്ചാലി നിന്ന നിൽപ്പിൽ ശപഥം ചെയ്താൽ വേറെ തരമുണ്ടോ അമ്മാ? പൂചൂടാൻ കാടായ കൊടുംകാട്ടിൽ തപ്പിക്കൊണ്ടുവരേണ്ട കല്യാണസൗഗന്ധികമായാലും, മുടിയിൽ തേക്കാൻ കൗരവനെഞ്ചിലെ ചുടു ചോരയായാലും, അവൾ ചോദിച്ചത് കൊണ്ട് വന്നു കൊടുത്തല്ലേ പറ്റൂ”, കൊച്ചു കുഞ്ഞിനെ പോലെ മഹാറാണിയുടെ വാത്സല്യത്തിനായി ഭീമൻ കൈകൾ വിടർത്തി.

◇ ◇ ◇ 2018/07/08

“നിന്ന് തിരിയാൻ ഇടമില്ലാത്ത ഈ വനാശ്രമത്തിൽ, ഇവരഞ്ചുപേർ രാവുപകൽ ഇവിടെ ചടഞ്ഞുകൂടു മ്പോൾ, എങ്ങനെ കൈകാര്യം ചെയ്യും ഗാർഹിക വിരസത?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പറഞ്ഞു പറഞ്ഞു ഇന്ന് കിട്ടി ഭീമനു പണി. ഒരു പൂവിന്റെ പേർ പറഞ്ഞു, അതുംകൊണ്ട് തിരിച്ചുവന്നാൽ മതി എന്ന് ഞാൻ ചൂണ്ടുവിരൽ ചുണ്ടിൽ വച്ചു. ഉടൻ പടിയിറങ്ങിയ ആ മന്ദബുദ്ധി കാടിളക്കി വേരോടെ ചെടിയ ടക്കം പറിച്ചു കൊണ്ട് വരുമ്പോഴേക്കും ദിവസങ്ങൾ കഴിയും.” ഭാര്യയെ പ്രീതിപ്പെടുത്താൻ ഓരോ വഴിക്ക് രാവിലെ തന്നെ പാണ്ഡവർ പോയിരുന്നെങ്കിലും, പാഞ്ചാലി നന്നേ തിരക്കിലായിരുന്നു മനസ്സിനകത്തും പുറത്തും.

◇ ◇ ◇ 2018/07/09

"കൗരവരാജവിധവകളെ പാതിരാകടിയൊഴിപ്പിക്കലിലൂടെ പുകച്ചുപുറത്തു ചാടിച്ച ഈ നൂറോളം ആഡംബരവ സതികളെ എന്തു ചെയ്യാനാണ് ഭാവം?" കൊട്ടാരം ലേഖിക വിജനമായ കോട്ടക്കകത്തേക്കു നോക്കി തലയിൽ കൈ വച്ചു.

"യുദ്ധസ്മാരകം ആക്കണ്ടേ? ഭാവിയോട്ട നമുക്ക് പലതും പ്രവചനസ്വരത്തിൽ പറയാനില്ലേ? നിക്ഷിപ്ത കുടുംബ താൽപ്പര്യമുള്ള വ്യാസന എല്ലാം അങ്ങനെ തുറന്ന പറയാൻ ആവുമോ?" ഭരണകൂടവക്താവ് നകുലന്റെ ശബ്ദത്തിൽ അക്ഷമ കലർന്നു.

◇ ◇ ◇ 2018/07/10

"ആണുങ്ങൾ അഞ്ചു പേരും. പതിനെട്ടുനാൾ യുദ്ധം ചെയ്തു ഹസ്തിനപുരി കോട്ട പിടിച്ചെടുത്തു അധികാരത്തിൽ കയറിയതോടെ നിങ്ങൾ മഹാറാണി പട്ടം തേടാൻ പാണ്ഡവരിൽ മാനസികസമ്മർദ്ദം വഴി കാര്യം നേടി എന്നാണ കൊട്ടാരം നിരീക്ഷകനായ ചാർവാകൻ പറയുന്നത്. അന്തഃപുരത്തിൽ യുധിഷ്ഠിരൻ ഉൾപ്പെടെ ഒരാണിനും മുൻകൂർ അനുമതിയില്ലാതെ പ്രവേശനം അരുതെന്നും നിങ്ങൾ കാവൽക്കാർക്കു കൽപ്പന കൊടുത്തെന്നും കേട്ടു ഞെട്ടിയിരിക്കുകയാണ് പ്രഭുക്കളും ഭൃത്യരും. ഏതറ്റം വരെയും പോകും സ്വന്തം ആവശ്യങ്ങൾ നേടാൻ എന്നാണോ?" കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ദുര്യോധനവിധവയും മറ്റ കൗരവരാജവിധവകളും കുടിയൊഴിഞ്ഞു പോയിട്ടും അതിഥിമന്ദിരത്തിൽ തന്നെയായിരുന്ന പുതിയ മഹാറാണി. അത് ഭരണകൂടത്തിന് എന്തോ സന്ദേശം ആണെന്ന് തോന്നി.

"എന്നെ മഹാറാണിയാക്കി മൂലയിൽ ഒതുക്കിയവരെയാണോ നിങ്ങൾ നിർലജ്ജം പ്രതിരോധിക്കുന്നത്? മഹാരാജാവിന്റെ തല മൂത്ത ഭാര്യക്ക് കിട്ടുന്ന ഔദാര്യം മാത്രമായ മഹാറാണി പദവി ആർക്കുവേണം? ശാരീരികമായോ മാനസികമായോ എന്തെങ്കിലും സമ്മർദ്ദം ചെലുത്തിയിട്ടാണോ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി പദവിയും പന്ത്രണ്ടുവർഷ അടിമപദവിയും എനിക്ക് കിട്ടിയത്? ഞാൻ പ്രതീക്ഷിക്കുന്നത്, കുരുവംശാധിപയായി സിംഹാസനത്തിൽ ഇരുന്നു കല്ലു പിളർക്കുന്ന രാജകൽപ്പനകൾ കൊടുക്കാനുള്ള പരമാധികാരമാകുന്നു. അത് നേടിയെടുക്കാൻ ഈ അഞ്ചു ആണുങ്ങൾ വഴിതുറക്കുന്നില്ലെങ്കിൽ ഹസ്തിനപുരി കോട്ടയ്ക്കകം, പറഞ്ഞേക്കാം, വീണ്ടും ഒരു കുരുക്ഷേത്രയാവും."

"കൃഷിയൊക്കെ എങ്ങനെ? വിളവെടുപ്പ് കഴിഞ്ഞു ധാന്യപ്പുരയൊക്കെ നിറഞ്ഞോ?" കൊട്ടാരം ലേഖിക ഗ്രാമ മുഖ്യനോട് ചോദിച്ചു. ഗ്രാമീണഹസ്തിനപുരിയുടെ വാമൊഴി അവൾക്കു ശ്രദ്ധിച്ചു കേൾക്കേണ്ടിവരും അർത്ഥം ഏതാണ്ട് വ്യക്തമാവാൻ.

"ഇത്തവണ വിത്തിനു കിട്ടി. അടുത്ത വിളക്ക് പ്രകൃതിശക്തികൾ തുണച്ചാൽ ഭാഗ്യം. ഗംഗയിൽ ഒഴുക്കുള്ളതുകൊണ്ടെന്തു മെച്ചം, കൃഷിയിടങ്ങളിലേക്ക് വഴിതിരിച്ചുവിടാൻ ആളില്ലെങ്കിൽ. കഴിഞ്ഞ കൊയ്ത്തുൽസവത്തിനു ഭരണകൂടഭീകരർ വന്നു വിളവിന്റെ മൂന്നിൽ രണ്ടുഭാഗം യുദ്ധച്ചെലവിനെന്നു പറഞ്ഞു തട്ടിയെടുത്തു. പോവുമ്പോൾ എന്റെ രണ്ടു ആൺകുട്ടികളെയും ബന്ദികളാക്കി. സേനാപതികളുടെ ആയുധം മിനുക്കാനാണെന്നു പറഞ്ഞു. ആരും മടങ്ങിവന്നില്ല. ഏതോ ഒരു സ്ത്രീയും അഞ്ചു പെൺകോന്തന്മാരായ ആണുങ്ങളും ചേർന്ന് പഴയ രാജാവിനെ ചതിച്ചു കാട്ടിലേക്കയച്ചു എന്നൊക്കെ ഈ വഴി പോവുന്ന കച്ചവടക്കാർ പിറുപിറുക്കുന്നതു കേട്ടുവരുണ്ട്. യുദ്ധം ആരാണ് ജയിച്ചത് ഇപ്പോൾ ആരാണ് ഭരണകൂടം എന്നൊന്നും ഞങ്ങൾക്കാർക്കും അറിയില്ല. ഉഴവുകാളകളെ അവർ തീൻ ശാലയിലേക്കെന്നു പറഞ്ഞു കൊണ്ടുപോയതുകൊണ്ട് ഞാനും പെൺമക്കളും വേണ്ടിവന്നു കൃഷിയിടം വിതയോഗ്യമാക്കാൻ. കുറച്ചു കരിമ്പുനീർ തരട്ടെ?'

◇ ◇ ◇ 2018/07/11

"ഇതിനകം 'ഹസ്തിനപുരി പത്രിക'യുടെ ചുവരെഴുത്തുകളിൽ പ്രസിദ്ധീകരിച്ച പാഞ്ചാലിയുമായുള്ള എന്റെ അഭിമുഖങ്ങളിൽ നിന്ന് പൊതുസമൂഹം പാണ്ഡവരെ കരിച്ച് വായിച്ചെടുക്കുന്ന ഒരു കാഴ്ചപ്പാട് വ്യക്തമാണ്. പ്രീണിപ്പിക്കാനും പ്രലോഭിപ്പിക്കാനും നിങ്ങളഞ്ചുപേർ തലകുത്തി ശ്രമിച്ചിട്ടും, അണുവിട വിട്ടുതരാതെ അവൾ നിങ്ങളെ അടിമപ്പണി ചെയ്യിക്കുന്നു എന്ന ഖേദം നിഴലിക്കുന്നുണ്ടോ ഇന്നും മനസ്സിൽ?"

കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. നായാട്ടിൽ സ്വയം തലക്കടിച്ചു വീഴ്ത്തിയ കാട്ടുപോത്തിന്റെ തോലുരിക്കയായിരുന്ന വൃകോദരൻ.

“വനവാസക്കാലത്തു പാണ്ഡവരിൽ പൊട്ടിമുളച്ച വിഷബീജമല്ല പെണ്ണാഭിമുഖ്യം. ദാമ്പത്യബാഹ്യമായി ഞങ്ങളെല്ലാം ഓരോ വഴിയിൽ പോയി കാലാകാലങ്ങളിൽ പരസ്ത്രീബന്ധം പുലർത്തി എങ്കിൽ, കൂടണയുക എന്നതൊരു പതിവാണ്. ഇതൊരു ദൗർബല്യമായി ഹസ്തിനപുരി പ്രബുദ്ധസമൂഹം കാണുന്നു എന്നാണോ നിങ്ങൾ പറഞ്ഞുവരുന്നത്? എന്നാൽ ഞങ്ങൾക്കതൊരു ഹരവും കൂടിയാണ്. ഇനി എന്നെക്കുറിച്ച് പറഞ്ഞാൽ, ഒരു കയ്യിൽ ഗദയും മറുകയ്യിൽ കല്യാണസൗഗന്ധികവുമായി പ്രിയപ്പെട്ടവളെ തേടി ഓടിക്കിതച്ച് വരുന്നതിലൊരു സമാനതയില്ലാത്ത പ്രണയതീവ്രതയുണ്ട്, പുരുഷവൈവിധ്യതലഭ്യതയാൽ രതിയിൽ പാഞ്ചാലി ചിലപ്പോഴെങ്കിലും നിസ്സംഗത കാണിച്ചു എന്നതാണോ നിങ്ങൾ ഇത്ര ദൂരം ഹസ്തിനപുരിയിൽ നിന്ന് പദയാത്ര ചെയ്തുവന്നു നേടിയ ദാമ്പത്യരഹസ്യം?” പിടക്കുന്ന ആ മൃഗശരീരത്തിൽ നിന്ന് തോൽ ഇരുകൈകളും കൊണ്ട് ഭീമൻ ആഞ്ഞുവലിച്ചപ്പോൾ മൃഗത്തിൽ നിന്നുയർന്ന നിലവിളിയിൽ കൊട്ടാരം ലേഖിക ഒന്ന് നടുങ്ങി.

◇ ◇ ◇ 2018/07/12

“പിന്നിൽ നടന്ന പാഞ്ചാലി വഴിയിൽ കുഴഞ്ഞുവീണു മരിച്ചതൊന്നും നിങ്ങൾ അറിഞ്ഞില്ലേ? വനവാസികളുടെ സഹായംകൊണ്ട് തീ കൂട്ടി കഷ്ടിച്ച് ദഹിപ്പിക്കാനായി. കൂടെപൊറുത്തവളെ വെറുക്കാൻ കാരണം വല്ലതും?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട്ട് ചോദിച്ചു മറ്റു നാലു പാണ്ഡവരുമൊത്ത് അരുവിക്കരികെ വിശ്രമിക്കുകയായിരുന്നു അന്തിമപദയാത്രികർ.

“യുദ്ധം ജയിച്ചു കോട്ടപിടിച്ച് ‘ഹസ്തിനപുരി മഹാരാജാവ്’ എന്ന നിലയിൽ അധികാരമേറ്റെടുത്ത അന്ന് എന്റെ ആദ്യത്തെ ഔദ്യോഗിക ഉത്തരവ് “ചൂതുകളി നിയമവിരുദ്ധം” എന്ന് രാജമുദ്ര ചാർത്തി പ്രഖ്യാപിക്കുകയായിരുന്നു ‘. രാത്രി കിടപ്പറയിൽ എത്തിയപ്പോൾ ഒരഭിനന്ദനം ന്യായമായും പ്രതീക്ഷിച്ചു. ‘കളിക്കേണ്ട വിധത്തിൽ ചൂതും യുദ്ധവും കൃഷ്ണൻ കളിച്ചുകാണിച്ചില്ലേ’ അരികെ കിടന്ന പാഞ്ചാലിയുടെ മുഖഭാവം ഇരുട്ടിൽ എനിക്ക് കാണാൻ ആയില്ലെങ്കിലും, ആ വാക്കുകൾ പാഞ്ചാലി ഉച്ചരിച്ച വിധം, അത് ഇനി മറക്കുകയില്ല എന്ന് ആ മുഹൂർത്തത്തിൽ എനിക്ക് ഞാൻ വാക്കു കൊടുത്തു. ഇന്ന് വാക്കു പാലിച്ചു.”

“വേട്ടമൃഗങ്ങളെപോലെയാണ് കൗരവർ പാഞ്ചാലിയുടെ മേൽ ചാടിവീണതെന്നു നിങ്ങൾ നിരീക്ഷിച്ചതായി കേട്ടപ്പോൾ ഒന്ന് ഞെട്ടാനാണ് തോന്നിയത്. പിതാമഹന്റെ മഹനീയ സാന്നിധ്യത്തിലായിരുന്നില്ലേ കൗരവരുടെ കുപ്രസിദ്ധ കള്ളച്ചൂതു അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുത്തത്? അപ്പോൾ ആ സന്ധ്യയിൽ വേട്ടമൃഗങ്ങൾക്കു പകരം കൗരവർ ആശ്രമമൃഗങ്ങൾ ആയിരുന്നോ? സിംഹാസനത്തിൽ നിവർന്നിരിക്കുമ്പോഴൊന്നും തോന്നാത്ത നീതിബോധം എങ്ങനെ നീണ്ടുമലർന്നു ശരശയ്യയിൽ കിടക്കുമ്പോൾ ഉണ്ടായി?” കൊട്ടാരം ലേഖിക ചോദിച്ചു. യുധിഷ്ഠിരനുൾപ്പെടുന്ന പാണ്ഡവസംഘം ഭീഷ്മരിൽ നിന്ന് രാഷ്ട്രതന്ത്രത്തിൽ ബാലപാഠങ്ങൾ നേടിയ ശേഷം ഹസ്തിനപുരി യിലേക്കു മടങ്ങാൻ പുറത്തു കുരുക്ഷേത്ര മൈതാനത്തു തയ്യാറെടുക്കുന്ന ഇടവേള.

“ചൂതാട്ടദിനത്തിൽ കളിയുടെ ചട്ടപരിപാലനത്തിന്റെ പരിമിത ഉത്തരവാദിത്വം മാത്രം ധൃതരാഷ്ട്രർ എനിക്ക് തന്നപ്പോൾ, നീതിബോധത്തിന്നവിടെ എന്ത് പ്രസക്തി. ഞാൻ അൽപ്പവസ്ത്ര എന്ന് ദ്രൗപദി ഒരു താക്കീതു പോലെ പറഞ്ഞപ്പോൾ, അതൊരു പ്രലോഭനമായെടുത്ത കൗരവരുടെ പ്രതികരണത്തിൽ കണ്ടത് പരിഷ്കൃത സമൂഹത്തെയല്ല പ്രാകൃതബല പ്രയോഗത്തെ ആയിരുന്നു എന്ന അർത്ഥത്തിൽ വേട്ടമൃഗപ്രയോഗം എന്ന് ഞാൻ ആലങ്കാരികമായി പറഞ്ഞത് നിങ്ങൾ മുഖവിലക്കെടുത്തു. ഇത്രയൊക്കെ നിങ്ങൾ ഭാഷ ഉപയോഗിച്ചിട്ടും ആശയവിനിമയസാമഗ്രികൾ എത്ര അപര്യാപ്തം.”

“നിരനിരയായുള്ള ദാമ്പത്യബാഹ്യബന്ധങ്ങളിൽ ആദ്യത്തെ ‘വിശിഷ്ടാതിഥി’ എന്ന് കരുതപ്പെടുന്ന കാലനറിയാമായിരുന്നോ വിവാഹപൂർവ്വരഹസ്യ ബന്ധത്തിലെ ആ ‘പകൽവെളിച്ചങ്ങളുടെ തമ്പുരാ’നെ കുറിച്ച്?”, കൊട്ടാരം ലേഖിക കുന്തിയോട്ട് ചോദിച്ചു. അർഹിക്കുന്ന രാജമാതാപദവി പാണ്ഡവരിൽനിന്ന് കിട്ടാതെ തന്നെ, കാട്ടുജീവിതത്തിലേക്കു പോവാൻ ഒരുങ്ങുകയായിരുന്നു പാണ്ഡുവിധവ.

“കർണ്ണന്റെ അച്ഛനെ കുറിച്ചു മാത്രമായിരുന്നില്ല, പാണ്ഡുവിന്റെ കായിക ക്ഷമതയെയും കുറിച്ചായിരുന്നു അന്വേഷണം. അതൃപ്തിസൂചകമായി, ഇരുവരെയും കുറിച്ച് ഊർജ്ജസ്വലയായ ഒരാതിഥേയർക്കു സാധിക്കുന്ന വിധം, എന്നാൽ സൂചനകളിൽ മാത്രം പിടിച്ചു തൂങ്ങി പ്രതികരണം ഞാൻ പരിമിതപ്പെടുത്തിയപ്പോൾ, വാഹന മൃഗത്തെ പുറത്തുകെട്ടി അതിഥി അകത്തു പ്രവേശിച്ചു നീണ്ട കയർ പാണ്ഡുവിന്റെ കാഴ്ചവെട്ടത്തിലിട്ടു ഉടു തുണിയൂരും മുമ്പെന്നെ നേരിയ തോതിൽ അഭിനന്ദിച്ചു. പുലർച്ചയോടെ പടിയിറങ്ങും മുമ്പ് അർത്ഥഗർഭമായ രീതിയിൽ വാക്കുകൾ ഉച്ചരിച്ചു എന്നെ അനുഗഹിച്ചു, നീ ഗർഭം ധരിക്കുന്ന കുഞ്ഞു വിശ്വപ്രസിദ്ധനാവും, സത്യം പറയുന്നവനെന്ന ഖ്യാതി നിലനിൽക്കുമ്പോഴും പെരുമാറ്റകാപട്യത്തെ ഭാര്യമാത്രം അഭിമുഖങ്ങളിൽ തുറന്നു കാട്ടും. നിർണായക ജീവന്മരണ പോരാട്ടങ്ങളിൽ, വിശ്വാസ്യതക്ക് കോട്ടം വരാതെ അർദ്ധസത്യം പറഞ്ഞു മുഖ്യശത്രുക്കളെ കൊല്ലാൻ അനുകൂല സാഹചര്യം ഒരുക്കും. മറ്റാർക്കും ലഭിക്കാത്ത വിധം ധർമ്മപുത്രർ എന്ന് മാനിക്കപ്പെടും.”

“ഇവിടെ അടിസ്ഥാന സൗകര്യമുണ്ടായിട്ടും, അഞ്ച് ആൺകുട്ടികളെയും ദൂരെ പാഞ്ചാലയിൽ കൊണ്ടു പോയി പാർപ്പിക്കാൻ എന്തായിരുന്നു പ്രകോപനം, അഥവാ പ്രചോദനം?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. കൗരവക്ഷണമനുസരിച്ച് ഹസ്തിനപുരിയിലേക്കു ചൂതു് കളിക്കാൻ തയ്യാറെടുക്കുകയിരുന്നു ഇന്ദ്രപ്രസ്ഥത്തിൽ പാണ്ഡവർ.

“അനാഥകുട്ടികൾ എന്നു വിളിച്ചു പാഞ്ചാലി അവരെ ഞങ്ങൾക്കു് മുമ്പിൽ നിർത്തി ദ്രോഹിക്കും. സഹിക്കാനാവാതെ ഞങ്ങൾ ഒന്ന് ഇടപെട്ടാൽ, തുറിച്ചു നോക്കി ചൂണ്ടുവിരൽ കണ്ണിനു നേരെ നിർത്തി അവൾ ഞങ്ങളെ നിശ്ശബ്ദരാക്കും.”

◇ ◇ ◇

2018/07/13

“ഇന്ന് രാജസഭയിൽ മഹാരാജാവ് യുധിഷ്ഠിരൻ അവതരിപ്പിക്കുന്നതു് നിർദ്ധിഷ്ട ചൂതാട്ടനിരോധന നിയമമാണല്ലോ. ഈ തെറ്റുതിരുത്തൽ ഒരു നല്ല മാതൃക എന്ന തിരിച്ചറിവുണ്ടോ?” കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു. ആകെയുള്ള ഒരു വിദ്യാർത്ഥി പരീക്ഷിത്തിന് ആദ്യാക്ഷരം പറഞ്ഞുകൊടുക്കാൻ പാടുപെടുകയായിരുന്നു ആ ചിരഞ്ജീവി.

“അതിനു മുമ്പ് വേണ്ടിയിരുന്നതു് വിവാഹബാഹ്യബന്ധങ്ങൾ മുൻകാലപ്രാബല്യത്തോടെ നിയമവിധേയമാക്കണം എന്ന കുന്തിയുടെ നിർദ്ദേശമല്ലേ? വിമതബുദ്ധിജീവി ചാർവാകൻ തരം കാത്തിരിക്കയല്ലേ പാണ്ഡവരുടെ പാണ്ഡുപിതൃത്വം കുന്തി കെട്ടിച്ചമച്ച കഥ എന്ന് തെരുവിൽ ആളെക്കൂട്ടി കൊട്ടിഘോഷിക്കാൻ? ആരോപണത്തിന് കരുത്തുപകരാൻ കൗരവരാജവിധവകൾ നൂറുകണക്കിന് ‘കരിനാവ്’കൾ തെരുവിൽ ഇറക്കുമെന്നാണ് കേട്ടതു്. കുന്തിയുടെ വാക്കല്ലാതെ പാണ്ഡവപിതൃത്വം ഔദ്യോഗികമാക്കാൻ ആധികാരികതയുള്ള രേഖയൊന്നുമില്ല. കുഴഞ്ഞുവീണു മരിച്ച പാണ്ഡു, മരണപത്രമെഴുതി മക്കളിൽ കുരുവംശരാജപദവിയുടെ ഒസ്യത്തൊന്നും അയൽപക്കസന്യസ്ഥരുടെ സാന്നിധ്യത്തിൽ ഒപ്പിട്ടുമില്ല. ചൂതാട്ടത്തിനു ആരും വന്നില്ലെങ്കിലും യുധിഷ്ഠിരനെ ‘അനധികൃതൻ’ എന്നാക്ഷേപിച്ചു താഴെയിറക്കാൻ ദരിദ്രചാർവാകൻ മതി.”

“എന്തൊരു പൊളിച്ചടക്കലാണ്. സ്ത്രീത്വത്തെ അപമാനിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവർ കൗരവർ എന്ന് വിദുരർ പറഞ്ഞതിൽ കാര്യമുണ്ടെന്നു വ്യക്തം. പുരുഷൻ പിഴച്ചതിനു അവളെ അടിമയായി രാജമുദ്ര ചാർത്തി കാട്ടിലേക്കയക്കുന്നു, ആൺസാന്നിധ്യം മാത്രമുള്ള സന്യസ്ഥാശ്രമങ്ങളിൽ ചെന്ന് മാലിന്യം പെറുക്കി മൺകലത്തിൽ സംഭരിച്ചു തലച്ചുമടായി ദൂരെ കൊണ്ടുപോയി കുഴികുത്തി സ്വയം സംസ്കരിക്കണം. ഇതു് മത്സ്യകന്യക സത്യവതി സ്ഥാപിച്ച പുതുരാജവംശമോ, അതോ കുരുപ്പ ബാധിച്ച കുരുവംശമോ? ഏതാണ്ട് ഈ അർത്ഥം വരുന്ന, എന്നാൽ മൂർച്ചയുള്ള ശരീരഭാഷയിൽ ചാർവാകൻ തെരുവായ തെരുവോക്കെ കൂട്ടം കൂടുന്നത് ചാരൻ വഴി അറിഞ്ഞില്ലേ? അതോ അടഞ്ഞുപോയോ കൗരവനാവ്?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ഭാര്യയും പത്തു കുട്ടികളും ഒരു നേരത്തെ അന്നം കൊണ്ടുവരുമെന്ന് കരുതി വലിയൊരു ഭിക്ഷാപാത്രം കൊടുത്തു നിത്യവും ചാർവാകനെ യാത്രയാക്കുന്നതു് കാണേണ്ട കാഴ്ചയാണ്. അവനവന്റെ വയർ യാചനകൊണ്ട് നിറച്ചുകിട്ടിയാൽ, രാജഭരണത്തെ അവഹേളിക്കുന്നതു് ശീലമാക്കിയ ചാർവാകൻ സ്വന്തം വീട്ടിൽ ഇന്നും സ്വേച്ഛാധിപതി. ഉടുതുണി നഷ്ടപ്പെട്ട പാഞ്ചാലിയെ പട്ടുവിരിച്ച സിംഹാസനത്തിൽ ഇരിക്കാൻ ഓരം ചേർന്നിരുന്ന പാതിയിലധികം ഇടം നൽകിയവനാണ് ദുര്യോധനൻ. അവൾക്കു കിട്ടിയ അടിമശിക്ഷ സത്യവതി മഹാറാണിയായിരുന്നപ്പോൾ എഴുതിയുണ്ടാക്കിയ ചട്ടമനുസരിച്ചു ഭീഷ്മർ വിധി പറഞ്ഞതും. ഇനി മാലിന്യനീക്കം-അതു് പാണ്ഡവർ പാഞ്ചാലിക്കു് പുറം കരാർ കൊടുത്തതല്ലേ. ഇപ്പോൾ പാണ്ഡവരുടെ ജോലി ഞാൻ സമ്മാനിച്ച അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി മൂന്നു നേരം വയർ നിറക്കുന്ന യജ്ഞവും”, പിതൃമാതാവായ അംബികയുടെ സ്മരണക്കായി അന്തഃപുരത്തിന് മുന്നിൽ ഔഷധസസ്യത്തോട്ടത്തിന്റെ ആദ്യഘട്ട നിർമ്മിതിയിലായിരുന്ന വെയിൽ കൊണ്ട് വിയർത്തിരുന്ന കിരീടാവകാശി.

“നേരമിരുട്ടുമ്പോഴാണോ ചൂടിക്കട്ടിലിരുന്ന കയറിന്റെ ബലം പരീക്ഷിക്കുന്നത്? എന്താ, നാളെ നന്നേ രാവിലെ മരം മുറിക്കുന്ന പണിയുണ്ടോ?” അന്തിയുറങ്ങാൻ വഴിയമ്പലം തേടുകയായിരുന്ന കൊട്ടാരം ലേഖിക, വൃദ്ധകർഷകന്റെ ഇരുപ്പിൽ പന്തികേട് തോന്നിയപ്പോൾ നടത്തം നിർത്തി. ഹസ്തിനപുരി ഗ്രാമത്തിൽ, പുറംവാതിലുകൾ അടഞ്ഞു കിടന്ന ആ വീട് അമംഗളകരമായ വിധത്തിൽ നിശബ്ദമായിരുന്നു.

“നിങ്ങൾ ആരാണ് എന്നെനിക്കറിഞ്ഞു കൂടാ, കണ്ടാൽ ഒരു യക്ഷിക്കുട്ടിയുടെ സൗന്ദര്യമുണ്ട്. ഈ കയർ? മുറിക്കാനുള്ള മരത്തിൽ കെട്ടാനല്ല, എന്റെ ജീവനൊടുക്കാൻ മക്കൾ തന്നതാണ്. യാത്രാമൊഴി പറഞ്ഞു അവർ നേരത്തെ വിളക്കണച്ചു കിടന്നു. കർഷകാൽമഹത്യക്കു നഷ്ടപരിഹാരമായി വിധവക്കും മക്കൾക്കും ഭരണകൂടം ധനസഹായം നൽകും എന്നു യുവരാജാവ് ദുര്യോധനൻ പറഞ്ഞത്, വീട്ടിലെ ആവർത്തനച്ചെലവിനു നാണ്യക്ഷാമം നേരിടുന്ന കൊച്ചുമക്കൾ ഒരു സാധ്യതയായി കണ്ടു. ഭരണകൂടസഹായത്തിനു തടസ്സം ഉണ്ടാക്കുന്ന ഒന്നും നിങ്ങൾ, പ്രിയ യക്ഷിക്കുട്ടീ, നാളെ ഗ്രാമപ്രധാനു മുമ്പിൽ മൊഴി കൊടുക്കരുത്.” കുരുക്കിട്ട കയർ വരണമാലയായി കഴുത്തിലണിഞ്ഞു കർഷകൻ സാവധാനം എഴുന്നേറ്റ് വീടിനു പിന്നിലെ മരത്തിലേക്ക് കാൽ മുന്നോട്ടു വച്ചു.

“ഉത്തരയെ വിവാഹം കഴിക്കുന്ന അഭിമന്യു കീചക കൊലയാളിയുടെ അനുജന്റെ മകനെന്ന രഹസ്യം നേരത്തെ അറിയാമായിരുന്നു, അല്ലേ?”, ഉത്തരാ സ്വയംവരത്തിൽ സാഹചര്യം ഒത്തുവന്നപ്പോൾ കൊട്ടാരം ലേഖിക വിരാടരാജ്ഞി സുദേഷ്ണയോട് ചോദിച്ചു.

“ആ ‘കൊലയാളി’ നേരിട്ട് വിവാഹനിശ്ചയത്തിൽ വന്നു ഉത്തരക്കു മധുരം കൊടുക്കുമ്പോൾ ‘എന്നെ അറിയാമോ നിന്റെ മാതൃസഹോദരന്റെ ഘാതകൻ എന്ന് കൊട്ടാരവാസികൾ ആരോപിക്കുന്ന ഭീമൻ’ എന്ന് കൊച്ചുകുട്ടിയുടെ നിരപരാധിത്വത്തോടെ പറഞ്ഞപ്പോൾ ഉത്തര മാത്രമല്ല ഞങ്ങളെല്ലാം പൊട്ടിച്ചിരിച്ചുപോയി. നിങ്ങൾ ഞങ്ങളുടെ അരമന തീൻശാലയിലെ മിടുക്കൻ പാചകക്കാരനല്ലേ എത്ര രുചിവിഭവങ്ങൾ വാത്സല്യത്തോടെ വാരിക്കോരി നിങ്ങൾ വിളമ്പിയത് ഞങ്ങൾ കഴിച്ചു രസിച്ചു എന്നവൾ ഭീമന്റെ കൈ പിടിച്ചു ചോദിച്ചപ്പോൾ, സംഘർഷം അയഞ്ഞു. കീചകവധം നാടൊട്ടുക്ക് കാണപ്പെടുന്ന ഒരസ്വഭാവിക മരണമെന്നതിൽ കവിഞ്ഞൊന്നും അല്ലെന്നു ഞങ്ങൾക്കപ്പോൾ ബോധ്യമായി. നമ്മുടെ സമൂഹത്തിന്റെ പ്രശ്നമാണത് അപലപിക്കാൻ നമുക്കെന്നും കുറ്റവാളി വേണം. കീചകൻ മരിച്ചുകിടക്കുന്ന നൃത്തമണ്ഡപത്തിൽ പോയി കണ്ടപ്പോൾ ആ മുഖത്ത് കൊലയുടെ കറുത്ത പാടല്ല കണ്ടത് പ്രണയത്തിന്റെ പാരവശ്യം. ആരെയാണ് ആ അവിവാഹിതയുവാവ് മോഹിച്ചിരുന്നതെന്നോ? അസ്വാഭാവികമെന്നു പറയും മുമ്പ് ഒരു നിമിഷം ഈ സൽക്കാരത്തിൽ ഏതു വസ്ത്രങ്ങളാണ് എനിക്കുവേണ്ടി എന്റെ പ്രിയതോഴി സൈരന്ധ്രി ഒരുക്കിയിരിക്കുന്നതെന്ന് ഒന്ന് ചോദിക്കട്ടെ.”

“ഞാനും യുദ്ധകാര്യലേഖകനും കൂടി രാവിലെ മുതൽ കുരുക്ഷേത്ര ചുറ്റിനടന്നുകണ്ടു. എത്ര സൂക്ഷ്മമായ അടിസ്ഥാന സൗകര്യനിർമ്മിതി എന്ന് വിസ്മയിക്കാതെ മടങ്ങിവരാനാവില്ല. അപ്പോൾ നിങ്ങൾ യുദ്ധം ചെയ്യാൻ തന്നെ ഉറച്ചു? അക്ഷരാർത്ഥത്തിൽ ഒരു മഹാഭാരതയുദ്ധം തന്നെ അല്ലേ, എത്രയെത്ര ഭാഷകൾ സംസ്കാരങ്ങൾ?” കൊട്ടാരം ലേഖിക യുദ്ധഭൂമിയിലേക്ക് ഒന്നു കൂടി വിശാലമായി കണ്ണോടിച്ചു നോക്കി ദുര്യോധനനോട് ചോദിച്ചു. ഇരുവശത്തും നേരത്തെ വന്നു ചേർന്ന സൈന്യങ്ങളുടെ പാളയങ്ങളിൽ ഒരു ഗ്രാമീണ ഉത്സവത്തിന്റെ ശമിക്കാത്ത ആരവം നിറഞ്ഞിരുന്നു. ഹേമന്തത്തിലെ സൂര്യൻ മാത്രം പുകമറക്കുള്ളിൽ ഒളിഞ്ഞു.

“ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിത്തരുന്ന വിധം ഫലപ്രദമായ യുദ്ധവിജയത്തോടെ നിലവിൽ വരുന്ന സമാധാനകാലം-ആ സാധ്യതയാണെന്നെ അസ്വസ്ഥനാക്കുന്നത്.”

“നിരുപദ്രവ പരാമർശം മഹാരാജാവ് യുധിഷ്ഠിരനെ കുറിച്ചെന്തെങ്കിലും ചെയ്താലുടൻ കാണാം, നിങ്ങളുടെ തടിച്ചുരുണ്ട വലതുകൈ പെട്ടെന്നൊരു ഗദ പോലെ മാരക പ്രഹരശേഷിയുള്ള ആയുധമായി ഉയർന്നു പേടിപ്പിക്കുന്നത്. ഇത്രയും ആക്രമണവാസന നിങ്ങൾക്കെങ്ങനെ നിലനിർത്താനാവുന്നു? അതും ജീവിതസായാഹ്നത്തിൽ പരിത്യാഗിയാവേണ്ട ഈ അവസ്ഥയിൽ?” ഭീമനോട് കൊട്ടാരം ലേഖിക ചോദിച്ചു. വ്യാസന്റെ ആരണ്യപർവ്വം ആദ്യകരടു കിട്ടിയതിന്റെ പനയോലപ്പതിപ്പ് പാടുപെട്ടാണെങ്കിലും വായിച്ചർത്ഥമറിയാനുള്ള വെമ്പലിലായിരുന്നു അർത്ഥസാക്ഷരൻ എന്ന് സ്വയം പരിചയപ്പെടുത്തുന്നതിൽ യുവത്വത്തിൽ ആനന്ദം കണ്ടെത്തിയിരുന്ന വൃകോദരൻ.

“ആഹ്ലാദവഴികൾ അയാൾ അടച്ചത്, ചൂതാട്ടസഭയിൽ അടക്കിനിർത്താനാവാത്ത ദുരഭിമാനം കൊണ്ടായിരുന്നു. ഒരു നേരം മൃഗമാംസം പോലും തലയിൽ തുണിയിട്ടു അയൽപക്ക സന്യസ്ഥരുടെ വളർത്തുമൃഗങ്ങളെ കട്ടുകൊണ്ട് പോയി രാത്രി വെട്ടിക്കൊന്നു ഞാൻ ഒറ്റയ്ക്ക് ചുട്ടുതിന്നേണ്ടി വന്നു. അത്രയും ദുരിതമയമായ പന്ത്രണ്ടുവർഷവനവാസത്തിലും മഹാരാജാവ് എന്ന് ഉപചാരത്തോടെ അഭിസംബോധന ചെയ്യാൻ അയാൾ എന്നോടാവശ്യപ്പെട്ടു. ഒരു വട്ടം കൂടി അയാളെ പറഞ്ഞുപറ്റിച്ചു ചൂതാട്ടത്തിൽ തോൽപ്പിക്കണമെന്നുണ്ട്. അതിനു ഞാൻ ദുര്യോധനന്റെ ആത്മാവിനെ ആഭിചാരത്തിലൂടെ തിരിച്ചുപിടിക്കും എന്നിട്ടു എന്നിൽ ആവാഹിക്കും യുധിഷ്ഠിരൻ എല്ലാം പണയപ്പെടുത്തി ഒടുവിൽ പാഞ്ചാലിയെ പണയപ്പെടുത്താൻ വാതുറക്കുമ്പോൾ ഞാൻ അയാളെ ആഞ്ഞടിച്ചു മലർത്തിക്കിടത്തി നെഞ്ചിൽ കയറി കുന്തിച്ചിരുന്നു ഇരുകൈകളും ആ കഴുത്തിൽ മുറുക്കി നേർക്കുനേർ ഒരു കീചകവധം കൂടി ചെയ്തട്ടഹസിക്കും. പിന്നെ പാഞ്ചാലി എനിക്ക് മാത്രം സ്വന്തമാവും, ഞങ്ങൾ രാജാവും രാജ്ഞിയുമാവും.” മറ്റുനാലു പാണ്ഡവരും പാഞ്ചാലിയും ഒരു ചിത്തഭ്രമക്കാരനെയെന്നപോലെ നോക്കിയും മുഖം വീർപ്പിച്ചും ഭീമന് ചുറ്റും കൂടി. അവരെ ശ്രദ്ധിക്കാതെ ഭീമൻ രണ്ടാംകീചകവധത്തിന്റെ സൂക്ഷ്മവിശദാംശങ്ങൾ ഒരു കൊച്ചുകുട്ടിയുടെ കൗതുകത്തോടെ ഒന്നൊന്നായി കൊട്ടാരം ലേഖികയോടെ പറയാൻ തുടങ്ങി.

◇ ◇ ◇

2018/07/15

“അന്തഃപുരസമുച്ചയത്തിലെ സ്വകാര്യ വണക്കമന്ദിരത്തിൽ കൗരവരാജവിധവകൾ മുഖ്യപുരോഹിതനെ വിശ്വാസത്തോടെ എല്പ്പിച്ചിരുന്ന ദുര്യോധനന്റെ തിരുശേഷിപ്പു കളവു പോയ വാർത്തയാണിന്നു തെരുവിൽ അടക്കിപ്പിടിച്ചു സംസാരിക്കുന്നത്. കുരുക്ഷേത്രയിൽ പോയിരുന്ന ഗാന്ധാരി പെറുക്കിയെടുത്ത ശരീരഭാഗങ്ങൾ പട്ടിൽ പൊതിഞ്ഞു പുരോഹിതനെ ഏൽപ്പിച്ചതായിരുന്നു ഓർമപ്പെരുനാളിനു പ്രദർശനത്തിനു വക്കാൻ. അതാണിപ്പോൾ അപ്രത്യക്ഷമായത്.” കൊട്ടാരം ലേഖിക യുദ്ധകാര്യ ലേഖകനോട് പുറത്തേക്കു വിരൽ ചൂണ്ടി പറഞ്ഞു. സന്ധ്യ. ജാലകത്തിലൂടെ കച്ചവടത്തെരുവ് കാണാമായിരുന്നു. പക്ഷെ ഒച്ചയുണ്ടായിരുന്നില്ല. തിരുശേഷിപ്പിന്റെ തിരോധാനം വിശ്വസ്തരുടെ മനം കലക്കി എന്ന് വ്യക്തം.

“സങ്കടമുണ്ട് കേൾക്കാൻ. യുദ്ധാനന്തര വിജയനിർവൃതിയിലും ചാരവകുപ്പ് മേധാവി നകുലന്റെ നുഴഞ്ഞുകയറ്റങ്ങൾ, രാജ്യത്തിന്റെ അഖണ്ഡതക്കായി സ്വയം ബലിദാനം ചെയ്തവരുടെ തിരുശേഷിപ്പുകൾ വരെ പോകുമെന്ന് ഇതോടെ നീ കണ്ടല്ലോ. ഒരാൾ ചത്തിട്ടും ഭൗതികാവശിഷ്ടങ്ങൾ പോരാട്ടഭൂമിയിൽ തിരഞ്ഞു കിട്ടിയതൊക്കെ വാരിക്കൂട്ടി ദഹിപ്പിച്ചിട്ടും, പൂർണ്ണമായും ചാവാത്ത ധീരയോദ്ധാവിന്റെ ശവഭാഗമോഷണം.”

“ദുര്യോധനൻ ഏതു ചോദ്യത്തിനും വിശദീകരണം തരും, രാജസഭയിൽ ചർച്ച നയിക്കുമ്പോൾ ആളെങ്ങനെ?”, കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു.

“പ്രായവ്യത്യാസം മൂപ്പിളമതർക്കത്തിന് വഴിമരുന്നിട്ടു എന്ന് സമ്മതിച്ചാൽ പോലും, യുധിഷ്ഠിരന്റെ രാഷ്ട്രീയ കാപട്യത്തിനൊന്നും ദുര്യോധനന്റെ രാജസഭാരീതിയുമായി മത്സരിക്കാൻ ആവില്ല. ചർച്ച നയിക്കുന്ന ദുര്യോധനൻ, ധൃതരാഷ്ട്രരെയും വിദുരരേയും നോക്കുകുത്തിയാക്കി, പിണങ്ങുന്ന അംഗത്തെ ‘കൈകാലുകൾ വേർപെടു’ത്തി ഉയർത്തിക്കാട്ടും, അനുകൂലിക്കുന്നവനെ ഗാഢമായി ആലിംഗനം ചെയ്യും പ്രലോഭിപ്പിക്കേണ്ടവനെ പാലൂട്ടും. കുസലില്ലാതെ ചോദ്യങ്ങൾ ചോദിക്കുന്ന നിങ്ങളെ രാജസഭാംഗമായി നാമനിർദ്ദേശം ചെയ്യട്ടെ?”

“പ്രസവിച്ചു നടുനിവരും മുമ്പ് മഹാറാണി നവജാതശിശുവിനെ നീരൊഴുക്കിൽ മുക്കിക്കൊന്നു എന്നോ? ഏതു വെള്ളരിക്കാപട്ടണമാണ് ഈ ഹസ്തിനപുരി?” കൊട്ടാരം ലേഖിക ശാന്തനുവിനോട് ചോദിച്ചു. ആദ്യശിശുമരണത്തിനും ഭാര്യയുടെ രണ്ടാമത്തെ ഗർഭധാരണത്തിനു ഇടയിലെ ദുഃഖാചരണത്തിലായിരുന്നു മഹാരാജാവ്.

“അത് ഗംഗാദേവിയും പ്രകൃതിയും തമ്മിലുള്ള ദുരൂഹ ഉടമ്പടിയാണെന്നു ഞാൻ ഊഹിച്ചെടുക്കുന്നു പക്ഷെ വിശദാംശങ്ങൾ ചോദിക്കരുതേ. കുഴഞ്ഞുപോവും. അവൾ ആകാശചാരിയെന്ന സങ്കൽപ്പം ശക്തമാണ് കാരണം പേറ്റുമുറിയിലെ സഹായികളെ വെട്ടിച്ചെങ്ങനെ, അന്തഃപുരത്തിന് പുറത്തു കാവൽ നിൽക്കുന്ന സുരക്ഷാഭടന്മാർ കാണാതെ പുഴയിലെത്തും? ആലോചിച്ചപ്പോൾ വിസ്മയം തോന്നി പിന്നെ മനസ്സിലായി. ഈ ഭൂമിയിൽ വിസ്മയം തോന്നാത്ത എന്തുണ്ട്? അതോടെ എന്റെ രക്തപ്രവാഹം ഊർജ്ജസ്വലമായി. ഇനി എന്നെ അന്തഃപുരത്തിൽ പോകാൻ അനുവദിക്കു-ഗർഭധാരണത്തിന് ആ ദേവസുന്ദരി ജൈവികതയ്യാറെടുപ്പിലെന്നു വിവരം കിട്ടി.”

◇ ◇ ◇

“പതിനെട്ടുനാൾ യുദ്ധത്തിലൂടെ ഹസ്തിനപുരി പിടിച്ച കുരു വംശം പാണ്ഡവരിലേക്കു മാറ്റിയതിന്റെ ആദ്യ വാർഷികത്തിന് എന്തുണ്ട് സമ്മാനം?” കൊട്ടാരം ലേഖിക യുധിഷ്ഠിര ഭരണകൂട വക്താവിനെ സമീപിച്ചു.

“അർദ്ധസഹോദരർ എന്ന സംജ്ഞ ഇനി കൌരവരെ കുറിച്ച് കാണില്ല. ജന്മനാടിനു വേണ്ടി ജീവത്യാഗം ചെയ്ത ധീരകൗരവ യോദ്ധാക്കളെ ധന്യസ്മൃതികളിലൂടെ ആദ്യ വാർഷികം ഓർമപ്പെരുനാൾ ആയി ആചരിക്കാൻ അത്യുന്നത പാണ്ഡവ നയരൂപീകരണ സമിതിയിൽ തീരുമാനമായി. രക്തസാക്ഷികളായ മഹാരഥന്മാരുടെ ഛായാചിത്രങ്ങൾ രാജസഭയുടെ ചുവരുകളിൽ എന്ന് നിങ്ങൾ ‘ഹസ്തിനപുരി പത്രിക’യിൽ എഴുതും. കൌരവരെ കുറിച്ച് അഹിതകരമായ പരാമർശങ്ങൾ ഒഴിവാക്കാൻ യുദ്ധചരിത്രമെഴുതുന്ന വ്യാസനോട്ട് യുധിഷ്ഠിരൻ നേരിട്ട് ആവശ്യപ്പെട്ടു. തിരക്കുണ്ട്. അടുത്ത ഒരു ദിവസം ഞാൻ ചിത്രകാരന്മാരുടെ കൂടെയായിരിക്കും. വരയുടെ സൂക്ഷ്മാംശങ്ങളിൽ ശ്രദ്ധിക്കും. കാലാതിവർത്തിയായ എന്തോ ഒന്ന് ഞങ്ങളുടെ ഈ ഹ്രസ്വകാല ഭൌമിക ജീവിതത്തിൽ ഉണ്ട്, ഇല്ലേ?”

“രാജസഭയിൽ വരുമ്പോഴെല്ലാം കാണാം, നിങ്ങളും വിദുരരും അടുത്തടുത്ത്. കൃത്യമായും എന്താണ് രക്തബന്ധം? അതോ അധികാരബന്ധം മാത്രമേയുള്ളൂ?” കൊട്ടാരം ലേഖിക ഭീഷ്മരോട്ട് ചോദിച്ചു.

“അതിനു നിങ്ങൾ ഇങ്ങനെ അക്ഷമകാണിച്ചു ഒന്നോ രണ്ടോ ചോദ്യം ചോദിച്ചാൽ പിടി കിട്ടില്ല. ഗംഗ ആരെന്നറിയണം എങ്ങനെ ആ ദേവാനർത്തകി ശാന്തനുവിന്റെ ഭാര്യയായി ഞാൻ മകനായെന്നറിയണം. ബ്രഹ്മചര്യം എനിക്കെങ്ങനെ ശാപമായി വന്നുവീണു എന്നറിയണം. സത്യവതി ആരെന്നും മകൻ വിചിത്രവീര്യൻ വിവാഹം കഴിച്ച അംബികക്കും അംബാലികക്കും എന്തുകൊണ്ട് അവരുടെ യുവ വൈധവ്യത്തിൽ സത്യവതിയുടെ രഹസ്യപുത്രൻ വ്യാസനിൽ നിന്ന് ഗർഭധാരണം വേണ്ടി വന്നു എന്നും അറിയണം. ഒരു ദുരന്തമായി മാറിയ ആ കുപ്രസിദ്ധ വ്യാസബീജദാനം എങ്ങനെ അന്തഃപുരത്തിൽ കണ്ടുമുട്ടിയ തോഴിയിൽ അനുഗ്രഹീത സന്തതിക്കു കാരണമായി എന്നറിയണം അതിൽ ജനിച്ച വിദുരർ എങ്ങനെ വിവേകവചനത്തിന്റെ കുത്തകയായി എന്നറിയണം. ചുരുക്കിപ്പറഞ്ഞാൽ നിങ്ങൾ മെനക്കെടണം. വെറും ചോദ്യം ചോദിച്ചു ചുവരെഴുത്തുകളിൽ സ്തോഭജനകവാർത്തയാക്കുന്ന മടിയൻ പത്രപ്രവർത്തനം കൊണ്ട് പിടി കിട്ടില്ല മഹാഭാരത കഥാപാത്രങ്ങങ്ങളുടെ ബന്ധവും ബന്ധനവും.” അതൃപ്തി നിറഞ്ഞ മുഖഭാവങ്ങളാൽ ഊന്നിയും ഇരുകൈ വിരലുകൾ അങ്ങോട്ടുമിങ്ങോട്ടും അതിവേഗം തിരിച്ചും ഇടക്കൊന്നു വിരൽ പത്രപ്രവത്തകക്ക് നേരെ ചൂണ്ടിയും, കണ്ണ് വെട്ടിച്ചും പിതാമഹൻ ആ തിരക്കൊഴിഞ്ഞ രാജസഭയിൽ നിവർന്നു നിന്നു. കുറച്ചു മാറി വിദുരർ, വിവേകവചനത്തിന്റെ ആൾരൂപം, തലതാഴ്ത്തി.

“കുടിയേറ്റക്കാരായി നിങ്ങൾ ഖാണ്ഡവ വനത്തിലേക്കു പോവുമ്പോൾ കൂടെ വരാൻ വിസമ്മതിച്ച കുന്തി എന്ത് കാരണമാണ് നിങ്ങളോട്ട് പറഞ്ഞത്?” കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു ജീവിതസായാഹ്നം. കുന്തിയും ഗാന്ധാരിയും ജീവിതാന്ത്യം കാട്ടിൽ കഴിയാൻ ഹസ്തിനപുരി വിട്ടിരുന്ന സമാധാനകാലം.

“നിങ്ങൾ ഖാണ്ഡവവനം വെട്ടിത്തെളിയിക്കുമ്പോൾ കയ്യും കെട്ടി ഞാൻ നിൽക്കില്ല. ആ പുഴയോര ആവാസവ്യവസ്ഥ തകിടം മറിച്ചു വന്മരങ്ങൾ നിങ്ങൾ കടപുഴക്കുമ്പോൾ അറിയാതെ ഞാൻ ചിലപ്പോൾ മഴുവെടുത്തു നിങ്ങളിലൊരാളെ കഴുത്തിൽ വെട്ടി എന്ന് വരും. കൂടെ വരണോ ഞാൻ? അതോ ഹസ്തിനപുരി കോട്ടക്കകത്തു ഗാന്ധാരിയുടെ ദാസിയായി കഴിയണോ? ഏറിയും കുറഞ്ഞും ഈ വാക്കുകളാണ് എന്റെ ഭർതൃമാതാവ് അർജ്ജുനനെ നോക്കി പറഞ്ഞത്. ഒരു പാഴ്മരം രക്ഷിക്കാൻ, മകന്റെ കഴുത്തിൽ മഴുകൊണ്ട് വെട്ടാൻ മടിയില്ലാത്ത ആ പ്രതികാര മൂർത്തി കൂടെ വരാഞ്ഞത് കൊണ്ടെനിക്ക് ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയാവാനൊത്തു. അല്ലെങ്കിൽ രാജമാതാ പദവി ചോദിച്ചുവാങ്ങി എന്റെ അധികാരവഴിയിൽ കുന്തി തുരങ്കം പണിയുമായിരുന്നു.”

◇ ◇ ◇ 2018/07/17

“അന്തിക്കുരക്ക് ഇടം ചോദിച്ച പാണ്ഡവരെ ആട്ടിയോടിച്ച അല്ലേ? ഇതിലൊന്നും മനഃസ്സാക്ഷിക്കുത്ത് എന്നൊന്ന് അനുഭവപ്പെടാറില്ല?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ച യുദ്ധ മേഘങ്ങൾ നിറഞ്ഞ ഹസ്തിനപുരിയുടെ ആകാശം. ശീതകാലം.

“പ്രതിക്കൂട്ടിൽ നിർത്തി എന്നെ മനഃസ്സാക്ഷി വിസ്തരിച്ചു. വിശദീകരണത്തിന് ചെവി തന്ന ശേഷം എഴുതി വിധി”, ദുര്യോധനൻ പറഞ്ഞു.

“പാണ്ഡവരുടെ സാമ്രാജ്യമോഹത്തിന് നീ വെറുമൊരു ഇര” കുറ്റവിമുക്തനാക്കും മുമ്പ് ന്യായാധിപൻ എന്റെ തലയിൽ കൈവച്ച അങ്ങനെയാണ് ധൈര്യം തന്നത്. ധൃതിയുണ്ട്. സർവസൈന്യാധിപനെ കണ്ടെത്തണം, ഭീഷ്മരും കർണനും തമ്മിലുള്ള പിണക്കം തീർക്കണം. യുദ്ധം എന്നാൽ വാളും പരിചയും മാത്രമല്ല.”

“അകത്തിടും എന്നാണോ പറഞ്ഞത്? അതോ, നമ്മുടെ ചുവരെഴുത്തുകളിൽ കരി ഒഴിക്കുമെന്നോ?” യുദ്ധകാര്യലേഖകൻ കൊട്ടാരം ലേഖികയോട് ചോദിച്ചു.

“ഭരണകൂടത്തിന്നെതിരെ കള്ളക്കഥകൾ പടച്ച നഗരവാസികളിൽ യുധിഷ്ഠിരനെതിരെ ജനവികാരമിളക്കാൻ പതിനഞ്ചോളം ചുവരെഴുത്തുപതിപ്പുകൾ ‘ഹസ്തിനപുരി പത്രിക’ ഇപ്പോൾ ദുരുപയോഗം ചെയ്യുന്നതായി നവ പാണ്ഡവഭരണസമിതിയുടെ അത്യുന്നത കാര്യാലോചന ഉപസമിതി വിലയിരുത്തി. എതിർ പ്രചരണത്തിന് അത്ര തന്നെ ചുവരെഴുത്തുകൾ ഭരണകൂടം മെച്ചപ്പെട്ട വായനാസുഖത്തോടെ, ലളിതഭാഷയിൽ സ്ഥാപിക്കുമെന്നും, യുദ്ധകാര്യലേഖകനെ വൻ ആനുകൂല്യങ്ങളോടെ പത്രാധിപരാക്കുമെന്നും, ചാരവകുപ്പ് മേധാവി നകുലൻ ഭീഷണിപ്പെടുത്തി. വനവാസക്കാല പാഞ്ചാലിയുമായി ചെയ്ത അഭിമുഖ പനയോലക്കെട്ടുകൾ പൊതുമണ്ഡലത്തിൽ കൊണ്ടുവരണോ എന്ന് ഞാൻ ചോദിച്ചപ്പോൾ, എന്റെ കവിളിൽ നുള്ളി, മധുരം നുള്ളി തന്നു.”

“പോർമുഖത്തുനിന്നു പുത്തൻ കൗതുകവർത്തകൾ ഒന്നും കേൾക്കുന്നില്ലല്ലോ.” കുരുക്ഷേത്ര പ്രവിശ്യാഭരണാധികാരിയും യുദ്ധനിർവഹണ സ്വതന്ത്രസമിതിയുടെ അധ്യക്ഷനും ആയ കൗരവബന്ധുവിനോട് കൊട്ടാരം ലേഖിക ചോദിച്ചു. വൈകിയ രാത്രിയിലും അയാൾ ഗോപുരമേടയിലെ കാര്യാലയത്തിൽ, പിറ്റേന്ന് രാവിലെ തുടങ്ങേണ്ട യുദ്ധത്തിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്ന തന്ത്രജ്ഞരുടെ കൂടെ തിരക്കിലായിരുന്നു. ശബ്ദമുഖരിതമായ പകൽപോരാട്ടത്തിന് ശേഷം, ഇപ്പോൾ തണുത്ത അന്തരീക്ഷത്തിൽ ആകെ കേൾക്കുന്നത് പുഴയിൽ ചാടിക്കളിക്കുന്നവരുടെ ഉല്ലാസ ആരവം മാത്രം.

“ഉരുളുന്ന തലയ്ക്കു പിന്നാലെ പായുന്ന നിങ്ങളുടെ ഉത്സാഹത്തിൽ, കൗതുകവർത്തകളെ കുറിച്ചറിയാൻ ആർക്കെന്തു കൗതുകം അല്ലെ? അർജ്ജുനന്റെ ഒഴിഞ്ഞുകിടക്കുന്ന ആവനാഴികൾ, ഉന്നം തെറ്റുന്ന യുധിഷ്ഠിരകുന്തങ്ങൾ, പൊള്ളയായ ഭീമഗദകൾ, വിനിമയഭാഷ വ്യക്തമാവാതെ ആയുധം വച്ച് കീഴടങ്ങുന്ന പാണ്ഡവസഖ്യകക്ഷി സൈനികർ, പുലർച്ചെ ഒഴിഞ്ഞുകാണുന്ന പോർക്കളം വെളിയിട വിസർജ്ജനത്തിനുപയോഗിക്കുന്ന പഞ്ചപാണ്ഡവർ-ഇത്തരം കൗതുകക്കാഴ്ചകൾ ഇല്ലാതെ നിങ്ങൾ എങ്ങനെ ചുവരെഴുത്തുപത്രങ്ങൾ ഹസ്തിനപുരി യിലെ പ്രബുദ്ധനഗരവാസികൾക്കു വായനായോഗ്യമാക്കും?”

“ഭർത്താക്കന്മാർക്കിടയിലുള്ള കിടമത്സരം ദാമ്പത്യസ്വകാര്യതയിൽ വിള്ളലുണ്ടാക്കാനുള്ള ഭീഷണസാധ്യതയറിഞ്ഞ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്തു?”,കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട് ചോദിച്ചു.

“മറ്റ് നാലു ഭർത്താക്കന്മാരോട് നിങ്ങളെ പറ്റി ഞാൻ സംസാരിക്കാറില്ലാത്തത് പോലെ, അവരെ പറ്റി നിങ്ങളോടും സംസാരിക്കുകയില്ല എന്ന് രതിലീലക്കിടയിൽ മന്ത്രിച്ചു. വിവേകമുദിച്ചവരഞ്ചു പേരും അന്ന് വെട്ടിവീഴ്ത്തി പരദൂഷണത്തിന്റെ നാവുമരം.”

◇ ◇ ◇ 2018/07/18

“വിവാദപരാമർശം നീക്കാൻ ആവശ്യപ്പെട്ടു എന്നോ?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവായ നകുലനോട് ചോദിച്ചു, “ഏതു ഭാഗമാണ് പാണ്ഡവപിതാമഹൻ കൂടിയായ വേദവ്യാസൻ നിങ്ങളെയൊക്കെ ഇത്രമാത്രം മുറിപ്പെടുത്തുന്ന വിധം വിവാദമായി എഴുതിയത്?”

“അർദ്ധനഗ്നരാക്കി കൗരവർ ഞങ്ങളെ ചൂതാട്ടസഭയിൽ നിലത്തിരുത്തി എന്നതൊരു അവഹേളനമായി എടുത്തിട്ടില്ല എന്ന് നിങ്ങൾ ഓർക്കണം. കാരണം അത് ചൂതാട്ട ഭ്രമപുരുഷന്മാർക്കുള്ള ഒരു കൊട്ടാണ് എന്ന് സൗജന്യ മനഃസ്ഥിതിയോടെ കരുതുക. എന്നാൽ വസ്ത്രാക്ഷേപം പൊലിപ്പിക്കാൻ മാന്യതക്ക് നിരക്കാതെ വ്യാസൻ ചെയ്ത പരാമർശം അടുത്ത പതിപ്പിൽ നിന്ന്നീക്കണം എന്നാണു യുധിഷ്ഠിരൻ വ്യാസനോട് രേഖാമൂലം ആവശ്യപ്പെട്ടത്. ചൂതാട്ടസഭയിലേക്കു പാഞ്ചാലി വലിച്ചിഴക്കപ്പെട്ടു എന്ന വിവരണം അടിസ്ഥാനരഹിതമാണെങ്കിൽ, “ഞാൻ രജസ്വല ഞാൻ അൽപ്പവസ്ത്ര” എന്ന് പാഞ്ചാലി പരാമാർശം നിന്ദിക്കപ്പെടണം എന്നാണു പാണ്ഡവരും പാഞ്ചാലിയും സംയുക്തമായി കൊടുത്ത നിർദ്ദേശം. പെരുമാറ്റത്തിലും വാമൊഴിയിലും, അച്ചടക്കം പാലിക്കുന്ന പാഞ്ചാലിയെ കൊണ്ട് ഈ വിധം ഗ്രാമീണമായപ്രഖ്യാപനം ചെയ്യിച്ച വ്യാസരചന അപലപിക്കുന്നതോടൊപ്പം വ്യാസൻ പശ്ചാത്തപിച്ചില്ലെങ്കിൽ, പിതാമഹനെന്നൊന്നും നോക്കാതെ, കയർത്തു സംസാരിക്കേണ്ടിവരുമെന്നും യുധിഷ്ഠിരൻ അറിയിച്ചിട്ടുണ്ട്. പാണ്ഡവർ അർദ്ധസാക്ഷരർ മാത്രമെന്ന പൊതുബോധത്തിനും ഈ ശക്തമായ നിലപാട് പ്രഹരമായിരിക്കും.”

“കണ്ണുകൾ ഞാൻ നഗ്നമാക്കണോ, തുണികെട്ടി കാഴ്ച മറയ്ക്കണോ ഇതൊക്കെ ഒരു ദേശീയ പ്രശ്നമായി അവതരിപ്പിക്കുന്നത് നിങ്ങൾ നിർത്തൂ എന്നു ഗാന്ധാരി വിശിഷ്ടാതിഥികൾക്ക് മുമ്പിൽ താക്കീതു തന്നത് നിന്നെ വേദനിപ്പിച്ചു അല്ലെ?” പത്രാധിപ ചുമതല വഹിക്കുന്ന യുദ്ധകാര്യ ലേഖകൻ ആശ്വസിപ്പിച്ചു.

“കുരുക്ഷേത്രയിൽ ചിതറിക്കിടന്ന കൗരവശരീരഭാഗങ്ങൾ പരിശോധിച്ച് മക്കളുടെ ജഡങ്ങൾ തിരിച്ചറിഞ്ഞത് ഉൾക്കണ്ണിന്റെ ബലം കൊണ്ടായിരിക്കുമോ എന്നു ഞാൻ തോളിൽ തട്ടി ചോദിച്ചതിന്, പാണ്ഡവഭരണത്തിൽ ശ്വാസം മുട്ടി കഴിയുന്ന ഒരു മുൻമഹാറാണിയുടെ അനിഷ്ടം. അതല്ലാതെ താക്കീതോ വേദനയോ ഞങ്ങൾക്കിടയിൽ ഇല്ല. ‘വനവാസത്തിനു പോവും മുമ്പ് കുറെ കാര്യ ങ്ങൾ നിന്നോട്ട് വെളിപ്പെടുത്താനുണ്ട് വിളിക്കാം ഒരു നീണ്ട അഭിമുഖത്തിന്’ എന്നും പറഞ്ഞാണ് ഗാന്ധാരി ആലിംഗനം ചെയ്തു പിരിഞ്ഞത്.

“അസഹിഷ്ണുതയാണ് ഹസ്തിനപുരിയുടെ അടയാളമെന്ന് തെളിയിക്കുന്നല്ലോ പുറത്തുവരുന്ന ആൾക്കൂട്ട ആക്രമണ വാർത്ത? രാജമാതാ പദവി കൊടുക്കാതെ കുന്തിയെ പാഞ്ചാലി പാർശ്വവൽക്കരിച്ചതിലുള്ള പരിഭവം കൊണ്ടാണ് കുന്തി വനവാസത്തിനു മുൻകൈ എടുത്തത് എന്ന് ചാർവാകൻ പൊതുവേദിയിൽ പറഞ്ഞു വായടച്ചില്ല, തുടങ്ങി ആ പാവത്തിന്റെ തലപ്പാവ് വലിക്കാനും ഉടുതുണിയൂരാനും തലങ്ങും വിലങ്ങും തല്ലി ആ ദരിദ്രബ്രഹ്മണനെ പാണ്ഡവകിങ്കരന്മാർ മർദ്ധിച്ചവശനാക്കാനും. പാണ്ഡവർക്കലോസരമുണ്ടാക്കുന്നവരെയൊക്കെ ‘കൈകാര്യം’ ചെയ്താൽ കുരുക്ഷേത്ര കൊണ്ടെന്തു ഗുണം?” കൊട്ടാരം ലേഖിക പാണ്ഡവ ഔദ്യോഗിക വക്താവിനോട്ട് ചോദിച്ചു.

“ഭീമൻ എന്ത് ഊളത്തരവും സഹിക്കും പെറ്റതള്ളയെ ആരെങ്കിലും അവമതിച്ചാൽ ആളാകെ പിശകാണെന്നു വിമർശകർ തിരിച്ചറിഞ്ഞെങ്കിൽ. നിങ്ങൾക്കറിയാത്ത ഔദ്യോഗികവിവരം വെളിപ്പെടുത്താം-അടി കൊണ്ട് വീണത്, അല്ലെങ്കിൽ വീണ പ്രതീതി ഉണ്ടാക്കിയത്, യഥാർത്ഥ ചാർവാകനല്ല, മായിക കലാകാരനാണ്. അസ്സൽ ചാർവാകൻ ഹിമാലയത്തിൽ സുഖവാസത്തിലാണ്. ചൂടയാൾക്കു സഹിക്കാൻ മേലാ. കുരുവംശ അതിഥിയായി പുൽമേട്ടുകളിൽ കുതിരസവാരി പഠിക്കുകയാണ് യുക്തിവാദി.”

“ഭർത്താക്കന്മാരിൽ അവിശ്വാസം, അങ്ങനെയാണോ പാണ്ഡവദാമ്പത്യത്തെ വിശേഷിപ്പിക്കുക?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ട് ചോദിച്ചു.

“ഒറ്റക്കോ കൂട്ടായോ എന്നെ പിണക്കിയാൽ, ഊട്ടുപുര പുറത്തു നിന്നും കിടപ്പറ അകത്തു നിന്നും താഴിട്ടു ഞാൻ പൂട്ടും.”

“വിശിഷ്ടാതിഥികളെ മനഃപൂർവ്വം വഴക്കി വീഴ്ത്തുന്ന സഭാതലങ്ങൾ ഉള്ള മായികനഗരമെന്നാണ്, നിങ്ങൾ ഒരു ദശാബ്ദത്തോളം രാജസൂയചക്രവർത്തിനിയായിരുന്ന ഇന്ദ്രപ്രസ്ഥം ഇവിടെ ഹസ്തിനപുരിയിൽ കുപ്രസിദ്ധി നേടിയത്. കുന്തിയും മക്കൾക്കൊപ്പം അവിടെ വരാതെ ഗാന്ധാരിയുടെ തോഴിയായി കൂടി. കൊല്ലം പതിമൂന്ന് കഴിഞ്ഞു, യാത്ര ചോദിക്കാതെ നിങ്ങൾ ഇന്ദ്രപ്രസ്ഥം വിട്ടു ചൂതാട്ടത്തിലൂടെ കാനനവാസത്തിനു പോയിട്ട്. യുദ്ധം ജയിച്ചു പാണ്ഡവർ ഹസ്തിനപുരിയിൽ അധികാരം പിടിച്ചെടുത്തപ്പോഴൊന്നും, എവിടെ ഞങ്ങളുടെ പ്രിയ ഇന്ദ്രപ്രസ്ഥം ജനത എന്ന ജിജ്ഞാസ ഉണ്ടായില്ല?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു.

“വിവരമറിഞ്ഞുവരാൻ നകുലനെ വിട്ടിരുന്നു. കുറച്ചധികം സമയമെടുത്ത് തിരിച്ചെത്തി. നദി യമുനയുണ്ട്. പക്ഷെ തലസ്ഥാന നഗരി ഇന്ദ്രപ്രസ്ഥം കാണാനില്ല. ആകെ കാണുന്നത് പഴയ ഖാണ്ഡവവനം വീണ്ടും വളർന്നു വലുതായി, അതിന്റെ മുൻ ആവാസവ്യവസ്ഥ തിരിച്ചെടുത്തിരിക്കുന്നു. ഒരു മനുഷ്യക്കുഞ്ഞു പോലും കൺവെട്ടത്തിലില്ല. നിരാശയെക്കാൾ ഭീതിയോടെ, അവൻ തിരിച്ചു വന്നു വിവരം പറഞ്ഞശേഷം ഇപ്പോൾ വിദുരാശ്രമത്തിൽ മൗനിയാണ്. കൂട്ട പലായനം ചെയ്തുവോ നാട്ടുകാർ? യമുനയിലെ വെള്ളപ്പൊക്കത്തിൽ നഗരം മുഴുവൻ ഒലിച്ചുപോയോ? അതോ, തുടക്കത്തിൽ നിങ്ങൾ സൂചിപ്പിച്ച വെറുമൊരു മായികനഗരി മാത്രമായിരുന്നോ ഇന്ദ്രപ്രസ്ഥം? വരും യുഗത്തിൽ പുരാവസ്തുഗവേഷക സംഘം ഉത്ഖലനങ്ങൾ വഴി കണ്ടെത്തട്ടെ പരമാർത്ഥങ്ങൾ.” കൗരവർ നീണ്ടകാലം ദുരുപയോഗം ചെയ്ത അന്തഃപുരങ്ങൾ അടിച്ചുവൃത്തിയാക്കുന്ന തിരക്കിലായിരുന്നു പാഞ്ചാലിയും പാണ്ഡവരും.

“നിങ്ങ.ളെ പ്രതിക്കൂട്ടിലാക്കുന്ന പ്രയോഗങ്ങൾ പതിവാണ്. രാജസൂയ യാഗത്തിൽ ചക്രവർത്തിനിപദവി വഹിക്കേണ്ടയാൾ യാഗശാലയിൽ ആചാരമനുസരിച്ചു ഇരിക്കേണ്ടയിടത്തു ഇരുന്നു എന്നേ പറയൂ ‘യുധിഷ്ഠിരഭാര്യ’ എന്ന് സമ്മതിക്കില്ല. ഭർത്താവ് അർജ്ജുനൻ എന്നവൾ പറഞ്ഞു തുടങ്ങുന്നത് മറ്റനാലുപേർ അനധികൃതമായി അധിനിവേശം ചെയ്തു എന്നു മുനവച്ചു പരാതി പറയാനാവും. ആ നാലുപേർ അതിനുവേണ്ടി ഉപയോഗിക്കുന്നത് പ്രലോഭനം വശീകരണം കായികബലം കൗശലം, പിന്നെ അതൊന്നും ഫലിക്കുന്നില്ലെങ്കിൽ മുട്ടുകുത്തി കൈനീട്ടി യാചന എന്നീ ‘കുലീനപുരുഷ’ന് യോജിക്കാത്ത ‘ഹീനകൃത്യ’ങ്ങളും. അഭിമുഖം കഴിയുമ്പോൾ തോന്നും അവൾ നിങ്ങളാൽ എന്നും കളങ്കിത!. വാസ്തവം എത്രയുണ്ട് ഈ അവമതിയിൽ?” കൊട്ടാരം ലേഖിക പാണ്ഡവരോട് ചോദിച്ചു.

“ഉഭയകക്ഷി സമ്മതപ്രകാരമുള്ള ആസ്വാദനരതി പൂർത്തിയായാൽ, നന്ദിപ്രകടനത്തിനൊന്നും സമയം കളയാതെ അവൾ കളിച്ചുവേഷം മാറും. പിന്നെ അപരിചിതയെപോലെ പെരുമാറും. ഭീമനെപ്പോലുള്ളവർ അവൾക്കിഷ്ട പഴമൊക്കെ സമ്മാനിച്ച് ഭവ്യതയോടെ പീതിപ്പെടുത്താൻ മുൻകൈ എടുക്കും. ഞങ്ങൾ കൗശലം വഴി അധിനിവേശത്തിനു രൂപം കൊടുക്കും.”

“ദുര്യോധന ഭരണകൂടത്തിന്നെതിരെ പ്രതിഷേധയോഗം?” കൊട്ടാരം ലേഖിക ചോദിച്ചു.

“പ്രതിഷേധം ഉണ്ടാവില്ലേ? ‘ഹസ്തിനപുരി പത്രിക’യുടെ യുദ്ധകാര്യലേഖകൻ കൗരവരാജ സ്ത്രീകളൊടാണൊ കൊമ്പുകുലുക്കേണ്ടതു്? രാജവസതിക്കു ചേർന്ന മൈതാനത്തിൽ, ധൃതരാഷ്ട്ര ഭാര്യാസഹോദരൻ ‘ഗാന്ധാരഭൂപതി’ ചെയ്യുന്ന അനുഗ്രഹ പ്രഭാഷണത്തിലേക്കു ഞങ്ങളും, അവിവാഹിത പെൺമക്കളും രാജവസ്ത്രങ്ങൾ ധരിച്ചു സുഗന്ധപുഷ്പങ്ങൾ ചൂടി പോവുന്നതു് ഭൂപതിയുടെ ചുറ്റും ചേർന്നിരുന്ന സ്പർശനചികിത്സ ചെയ്യാനാണെന്ന പരസ്യവേദിയിൽ പറഞ്ഞാൽ ഗാന്ധാരിയും ഭൂപതിയും പ്രതിഷേധിക്കില്ലേ? അയാൾ വന്ന ഭൂപതിയുടെ കാലിൽ വീണ് മാപ്പ ചോദിക്കാത്ത പക്ഷം യുദ്ധകാര്യലേഖകനെ ഞങ്ങൾ അറ്റകൈയ്യിന് വാരണാവതം അരക്കില്ലത്തേക്കു സുഖവാസത്തിനായിരിക്കും അയക്കുക.”

◇ ◇ ◇

2018/07/20

“യുധിഷ്ഠിരന്റെ അസഹനീയമായ രാഷ്ട്രീയകാപട്യത്തിന്നെതിരെ തെരുവോര കുടുംബയോഗങ്ങളിൽ നിത്യവും ആഞ്ഞടിക്കുന്ന ദുര്യോധനവിധവയെ, ഹസ്തിനപുരി രാജസഭയിലേക്ക് പ്രത്യേക ക്ഷണിതാവായി ഭരണകൂടത്തിന്റെ രാഷ്ട്രീയ കാര്യാലോചനസമിതി നാമനിർദ്ദേശം ചെയ്തെന്ന ഇന്ന് രാവിലെ മുതൽ ഊട്ടുപുരയിലൊക്കെ ശ്രുതിയുണ്ടല്ലോ. എന്താ കാര്യം?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട്ട് ഞെട്ടലോടെ ചോദിച്ചു.

“നിങ്ങൾ കേട്ട ഊട്ടുപുര വാർത്തയിൽ തിരുത്തുണ്ടു്. ദുര്യോധനവിധവ എന്ന വ്യക്തിഗത നിലക്കല്ല, മൊത്തം കുരുക്ഷേത്രവിധവകളുടെ ദേശീയ സംഘടന നേതാവ് എന്ന നിലയിലാണ് പരിഗണന. നേതൃസ്ഥാനം ഇന്ന് അവർ മാറിയാൽ, അല്ലെങ്കിൽ ഒഴിഞ്ഞാൽ, ആ “പ്രത്യേക ക്ഷണിതാവ്” എന്ന പദവിക്കും വരും സ്ഥാനചലനം”, രാജസഭയുടെ സമ്മേളനത്തിൽ ഭരണകൂടം സ്വീകരിക്കേണ്ട തന്ത്രം മെനയുന്ന ഉന്നതതല സമിതിയുടെ അടിയന്തര യോഗത്തിലേക്ക് പോവുന്ന തിരക്കിലായിരുന്ന ചാരവകുപ്പ് മേധാവി കൂടിയായ ആ ഇളമുറ മാദ്രിപുത്രൻ.

“പുതിയ ഭരണകൂടത്തെ ഒന്നുരണ്ടു പാഠം പഠിപ്പിക്കാൻ പുത്തൻ ആയുധങ്ങളൊന്നുമില്ലേ ആവനാഴിയിൽ?” കൊട്ടാരം ലേഖിക ചാർവാകനോട്ട് ചോദിച്ചു. രാജവീഥിയിൽ നിന്ന് കാഴ്ച മറയ്ക്കുന്ന പാഴ്മരക്കൂട്ടത്തിനു പിന്നിലെ ആശ്രമത്തിൽ നിന്നായിരുന്ന കൗരവ-പാണ്ഡവ ഭരണകൂടങ്ങളെ എക്കാലവും വിറപ്പിച്ചിരുന്ന പ്രതിപക്ഷ ശബ്ദം ഉയർന്നിരുന്നതു് എന്നവൾ വിസ്മയിച്ചു. കണ്ടാൽ ഓമനത്തം തോന്നുന്ന നാലു് ആൺകുട്ടികൾ അയാൾക്ക് ചുറ്റും ‘വിശക്കുന്നു എനിക്ക് വല്ലതും താ’ എന്ന് ഭീതിതമായ നിസ്സഹായതയോടെ നിലവിളിക്കുമ്പോൾ പൂർണ്ണഗർഭിണിയായ ഭാര്യ ഒരു മൂലയിൽ വെറും നിലത്തു കിടന്നു ഏങ്ങലടിച്ചു.

“നാണം കെടുത്തുകയാണെങ്കിൽ പാഞ്ചാലിയെ തന്നെ വേണം ഉന്നം വക്കാൻ എന്ന് മനനം ചെയ്തപ്പോൾ വ്യക്തമായി. ഒരു മണിക്കൂർ കഴിഞ്ഞാൽ പാഞ്ചാലി ഈ വഴിക്കു രഥത്തിൽ ദുര്യോധനവിധവയുമായി ഒത്തുതീർപ്പ ചർച്ചക്ക് പോവുമെന്ന് വിവരം കിട്ടി. രഥം ദൂരെ നിന്ന് കണ്ടാൽ ഒന്നുരണ്ടു കുട്ടികളെയും കൊണ്ടു് മരത്തിനു പിന്നിൽ കാത്തിരുന്ന് കൃത്യം രഥത്തിനു മുമ്പിലേക്കെറിയും. ആ ഏറിലാണ് എന്റെ കരവിരുതു് കാണുക. കുതിര ചവിട്ടിയോ ചക്രം തട്ടിയോ കുട്ടികൾക്കെന്തെങ്കിലും ആപത്തു സംഭവിച്ചാൽ, ഭാര്യയും മറ്റു കുട്ടികളും അകത്തു നിന്ന് ഓടി വന്നു നെഞ്ചത്തടിച്ചു നിലവിളിക്കും. വെള്ളിനാണയം കൊണ്ടു് തൃപ്തരാവാതെ അവർ വിലപിച്ചു വഴിപ്പോക്കരെ കൂട്ടും. ആൾക്കൂട്ടം മത്തുപിടിച്ച രീതിയിൽ മഹാറാണിയെ കൈകാര്യം ചെയ്യും. രാജവാഴ്ചക്കൊരു കനത്ത പ്രഹരമേല്പിക്കാൻ ജനാധിപത്യവിശ്വാസിയായ എനിക്കത്രയേ ത്യാഗം ചെയ്യാനാവൂ. നിങ്ങൾ ഒന്ന് കാത്തു നിൽക്കണം. ഓടിപ്പോയി സാരഥിക്ക് വിവരം കൊടുത്താൽ കഴിഞ്ഞില്ലേ ഈ ചാർവാക യജ്ഞം.”

കുട്ടികൾ രണ്ടെണ്ണത്തെ കോപത്തോടെ നോക്കി.

“ഞാൻ പറഞ്ഞ പോലെ ചെയ്താൽ അത്താഴം തരാം’ എന്ന് പറഞ്ഞശേഷം അയാൾ, മരക്കൂട്ടത്തിലൂടെ രാജവീഥിയിലേക്കു ഒളിക്കണ്ണെറിഞ്ഞു കൊണ്ടിരുന്നു.

◇ ◇ ◇ 2018/07/22

“രണ്ടു ഭാഗങ്ങൾ പ്രസിദ്ധീകരിച്ചപ്പോഴേക്കും ആൾക്കൂട്ടവിധിയുണ്ടായല്ലോ. ഭയന്നോ അഭിവന്ദ്യവ്യാസൻ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവ പാണ്ഡവ നാൾവഴിയിൽ ഞാൻ മനഃപൂർവ്വം മായം കലർത്തിയെന്നാരോപിച്ചു കൗരവരും പാണ്ഡവരും ഒരുപോലെ എനിക്കെതിരെ വാളോങ്ങുമെന്നാരോർത്തു? മീൻകാരി സത്യവതിയെ ബലാത്സംഗം ചെയ്ത വൃദ്ധസന്യാസിയാണ് എന്റെ ബീജദാനി എന്നും, കണ്ടാൽ അറപ്പു തോന്നുന്ന കുള്ളൻ ആണ് കുരുവംശ പിതാവായ വ്യാസനെന്നും ഉള്ള വസ്തുത അസ്വീകാര്യമെന്നവരുടെ ദുരഭിമാനം ഒച്ചവെച്ചാൽ ചരിത്രത്തെ വികലപ്പെടുത്താനാവാത്ത ഞാൻ പിന്നെ എന്തു ചെയ്യും? വിചിത്രവീര്യ വിധവകളിൽ എനിക്കുണ്ടായ വിലക്ഷണസന്തതികളാണ് ധൃതരാഷ്ട്രരും പാണ്ഡുവുമെന്ന പ്രതീതിയുണർത്തുന്ന കുരുവംശ കുടുംബചരിത്രരചന പൂർണ്ണമായും ഉടച്ചുവാർത്തില്ലെങ്കിൽ, എന്റെ ദേഹസുരക്ഷ ഭരണകൂടം ഏറ്റെടുക്കില്ലെന്ന ഔദ്യോഗിക വക്താവിന്റെ പ്രസ്താവന ഹസ്തിനപുരി പത്രികയിൽ വന്നതോടെ, ചാർവാകൻ എന്നെ വനശ്രമത്തിൽ വന്നു ആലിംഗനം ചെയ്തു ഈ കുടിലിലേക്കു സ്വാഗതം ചെയ്തു. താടിയും മുടിയും വടിച്ചു ഞാൻ വരുത്തിയ രൂപമാറ്റരഹസ്യം അങ്ങനെ നിൽക്കട്ടെ, എന്നെപോലെ നിങ്ങളും അക്ഷരം കൊണ്ടു അന്നമുണ്ടാക്കുന്ന വ്യക്തിയല്ലേ. കൗരവരും പാണ്ഡവരും കൂട്ടുകൂടി ഒരൊറ്റ വഞ്ചിയിൽ ഇരുന്നാണ് എന്നെ വല വീശി പിടിക്കാൻ ശ്രമിക്കുന്നതു. ആദിപർവ്വം പൂർണ്ണമായും ഞാൻ പിൻവലിച്ചു തീയിലിട്ടു എന്നു നിങ്ങൾ സാക്ഷ്യപത്രം പ്രസിദ്ധീകരിച്ചാൽ ഞാൻ ധന്യൻ. അധികാരവഴിയിൽ പോരടിച്ചു ഇവരുടെയൊക്കെ ദുരന്തം സംഭവിക്കുന്ന സാഹചര്യമുണ്ടായാൽ, മൊത്തം പതിനെട്ടു പർവ്വങ്ങളിൽ ഞാൻ ഭാവിയിൽ എഴുതുമ്പോൾ, നിങ്ങൾ വേണം വെളിച്ചം കാണിക്കാൻ.” ദക്ഷിണാപഥത്തിൽ നിന്നു ചാർവാകൻ കൊണ്ടുവന്ന സൂക്ഷിച്ച പനയോലക്കെട്ടുകളിലേക്കു വ്യാസനേത്രം തിരിഞ്ഞു.”

“അതിക്രമത്തിനു ശേഷം അരനൂറ്റാണ്ടു കഴിഞ്ഞിട്ടാണോ കുറ്റാന്വേഷണവിഭാഗത്തിനു മുമ്പിൽ പരാതിയുമായി വരുന്നതു? ലൈംഗികാതിക്രമം ചെയ്തതാരെന്നു പരാതിയിൽ പരാമർശവുമില്ല. എങ്ങനെ നീതി കിട്ടുമെന്നാണു നിങ്ങൾ വിചാരിക്കുന്നതു?” കൊട്ടാരം ലേഖിക കുന്തിയോടു ചോദിച്ചു.

“പണസംബന്ധമായ കൊടുക്കൽ വാങ്ങലുകൾ മാത്രമല്ലെ കാലഹരണപ്പെട്ടു? ഇത് സ്ത്രീത്വത്തിനു നേരെ കടന്നാക്രമണം, ആൾമാറാട്ടം തുടങ്ങി, വധശിക്ഷ കിട്ടാവുന്ന കുറ്റകൃത്യമാവുമ്പോൾ തുടർനടപടി വൈകരുതെന്നു നേരിൽ ആവശ്യപ്പെട്ടു. വ്യവസ്ഥാപിത നിയമവാഴ്ചയുണ്ടോ കുരുവംശത്തിൽ എന്ന് ഇരയെന്ന നിലയിൽ എനിക്ക് കണ്ടെത്തുകയും ചെയ്യാം. വിവാഹപൂർവ്വകാലത്തെ നിഷ്കളങ്കാവസ്ഥയിൽ, ശാരീരിക വളർച്ചയോടു ബന്ധപ്പെട്ട ചോരയോട്ടത്തിൽ ഞാൻ, അപരിചിത പുരുഷപ്രലോഭനത്തിനു വഴങ്ങി എന്ന യാഥാർഥ്യം അംഗീകരിച്ചാൽ പോലും, വേഷം മാറി വന്നു ശരീരത്തിൽ അധീശത്വം പുലർത്തി, ആസ്വാദനരതിയിലൂടെ ഉദ്ദേശ്യലക്ഷ്യം നേടി ഒളിച്ചോടിയവനെ പ്രതിക്കൂട്ടിൽ പൊരിപ്പിക്കാൻ എനിക്കുമുണ്ടാവില്ലേ പ്രേരണ?, മനഃസ്സാക്ഷിയുടെ സമ്മർദ്ദം?പുരുഷശരീരത്തിനു കീഴ്പ്പെ ടുമ്പോൾ സംസാരശേഷി നഷ്ടപ്പെട്ടിരുന്നതു കൊണ്ട് ‘ആരാണ് നിങ്ങൾ’ എന്ന് മുഖത്ത് നോക്കി ചോദിക്കാൻ കഴിഞ്ഞില്ലെങ്കിലും, ‘വെളിച്ചങ്ങളുടെ തമ്പുരാൻ’ എന്നാണയാളുടെ പദവി എന്നറിയാൻ സൗകര്യമായി വന്ന സാഹചര്യം. കാര്യം നടന്നയാൾ വസ്ത്രം ധരിച്ചു ധരിച്ചു രഥത്തിൽ കയറും മുമ്പെന്റെ ചെവിയിൽ മന്ത്രിച്ചു, പ്രസവിക്കുന്നെങ്കിൽ ചോരക്കുഞ്ഞിനെ മുലപ്പാൽ കൊടുക്കാതെ പനം കുട്ടയിലിട്ടു നീ പുഴയിലൊഴുക്കണം. പ്രകൃതി കൊടുക്കട്ടെ നവജാതശിശുവിനു പരിപാലനവും പരിരക്ഷയും. കന്യകയല്ലെന്ന് നീ മനഃസ്സാക്ഷിയോടു കുമ്പസാരിക്കാതെ വേണം വിവാഹവസ്ത്രങ്ങൾ ധരിക്കാൻ. അങ്ങനെ മധുരപദങ്ങൾ പറഞ്ഞു, ഒരു പെണ്ണുടൽ ചതിച്ചുകീഴ്പ്പെടുത്തിയവൻ ഹസ്തിനപുരി നിയമസംഹിതയുടെ മുമ്പിൽ കൈകെട്ടി വേണ്ടേ ശിക്ഷ സ്വീകരിക്കാൻ?”

◇ ◇ ◇

2018/07/23

“ഗൂഢലക്ഷ്യത്തോടെയാണ്ചൂതാട്ടത്തിനു നിങ്ങൾ പാണ്ഡവരെ ക്ഷണിച്ചതെന്നൊക്കെ ഇന്ന് കൊട്ടാരരഹസ്യമൊന്നുമല്ലെങ്കിലും, എന്തായിരുന്നു കള്ളച്ചൂതാട്ടത്തിലൂടെ രാജസൂയചക്രവർത്തിയെ അടിമയാക്കണമെന്ന ദൃഢനിശ്ചയത്തിനു പിന്നിൽ?” കൊട്ടാരം ലേഖിക ചോദിച്ചു. തെളിഞ്ഞ പ്രഭാത വെയിലിൽ കോട്ടക്കപ്പുറത്തെ രാജവീഥിയിലൂടെ മരവുരി ധരിച്ചും, മുഖം മറച്ചും, തല താഴ്ത്തി കാട്ടിലേക്ക് നഗ്നപാദരായി നടന്നിരുന്ന ആറംഗ പാണ്ഡവസംഘത്തെ മട്ടുപ്പാവിൽ നിന്ന് അവർക്കു കാണാമായിരുന്നു. പാതക്കിരുവശവും നിർജ്ജനമായിരുന്നു.

“ഇന്ദ്രപ്രസ്ഥം കൊട്ടാരത്തിലെ സഭാതലത്തിൽ സ്ഥലജലഭ്രമത്തിൽ വഴുക്കി വീണതൊക്കെ പൊറുക്കാൻ, സാമന്തപദവിയിലേക്കു താഴ്ത്തപ്പെട്ടിരുന്ന ഞങ്ങൾക്കായി. പക്ഷെ പിന്നീടുള്ള കഴിഞ്ഞ എട്ടൊമ്പതു വർഷങ്ങളിൽ പാഞ്ചാലി ഞങ്ങളെ പ്രകോപിച്ചിരുന്നതു കേട്ടാൽ നിങ്ങൾ ഞെട്ടും. കുറെ ഭരണകൂടമന്ദിരങ്ങൾ അല്ലാതെ വ്യവസ്ഥാപിതരാഷ്ട്രം ആയിരുന്നില്ലല്ലോ ഇന്ദ്രപ്രസ്ഥം. നിങ്ങളും അവിടെയൊക്കെ ചുറ്റിക്കറങ്ങിയതല്ലേ. രാഷ്ട്രനിർമ്മിതിക്കു വേണ്ട വിദ്യാഭാസമോ ധനസമാഹരണമോ ഇല്ലാതെ, വഴി നടക്കുമ്പോൾ രത്നഖനി കിട്ടിയ നാടോടികളെ പോലെയാണവർ കടിച്ചാൽ പൊട്ടാത്ത സമൃദ്ധ ജീവിതത്തിൽ കയറിയത്. അവരുടെ ഭാരിച്ച നിത്യച്ചെലവൊക്കെ ഹസ്തിനപുരി വഹിക്കണം എന്നൊരു നയത്തിലവർ ഇന്ദ്രപ്രസ്ഥം ഊട്ടുപുര ആഘോഷമാക്കാനും, കുതിരകളെ വാങ്ങാനും, ഗോശാല നിറക്കാനും പുത്തൻ ആവശ്യങ്ങളുടെ പനയോലപട്ടികയുമായി രാജദൂതൻ വന്നു എന്റെ കാര്യാലയത്തിൽ ഇടിച്ചുകയറി തട്ടിക്കയറും. പല്ലു ഞെരിക്കുന്ന ഇരമ്പൽ പുറത്തുവരാതെ ഞങ്ങളതൊക്കെ ഏറ്റെടുത്തു ചെയ്തു. എന്നിട്ടും അവർ വിട്ടില്ല. അഞ്ചോളം വരുന്ന പാണ്ഡവക്കുട്ടികളെ ഇന്ദ്രപ്രസ്ഥത്തിൽ നിന്ന് പാഞ്ചാലയിലേക്കു കൊണ്ടുപോകാൻ കൗരവരാജ സ്ത്രീകൾ പത്തുപേർ പാഞ്ചാലിക്കൊപ്പം കൂടെ പോണം എന്ന ആവശ്യവുമായി ഭീമൻ ആളെ അയച്ചു. അനുസരിക്കേണ്ടി വന്നു. ഒരു മാസം പിടിച്ചു, പത്തു കൗരവ രാജസ്ത്രീകൾ ആദ്യം ഇന്ദ്രപ്രസ്ഥത്തിൽ പോയി കുട്ടികളുടെ പരിപാലന ചുമതയേറ്റെടുത്തു, പാഞ്ചാലിയുടെ ദാസിപദവിയിൽ പാഞ്ചാലയിൽ എത്തി, കുട്ടികളെ ഏൽപ്പിച്ചു മടങ്ങി, വീണ്ടും ഇന്ദ്രപ്രസ്ഥത്തിൽ പാഞ്ചാലിയെ എത്തിച്ചു, യാത്ര പറഞ്ഞു ഹസ്തിനപുരിയിൽ എത്താൻ. എന്റെ ഭാര്യ പൊട്ടിക്കരഞ്ഞു-ഇതിനാണോ കലിംഗദേശത്തിൽ നിന്ന് എന്റെ അച്ഛൻ വധുവായി എന്നെ കുരുവംശത്തിലേക്കയച്ചത്? കൗരവ രാജസഭയിലെത്തിയാണവൾ കൈകൾ നീട്ടി ധൃതരാഷ്ട്രർക്ക് മുമ്പിൽ വാവിട്ടു വിലപിച്ചത്. അന്ന് ഞാൻ എഴുന്നേറ്റു നിന്ന് മഹാരാജാവിനു വാക്കു കൊടുത്തു-നിങ്ങൾ അനുമതി തന്നാൽ അടുത്ത കറുത്ത വാവിന് മുമ്പ് ഞാൻ പാണ്ഡവരെ അടിമകളാക്കി ഈ കോട്ടക്കകത്തു നിന്ന് തല മൊട്ടയടിച്ചു, പുള്ളികുത്തി, കഴുതപ്പുറത്തിരുത്തി കാട്ടിലേക്ക് എന്നെന്നേക്കുമായി യാത്രയാക്കും.”

നിങ്ങൾ അഭിമുഖത്തിന് വരുന്നതിനു അൽപ്പം മുമ്പ് ഭാര്യ എന്നോട്ട് ചോദിച്ചു,.

“വാക്കു പാലിച്ചില്ലല്ലോ ഭീരു, എവിടെ കഴുതപ്പുറത്തെ സവാരി? പാഞ്ചാലിയോടുള്ള പ്രണയം കാരണം ആ അവമതി നിങ്ങൾ ഒഴിവാക്കിയോ? ‘

“മറ്റു നാലു പാണ്ഡവർക്കുള്ളും നീറുകയാണ് എന്നോ? എന്തുണ്ടായി? അക്ഷയപാത്രത്തിൽ അതീതശക്തികൾ എരിവ് കൂട്ടിക്കലർത്തിയോ?”, കൊട്ടാരം ലേഖിക ഇളമുറ മാദ്രിപുത്രൻ സഹദേവനോട്ട് ചോദിച്ചു.

“ഇന്ന് രാത്രിയും, പ്രിയപാഞ്ചാലി ക്രമം തെറ്റിച്ചു എന്നോടൊപ്പം തന്നെ പായ പങ്കിടുന്നു.”

◇ ◇ ◇ 2018/07/24

“യുദ്ധത്തിൽ കൊല്ലപ്പെട്ട ധീര ദേശാഭിമാനി ദുര്യോധനന്റെ വിധവയല്ലേ നിങ്ങൾ?” അന്തഃപുരത്തിൽ നീണ്ടകാലം കണ്ടും മിണ്ടിയും പരിചയിച്ചിരുന്ന സ്ത്രീയെ ആകസ്മികമായി വൃദ്ധസദനത്തിൽ കണ്ടു ഞെട്ടിയ കൊട്ടാരം ലേഖിക അടുത്ത് ചെന്ന് മുട്ടുകുത്തി കൈപിടിച്ച് ചോദിച്ചു.
“ഒരു കുരുക്ഷേത്രവിധവ.”

“പോരാട്ടവാർത്തയെത്തിക്കാൻ ഈ കാണുന്ന ചുവരെഴുത്തുകളൊക്കെ മതിയോ? പുത്തൻക്രമീകരണങ്ങളൊന്നും ഇല്ലേ?”,ചാർവാകൻ ചോദിച്ചു. നിർബന്ധിതസേവനത്തിനു വിധേയരായ കൗരവസൈനികർക്കു മുൻകൂർ വേതനം കിട്ടിയതുകൊണ്ട് കുടുംബം മുഴുവൻ തെരുവിൽ ഇറങ്ങിയ സന്ധ്യ. പടിഞ്ഞാറൻ ആകാശത്തു യുദ്ധമേഘങ്ങൾ നിറഞ്ഞിരുന്നു.

“വേണമല്ലോ. യുദ്ധകാര്യലേഖകനും ഞാനും കുരുക്ഷേത്രയിൽ ഓടിനടന്നു ഉരുളുന്ന തലയെണ്ണിക്കൊണ്ടിരിക്കും-ഒരാൾ ഹസ്തിനപുരി വാണിജ്യത്തെരുവിൽ ആകാംക്ഷയോടെ കാത്തുനിൽക്കുന്ന ആൾക്കൂട്ടത്തെ തലേന്ന് കണ്ട യുദ്ധം നേരിൽ അപ്പപ്പോൾ കാണുന്ന കൗതുകത്തോടെ അവതരിപ്പിച്ചു ഉടനടി കുരുക്ഷേത്രയിലേക്കു തിരിക്കുമ്പോൾ, ഞാൻ ഒരുകൂട്ടം പുതിയ തലയെണ്ണലുമായി ഹസ്തിനപുരിയിലേക്ക് കുതിക്കും. മാറി മാറി തെരുവോരക്കൂട്ടത്തിന്റെ ജിജ്ഞാസ ശമിപ്പിക്കും. കൂട്ടം കൂടാൻ സൗകര്യപ്പെടാത്തവർക്കു നിലവിലുള്ള ചുവരെഴുത്തു തുടരും. ആർക്കറിയാം, വരുംയുഗത്തിൽ യുദ്ധം കിടപ്പറയിലിരുന്നു തത്സമയം കാണാവുന്ന കിനാശ്ശേരിയാണെന്റെ കിനാവ്.”

“പെണ്ണുടൽ പണയം വച്ചുള്ള ചൂതാട്ടത്തിനു കുരുവംശഭരണകൂടത്തിന്റെ അനുമതിയുണ്ടല്ലേ?” കൊട്ടാരം ലേഖിക അർത്ഥഗർഭമായ നോട്ടത്തോടെ കിരീടാവകാശി ദുര്യോധനനോട്ട് ചോദിച്ചു. മട്ടുപ്പാവിൽ നിന്ന് കാണാമായിരുന്നു, ആരോരും യാത്രയയക്കാനില്ലാത്ത ആറംഗ പാണ്ഡവസംഘത്തിന്റെ ദയനീയമായ പദയാത്ര. ഇരുപത്തിനാലുമണിക്കൂർ മുമ്പ് ആനപ്പുറത്തു എഴുന്നെള്ളിയവരായിരുന്നു ഇന്ദ്രപ്രസ്ഥത്തിലെ രാജസൂയ ചക്രവർത്തിയും കുടുംബവും.

“ലിംഗവിവേചനമില്ലാത്ത ദേശീയ വിനോദമെന്നു ചൂതുകളിയെ ധൃതരാഷ്ട്രരുടെ രാജമുദ്രയുള്ള ഔദ്യോഗിക വിജ്ഞാപനത്തിലൂടെ നേരത്തെ പ്രഖ്യാപിച്ചില്ലേ? അതും പാണ്ഡവർ ഇന്ദ്രപ്രസ്ഥത്തിൽ നിന്നു ഹസ്തിനപുരിയിലേക്ക് പടിയിറങ്ങും മുമ്പ് തന്നെ?” ഓർമ്മിപ്പിക്കാൻ ദുര്യോധനൻ അവളുടെ നെറ്റിയിലേക്ക് വിരൽ ചൂണ്ടി.

“ചതിച്ചു കൊന്നിട്ടും നിങ്ങൾ കർണ്ണനു ബലിയിടുമോ?” കൊട്ടാരം ലേഖിക അർജ്ജുനനോട്ട് പതുക്കെ ചോദിച്ചു. ഗംഗാ സ്നാനഘട്ടത്തിലെ പ്രഭാതവെയിലിൽ കുളിച്ചു ഈറനുടുത്ത പാണ്ഡവർ പുരോഹിതാജ്ഞക്കായി കാത്തുനിൽക്കുന്ന നേരം. കുന്തിയുടെ അഭിജാത്യസാന്നിധ്യത്തിലും നേരിയൊരു അക്ഷമ മക്കളുടെ മുഖത്തുണ്ടായിരുന്നു.

“പോരാട്ടത്തിൽ ജീവഹാനിയുണ്ടായത് കർണ്ണശരീരത്തിനല്ലേ? യുദ്ധത്തിൽ രണ്ടിലൊരാൾ വധിക്കപ്പെടുന്നതൊക്കെ പതിനെട്ടുനാൾ കുരുക്ഷേത്ര യജ്ഞത്തിൽ കണ്ടു പരിചയിച്ചതല്ലേ? കൗന്തേയരെന്ന നിലയിൽ എനിക്കും കർണ്ണനും ഒരേ മാതാവിന്റെ ജീവകോശമല്ലേ? വെറുമൊരു പോരാട്ടവധത്തിൽ ഒതുങ്ങുമോ മനുഷ്യനേത്രങ്ങൾക്കു വഴങ്ങാത്ത സൂക്ഷ്മലോകത്തിൽ എത്തിയ ജ്യേഷ്ഠനുമായുള്ള രക്തബന്ധം? അമ്പും വില്ലും ഉന്മൂലനം ചെയ്യാനാവുമോ അന്തമില്ലാത്ത പ്രപഞ്ചത്തിൽ എന്നും നിലനിൽക്കേണ്ട ഈ ആത്മാക്കൾ.”

◇ ◇ ◇

2018/07/25

“ഇന്നെന്തു ന്യായം പറഞ്ഞാണ് ഊട്ടുപുരയിലേക്കു പ്രവേശനം നിഷേധിച്ചത്?”, ഹസ്തിനപുരി കൊട്ടാരത്തിലെ രാജസഭ. വിശന്നു നിലവിളിക്കുന്ന അഞ്ചു കുട്ടി കളെയും കുട്ടി നിസ്സഹായമായ പ്രതിഷേധത്തോടെ, പാണ്ഡവമാതാവ് ധൃതരാഷ്ട്രരുടെ മുമ്പിൽ നെഞ്ചത്തടിച്ചു നിലവിളിച്ചു. സുരക്ഷിത അകലം പാലിച്ച് വിദുരരും ഭീഷ്മരും കുന്തിയെ അനിഷ്ടത്തോടെ ഒളികണ്ണിട്ടു നോക്കി.

“ഗാന്ധാരിയുടെ സ്വപ്നപദ്ധതിയായിരുന്ന “ഹസ്തിനപുരി വഴിയോര തണൽ.” രണ്ടു ദിവസമായി തരക്കേടില്ലാതെ മഴ കിട്ടി മണ്ണ് കുതിർന്നപ്പോൾ, കൗരവക്കുട്ടികൾ ഫലവൃക്ഷ തൈകൾ നട്ടത് മുഴുവൻ, രാത്രി നിന്റെ അഞ്ചു മക്കളും ചേർന്ന് വലിച്ചു വാരി മണ്ണിട്ട് മൂടിയിരിക്കുന്നു. ഹൃദയം തകർന്ന ദുര്യോധനൻ പ്രതികരിക്കില്ലേ.”

“എങ്ങനെ സഹിക്കുന്നു നിങ്ങളഞ്ചു പേരും ഭാര്യയുടെ നിർദ്ദയഭാഷ?” വനാശ്രമത്തിനു താഴെ അരുവിക്കരയിൽ അസ്വസ്ഥരായി പാണ്ഡവർ അലയുന്നത് കണ്ട കൊട്ടാരം ലേഖിക അനുകമ്പയോടെ ചോദിച്ചു.

“ആരെ കുറിച്ചാണ് നിങ്ങൾ വഴിവിട്ട് ഞങ്ങളോട് ചോദിക്കുന്നത്? പ്രതിഷേധവും ഹർഷോന്മാദവും മിതമായ കൗശലത്തോടെ രാപ്പകൽ ആവിഷ്ക്കരിക്കുന്ന പ്രിയപത്നി പാഞ്ചാലി എവിടെ, അന്തഃപുര മട്ടുപ്പാവിൽ നിലാവ് പെയ്യുന്ന വേനൽക്കാല രാത്രികളിൽ വസ്ത്രരഹിത ശരീരങ്ങൾ ഇളക്കിയും ആടിയും, ഹിമാലയനിരകളെ നോക്കി ഉന്മാദത്തിൽ പൊട്ടിച്ചിരിക്കയും ഭീതിതമായി വാവിട്ടു നിലവിളിക്കയും ചെയ്യുന്ന കൗരവരാജവധുക്കൾ എവിടെ?”, ഇണയെ കാണാതെ പരിഭ്രമിക്കുന്ന പേടമാനിനു ഒരു പിടി ഇളം പുല്ല് നീട്ടുകയായിരുന്ന മറ്റു നാലു പാണ്ഡവരിൽ നിന്ന് കൂട്ടം തെറ്റിയ നകുലൻ.

“സൗജന്യധാന്യം ചോദിച്ച കൗരവ വിധവകളുടെ പ്രക്ഷോഭം ഒരു വിധം അമർച്ച ചെയ്തപ്പോഴേക്കും തുടങ്ങിയോ കോട്ടവാതിൽ തള്ളിത്തുറന്നു അറവുകാരുടെ ആക്രോശം?” കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“അന്നം മുട്ടിയാൽ അറവുകാർക്കു ഇരിപ്പുറക്കുമോ? അംഗീകൃതരും അനധികൃതരും ഇപ്പോൾ ഒന്നായി എന്നതാണ് കുരുക്ഷേത്രാനന്തര മാംസവിപണിയുടെ സമര നിലവാരം. ഉപയോഗരഹിതമായ അറവുകത്തികൾ തുരുമ്പെടുക്കുന്നു. മൂന്ന് നേരം മൃഗാവശിഷ്ടങ്ങളെങ്കിലും നക്കാൻ കിട്ടിയിരുന്ന കുട്ടികൾ സസ്യാഹാരത്താൽ ശോഷിച്ചിരിക്കുന്നു. കുരുക്ഷേത്ര ആവശ്യങ്ങൾക്കായി ദുര്യോധനൻ സമ്മർദ്ദം ചെലുത്തി കർഷകരിൽ നിന്ന് കറവ വറ്റിയ മാടുകളെ ആട്ടിക്കൊണ്ടു പോയി, പാണ്ഡവതല കൊയ്യുന്ന മിടുക്കൻകൗരവസൈനികർക്കു മാംസഭക്ഷണം ഒരുക്കിക്കൊടുത്തു. ഇന്ന് മഹാരാജാവിനോട് ചോദിക്കാതെ തന്നെ ഹസ്തിനപുരി ഭരണകൂടത്തിന്റെ ഉടമസ്ഥതയിലുള്ള ഗോശാലയിൽ നിന്ന് കറവയുള്ള നാൽക്കാലികളെ ഓരോ അറവുകാരനും വിട്ടുകൊടുത്തു, മറ്റാരുമറിയാതെ ഉപാധി വച്ചു-തുടകൾ കൊട്ടാരം ഊട്ടുപുരക്ക്, തലയും കുടലും അറവുകാർക്ക്. നിലവിളിക്കുന്ന കുടുംബാംഗങ്ങളെ ഒരു നേരമെങ്കിലും തൃപ്തിപ്പെടുത്താനാവുമെന്ന പ്രതീക്ഷയിൽ അവർ മുട്ടുമടക്കി, കത്തി മൂർച്ച കൂട്ടാൻ ആലയിലേക്കു പോയി.”

“യുധിഷ്ഠിരഭരണനേട്ടത്തെ കുറിച്ചൊന്നും ചോദിക്കുന്നില്ല. എന്നാൽ, നീണ്ട വ്യക്തിജീവിതത്തിൽ വല്ലതുമുണ്ടോ പുതു തലമുറ ഹസ്തിനപുരിയുമായി ഒരു കൊച്ചു രഹസ്യം പങ്കിടാൻ?” വാനപ്രസ്ഥത്തിനു പടിയിറങ്ങുമ്പോൾ പാണ്ഡവരോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ആയിരം പൂർണചന്ദ്രന്മാരെ കണ്ട ശേഷവും ഞങ്ങൾ സുന്ദരരൂപികളായി നിങ്ങൾക്കിപ്പോഴും തോന്നുന്നെണ്ടെങ്കിൽ എന്തായിരുന്നിരിക്കണം ഞങ്ങളുടെ തീ പിടിച്ച യുവത്വം? എന്നിട്ടും ഞങ്ങൾ, പെരുമാറ്റത്തിൽ കാറും മിന്നലും കലർന്ന, ഒരു കറുത്ത പെണ്ണിനെ നാട്ടിലും കാട്ടിലും കൂട്ടായി സ്വീകരിച്ചു ഒരായുഷ്ക്കാലം ആർമാദിച്ചു എന്നത്, പാണ്ഡവദാമ്പത്യം ആൺപെൺ സഹവർത്തിത്വത്തിന്റെ ഇതിഹാസമെന്നതിന്റെ പ്രത്യക്ഷമല്ലേ.”

◇ ◇ ◇ 2018/07/26

“കൗരവർ രക്തസാക്ഷികൾ എന്ന് ഒരു വശത്തു പറഞ്ഞു ധീരദേശാഭിമാനി പുരസ്കാരം മരണാനന്തര ബഹുമതിയായി നിങ്ങൾ പ്രഖ്യാപിച്ച അനുസ്മരണയോഗങ്ങൾ നാടൊട്ടുക്ക് ആഘോഷിക്കുന്ന മറുവശത്തു വിധവകളെ കുടിയൊഴിപ്പിച്ച ‘കൗരവഗന്ധ’മുള്ള എന്തും കൊട്ടാരമാലിന്യം എന്ന വകുപ്പിൽ പെടുത്തി ലേലം ചെയ്തു ഇടം കഴുകി അടിച്ചുതുടച്ചു വൃത്തിയാക്കുന്നു. ഈ വൈരുദ്ധ്യം ഒന്ന് വിശദീകരിക്കാമോ?” കൊട്ടാരം ലേഖിക ഭരണകൂടവക്താവിനോട്ട് ചോദിച്ചു.

“അതിൽ എന്ത് വൈരുദ്ധ്യമാണ് കാണേണ്ടത്? രാഷ്ട്രത്തിന്റെ അഖണ്ഡതക്കുനേരെ വാളുയർത്തിയ ദേശവിരുദ്ധരെ ഓടിക്കാൻ കുരുക്ഷേത്രയിൽ പോരാടി രക്തസാക്ഷിത്വം വരിച്ചവരുടെ ജ്വലിക്കുന്ന സ്മരണയ്ക്ക് മുമ്പിൽ പാണ്ഡവരും പാഞ്ചാലിയും ശിരസ്സ് കുനിക്കുമ്പോഴും, നൂറോളം അരമനകളിൽ ദശാബ്ദങ്ങളായി കുന്നുകൂടിയ ഖരമാലിന്യം നീക്കേണ്ടത് വ്യവസ്ഥാപിത ഭരണകൂടത്തിന്റെ നിലവിലുള്ള ഹരിതചട്ടം പാലിച്ചുകൊണ്ടായിരിക്കേണ്ടേ?”

“നമ്മുടെ പ്രണയവിവാഹത്തിനു ശേഷം കഴിഞ്ഞ ദശാബ്ദത്തിൽ ഏഴു പ്രസവങ്ങളിലെയും നവജാതശിശുക്കളുടെ ദുരൂഹമരണത്തിനു നീ വ്യക്തിപരമായി ഉത്തരവാദി അല്ലെന്നോ? അപ്പോൾ നദിയിൽ നീ അവരെ ഓരോരുത്തരെയും കരുതിക്കൂട്ടി മുക്കിക്കൊല്ലുന്നതു കണ്ടിരുന്ന തോഴിമാരുടെ സത്യസാക്ഷിമൊഴി?” ഹസ്തിനപുരിയിലെ കുരുവംശ രാജാവ് ശന്തനു ഭാര്യ ഗംഗാദേവിയോട്ട് ക്രുദ്ധനായി.

“കൊള്ളാം. ശിശുപരിചരണത്തിന്റെ ഭാഗമായി പുണ്യനദിയിൽ മുക്കിയെടുക്കാൻ കൊണ്ടുപോയപ്പോൾ കൈവഴുതി ഓരോ ചോരക്കുഞ്ഞും യാദൃച്ഛികമായി ഒഴുക്കിൽ മുങ്ങി ദുർമരണമുണ്ടായ ആ ഏഴോളം ദുഃഖസംഭവങ്ങൾ നേരിൽ കണ്ടു എന്ന് പറയുന്ന ചില അവിശ്വസ്ത തോഴികളെ സാക്ഷികളാക്കിയാണോ എന്നെ നിങ്ങൾ മഹാറാണിപദവിയിൽ നിന്ന് നീക്കാൻ പാടുപെടുന്നത്?”

“ദുര്യോധനമകൻ യുധിഷ്ഠിരസിംഹാസനത്തിലേക്കു ഓടിവരുന്നത് വിചിത്രമായി തോന്നി. സൗജന്യധാന്യലഭ്യതയെ കുറിച്ചെന്തോ അപേക്ഷിക്കുകയെന്നു കരുതി. കെട്ടിപ്പിടിച്ചു യുധിഷ്ഠിരനെ ആലിംഗനം ചെയ്യുകയല്ലേ ചെയ്തുള്ളൂ? അത്രവലിയ തെറ്റാണോ? പിന്നെന്താ ഭടന്മാരോടവനെ പിടികൂടി ദേഹപരിശോധനക്കു വിധേയമാക്കാനും, രാജാവിനെ വൈദ്യപരിശോധനക്ക് കൊണ്ടു പോകാനും വിദുരർ ആജ്ഞാപിച്ചത്?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട്ട് ചോദിച്ചു. കുരുക്ഷേത്രാനന്തര ഹസ്തിനപുരി.

“ചികിത്സയിലെന്നു പറഞ്ഞു സൈനികസേവനത്തിൽ നിന്ന് ഒഴിവാക്കിയെങ്കിലും, കണ്ടാൽ കോമളനായ മകന് അമ്പതെത്താറായി. യുധിഷ്ഠിരനെ സ്ഥാനഭ്രഷ്ടനാക്കാൻ രാജസഭയിൽ അവതരിപ്പിക്കുന്ന പൊടിക്കൈ എന്നേ കരുതിയുള്ളൂ. നാവിൽ തട്ടിയാൽ ബോധം നശിക്കുന്ന വിഷക്കായ യുധിഷ്ഠിരവായിൽ കുത്തിത്തിരുകിയപ്പോഴാണ് ‘ആലിംഗനം’ മാരകരുചിശേഷിയുള്ളതെന്നറിഞ്ഞത്. ഭാഗ്യം, വായിൽ വീണ വിഷക്കായ ഉടൻ തെളിവിനായി തുപ്പി, ഒരു കുടം വെള്ളം കുടിച്ചു വിശ്രമിച്ചു. വിഷക്കായ തെളിവായും വധശ്രമത്തിൽ ദുര്യോധനമകൻ പ്രതിയായും, കുരുവംശനീതിന്യായ വ്യവസ്ഥ മുന്നോട്ട്.”

◇ ◇ ◇ 2018/07/27

“അരക്കില്ലത്തിൽ തീപ്പെട്ടതു പാണ്ഡവരെന്നു പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ, അന്നം ചോദിച്ചു വന്ന ആദിവാസികളെ കത്തിച്ചു കൊന്ന കുന്തിയെ കുറിച്ച് മനഃസ്സാക്ഷി ഇപ്പോഴും കരളിൽ കുത്തുന്നുണ്ടോ?” വാനപ്രസ്ഥത്തിന് പടിയിറങ്ങുന്ന യുധിഷ്ഠിരനോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഞാനിപ്പോൾ വെറുക്കുന്ന വാക്കാണ് മനഃസ്സാക്ഷി. ഏറെ കാലം മുഖംമൂടിയായി ഞാനതു ഗാന്ധാരിയുടെ കൺകെട്ട് പോലെ പ്രദർശിപ്പിച്ചു ഒരുപാട് പ്രതിസന്ധികളെ അതിജീവിച്ചു. പക്ഷെ പിന്നീട് വലിയ വില കൊടുത്തു. ഇന്ന് ഞാൻ സ്വയം കാട്ടുതീ മരണത്തിനു സ്വയം വധശിക്ഷക്ക് വിധേയനായ പരിത്യാഗി. ഞങ്ങളുടെ ജീവചരിത്രം എഴുതുന്ന വ്യാസൻ, വിശദശാംശങ്ങളിൽ വസ്തുതാപരമായ കരുതലോടെ ഒക്കെ ഓർക്കും, ഓർമയുണ്ടായിരിക്കണം അയാൾക്ക്. അതല്ലെങ്കിൽ നിങ്ങളെ പോലുള്ള കൊച്ചുകുട്ടികൾ വ്യാസനെ റദ്ദാക്കി പനയോലക്കെട്ടു തട്ടിയെടുത്തു വരും യുഗത്തിൽ സത്യം തുറന്നു പറയട്ടെ.”

“തീറ്റപ്പുൽ വെട്ടി ക്ഷീരകർഷകർക്ക് വിറ്റാലും, ഭരണകൂടത്തിന്റെ സൗജന്യധാന്യവിതരണമെന്ന ഔദാര്യത്തിനു കൈനീട്ടില്ലെന്നു ശഠിക്കുന്ന പുതുതലമുറ കൗരവബാലിക പൊതുസമൂഹത്തിൽ താരമായല്ലോ”, കൊട്ടാരം ലേഖിക ചോദിച്ചു. പുൽമേട്ടിൽ പിറ്റേന്നുള്ള ദശപുഷ്പ പ്രദർശനത്തിനുള്ള ഒരുക്കങ്ങൾ പരിശോധിക്കുകയായിരുന്നു മഹാറാണി പാഞ്ചാലി.

“ഗംഗയാറൊഴുകുന്ന ഈ നാട്ടിൽ, പണിയെടുത്തു വളർത്തിയാലെങ്കിലും തീറ്റപ്പുൽ, പുല്ലുപോലെ, വളരുമെന്നറിഞ്ഞിരുന്നെങ്കിൽ, ആ കുഞ്ഞിന്റെ മുൻഗാമികളായ കൗരവർ തല പോയും നെഞ്ച് കലങ്ങിയും ജഡങ്ങൾ ആവാതെ, ഈ തെരുവുകളിൽ പാലും തേനും ഒഴുക്കുമായിരുന്നില്ലേ?”

◇ ◇ ◇ 2018/07/28

“ഇതെന്താ വിസ്തരിച്ചൊരു തൈലാഭിഷേകം”, കൊട്ടാരം ലേഖിക ചോദിച്ചു.

“പാഞ്ചാലിക്ക പുരട്ടുവാൻ അവളുടെ ഇളമുറഭർത്താക്കന്മാരുടെ പിതാക്കളായ അശ്വിനിദേവതകൾ, സ്വർഗ രാജ്യത്തിൽ നിന്ന് കൊടുത്തയച്ച സുഗന്ധതൈലം. പക്ഷെ അവളത് ഉപയോഗിക്കാതെ ദിവസങ്ങളോളം മാറ്റിവച്ചപ്പോൾ ഇന്നു ഞങ്ങളൊന്നു തേച്ചു നോക്കി”, നീരാടാൻ അർജ്ജുനൻ ജലജീവിയുടെ മെയ്യൊതുക്കത്തോടെ കുതിച്ചു ചാടുന്ന കാട്ടരുവിയിലെക്കിറങ്ങി.

“അതെന്താ, ദേവചികിൽസകരായ അശ്വിനിദേവതകളുടെ ദിവ്യൗഷധം ഇളമുറപാണ്ഡവരുടെ ഓമനയായ പാഞ്ചാലിക്ക വേണ്ടേ?”

“കൌരവച്ചോര പുരട്ടി കഴുകിയുണക്കാതെ മുടിയിൽ ഒരെണ്ണക്കും പ്രവേശനമില്ല”, ഭീമൻ മുരണ്ടു

“പരാശ്രയത്തിൽ കിടന്നാലും ശരശയ്യ വിട്ടുപോവാൻ മോഹമില്ലായിരുന്നു എന്നോ?”, കൊട്ടാരം ലേഖിക കൃപാചാര്യനോട്ട് ചോദിച്ചു.

“നിത്യവും യുധിഷ്ഠിരൻ കുരുക്ഷേത്രയിൽ പോവുന്നത് രാഷ്ട്രമീമാംസയിൽ ഭീഷ്മരിൽ നിന്ന് ബാലപാഠങ്ങൾ പഠിക്കാനാണെന്നു കരുതിയോ? സ്വച്ഛന്ദമൃത്യു എന്ന, ഉടലിൽനിന്ന് ഉയിർ വേർപെടുത്തുന്ന തിരുകർമ്മം, ഉടൻ തുടങ്ങണം എന്ന് ഭീഷ്മരിൽ പ്രേരണ ചെലുത്തുന്നതിനു പുറമെ, അതിരുവിട്ട കായികസമ്മർദ്ദത്തിനു ഭീമൻ ശ്രമിച്ചതോടെ, കൗരവസർവ്വസൈന്യാധിപൻ നിൽക്കക്കള്ളിയില്ലാതെ, കഴുത്തിൽ നിന്നൊരു അമ്പെടുത്തു ഇടനെഞ്ചിൽ സ്വയം തറച്ചു എന്നതാണ് ഞാൻ കണ്ടത്. നിങ്ങൾ പത്രപ്രവർത്തകർ ‘കാത്’ കൊണ്ടു കാണുന്നവർ.”

“കൗരവ ചെവികളുടെ ശ്രവണപരിധിക്കപ്പുറം, വിദൂര വനാന്തരത്തിൽ വ്യാഴവട്ടക്കാല കഠിന ശിക്ഷയനുഭവിക്കുമ്പോഴും നിങ്ങളെന്താ, ദുര്യോധനനെ ‘ഉടയോൻ’ എന്ന് പരാമർശിക്കുന്നത്? മറച്ചുവക്കാത്ത വെറുപ്പോടെ വേണ്ടേ, അതിക്രമിയുടെ പേരു വിളിക്കാൻ?”, കൊട്ടാരംലേഖിക ചോദിച്ചു. കാട്ടുകുടിലിൽ പാഞ്ചാലിയുടെ പീഡനപർവ്വം.

“കുടിലിനു ചുറ്റും നിങ്ങൾ കണ്ടു വണങ്ങിയ സന്യസ്ഥാശ്രമങ്ങളിൽ വേവുന്നത് ‘ശുദ്ധആത്മീയത’ ആണെന്ന് കരുതിയോ? ഗൂഢവ്യക്തിത്വങ്ങളല്ലേ? ഹസ്തിനപുരിയിൽ നിന്ന് ചാരൻ അവർക്ക് ഭക്ഷ്യവസ്തുക്കളും പൂജാസാമഗ്രികളും കൊണ്ട് വരും, പാണ്ഡവവസതിയിലെ അന്തർനാടകങ്ങൾ എന്തെന്ന് വിശദമായി ചുഴിഞ്ഞറിയാൻ.”

“ആർത്തലച്ചുയരുന്ന വെള്ളപ്പൊക്കത്തിൽ ഗംഗക്കും യമുനക്കും ഇടയിലുള്ള ദരിദ്രകർഷകർ വീടൊഴിഞ്ഞു, നിവൃത്തികേട് കൊണ്ട് ഇടക്കാല താമസം കോട്ടക്കകത്തേക്ക മാറ്റാൻ ഭാണ്ഡം ചുമന്നു രാവിലെ മുതൽ രാജവീഥിയിൽ വരിനിൽക്കുന്നുണ്ടല്ലോ. നൂറോളം കൗരവരാജമന്ദിരങ്ങളൊഴിഞ്ഞുകിടക്കുന്ന ഇടങ്ങളിലേക്കവർക്ക് പ്രവേശനം നൽകി പ്രളയജലം താഴും വരെ ദുരിതാശ്വാസം കൊടുക്കാൻ ഭരണകൂട ത്തിനെന്താ വിമ്മിട്ടം?” കൊട്ടാരം ലേഖിക ചോദിച്ചു.

“കൗരവ വിധവകൾ പോയശേഷം, ഒരാഴ്ച വിയർത്തു പണിതിട്ടാണ്, ഇതുപോലെ ദുര്യോധന ഭരണകാലത്തു കൊട്ടാരസമുച്ചയം ദുരിതാശ്വാസപാളയങ്ങളാക്കിയതിന്റെ സകലമാന ജൈവഅജൈവ മാലിന്യങ്ങളും, ഭീമനേതൃത്വത്തിൽ, ഞങ്ങൾ സ്വയം തൂത്തുവാരി വൃത്തിയാക്കിയത്. ഇനിയവ യുദ്ധസ്മാരകങ്ങൾ എന്ന നിലയിൽ ഉൽഘാടനം കാത്തിരിക്കുന്ന നേരത്തു നിങ്ങളിങ്ങനെ അനാവശ്യചോദ്യങ്ങളുമായി ഭരണകൂടത്തിന് ജാള്യത ഉണ്ടാക്കുന്നതൊന്നും ‘ഹസ്തിനപുരി പത്രിക’യുടെ പാരമ്പര്യത്തിന് ചേർന്നതല്ല. വരി നിൽക്കുന്നവർ കയ്യും കാലും തളരുമ്പോൾ തിരിച്ചു പോവും. ഇത് കുരുവംശ സാമ്രാജ്യത്തിന്റെ ഭരണസിരാകേന്ദ്രമാണ്, വെള്ളപ്പൊക്കക്കെടുതിക്കുള്ള ആതുരാലയമല്ല. നിങ്ങളെ ഈ കുരുട്ടുചോദ്യവുമായി ഇങ്ങോട്ടു പറഞ്ഞയച്ച ചാർവാകൻ, വിദുരർ വഴി ഊട്ടുപുരയിൽ തമ്പടിച്ചു, ഗോമാംസം ചുട്ടതും തിന്നു കൂർക്കം വലിച്ചുറങ്ങുന്നുണ്ടല്ലോ. കയറിട്ടു വലിച്ചു കൊണ്ടുപോവണം അയാളെയും നിങ്ങൾ.”

◇ ◇ ◇ 2018/07/29

“ഞെട്ടി ഉണരാറുണ്ടോ കീചകനെ ഓർത്ത്?” കൊട്ടാരം ലേഖിക ചോദിച്ചു. ആസന്നമായ വാനപ്രസ്ഥത്തിന്റെ തയ്യാറെടുപ്പുകൾ കഴിഞ്ഞു ആളൊഴിഞ്ഞ മട്ടുപ്പാവിൽ, പാഞ്ചാലിയുടെ മുഖം ശാന്തമായിരുന്നു. നാളെ ഈ സമയത്തവർ ഹസ്തിനപുരിയും വിട്ടു വടക്കൻ മലകളിലേക്ക്.

“പ്രണയിനിയെ കാത്തായിരുന്നില്ലേ അവൻ ആ കൂരിരുട്ടിൽ ചെന്നത്? രതിക്ക് യോജിച്ച രമണീയ നൃത്തമണ്ഡപത്തിലേക്ക് ആരാണവനെ ചതിയിൽ വിളിപ്പിച്ചത്? ആരുടെ ദുഷ്പ്രേരണയിലാണ് ഭീമൻ അവനെ ശ്വാസം മുട്ടിച്ചു കൊന്നത്? എങ്ങനെ ഭീമൻ കൊലക്കുറ്റത്തിൽ നിന്ന് രക്ഷ നേടി? എന്നെ കീചകചിതയിലേക്ക് എറിയാൻ ആരാണ് പാണ്ഡവരിൽ ഉത്സാഹിച്ചത്? പരുക്കൻ ഭീമഹസ്തങ്ങൾ വായും മൂക്കും പൊത്തിപ്പിടിച്ചു പ്രിയകീചകനെ കൊല്ലുന്നതു വിഭാവന ചെയ്യുമ്പോളെല്ലാം, കൊലപ്പുള്ളിയെ പിൽക്കാലത്തു ഞാൻ നിസ്സാരകാര്യങ്ങൾക്കു കഠിനമായി ശിക്ഷിച്ചിട്ടുണ്ട്. പാപം ചെയ്ത ആ കൈകൾ എന്റെ ശരീരം സ്പർശിക്കാൻ സമ്മതിക്കാതെ, അകന്നു മാറി കിടന്നിട്ടുണ്ട്. അതൊന്നും പോരാ എന്ന് തോന്നും. അന്വേഷണബുദ്ധിയോടെ തിരക്കി ഒരുനാൾ വ്യാസൻ എല്ലാം പറയുമോ? അതോ, നിങ്ങൾ കാര്യം കണ്ടെത്തി ഭാവിതലമുറയെ സത്യം അറിയിക്കുമോ?”

“നകുലനും സഹദേവനുമായി നിങ്ങൾ മൂന്നു കൗന്തേയർക്ക് കുടിപ്പക ഉണ്ടെന്നു തോന്നുന്നല്ലോ പെരുമാറ്റം കാണുമ്പോൾ? ഒന്നുമല്ലെങ്കിലും അർദ്ധസഹോദരർ അല്ലേ?” കൊട്ടാരം ലേഖിക മുതിർന്ന പാണ്ഡവനോട്ട് ചോദിച്ചു.

“അമ്മയും അച്ഛനും വേറെ വേറെ ആയ ഞങ്ങൾ എങ്ങനെ അർദ്ധരും പൂർണരും ഒക്കെ ആവും? രണ്ടാമത്തെ കാര്യം, വീട്ടിനകത്ത് പൊതുഭാര്യ പാഞ്ചാലിയാൽ ഞങ്ങൾ ബന്ധിതരായി എന്നതല്ലേ കൂടുതൽ ശരി? ഒരു ദിവസം ഞാൻ ഊഴമനുസരിച്ചു കിടപ്പറയിൽ കയറിയപ്പോളുണ്ട്, നകുലനും സഹദേവനും അവൾക്കൊപ്പം പായിൽ കിടന്നു ആർമാദിക്കുന്നു. എന്തുണ്ട് വിശേഷം എന്ന് ഞാൻ വെപ്രാളം മറച്ചു കുശലം ചോദിച്ചപ്പോൾ, “ഈ രണ്ടു മാദ്രിക്കുട്ടികളുടെ ഓരോ കുസൃതികൾ” എന്ന് പറഞ്ഞു അലസമായി തുണി വാരിയുടുത്തു പാഞ്ചാലി മുറി വിട്ടിറങ്ങി. ആ രാത്രി തകർന്നുടഞ്ഞത് എക്കാലവും കെട്ടിപ്പൊക്കി നിർത്തിയ എന്റെ അഭിമാനമായിരുന്നു”, യുധിഷ്ഠിരൻ വിതുമ്പി.

“വംശഹത്യ ചെയ്ത കൗരവരെ ഭൂമുഖത്തു നിന്ന് തുടച്ചു നീക്കിയ നിങ്ങളെ യുദ്ധക്കുറ്റവാളികളായി പൊതുനിരത്തിൽ വിചാരണ ചെയ്ത ആൾക്കൂട്ടക്കൊലക്കു ഇരയാക്കുമെന്നു ചാർവാകൻ പരസ്യവേദിയിൽ ഇന്നലെ രാത്രി ആഞ്ഞടിച്ചതൊന്നും ഭരണകൂടശ്രദ്ധയിൽ പെട്ടില്ലേ?” കൊട്ടാരം ലേഖിക ഔദ്യോഗിക വക്താവിനോട്ട് ചോദിച്ചു.

“എന്നിട്ടും അയാൾ പ്രതികാര നടപടിക്ക് വിധേയമായില്ല എന്നത് ഞങ്ങളുടെ തലപ്പാവിനു ഒരു പൊൻതൂവൽ തന്നെ എന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായില്ലേ. അതാണ് സ്വാതന്ത്ര്യസമൂഹം എന്ന പാണ്ഡവഭരണകൂടഹസ്തിനപുരി എന്ന് പറയുന്നത്. പത്തിന് താഴെയുള്ള നാലു കുട്ടികൾക്കു നേരത്തിനു അന്നം കൊടുക്കാതെ പട്ടിണിക്കിട്ടു നരകിക്കുന്ന ചാർവാകനെയല്ലേ കൊടും ഗാർഹികകുറ്റവാളി എന്ന നിലയിൽ വിചാരണ ചെയ്യേണ്ടത്? എന്നാൽ സംഭവിക്കുന്നതെന്താണ്? കൊട്ടാരം ഊട്ടുപുരയിൽ പൊരിച്ച കാളത്തുടകൾ തിന്നു ആടിപ്പാടി നടക്കും. അതാണ് പണിയെടുക്കാത്തവനും പരദൂഷണം പറയുന്നവൾക്കും പരമസുഖം കിട്ടുന്ന ഹസ്തിനപുരിയുടെ സൗജന്യ ഭക്ഷ്യനയം.

“കൗരവരാജവിധവകൾ എന്ന സംജ്ഞയിൽ നൂറോളം വനിതകളെ മൂലക്കൊതുക്കുന്നത് പാണ്ഡവഭരണകൂടം ഉടനടി നിർത്തണമെന്ന് നിങ്ങൾ പൂക്കാര തെരുവ് പ്രകടനത്തിൽ പറയുന്നത് കേട്ടല്ലോ. അങ്ങനെ പറഞ്ഞാൽ എന്താണ് കുഴപ്പം?” കൊട്ടാരം ലേഖിക ദുര്യോധനവിധവയോട്ട് ചോദിച്ചു.

“കാട്ടിൽ ജനിച്ചു വളർന്നു, ഇന്ദ്രപ്രസ്ഥത്തിൽ ഒരിടവേളയോഴികെ, കാട്ടിൽ വീണ്ടും ജീവിച്ച യുധിഷ്ഠിരനും മറ്റു പാണ്ഡവർക്കും ഹസ്ഥിനപുരിയുടെ നവ സംവേദനഭൂമികയുമായി വൈകാരിക ഇഴയടുപ്പം ഇല്ലെന്നു, കുറെയൊക്കെ സൗജന്യമായി ഞങ്ങൾ കണ്ടാൽ പോലും, ‘കുരുക്ഷേത്ര ഇരകൾ’ എന്ന വിശേഷണത്തിൽ കുറഞ്ഞ ഒന്നും ഞങ്ങൾക്ക് ഇന്ന് മുതൽ സ്വീകാര്യമല്ല. അധികാര ദുർമോഹത്തിൽ കൌരവരെ വംശഹത്യ ചെയ്ത പാണ്ഡവർക്ക് വിധിക്കേണ്ടത് വധശിക്ഷയല്ലേ?”

◇ ◇ ◇

“പച്ചതുരുത്തും വന്മരക്കൂട്ടവും പരിപാലിച്ചിരുന്ന കൌരവ രാജമന്ദിരങ്ങളെ നോക്കൂ. സംരക്ഷിതവന പ്രകൃതിയെ പരിലാളിച്ചായിരുന്നു, നൂറോളം ദേശരാഷ്ട്രങ്ങളിൽ നിന്നു ഹസ്തിനപുരിയിലേക്ക് വന്ന രാജവധുക്കൾ, ഓരോ വസന്തകാലത്തും ഹൃദ്യപ്രകൃതിയുടെ വിസ്മയദൃശ്യങ്ങളാൽ പൊട്ടിത്തരിച്ചതും കുട്ടികൾക്കൊപ്പം നൃത്തം ചെയ്തു പൊട്ടിച്ചിരിച്ചതും. പാണ്ഡവ ഭരണകൂടം കൗരവകുടുംബങ്ങൾക്കെതിരെ കുരുക്ഷേത്രാനന്തര പ്രതികാരനടപടിയിൽ രാജവിധവകളെ പാതിരാവിൽ ബലം പ്രയോഗിച്ചു കുടിയോഴിച്ചു വസതി ആയുധപ്പുരയാക്കിയപ്പോൾ എന്ത് സംഭവിച്ചു? അത് ഞങ്ങൾ ഇന്ന് വിശദീകരിക്കാം. ‘ഹസ്തിനപുരി പത്രിക’ പനയോലകളിൽ രേഖപ്പെടുത്തിയ സമീപകാല ചരിത്രമുണ്ട്, ‘എന്റെ കൂടെ വരൂ’ കൊട്ടാരം ലേഖിക, തക്ഷശിലയിൽ നിന്ന് വന്ന മുതിർന്ന വിദ്യാർത്ഥികളോട് പത്രിക കാര്യാലയമന്ദിരത്തിലേക്കു വിരൽ ചൂണ്ടി. പെരുമരത്തിന്റെ മറവിൽ പാണ്ഡവ ചാരവകുപ്പ് മേധാവി, വിദ്യാർത്ഥികളുടെ പൊതുവിവരങ്ങൾ കുറിച്ചു.

“കിടങ്ങു നിറഞ്ഞു കവിഞ്ഞു ചീങ്കണ്ണി പുറത്തുചാടിയപ്പോഴാണോ ഹസ്തിനപുരി പ്രളയബാധിതമെന്നു ഭരണകൂടത്തിന് ബോധ്യമായത്? ദുരിതമനുഭവിക്കുന്ന പ്രളയബാധിതരെ, ഒഴിഞ്ഞുകിടക്കുന്ന നൂറോളം കൗരവ രാജമന്ദിരങ്ങളിൽ താൽക്കാലികമായി പുനരധിവാസം ചെയ്തില്ലെന്നു മാത്രമല്ല, ദുരിതം നേരിട്ടറിയാൻ ഒന്ന് പോയി കണ്ടു, ഇരകൾക്കു പങ്കപ്പാടിനെകുറിച്ച് മിണ്ടിപ്പറയാൻ അവസരം കൊടുത്തില്ലെന്നു നിങ്ങൾ വഴിനീളെ പിറുപിറുക്കുന്നതിന്റെ യുക്തിയെന്താണ്? ദുരൂഹത തുറക്കേണ്ടത് ഭക്തിമാർഗം കൊണ്ടല്ല യുക്തി വിചാരം കൊണ്ടാവണമെന്നു ബോധനം ചെയ്യുന്ന സാംസ്കാരിക നായകനല്ലേ?” കൊട്ടാരം ലേഖിക ചാർവകനോട്ട് ചോദിച്ചു.

“വെള്ളം കണ്ടാൽ നിൽക്കുന്ന കുതിര വലിക്കുന്ന രഥം മാറ്റിവച്ചു, നടന്നു ചെന്നുകൂടെ പന്ത്രണ്ടു വർഷം നഗ്നപാദരായി വനമേഖലയിൽ കൗരവഅടിമകളായി രുന്ന പാണ്ഡവർക്ക്? നിങ്ങൾ പോയി കണ്ടിരുന്നില്ലേ അക്കാലത്തെ പാഞ്ചാലിയുടെ ദുരിതം? വഴിയോരങ്ങളിൽ കാണുന്ന രോഷവും ദുഖവും യുധിഷ്ഠിരനെ സ്ഥാനഭ്രഷ്ടനാക്കാൻ കൗരവവിധവകൾക്കു വേണ്ടി പൊതുസമൂഹം ശ്രദ്ധാലോചന ചെയ്യുന്നതിന്റെ ദൃശ്യാവിഷ്കാരമാണെന്നു സ്വയം വിലയിരുത്തി, അന്തഃപുരത്തിൽ പാഞ്ചാലിയുമൊത്തു ചൂതാട്ടത്തിൽ നൈപുണ്യവികസനം നേടുന്നവർ എന്തിനു കാലിൽ ചെളിവെള്ളം തട്ടിക്കണം?” വായടക്കുമ്പോഴേക്കും, മുഖംമൂടി ധരിച്ച സൈനികൻ കഴുത്തിലൂടെ കയറിട്ടു കുരുക്കി ചാർവാകനെ കഴുതപ്പുറത്തേക്കെറിഞ്ഞു യാത്രയായി.

“തലവെട്ടാൻ കിട്ടിയ അവസരം എന്നാണോ?”, കൊട്ടാരം ലേഖിക അർജ്ജുനനോട്ട് ചോദിച്ചു. പുഴയോരചിതയിൽ കർണ്ണൻ കത്തിത്തീരുന്ന വൈകിയ രാത്രി. കുരുക്ഷേത്ര.

“കർണ്ണവധം എനിക്ക്സ്വത്തുതർക്കമല്ല. അഭിമാന കൊലയായിരുന്നു.”

“പുതുതലമുറ കൗരവരാജകുമാരിയെ പാഞ്ചാലി മുഖത്ത് ചവിട്ടി എന്നൊരു പൊള്ളുന്ന വാർത്ത പരക്കുന്നുണ്ടല്ലോ. അവിശ്വസനീയമായി തോന്നിയെങ്കിലും, ഇര പൊതുവേദിയിൽ വിലപിച്ചുവന്നപ്പോഴാണ് മഹാറാണിയുടെ പാദരക്ഷ കവിളിൽ പതിഞ്ഞത് ബോധ്യമായത്. കൗരവ രാജസ്ത്രീകളും പെൺകുട്ടികളും രാജവീഥിയിലൂടെ ഇരയെ കഴുതപ്പുറത്തിരുത്തി നഗരം ചുറ്റുന്നു. ഖേദം പ്രകടിപ്പിക്കാൻ ഒന്നും ഇല്ലേ?” കൊട്ടാരം ലേഖിക ഔദ്യോഗികവക്താവിനോട്ട് ചോദിച്ചു.

“വസ്തുതകൾ ചോദിച്ചറിയാതെ പതിവ് പോലെ നിങ്ങൾ കാള പെട്ടെന്ന് കേട്ടപ്പോൾ കയറെടുക്കുന്ന പത്രപ്രവർത്തനമാണല്ലോ ഈ പരിഷ്കൃതസമൂഹത്തിലും ചെയ്യുന്നത്. ഹസ്തിനപുരിയുടെ കുരുവംശ പഴമയിൽ നിന്ന് അളിഞ്ഞതിനെ മാത്രം തപ്പിയെടുത്ത് അതെന്തോ വലിയ സംസ്കാരമാണെന്ന് പറഞ്ഞ് ഇക്കാലത്തു അടിച്ചേൽപ്പിക്കാൻ നോക്കുകയാണ് സത്യവതി നടപ്പിലാക്കിയ ഈ നിന്ദാർഹമായ ആചാരം. യുദ്ധം കഴിഞ്ഞിട്ടും കൗരവക്കുട്ടികൾ കൊട്ടിഘോഷിച്ച് പുനരാനയിക്കുന്ന പഴയ കാല ജീർണ്ണിപ്പ മാത്രമായിരുന്ന അന്തഃപുരത്തിൽ വന്ന മഹാറാണിയുടെ കാൽ തൊടൽ. പുത്തനാശയങ്ങൾ പ്രചരിപ്പിക്കുന്ന സ്ത്രീപക്ഷവാദി പാഞ്ചാലി ഒരു മാതൃകാ ശിക്ഷ എന്ന നിലയിൽ ആദ്യം വന്ന കുട്ടിയുടെ മുഖത്തൊരു ചവിട്ടു കൊടുത്തതോടെ അത് നിലവിളിച്ച് പാഞ്ഞത് ഉടനടി ഗുണം ചെയ്തു. നൂറുകണക്കിന് കുട്ടികൾ ഭയത്തിൽ വരി വിട്ടു തിരിഞ്ഞു നടന്നു. ഇനിയാരും കാലിൽ തൊട്ടു വണങ്ങേണ്ടതില്ലെന്നു രാജമുദ്ര ചാർത്തിയ കൽപ്പന ഇറങ്ങി. ബഹുമാനം കാണിക്കാൻ മുട്ടുകുത്തി നിന്നാൽ മതി. മുട്ടിൽ ഇഴയുന്നതും നിരോധിച്ചിട്ടില്ലല്ലോ.”

“രഹസ്യസ്വഭാവമുള്ള ദാമ്പത്യപ്രശ്നങ്ങൾ നീ കൊട്ടാരം ലേഖികയുമായി പങ്കുവെക്കുന്നത് ശ്രദ്ധയിൽ പെട്ടു. ഇതെങ്ങനെ സാധൂകരിക്കുന്നു? പരാശക്തിയുടെ പ്രതിനിധിയൊന്നുമല്ലല്ലോ പത്രപ്രവർത്തക? എങ്കിൽ മനസ്സിലാക്കാം, പാപമോചനത്തിനാണ് അവൾക്കു മുമ്പിൽ നീ ഉള്ളു തുറക്കുന്നതെന്നു. കൊട്ടാരം ലേഖികയോട്ട് സംസാരിച്ചാൽ ഹൃദയവിശുദ്ധീകരണം തരമാവുമെന്നു മോഹിക്കാൻ മാത്രം സരളഹൃദയയല്ല നീഎന്ന് അഞ്ചു ഭർത്താക്കന്മാർക്കും അറിയാം. ആ യുവലേഖികയുടെ നിത്യവൃത്തി തന്നെ കൊട്ടാരം വിഴുപ്പുകെട്ടു പരിശോധിക്കുകയല്ലേ? അവളതു പനയോലകളിൽ നാരായം കൊണ്ടെഴുതി ഔദ്യോഗിക രേഖയാക്കിയാണ് ഹസ്തിനപുരിയിലേക്കു മടങ്ങി, പതിനഞ്ചോളം ചുവരെഴുത്തു പതിപ്പുകളിലൂടെ ‘വിഴുപ്പിൽ’ കൗതുകമുള്ള നഗരവാസികളെ അറിയിക്കുന്നത്.” യുധിഷ്ഠിരന്റെ ശബ്ദത്തിൽ രോഷത്തെക്കാൾ ഖേദമായിരുന്നു. വനജീവിതത്തിലെ ദുരിതപർവ്വം.

“ഞാൻ പറയുന്നത് വസ്തുതകളും കാഴ്ചപ്പാടുകളുമാണ്. നാളെ നിങ്ങൾ പനയോലയും നാരായവുമായി ബഹുഭർതൃത്വം സംവാദമാക്കിയാലും, പ്രതികരണം അതായിരിക്കും. നിങ്ങളത് കുഴിച്ചിട്ടാലും പറക്കാൻ വിട്ടാലും.”

◇ ◇ ◇

2018/07/31

“വെട്ടിയും ചവിട്ടിയും കൊല്ലാൻ പാണ്ഡവർ, ചാവാൻ കൗരവർ. എന്ത് കണക്കാണിത്” കൊട്ടാരം ലേഖിക ചോദിച്ചു. അന്ത്യ യുദ്ധദിനം, കുരുക്ഷേത്രം.

“കുട്ടിയും കിഴിച്ചും ഞാനും കൗരവരും എത്ര സൂക്ഷ്മതയോടെ പാണ്ഡവരെ വഴിയാധാരമാക്കാൻ ജീവിതകാലം ശ്രമിച്ചുവോ അത്രയും കുടിലതയോടെ പാണ്ഡവർ വനവാസക്കാലത്ത് ഞങ്ങൾക്കെതിരെ കളം വരച്ചിരുന്നു എന്ന് കണ്ടെത്താൻ കൗരവ ചാരസംവിധാനത്തിനു ഒത്തില്ലെന്നതാണെന്റെ പാളിച്ച”, തുടയിൽ മാരകമായ ഭീമഗദപ്രഹരമേറ്റ് ചളിയിൽകിടന്നു നിലവിളിക്കയായിരുന്ന ദുര്യോധനൻ ഒരു നിമിഷം ഹസ്തിനപുരി സിംഹാസനത്തിൽ ഇരിക്കുന്നപോലെ കൊട്ടാരം ലേഖികക്ക് മുമ്പിൽ നടിച്ചു.

“മനുഷ്യർക്ക് വയർ നിറയെ കഴിക്കാൻ വകയില്ലാത്ത കാലത്താണോ നിങ്ങൾ അഞ്ചു സിംഹങ്ങളെ വളർത്തുന്നത്?”, കൊട്ടാരം ലേഖിക മഹാറാണിയോട്ട് ചോദിച്ചു, “കളിക്കുന്നതു കാണാനൊക്കെ രസമുണ്ട്ട് പക്ഷെ കൂട്ടംകൂടി ഗർജ്ജിച്ചാൽ എന്തുകൊടുക്കും വിശപ്പടക്കാൻ?”

“ഗോവധം നിരോധിച്ചത് ഉപകാരമായി. അടുത്ത ഗ്രാമങ്ങളിലെ ക്ഷീരകർഷകർ ആദ്യമൊക്കെ പരിഭവിച്ചു പക്ഷെ സിംഹങ്ങളെ കണ്ടപ്പോൾ മാടുകളുമായി രാവിലെ തന്നെ കോട്ടവാതിലിനു മുമ്പിൽ വരി നിൽക്കും. കറവ വറ്റി കർഷക കുടുംബത്തെ പെടാപാടിലെത്തിച്ച മാടുകളെ എന്ത് തീറ്റ കൊടുത്തു ആയുഷ്കാലം മുഴുവൻ പരിപാലിക്കും എന്ന ഭയം ഇനി വേണ്ട. ഒരു സൗജന്യം മാത്രമേ ആ നിഷ്കളങ്ക ഗ്രാമീണർ കാലിൽ വീണു നമസ്കരിച്ചു ചോദിക്കു, വിശന്നു വലഞ്ഞ സിംഹങ്ങൾ ഗോക്കളെ പിച്ചിച്ചീന്തി തിന്നു വാലും തൊലിയും ബാക്കിയാക്കിയ ശേഷം വീണ്ടും കളിക്കാൻ പോവും വരെ ആ ദൃശ്യാനുഭവം അടുത്തുനിന്നു കാണാൻ പാറാവുകാർ അനുവദിക്കണം.”

## കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

## പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

### കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

### നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.